**പതിമൂന്നാം കേരള നിയമസഭ**

# ബഹു. പ്രതിപക്ഷനേതാവിനെതിരായി ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ. ഉന്നയിച്ച ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി രൂപീകരിച്ച പ്രത്യേക നിയമസഭാ സമിതിയുടെ റിപ്പോർട്ട്

(2012 മാർച്ച് 8-ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

**ബഹു. പ്രതിപക്ഷനേതാവിനെതിരായി**
**ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ. ഉന്നയിച്ച**
**ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി**
**രൂപീകരിച്ച പ്രത്യേക നിയമസഭാ**
**സമിതിയുടെ റിപ്പോർട്ട്**

(2012 മാർച്ച് 8-ാം തീയതി സമർപ്പിച്ചത്)

216/2011.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| 1. | സമിതിയുടെ ഘടന | .. | v |
| 2. | ആമുഖം | .. | vii |
| 3. | റിപ്പോർട്ട് | .. | 1 |
| 4. | അനുബന്ധം I | | |
| | സമിതിയുടെ നിഗമനങ്ങൾ | .. | 77 |
| 5. | അനുബന്ധം II | | |
| | സമിതി പരിശോധിച്ച പ്രധാന രേഖകൾ | .. | 93 |

# സമിതിയുടെ ഘടന

ചെയർമാൻ :

ശ്രീ. വി. ഡി. സതീശൻ

അംഗങ്ങൾ :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, പി. കെ. ഗുരുദാസൻ
,, സി. കെ. നാണു
,, മുല്ലക്കര രത്നാകരൻ
,, എസ്. ശർമ്മ
,, കെ. ശിവദാസൻ നായർ
,, എം. വി. ശ്രേയാംസ് കുമാർ
,, തോമസ് ഉണ്ണിയാടൻ

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. എം. അബ്ദുൽ റാഫി, അഡീഷണൽ സെക്രട്ടറി

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അണ്ടർ സെക്രട്ടറി.

# ആമുഖം

ബഹു. പ്രതിപക്ഷനേതാവിനെതിരായി ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ. ഉന്നയിച്ച ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി രൂപീകരിച്ച പ്രത്യേക നിയമസഭാ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നു. പ്രത്യേക സമിതി 2011 ജൂലൈ 20-ാം തീയതി രൂപീകരിക്കപ്പെട്ടു. സമിതി 14 യോഗങ്ങൾ നടത്തി. ആദ്യയോഗം 10-8-2011-ന് ചേർന്ന് അന്വേഷണ വിഷയങ്ങൾ തീരുമാനിച്ചു. തുടർന്ന് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരിൽ നിന്നും ഉദ്യോഗസ്ഥരിൽ നിന്നും ബഹു. പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ, ശ്രീ. എം. എ. ബേബി, എം.എൽ.എ., ശ്രീ. വി. എ. അരുൺകുമാർ, അഡീഷണൽ ഡയറക്ടർ, ഐ.എച്ച്.ആർ.ഡി. തുടങ്ങിയവരിൽ നിന്നും സമിതി തെളിവെടുത്തു. ആരോപണം ഉന്നയിച്ച ശ്രീ. പി. സി. വിഷ്ണുനാഥ് എം.എൽ.എ.യ്ക്കും അദ്ദേഹം ഉന്നയിച്ച ആരോപണങ്ങൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുന്നതിന് സമിതി അവസരം നല്കി.

2012 മാർച്ച് 6-ാം തീയതി ചേർന്ന സമിതി യോഗം റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

തിരുവനന്തപുരം,
2012 മാർച്ച് 6.

വി. ഡി. സതീശൻ,
*ചെയർമാൻ.*

# റിപ്പോർട്ട്

2011 ജൂലൈ 12-ാം തീയതി 2011-12 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുന്നതിനിടയിൽ ശ്രീ. പി. സി. വിഷ്ണുനാഥ് ബഹു. പ്രതിപക്ഷനേതാവിനെതിരായി ചില ആരോപണങ്ങൾ ഉന്നയിച്ചു. 13-7-2011-ന് ബഹു. പ്രതിപക്ഷനേതാവ് ചട്ടം 288 പ്രകാരം പ്രസ്തുത ആരോപണങ്ങൾ സംബന്ധിച്ച വ്യക്തിപരമായ വിശദീകരണം നല്കവേ ഒന്നുകിൽ ആരോപണങ്ങൾ പിൻവലിച്ച് ശ്രീ. പി. സി. വിഷ്ണുനാഥ് മാപ്പ് പറയണമെന്നും അല്ലെങ്കിൽ ഒരു നിയമസഭാ സമിതി ഇതേക്കുറിച്ച് അന്വേഷണം നടത്തണമെന്നും ആവശ്യപ്പെട്ടു. തുടർന്ന് സംസാരിച്ച ശ്രീ. പി. സി. വിഷ്ണുനാഥ് താൻ ഉന്നയിച്ച ആരോപണങ്ങളിൽ ഉറച്ചു നിൽക്കുന്നതായി പ്രസ്താവിച്ചു.

ഇതിനെത്തുടർന്ന് ബഹു. പ്രതിപക്ഷനേതാവിനെതിരായ ആരോപണങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു പ്രത്യേക നിയമസഭാ സമിതി രൂപീകരിക്കുന്നതാണെന്ന് ബഹു. സ്പീക്കർ റൂളിംഗ് നൽകുകയും 20-7-2011 പ്രാബല്യത്തിൽ പ്രത്യേക നിയമസഭാ സമിതി രൂപീകരിക്കുകയും ചെയ്തു.

ആരോപണങ്ങളുന്നയിച്ചുകൊണ്ട് ശ്രീ. പി. സി. വിഷ്ണുനാഥ് നടത്തിയ പ്രസംഗത്തിന്റെ പ്രസക്തഭാഗം ചുവടെ ചേർത്തിരിക്കുന്നു :

"ഇന്നത്തെ പത്രങ്ങളിലെല്ലാം വന്ന വാർത്ത നമുക്കറിയാം. എന്താണ് ആ വാർത്ത ? വളരെ പ്രധാനപ്പെട്ട വാർത്തയാണ്. കേരളത്തിന്റെ മുൻ മുഖ്യമന്ത്രിയായിരുന്ന, ഇപ്പോഴത്തെ പ്രതിപക്ഷനേതാവ്, അദ്ദേഹത്തിന്റെ മകനെ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിന് തൊട്ടുമുമ്പായി, കേന്ദ്ര ഗവൺമെന്റ് ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും നല്ല ഉദ്ദേശത്തോടുകൂടി ആരംഭിക്കാൻ ആവശ്യപ്പെട്ട് ആരംഭിച്ച ഒരു അക്കാഡമി, ഐ.സി.ടി. അക്കാഡമി, ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാഡമി, ആ അക്കാഡമിയുടെ ഡയറക്ടറായി അദ്ദേഹത്തിന്റെ മകനെ നിയമിച്ചിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ ഐ.ടി. വകുപ്പും അരുൺകുമാർ ഇപ്പോൾ ജോലിചെയ്തുകൊണ്ടിരിക്കുന്ന ഐ.എച്ച്.ആർ.ഡി.യും കൂടി സംയുക്തമായി വരികയാണ്. ഇത് 2008-ൽ ഐ.ടി. മിഷൻ ഏറ്റെടുത്ത ഒരു പ്രോജക്റ്റാണ്. ആ ഐ.ടി. മിഷൻ ഇതിന്റെ ചുമതല ഏൽപ്പിച്ചത് കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ.) എന്നൊരു സ്ഥാപനത്തെയാണ്. ഈ സ്ഥാപനത്ത ഏൽപ്പിക്കുമ്പോൾ അവർക്ക് ഇതിനുള്ള മാൻപവർ ഇല്ലാത്തതുകൊണ്ട് ബിജു, കെ. എന്ന ഐ.എ.എസ്. ഉദ്യോഗസ്ഥനെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുന്നു. അദ്ദേഹവും ഐ. ടി. സെക്രട്ടറി ശ്രീ. അജയകുമാറും കൂടി ചേർന്ന് ഇൻഫോപാർക്ക്, ടെക്നോപാർക്ക്, സി-ഡിറ്റ്, സി-ഡാക് തുടങ്ങിയ സ്ഥാപനങ്ങളിലെ പ്രശസ്തരായ അതിന്റെയെല്ലാം ചീഫ് ആളുകളെ വിളിച്ചുവരുത്തി ചർച്ച നടത്തുന്നു. ചർച്ച നടത്തി ടെണ്ടർ വിളിക്കാനും ക്വട്ടേഷൻ സ്വീകരിക്കാനും ഉള്ളതിന്റെ ഫൈനൽ അപ്രൂവൽ റെഡിയാക്കുകയാണ്. അങ്ങനെ 2010 ആഗസ്റ്റിൽ കെ.എസ്.ഐ.ടി.ഐ.എൽ.-ന് ടെണ്ടർ വിളിക്കുന്നതിനുള്ള അനുവാദം കൊടുത്തുകൊണ്ടുള്ള ജി.ഒ. ഇറങ്ങുകയാണ്. പിന്നീടാണ് ചില നാടകീയമായ കാര്യങ്ങൾ നടക്കുന്നത്. നാല് ദിവസത്തിനുള്ളിൽ ഐ.എച്ച്.ആർ.ഡി. ഒരു

216/2012.

പ്രൊപ്പോസൽ വയ്ക്കുകയാണ്. അതിനുശേഷം വീണ്ടും ഐ.ടി. സെക്രട്ടറി മീറ്റിംഗ് വിളിക്കുന്നു. ഐ.ടി. സെക്രട്ടറി മീറ്റിംഗ് വിളിച്ചതിനുശേഷം ഐ.ടി. മിഷന്റെ ആളുകൾക്ക് ഓറൽ ഇൻസ്ട്രക്ഷൻ കിട്ടുകയാണ്. നിങ്ങൾ ഇനി ഇതിന്റെ കെ.എസ്.ഐ.ടി. ഐ.എൽ ഇക്കാര്യം ക്വാട്ട് ചെയ്യണ്ട, പ്രൊപ്പോസൽ കൊടുക്കണ്ട, ടെണ്ടർ വിളിക്കണ്ട എന്നുപറയുന്നു. പിന്നീട് 2010 ഡിസംബറിൽ ഐ.എച്ച്.ആർ.ഡി. ഒരു പ്രൊപ്പോസൽ വയ്ക്കുന്നു. ആ പ്രൊപ്പോസലും മെമ്മോറാണ്ടം ഓഫ് അസോസിയേഷനും ബൈ-ലായുമെല്ലാം അംഗീകരിച്ചുകൊണ്ട് 2010 ഡിസംബറിൽ ഉത്തരവിറങ്ങുകയാണ്. അതിനുശേഷം ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്യുന്നു. ആ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ ഒപ്പിട്ടതിന്റെ പകർപ്പ് എന്റെ കയ്യിലുണ്ട്. അതിൽ ഒന്നാമത്തെ ഒപ്പിട്ടിരിക്കുന്നത് അച്ഛനാണ്, വി.എസ്. അച്ചുതാനന്ദൻ, ചീഫ് മിനിസ്റ്റർ ഓഫ് കേരള, പതിനൊന്നാമത്തെ ഒപ്പിട്ടിരിക്കുന്നത്, അതിന്റെ ഇടയിൽ എം.എ. ബേബി, വി. പ്രഭാകരൻ, ചീഫ് സെക്രട്ടറി, വി. ബാലകൃഷ്ണൻ, അഡീഷണൽ ചീഫ് സെക്രട്ടറി, എ. കെ. ദുബൈ, ടോം ജോസ്, കെ. സുരേഷ് കുമാർ. ഇതിനകത്ത് ഈ ബൈ-ലാ ഉണ്ടാക്കുന്നതും പ്രോജക്റ്റ് ഉണ്ടാക്കുന്നതും അന്നത്തെ ഐ.ടി. സെക്രട്ടറിയായിരുന്ന സുരേഷ് കുമാറാണ്. പ്രൊഫ.പി. സുബ്രഹ്മണി, അയാൾക്കും നിർണ്ണായകമായ പങ്കുണ്ട്, ഐ.എച്ച്.ആർ.ഡി. ഡയറക്ടറാണ്. പതിനൊന്നാമത്തെ ആൾ, ഒന്നാമത്തെ ആൾ അച്ഛനാണെങ്കിൽ പതിനൊന്നാമത്തെ ആൾ അരുൺകുമാർ വി. എ., മെമ്പർ സെക്രട്ടറി ആന്റ് ഡയറക്ടർ ഐ.സി.റ്റി. അക്കാഡമി.

ഈ അരുൺകുമാറിന്റെ യോഗ്യത എന്താണ്? ഇദ്ദേഹം ഇപ്പോൾ ഐ.എച്ച്.ആർ.ഡി. യുടെ അഡീഷണൽ ഡയറക്ടറാണ്. ഐ.എച്ച്.ആർ.ഡി.യുടെ അഡീഷണൽ ഡയറക്ടറായി മൂന്നു പേരാണ്. ഡോ. ദേവസി, ഡോ. സുരേഷ്, അരുൺകുമാർ. ഡോ. ദേവസി ഡോക്ടറാണ്, പ്രിൻസിപ്പലാണ് എഞ്ചിനിയറിംഗ് കോളേജിലെ. ഡോ. സുരേഷ്കുമാർ നിങ്ങളുടെ സംഘടനയുടെ നേതാവാണ് പ്രിൻസിപ്പലാണ്. അരുൺകുമാർ അതിന്റെ ആദ്യത്തെ യോഗ്യതാ മാനദണ്ഡത്തിലുണ്ടായിരുന്നു. പ്രിൻസിപ്പലായിരിക്കണം അല്ലെങ്കിൽ ടീച്ചിംഗ് എക്സ്പീരിയൻസ് വേണം. അരുൺകുമാർ എഞ്ചിനീയറിംഗ് കോളേജിലെ പ്രിൻസിപ്പലായിട്ട് എഞ്ചിനീയറിംഗ് പോലും പഠിച്ചിട്ടില്ല. എം.സി.എ. സപ്ലിമെന്ററി എഴുതി പാസ്സായിട്ടുള്ള മാനേജുമെന്റ് സീറ്റിൽ എം.സി.എ.ക്ക് പ്രവേശനം കിട്ടിയ ഒരാൾ ഇന്ത്യയിൽ ഏറ്റവും കൂടുതൽ മികച്ച ടെക്നോക്രാറ്റുകളെ പരിശീലിപ്പിക്കുന്ന ഒരു അക്കാഡമിയുടെ മെമ്പർ സെക്രട്ടറിയായി ഡയറക്ടറായി അഡീഷണൽ ഡയറക്ടറായിട്ടുപോലും മാനദണ്ഡങ്ങൾ തിരുത്തി അർഹതയില്ലാതെ അവിടെ ഇരിക്കുകയാണ്. അപ്പോൾ തന്നെ അദ്ദേഹത്തിന്റെ അച്ഛൻ മകന് കൊടുത്ത മറ്റൊരു പദവി എന്നു പറഞ്ഞാൽ ഇവിടെ മോഡൽ ഫിനിഷിംഗ് സ്ക്കൂളിന്റെ ഡയറക്ടർ, അതിന് ഒരു കോടി രൂപ തിരുവനന്തപുരത്ത് കൊടുത്തു, ഒരു കോടി രൂപ എറണാകുളത്ത്. യോഗ്യതയില്ലാതെ അഡീഷണൽ ഡയറക്ടറായിരിക്കുമ്പോൾ തന്നെ മോഡൽ ഫിനിഷിംഗ് സ്ക്കൂളിന്റെ ഡയറക്ടറാകുന്നു. ഇതുപോലെ ഒരു സ്ഥാപനത്തിന്റെ ഐ.സി.ടി. അക്കാഡമിയുടെ ഡയറക്ടറായി തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ്, ഇത്രയും അർഹതയുള്ള ആളുകൾ വരേണ്ട, മിടുക്കന്മാരായ ഐ.എ.എസ്.കാർ പോലും വരേണ്ട ഒരു സ്ഥലത്തേയ്ക്ക് ഈ എം.സി.എ. സപ്ലിമെന്ററി എഴുതി പാസ്സായ മകനെ എടുത്തു വച്ചതിന്റെ പിന്നിൽ നടന്ന കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കണം. ഇതിനെക്കുറിച്ച് ഒരു വിജിലൻസ് അന്വേഷണം തന്നെ വേണം.

ഇവിടെ വിഗ്രഹങ്ങൾ പലതും ഉടയാനുണ്ട്. എന്റെ കൈയിൽ ഗവേണിംഗ് ബോഡി മീറ്റിംഗിന്റെ മിനിറ്റ്സുണ്ട്. എന്നാണ് അത് കൂടിയിരിക്കുന്നത്? 2011 മേയ് 12. അതായത് തെരഞ്ഞെടുപ്പ് കൗണ്ടിംഗിന്റെ തലേദിവസം നമ്മുടെ മുഖ്യമന്ത്രി വിളിച്ചു ചേർത്ത ഒരു യോഗമാണ്. ആ ഗവേണിംഗ് ബോഡിയിൽ പങ്കെടുത്തിരിക്കുന്ന ആളുകൾ ശ്രീ. വി. എസ്. അച്ചുതാനന്ദൻ, Hon'ble Chief Minister of Kerala, ശ്രീ. സുരേഷ്കുമാർ സെക്രട്ടറി ഡിപ്പാർട്ട്മെന്റ് ഓഫ് ഐ.ടി., ശ്രീ. അരുൺ എം. അത് ഈ അരുണല്ല. ഇതുപോലെ തന്നെ ഒരു ഫ്രീസോഫ്റ്റ്വെയറിന്റെ ആളാണ്. ഈ നാല് പേരിൽ ശ്രീ. ജോസഫ് മാത്യു, അരുൺകുമാർ, അരുൺ തുടങ്ങിയ ആ കോക്കസ്സിന്റെ ഒരു പ്രധാനപ്പെട്ട ആളാണ് ഈ അരുൺ എന്ന് പറഞ്ഞത്. ഇത് ചേർന്നിട്ട് 45 ലക്ഷം രൂപ, അജണ്ട-2-ൽ പറഞ്ഞിരിക്കുകയാണ്. എന്നാണ് കൊടുത്തിരിക്കുന്നതെന്ന് അറിയാമോ? മേയ് 12-ാം തീയതി 45 ലക്ഷം രൂപ ഒരു ഇന്റർനാഷണൽ സെമിനാർ നടത്താൻവേണ്ടി കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇനി മറ്റൊരു തീരുമാനം ഇതിന്റെ ഒരു ഡയറക്ടറുണ്ട്. ആ ഡയറക്ടർക്ക് കേരളകൗമുദിയുടെ നോട്ടിഫിക്കേഷനാണ്. ഡയറക്ടർക്ക് പി. എച്ച്. ഡി. വേണം. പക്ഷേ ഒരു ഡിപ്ലോമക്കാരനെ ഡയറക്ടറാക്കിയിട്ടുണ്ട്. അയാളുടെ റെമ്യൂണറേഷൻ കേരള യൂണിവേഴ്സിറ്റി വി.സി.യുടെ റെമ്യൂണറേഷനായിട്ട് തീരുമാനിക്കാൻ എടുത്ത തീരുമാനത്തിന്റെ മിനിറ്റ്സാണ് എന്റെ കൈവശമുള്ളത്. എന്നാണ് എടുത്തിരിക്കുന്നത് ? മേയ് 12-ാം തീയതി. അയാൾക്ക് കേരള യൂണിവേഴ്സിറ്റി വി.സി. ഉപയോഗിക്കുന്നതുപോലെ കാർ കൊടുക്കാൻ മേയ് 12-ാം തീയതി തീരുമാനിച്ച യോഗ തീരുമാനത്തിന്റെ മിനിറ്റ്സാണ്. അവിടെയും അവസാനിക്കുന്നില്ല അന്നു തന്നെ വീണ്ടും ഒരു മീറ്റിംഗ് കൂടി. അത് 12 മണിക്ക്. ഇത് 11 മണിക്കാണെങ്കിൽ 12 മണിക്ക് എക്സിക്യൂട്ടീവ് കമ്മിറ്റി കൂടുന്നു. അവിടെ 10 പേരെ നിയമിക്കാൻ തീരുമാനിക്കുകയാണ്. എന്നാണ് ? മേയ് 12-ാം തീയതി ഈ സ്ഥാപനത്തിലേക്ക്, ഞാൻ നേരത്തെ പറഞ്ഞ കോക്കസ്സിന്റെ കൈയിലുള്ള സ്ഥാപനത്തിലേക്ക് പത്തുപേരെ മേയ് 12-ാം തീയതി നിയമിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. എന്താണ് ഇത്ര തിടുക്കം? മേയ് 13-ാം തീയതി വോട്ട് എണ്ണി ഫലം പ്രഖ്യാപിക്കാൻ പോകുമ്പോൾ ഈ ആദർശധീരന്റെ നേതൃത്വത്തിൽ ഇവിടെ നടന്ന ഒരു കാര്യമാണ്. അതുപോലെ സ്പെയ്സ് എന്നു പറയുന്ന സ്ഥാപനം ഈ അരുണിന്റെ നേതൃത്വത്തിലുള്ളതാണ്. ആ സ്ഥാപനത്തിന് അഞ്ചരക്കോടി രൂപ കൊടുത്തു. ഒരു മാനദണ്ഡവുമില്ലാതെ ഒരു ടെന്ററും വിളിക്കാതെ ആ സ്പെയ്സ് എന്നു പറയുന്ന സ്ഥാപനത്തിന് കൊടുത്തതിനെ സംബന്ധിച്ച് അന്വേഷണം ഉണ്ടാകണം. ഇതിന് പിന്നിൽ ഈ ഐ.ടി. വകുപ്പുമായി ബന്ധപ്പെട്ട് കഴിഞ്ഞ കാലങ്ങളിൽ നടന്ന, എന്റെ കൈയിൽ വ്യക്തമായ തെളിവുകളുണ്ട്. സമയക്കുറവുകൊണ്ടുമാത്രമാണ്. മാത്രമല്ല ബഡ്ജറ്റിൽ പൊതു പണത്തിന്റെ വിനിയോഗം ചർച്ച ചെയ്യപ്പെടുന്ന ഒരു ബഡ്ജറ്റിൽ പൊതു പണത്തിന്റെ ദുർവിനിയോഗവും സ്വജനപക്ഷപാതവും നടക്കുന്നത് കാണാതെ പോകുന്നത് ഒരു ഉത്തരവാദപ്പെട്ട ജനപ്രതിനിധിക്കും ചേർന്നതല്ല എന്നുള്ളതുകൊണ്ടാണ് ഞാൻ സൂചിപ്പിച്ചത്. ഇതിനെസംബന്ധിച്ച് ഒരു വിജിലൻസ് അന്വേഷണം വേണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.''

ശ്രീ. പി. സി. വിഷ്ണുനാഥ് ഉന്നയിച്ച ആരോപണങ്ങളെ തുടർന്ന് ബഹു. പ്രതിപക്ഷനേതാവ് താഴെ പറയും പ്രകാരം വ്യക്തിപരമായി വിശദീകരണം നല്കി:

'സർ, ഇന്നലെ ശ്രീ. പി. സി. വിഷ്ണുനാഥ് അസംബ്ലിയിൽ എനിക്കെതിരായി ഒരു ആരോപണം ഉന്നയിച്ചു. കേന്ദ്രഗവൺമെന്റ് തീരുമാനപ്രകാരം ഐ.സി.ടി.എ. (ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാഡമി) രൂപീകരിക്കാൻ തീരുമാനിച്ചു. ഇത് കേന്ദ്രഗവൺമെന്റിന്റെ ഒരു പൊതു പദ്ധതിയാണ്. 6 കോടി രൂപ കേന്ദ്രഗവൺമെന്റ് നൽകും. കേരള ഗവൺമെന്റും സ്വകാര്യ പങ്കാളിയും ചേർന്ന് ബാക്കി തുക കണ്ടെത്തണം. സ്വകാര്യ പങ്കാളിക്ക് പകരം എല്ലാ യോഗ്യതകളുമുള്ള ഐ.എച്ച്.ആർ.ഡി. എന്ന സർക്കാർ സ്ഥാപനം ഈ സംരംഭത്തിൽ പങ്കാളിയാകാമെന്ന് സർക്കാരിനെ അറിയിച്ചു. ഇക്കാര്യം ബന്ധപ്പെട്ട സെക്രട്ടറിമാർ ചർച്ച ചെയ്ത് തീരുമാനം എടുക്കാൻ സർക്കാർ ഉത്തരവ് നൽകി. അതുപ്രകാരം സർക്കാർ തലത്തിൽ നടന്ന പഠനത്തിനും ചർച്ചയ്ക്കും ശേഷം ഐ.എച്ച്.ആർ.ഡി. യെ പങ്കാളിയാക്കാൻ തീരുമാനിച്ചു.

ഇതിനുവേണ്ടി സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരം സർക്കാർ പ്രതിനിധികളും ഐ.എച്ച്.ആർ.ഡി. ഉദ്യോഗസ്ഥന്മാരും അടങ്ങുന്ന ഒരു സൊസൈറ്റി രൂപീകരിച്ചു. പ്രസ്തുത സൊസൈറ്റിയുടെ ആദ്യ ഗവേണിംഗ് ബോഡി യോഗം പോലും ഇതുവരെ കൂടിയിട്ടില്ല. യോഗത്തിനുള്ള തീയതി പോലും അടുത്ത സർക്കാർ നിശ്ചയിക്കട്ടെയെന്നാണ് ഉത്തരവ് നൽകിയത്. പ്രസ്തുത യോഗത്തിലാണ് ഈ സ്ഥാപനത്തിന്റെ ഡയറക്ടർ ആരായിരിക്കണമെന്ന് തീരുമാനിക്കുക. എടുത്തിട്ടില്ലാത്ത ഒരു തീരുമാനം സംബന്ധിച്ചാണ് ഇന്നലെ എം.എൽ.എ. ശ്രീ. പി. സി. വിഷ്ണുനാഥ് ഒരു ആരോപണം എനിക്കെതിരെ ഉന്നയിച്ചത്. ഈ ആരോപണത്തിൽ അദ്ദേഹം ഉറച്ചു നിൽക്കുന്നുവെങ്കിൽ ഒരു നിയമസഭാ കമ്മിറ്റിയെ വച്ച് ഇതേപ്പറ്റി അന്വേഷണം നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഉറച്ചുനിൽക്കുന്നില്ലെങ്കിൽ ഈ ആരോപണം പിൻവലിച്ച് ഈ സഭയോട് മാപ്പ് പറയണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.'

ബഹു. പ്രതിപക്ഷനേതാവിന്റെ വ്യക്തിപരമായ വിശദീകരണത്തെതുടർന്ന് ശ്രീ. പി. സി. വിഷ്ണുനാഥ് ചുവടെ ചേർക്കും പ്രകാരം പ്രസ്താവന നടത്തി:

'സർ, ഞാൻ ഇന്നലെ നിയമസഭയിൽ ബഡ്ജറ്റിന്റെ പൊതുചർച്ചയിൽ പ്രസംഗിക്കുമ്പോൾ മുൻമുഖ്യമന്ത്രിയായിരുന്ന ഇപ്പോഴത്തെ പ്രതിപക്ഷനേതാവിന്റെ മകനുമായി ബന്ധപ്പെട്ട് ഇവിടെ വിഷയം ഉന്നയിച്ചിരുന്നു. അദ്ദേഹത്തിന്റെ നിയമനത്തെ സംബന്ധിച്ചുള്ള ഒരു പ്രശ്നത്തിൽ വിജിലൻസ് അന്വേഷണവും ആവശ്യപ്പെട്ടിരുന്നു. ഇന്ന് ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഞാൻ സഭയിൽ ഇല്ലാതിരുന്ന സമയത്താണ് ഞാൻ ആ ആക്ഷേപം പിൻവലിച്ച് മാപ്പുപറയണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടിരിക്കുന്നത്. ഞാൻ ആ ആരോപണത്തിൽ ഉറച്ചുനിൽക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് വിവരങ്ങൾ പുറത്തുവന്നപ്പോൾ അതിൽനിന്നും ഒളിച്ചോടുന്നതിനുവേണ്ടിയാണ് അദ്ദേഹം ഇത്തരത്തിൽ ഒരു പരാമർശം നടത്തിയിട്ടുള്ളത്. ഇതിൽ അന്വേഷണമാണ് അദ്ദേഹം ആവശ്യപ്പെട്ടിട്ടുള്ളത്. ഞാൻ വിജിലൻസ് അന്വേഷണമാണ് ആവശ്യപ്പെട്ടത്. അദ്ദേഹം നിയമസഭാ കമ്മിറ്റി അന്വേഷിക്കണമെന്ന് പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട്

ഏത് അന്വേഷണമാണെങ്കിലും എന്റെ കൈവശമുള്ള രേഖകളെല്ലാം നൽകി ആ അന്വേഷണവുമായി സഹകരിക്കാൻ ഞാൻ തയ്യാറാണ്. ഞാൻ എന്റെ ആരോപണത്തിൽ ഉറച്ചുനിൽക്കുകയാണ്.'

ഇതിനെ തുടർന്ന് 13-7-2011-ൽ ബഹു. സ്പീക്കർ താഴെ പറയും പ്രകാരം റൂളിംഗ് നൽകി:

"ശ്രീ. പി. സി. വിഷ്ണുനാഥ് ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെതിരെ ഉന്നയിച്ച ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടം 288 പ്രകാരം വ്യക്തിപരമായ വിശദീകരണത്തിന് പ്രതിപക്ഷനേതാവിന് ചെയർ ഇന്ന് അവസരം നൽകിയിരുന്നു. പ്രതിപക്ഷനേതാവ് നൽകിയ വിശദീകരണത്തിൽ തനിക്കെതിരെ ഉന്നയിച്ച ആരോപണത്തിൽ ശ്രീ. പി. സി. വിഷ്ണുനാഥ് ഉറച്ചു നില്ക്കുന്നുവെങ്കിൽ ഒരു നിയമസഭാ കമ്മിറ്റിയെവച്ച് ഇതേപ്പറ്റി അന്വേഷണം നടത്തണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി. ശ്രീ. പി. സി. വിഷ്ണുനാഥ് പ്രതിപക്ഷനേതാവിനെതിരെ ഉന്നയിച്ച ആരോപണങ്ങളിൽ ഉറച്ചു നില്ക്കുന്ന സാഹചര്യത്തിലും പ്രതിപക്ഷനേതാവ് തന്നെ തനിക്കെതിരെ ഉയർന്ന ആരോപണങ്ങൾ നിയമസഭാ കമ്മിറ്റി വച്ച് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നതിനാലും ഈ ആരോപണങ്ങളെപ്പറ്റി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു പ്രത്യേക നിയമസഭാ കമ്മിറ്റി രൂപീകരിക്കുവാൻ ചെയർ തീരുമാനിക്കുന്നു. സമിതിയുടെ ഘടന സംബന്ധിച്ച തീരുമാനം പിന്നീട് അറിയിക്കുന്നതാണ്.''

2011 ജൂലൈ 12-ാം തീയതി ശ്രീ. പി. സി. വിഷ്ണുനാഥ് ബഹു. പ്രതിപക്ഷനേതാവിനെതിരെ ഉന്നയിച്ച ആരോപണങ്ങളെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് ബഹു. സ്പീക്കർ പ്രത്യേക നിയമസഭാ സമിതി 20-7-2011 തീയതി പ്രാബല്യത്തിൽ രൂപീകരിച്ചത്.

## സമിതിയുടെ അന്വേഷണ വിഷയങ്ങൾ

2011 ആഗസ്റ്റ് 10-ാം തീയതി സമിതിയുടെ ആദ്യത്തെ യോഗം ചേർന്ന് വിശദമായ ചർച്ചകൾക്കുശേഷം ചുവടെ ചേർത്തിട്ടുള്ള സമിതിയുടെ അന്വേഷണ വിഷയങ്ങൾ തീരുമാനിച്ചു :

(1) ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാഡമി ഡയറക്ടറായി ശ്രീ. വി. എ. അരുൺകുമാറിനെ നിയമിച്ചതായുള്ള ആരോപണം

(2) മോഡൽ ഫിനിഷിംഗ് സ്കൂളിന്റെ ഡയറക്ടറായി ശ്രീ. വി. എ. അരുൺകുമാറിനെ നിയമിച്ചുവെന്ന ആരോപണം.

(3) ഐ.എച്ച്.ആർ.ഡി. അഡീഷണൽ ഡയറക്ടറാകാൻ ശ്രീ. വി. എ. അരുൺകുമാറിന് യോഗ്യതയില്ലെന്നുള്ള ആരോപണം.

(4) "സ്പേസ്" എന്ന സ്ഥാപനവുമായി ബന്ധപ്പെട്ട പണമിടപാടുകൾ സംബന്ധിച്ച ആരോപണം.

തുടർന്ന് കഴിഞ്ഞ ആറ് മാസക്കാലയളവിൽ സമിതി 14 യോഗങ്ങൾ ചേരുകയും മേൽപ്പറഞ്ഞ നാല് വിഷയങ്ങളിന്മേൽ താഴെ പറയുന്നവരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു:

1. ശ്രീ. ടി. ബാലകൃഷ്ണൻ, ഐ. ടി. വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി
2. ശ്രീ. കെ. എസ്. ശ്രീനിവാസ്, സ്പെഷ്യൽ സെക്രട്ടറി, ഐ.ടി. വകുപ്പ്
3. ശ്രീ. കെ. സുരേഷ് കുമാർ, മുൻ ഐ.ടി. വകുപ്പ് സെക്രട്ടറി
4. ഡോ. കെ. എം. എബ്രഹാം, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്
5. ശ്രീ. സെയ്ദ് റഷീദ്, ഡയറക്ടർ, ഐ.എച്ച്.ആർ.ഡി.
6. പ്രൊഫ. വി. സുബ്രഹ്മണി, മുൻ ഡയറക്ടർ, ഐ.എച്ച്.ആർ.ഡി.
7. ശ്രീ. കുരുവിള ജോൺ, മുൻ ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
8. ശ്രീമതി ലിസമ്മ ജോൺ, ജില്ലാ രജിസ്ട്രാർ, തിരുവനന്തപുരം
9. ശ്രീ. സതീഷ് ബാബു, ഡയറക്ടർ, ഐ.സി. ഫോസ്സ്
10. ശ്രീ. അമർനാഥ് രാജ, എക്സിക്യൂട്ടീവ് സെക്രട്ടറി, സ്പേസ്
11. ശ്രീ. എം. അരുൺ, കോ-ഓർഡിനേറ്റർ, സ്പേസ്
12. ഡോ. അജയ് കുമാർ, ജോയിന്റ് സെക്രട്ടറി, ഐ.ടി. വകുപ്പ്, ഭാരത സർക്കാർ
13. ശ്രീ. കെ. ബിജു, ഡയറക്ടർ, എംപ്ളോയ്മെന്റ് & ട്രെയിനിംഗ്
14. ശ്രീ. വി. എ. അരുൺകുമാർ, അഡീഷണൽ ഡയറക്ടർ, ഐ.എച്ച്.ആർ.ഡി.
15. ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ.
16. ശ്രീ. എം. എ. ബേബി, എം.എൽ.എ.
17. ശ്രീ. വി. എസ്. അച്ചുതാനന്ദൻ, ബഹു. പ്രതിപക്ഷനേതാവ്.

റിപ്പോർട്ട് തയ്യാറാക്കുന്നതിനായി നാലായിരത്തോളം പേജുകൾ വരുന്ന സർക്കാർ ഫയലുകളും രേഖകളും ആയിരം പേജുകൾ വരുന്ന മൊഴിപ്പകർപ്പുകളും സമിതി പരിശോധിക്കുകയുണ്ടായി. അവയിൽ പ്രധാനപ്പെട്ടവ താഴെ ചേർക്കുന്നു:

1. D.O. Letter No. 1393/A1/2008 dated 2-4-2008
2. Letter No. 13 (13)/2008—HRD Vol. II Ministry of Communication and Information Technology, Department of IT, Government of India dated 5-11-2008 and 19-5-2009

3. G.O. (Ms.) No. 42/2008/ITD dated, Thiruvananthapuram 19-12-2008
4. Letter No. 5146/C1/08/ITD dated 22-12-2008 and 24-3-2009
5. D.O. Letter No. 5146/C1/08/ITD dated 27-3-2009 and 8-6-2009
6. G.O. (Rt.) No. 3719/2009/GAD dated, Thiruvananthapuram 28-5-2009
7. Minutes of the Meeting on the implementation of ICT Academy dated 8-10-2010
8. Memorandum of Association of ICT Academy
9. G.O. (Ms.) No. 6/2011/ITD dated, Thiruvananthapuram 27-1-2011
10. G.O. (Ms.) No. 46/2010/ITD dated, Thiruvananthapuram 18-12-2010
11. Extract of the Minutes of the PRSG Meeting held on 24-1-2011 at DIT, New Delhi
12. ICT Academy Registration Document No. T-157/2011 dated 2-2-2011
13. Note dated 22-12-2010 submitted by Prof. V. Subrahmani, Former Director, IHRD to Shri M. A. Baby, Former Minister for Education.
14. Circular No. EA 3/8999/2007/IHRD dated 13-7-2009
15. Notification No. EA 3/11609/2010/IHRD dated 13-9-2010
16. Minutes of the 83rd meeting of the Executive Committee of IHRD dated 27-7-2009.
17. Minutes of the Interview conducted on 13-10-2010 for the selection of candidates to the posts of Additional Directors in IHRD, Thiruvananthapuram
18. Letter No. 6496/C2/10/ITD dated 19-11-2010
19. Teaching Experience Certificate dated 28-7-2006, issued to Shri V. A. Arunkumar.
20. Report on the Local Audit of the Accounts of Institute of Human Resources Developments for the years 2009-10 and 2010-11 dated 2-9-2011.
21. Proceedings No. EA 2/1685/2008/IHRD dated 25-2-2011.
22. File No. 7645/C1/09/ITD

23. File No. 8429/C2/10/ITD
24. File No. 5146/C1/08/ITD
25. File No. 697/C2/11/ITD
26. File No. 6496/C2/10/ITD
27. File No. EA 1/15275/2011/IHRD
28. Report on Inspection conducted by Finance (Inspection NT-B&H) Department in IHRD on the Allegations in connection with Model Finishing School, Kerala)

സമിതി മുമ്പാകെ ഹാജരായ സാക്ഷികൾ നല്കിയ മൊഴിയുടെ പ്രസക്തഭാഗങ്ങളും സമിതിയുടെ നിഗമനങ്ങളും തുടർന്ന് ചേർക്കുന്നു.

**1. ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി (ഐ.സി.റ്റി.) അക്കാദമി ഡയറക്ടറായി ശ്രീ. വി. എ. അരുൺ കുമാറിനെ നിയമിച്ചതായുള്ള ആരോപണം**

ഈ വിഷയം സംബന്ധിച്ച് ഉദ്യോഗസ്ഥർ നൽകിയ മൊഴി താഴെ ചേർക്കുന്നു :

***(എ). ശ്രീ. ടി. ബാലകൃഷ്ണൻ, ഐ.ടി. വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി 20-9-2011-ൽ നൽകിയ മൊഴി***

ഐ.ടി. വകുപ്പിന്റെ കീഴിൽ ഫിനിഷിംഗ് സ്ക്കൂൾ മോഡലിൽ ഐ.സി.ടി. അക്കാഡമി എന്ന സ്ഥാപനം തുടങ്ങുന്നതിന് വേണ്ടി സാമ്പത്തിക സഹായം ആവശ്യപ്പെട്ടുകൊണ്ട് 2008 മേയ് മാസത്തിൽ കേന്ദ്ര ഗവൺമെന്റിന് ഒരു പ്രൊപ്പോസൽ അയച്ചു. ഇത് സംബന്ധിച്ച് 5-11-2008-ൽ കേന്ദ്ര ഗവൺമെന്റിന്റെ ഭരണാനുമതി ലഭിച്ചു. 14 കോടി രൂപയുടെ പ്രൊപ്പോസലാണ് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചത്. പദ്ധതി 3 വർഷത്തിനുള്ളിൽ പി.പി.പി. മോഡലിൽ നടപ്പാക്കണമെന്നും പ്രസ്തുത പദ്ധതിയിൽ കേന്ദ്ര സർക്കാരിന്റെ വിഹിതം 6 കോടി രൂപയും സംസ്ഥാന സർക്കാരിന്റെ വിഹിതം 2 കോടി 8 ലക്ഷം രൂപയും ഐ. റ്റി. ഇൻഡസ്ട്രിയുടെ വിഹിതം 5 കോടി 92 ലക്ഷം രൂപയുമായി നിജപ്പെടുത്തി. 19-12-2008-ലെ ജി. ഒ. നമ്പർ 42/2008/ഐ.റ്റി.ഡി. പ്രകാരം പി.പി.പി. മോഡലിൽ ഐ.സി.റ്റി. അക്കാദമി രൂപീകരിക്കുന്നതിന് കെ.എസ്.ഐ.റ്റി. ഐ.എൽ.-ന് അനുമതി നൽകി.

പ്രസ്തുത വിവരം 22-12-2008-ൽ കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചതിനെ തുടർന്ന് 19-5-2009-ൽ കേന്ദ്ര ഗവൺമെന്റിന്റെ ഗ്രാന്റായ 6 കോടി രൂപയിൽ ആദ്യത്തെ ഗഡുവായി രണ്ടര കോടി രൂപ നൽകുകയുണ്ടായി. പദ്ധതിയുടെ സ്പെഷ്യൽ ഓഫീസറായി ശ്രീ. കെ. ബിജു, ഐ.എ.എസ്സ്.-നെ 28-5-2009-ന് നിയമിച്ചു. ടിയാന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണത്തിനുള്ള സംസ്ഥാന സർക്കാരിന്റെ ഏജൻസിയായി കെ.എസ്.ഐ.റ്റി.ഐ.എൽ.-നെ നിയമിക്കുകയും 3-7-2010-ന് റിക്വസ്റ്റ് ഫോർ പ്രൊപ്പോസലിനുള്ള അനുമതി നൽകുകയും ചെയ്തു. എന്നാൽ 15-7-2010-ന് ഐ.സി. റ്റി. അക്കാദമി രൂപീകരിച്ച് നടപ്പാക്കാനുള്ള സന്നദ്ധത

അറിയിച്ചുകൊണ്ടുള്ള ഐ.എച്ച്.ആർ.ഡി.യുടെ ഒരു കത്ത് സർക്കാരിന് ലഭിക്കുകയും ആയതിന്മേൽ തീരുമാനമെടുക്കുന്നതിനായി ഐ.റ്റി. പ്രിൻസിപ്പൽ സെക്രട്ടറിയുടെ ശുപാർശയോടെ 29-7-2010-ൽ ഫയൽ അന്നത്തെ മുഖ്യമന്ത്രിക്ക് സമർപ്പിക്കുകയു മുണ്ടായി. 16-9-2010-ൽ മുഖ്യമന്ത്രി പ്രസ്തുത ഫയലിൽ, നിലവിലുള്ള ഇംപ്ലിമെന്റിംഗ് ഏജൻസി, ഇംപ്ലിമെന്റിംഗ് ഓഫീസർ, ഐ.റ്റി. വകുപ്പുസെക്രട്ടറി, ഐ.എച്ച്.ആർ.ഡി. ഡയറക്ടർ എന്നിവരുടെ യോഗം വിളിച്ച് ചർച്ച ചെയ്യുകയും മിനിട്സ് സമർപ്പിക്കു കയും ചെയ്യണമെന്ന് ഉത്തരവിടുകയുണ്ടായി. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാന ത്തിൽ 8-10-2010-ന് ഒരു യോഗം വിളിച്ചു കൂട്ടുകയും ഐ.എച്ച്.ആർ.ഡി. ഡയറക്ടറോട് വിശദമായ ഒരു പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. തുടർന്ന് 8-10-2010-ലെ യോഗത്തിന്റെ മിനിട്സ് സഹിതം പ്രസ്തുത വിവരം 27-10-2010 തീയതി യിലെ കത്ത് മുഖേന സർക്കാർ നിലവിലെ ഇംപ്ലിമെന്റിംഗ് ഏജൻസിയായ കെ.എസ്. ഐ.റ്റി.ഐ.എൽ.-നെ അറിയിച്ചു. തുടർന്ന് 18-12-2010-ലെ 46/2010/ITD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഐ.സി.ടി. അക്കാഡമിയുടെ നടത്തിപ്പ് ചുമതല പി. പി. പി. മോഡലിൽ നിന്ന് മാറ്റി ഐ. എച്ച്. ആർ. ഡി.യെ ഏൽപ്പിക്കുകയുണ്ടായി.

പി. പി. പി. മോഡലിൽ നിന്ന് മാറുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി വാങ്ങിയിരുന്നില്ല. പി. പി. പി. മോഡലിലാണ് ഫണ്ട് തരുന്നത്. അത് മാറ്റുമ്പോൾ നയപരമായ വ്യത്യാസം വരുന്നുണ്ട്. ഉദ്യോഗാർത്ഥികളെ പ്രൈവറ്റ് സെക്ടറിൽ ജോലി ചെയ്യാൻ കഴിയുന്ന വിധത്തിൽ തയ്യാറാക്കുക എന്നുള്ള ഒരു ഫിനിഷിംഗ് സ്കൂളിന്റെ ജോലിയാണ് ഐ. സി. ടി. അക്കാഡമി ചെയ്യുന്നത്. അതുകൊണ്ട് പ്രൈവറ്റ് പാർട്ടിസി പ്പേഷനാണ് കൂടുതലായി വരുന്നത്. 20-1-2011-ൽ പി. പി. പി. മോഡലിനു പകരം ഐ. സി. റ്റി. അക്കാദമിയുടെ നടത്തിപ്പ് ഐ. എച്ച്. ആർ. ഡി.യെ ഏല്പിച്ചത് അംഗീകരിക്കണമെന്നപേക്ഷിച്ച് കേന്ദ്ര ഐ. റ്റി. വകുപ്പിന് കത്ത് അയച്ചുവെങ്കിലും പി.പി.പി. മോഡലിൽ നിന്നുള്ള മാറ്റം സംബന്ധിച്ച പ്രസ്തുത കത്ത് കേന്ദ്ര സർക്കാ രിന്റെ പ്രോജക്ട് റിവ്യൂ സ്പെഷ്യൽ ഗ്രൂപ്പ് 24-1-2011-ൽ നടന്ന യോഗത്തിൽ പരിശോധിക്കുകയും, പ്രസ്തുത മാറ്റം ഒറിജിനൽ അംഗീകാരത്തിന്റെ അടിസ്ഥാന ത്തിൽ പരിശോധിക്കപ്പെടേണ്ടതിനാൽ ആയത് പി. ആർ. എസ്. ജി.യുടെ ധനകാര്യ വിഭാഗത്തിന്റെ പരിഗണനയ്ക്കായി അയച്ചിട്ടുണ്ടെന്നും പദ്ധതിയുടെ അവസ്ഥയും സംസ്ഥാനത്തിന്റെ ശുപാർശയും സമർപ്പിക്കണമെന്നും 29-3-2011-ലെ കത്ത് പ്രകാരം കേന്ദ്ര ഐ.ടി. വകുപ്പ് അറിയിച്ചു. എന്നാൽ 27-1-2011-ന് ജി. ഒ. 6/2011/ഐ. റ്റി. ഡി. പ്രകാരം സൊസൈറ്റീസ് ആക്ട് അനുസരിച്ച് ഐ. സി. റ്റി. അക്കാദമി രജിസ്റ്റർ ചെയ്യുന്നതിന് സർക്കാർ അംഗീകാരം നൽകുകയുണ്ടായി.

ഐ. സി. റ്റി. അക്കാദമി രൂപീകരണം കെ.എസ്.ഐ.റ്റി.ഐ.എൽ.-ൽ നിന്നും മാറ്റി ഐ. എച്ച്. ആർ. ഡി.യെ ഏൽപ്പിച്ചത് ഏതെങ്കിലും പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരുന്നില്ല. 9 എഞ്ചിനീയറിംഗ് കോളേജുകളും 7 പോളിടെക്നിക്കു കളുമുൾപ്പെടെ 84-ഓളം സ്ഥാപനങ്ങൾ നടത്തുന്ന ഒരു സർക്കാർ സ്ഥാപനമായതി നാൽ യോഗ്യതയുള്ളതായി അറിയിച്ചുകൊണ്ട് ഐ. എച്ച്. ആർ. ഡി. നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഒരു യോഗം വിളിച്ച് കൂട്ടുകയും ഐ. എച്ച്. ആർ. ഡി. യോട് പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശിക്കുകയും പ്രൊപ്പോസൽ കിട്ടിയശേഷം പദ്ധതി ഐ.എച്ച്.ആർ.ഡി.യെ ഏൽപ്പിക്കുവാൻ ക്യാബിനറ്റ് അംഗീകാരത്തോടുകൂടി തീരുമാനിക്കുകയുമാണ് ചെയ്തത്.

ഐ. സി. റ്റി. അക്കാഡമിയെ ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിന് വേണ്ടിയുള്ള പ്രെപ്പോസലിൽ ശ്രീ. വി. എ. അരുൺകുമാർ ഐ. സി. റ്റി. അക്കാഡമി ഡയറക്ടർ എന്ന പദവിയുടെ അടിസ്ഥാനത്തിൽ ഒപ്പുവച്ചിട്ടുണ്ട്. എന്നാൽ ശ്രീ. വി. എ. അരുൺകുമാറിനെ ഡയറക്ടറായി നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടില്ല. ക്യാബിനറ്റ് അംഗീകാരത്തിനായി ഐ. എച്ച്. ആർ. ഡി. സമർപ്പിച്ച മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, റൂൾസ് & റെഗുലേഷൻസ് എന്നിവ 5-1-2011-ന് സർക്കാരിന് സമർപ്പിച്ചു. അതിൽ, ഡയറക്ടറെ നിയമിക്കാനുള്ള അധികാരം ഐ. എച്ച്. ആർ. ഡി.ക്കായിരിക്കുമെന്നും തസ്തികകൾ സൃഷ്ടിക്കാനുള്ള അധികാരം ഗവേണിംഗ് ബോഡിക്കായിരിക്കുമെന്നുമാണ് വ്യവസ്ഥ ചെയ്തിരുന്നത്. പ്രസ്തുത ചട്ടങ്ങളെ ധനവകുപ്പ് എതിർത്തതിനെത്തുടർന്ന് ഡയറക്ടറെ നിയമിക്കാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാക്കിക്കൊണ്ടും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി ആയിരിക്കണമെന്നും നിജപ്പെടുത്തി. ധനകാര്യ വകുപ്പിന്റെ പ്രസ്തുത നടപടിയുടെ അടിസ്ഥാനത്തിൽ റൂൾസ് & റെഗുലേഷൻസ് ഭേദഗതി ചെയ്തു. റൂൾ 8 (3)-ലും റൂൾ 45-ലും ഡയറക്ടർ നിയമനത്തെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ചട്ടം 8(3)-ലെ വ്യവസ്ഥയിൽ ഡയറക്ടർ തസ്തികയിലേക്കുള്ള നിയമനാധികാരം സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന തരത്തിൽ ഭേദഗതി വരുത്തിയെങ്കിലും റൂൾ 45-ൽ ഭേദഗതികൾ വരുത്തിയിരുന്നില്ല. ഇതേ രൂപത്തിൽ റൂൾസ് & റെഗുലേഷനും മെമ്മോറാണ്ടം ഓഫ് അസോസിയേഷനും ക്യാബിനറ്റ് അംഗീകരിക്കുകയുണ്ടായി.

പിന്നീടുള്ള നടപടികളെല്ലാം ഐ. എച്ച്. ആർ. ഡി.യാണ് സ്വീകരിച്ചിട്ടുള്ളത്. ഐ. എച്ച്. ആർ. ഡി. അഡീഷണൽ ഡയറക്ടറായ ശ്രീ. വി. എ. അരുൺകുമാറിനെ ഐ. സി. റ്റി. അക്കാദമിയുടെ ഡയറക്ടർ ആയി നിയമിക്കണമെന്നും സർക്കാർ അംഗീകരിച്ച പ്രൊപ്പോസൽ അനുസരിച്ച് ഐ. സി. റ്റി. അക്കാഡമി രൂപീകരിക്കുന്നത് സംബന്ധിച്ച നടപടികളുമായി മുന്നോട്ട് പോകുന്നതിനാവശ്യമായ ഉത്തരവുകൾ ഇറക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് കത്ത് ലഭിച്ചു. എന്നാൽ ഇതിന്മേൽ അക്കാഡമിയുടെ ഗവേണിംഗ് ബോഡി മീറ്റിംഗ് കൂടാവുന്നതും അക്കാഡമി ഡയറക്ടറുടെ ശമ്പളവും മറ്റ് അലവൻസുകളും ടെക്നോപാർക്ക് സി. ഇ. ഒ.യുടേതിന് തുല്യമാക്കി നിശ്ചയിക്കാവുന്നതുമാണെന്ന് അന്നത്തെ വകുപ്പ് സെക്രട്ടറി ഫയലിൽ രേഖപ്പെടുത്തിയെങ്കിലും അടുത്ത ഗവൺമെന്റ് തീരുമാനമെടുക്കട്ടെ എന്നാണ് അന്നത്തെ മുഖ്യമന്ത്രി ഫയലിൽ ഉത്തരവിട്ടിട്ടുള്ളത്.

ഐ. സി. റ്റി. അക്കാഡമിക്ക് വേണ്ടി 2-2-2011-ലെ T-157/2011 നമ്പരായി സൊസൈറ്റി രജിസ്റ്റർ ചെയ്തു. സൊസൈറ്റിയുടെ ഗവേണിംഗ് ബോഡിയിൽ രജിസ്ട്രേഷന് വേണ്ടിയുള്ള പ്രൊപ്പോസലിൽ ഒപ്പ് വച്ച താഴെപ്പറയുന്നവർ അംഗങ്ങളാണ് :

1. അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ
   (മുഖ്യമന്ത്രി എന്ന നിലയിലും തൊഴിൽ വകുപ്പ് മന്ത്രിയും വൈസ് ചെയർമാനും എന്ന നിലയിലും)
2. ശ്രീ. എം. എ. ബേബി, വിദ്യാഭ്യാസ വകുപ്പുമന്ത്രി

3. ചീഫ് സെക്രട്ടറി
4. അഡീഷണൽ ചീഫ് സെക്രട്ടറി (ഇൻഡസ്ട്രീസ്)
5. ഫിനാൻസ് സെക്രട്ടറി
6. ഉന്നതവിദ്യാഭ്യാസ വകുപ്പുസെക്രട്ടറി
7. വൈസ് ചാൻസലർ, കുസാറ്റ്
8. ഡയറക്ടർ, ഐ. എച്ച്. ആർ. ഡി.
9. സെക്രട്ടറി, ഐ. റ്റി. വകുപ്പ്
10. ശ്രീ. വി. എ. അരുൺകുമാർ, ഡയറക്ടർ, ഐ. സി. റ്റി. അക്കാഡമി

മേൽ പറഞ്ഞവർ ഒപ്പ് വച്ച രജിസ്ട്രേഷൻ പ്രൊപ്പോസലിൽ ഐ.എച്ച്.ആർ.ഡി. ഡയറക്ടറും ഐ. റ്റി. വകുപ്പ് സെക്രട്ടറിയും കൗണ്ടർസൈൻ ചെയ്തിട്ടുണ്ട്.

ഐ. സി. റ്റി. അക്കാഡമി ഡയറക്ടർ എന്ന നിലയിൽ സൊസൈറ്റി രജിസ്ട്രേഷൻ പ്രൊപ്പോസലിൽ ശ്രീ. വി. എ. അരുൺകുമാർ ഒപ്പ് വച്ചുവെങ്കിലും അദ്ദേഹത്തെ ഡയറക്ടറായി നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവുകൾ ഒന്നും ഇറങ്ങിയിട്ടില്ല.

***(ബി). ശ്രീ. കെ. എസ്. ശ്രീനിവാസ്, സ്പെഷ്യൽ സെക്രട്ടറി, ഐ.ടി. വകുപ്പ് 9-11-2011-ൽ നൽകിയ മൊഴി***

ഐ. സി. റ്റി. അക്കാഡമിയുടെ ഫാക്കൽറ്റി കോ-ഓർഡിനേറ്ററുടെ ക്വാളിഫിക്കേഷൻ Ph.D./M.Phil./MCA/B.Tech. with 5 years experience എന്ന് മെമ്മോറാണ്ടം ഓഫ് അസോസിയേഷനിൽ ഉണ്ടായിരുന്നു. എന്നാൽ ഡയറക്ടർക്ക് പ്രത്യേക ക്വാളിഫിക്കേഷൻ ഒന്നും prescribe ചെയ്തിരുന്നില്ല. ഐ. സി. റ്റി.യുടെ Memorandum of Association Cabinet approve ചെയ്തത് 20-1-2011-ലാണ്.

***(സി). ശ്രീ. കെ. സുരേഷ് കുമാർ, മുൻ ഐ.ടി. വകുപ്പ് സെക്രട്ടറി 23-11-2011-ൽ നൽകിയ മൊഴി***

ഞാൻ ഐ.റ്റി. സെക്രട്ടറിയായിരുന്ന കാലത്ത് ശ്രീ. വി. എ. അരുൺകുമാറിനെ ഐ.സി.റ്റി. അക്കാദമി ഡയറക്ടറായി നിയമിച്ചുകൊണ്ടുള്ള സർക്കാർ തീരുമാനമുണ്ടായിട്ടില്ല. അതിനുശേഷവും അത്തരമൊരു തീരുമാനമില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ശ്രീ. വി. എ. അരുൺകുമാറിനെ ഐ.സി.റ്റി. അക്കാദമി ഡയറക്ടറായി നിയമിക്കാൻ പരിഗണിക്കണമെന്നാവശ്യപ്പെട്ട് ഐ.എച്ച്.ആർ.ഡി. ഡയറക്ടറുടെ 15-1-2011-ലെ ഒരു കത്ത് ലഭിച്ചുവെന്നും തുടർന്ന് മന്ത്രിസഭ അംഗീകരിച്ച ബൈലാ പ്രകാരം നിയമനം നടത്തേണ്ടത് സർക്കാരാണെന്നും അതിനുമുമ്പ് ഇദ്ദേഹത്തിന്റെ യോഗ്യത, പരിചയം, ആനുകൂല്യങ്ങൾ എന്നിവയും മറ്റും ഗവേണിംഗ് ബോഡി കൂടി തീരുമാനിക്കണമെന്നും അതിനുവേണ്ടി ഗവേണിംഗ് ബോഡി ചേരുന്നതിനുള്ള സൗകര്യപ്രദമായ ഡേറ്റ് ആവശ്യപ്പെട്ടും ഫയൽ അന്നത്തെ മുഖ്യമന്ത്രിക്ക് അയച്ചു. 18-12-2010-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം ശ്രീ. വി. എ. അരുൺകുമാറിന്റെ നിയമനം സർക്കാർ അംഗീകരിച്ചതായി ഐ.എച്ച്.ആർ.ഡി. ഡയറക്ടർ അവകാശപ്പെട്ട തരത്തിലുള്ള ഒരു

തീരുമാനം സർക്കാർ എടുത്തിരുന്നില്ല. എന്നാൽ ഐ.എച്ച്.ആർ.ഡി.യുടെ 15-1-2011-ലെ കത്തിലെ വസ്തുതാപരമായ പിശക് ചൂണ്ടിക്കാണിച്ച് ഐ.റ്റി. വകുപ്പ് ഐ.എച്ച്.ആർ.ഡി.ക്ക് കത്തയച്ചിരുന്നില്ല.

ഐ.സി.റ്റി. അക്കാദമി ഡയറക്ടറായി നിയമിക്കപ്പെടാത്ത ശ്രീ. വി. എ. അരുൺകുമാർ സൊസൈറ്റി രജിസ്റ്റർ ചെയ്യുന്നതിനു വേണ്ടി ഐ.എച്ച്.ആർ.ഡി.യുടെ അഡീഷണൽ ഡയറക്ടർ എന്ന നിലയിലല്ലാതെ ഐ.സി.റ്റി. അക്കാദമി ഡയറക്ടർ എന്ന നിലയിൽ ഒപ്പിട്ട് അപേക്ഷ നൽകിയതിൽ അന്നത്തെ ഐ.റ്റി. സെക്രട്ടറി കൗണ്ടർസൈൻ ചെയ്യുവാനുണ്ടായ സാഹചര്യം—മന്ത്രിസഭാ യോഗത്തിൽ MOA വിന്റെ കരട് ആണ് അംഗീകരിച്ചത്. തുടർന്ന് ബാക്കിയുള്ളവർ പല സമയത്തായാണ് ഒപ്പിട്ടത്. സൊസൈറ്റി രജിസ്റ്റർ ചെയ്തിരിക്കുന്ന ഔദ്യോഗിക രേഖ പ്രകാരം ശ്രീ. വി. എ. അരുൺകുമാറാണ് ഡയറക്ടറെന്ന കാര്യം എന്റെ ശ്രദ്ധയിൽപ്പെടാതെ പോയതായിരിക്കാം.

സൊസൈറ്റി രജിസ്റ്റർ ചെയ്യുന്നതിന് ഒപ്പിട്ട പതിനൊന്ന് പേരിൽ പത്ത് പേരും അവരുടെ ഔദ്യോഗിക പദവികളുടെ പേരിലാണ് ഒപ്പിട്ടിരിക്കുന്നത്. എന്നാൽ പതിനൊന്നാമതായി ഒപ്പിട്ടിരിക്കുന്ന ശ്രീ. വി. എ. അരുൺകുമാർ ഒരു സ്ഥാനവും വഹിക്കാത്ത വ്യക്തിയാണ്. സൊസൈറ്റി രജിസ്ട്രേഷനുവേണ്ടി അയച്ച രേഖയിൽ താഴെപ്പറയുന്ന പ്രകാരം ആദ്യത്തെ മൂന്നു സ്ഥാനങ്ങളിൽ മാത്രമേ പേര് രേഖപ്പെടുത്തിയിട്ടുള്ളൂ. ബാക്കി എട്ടിടങ്ങളിൽ ഉദ്യോഗപ്പേര് ഏതാണെന്ന് മാത്രമേ പറയുന്നുള്ളൂ. ഈ എട്ട് സ്ഥാനങ്ങളിൽ ഒന്നിന്റെയും നേരെ പേര് പറയുന്നില്ല.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ, മുഖ്യമന്ത്രി (ചെയർമാൻ)

ശ്രീ. എം. എ. ബേബി, വിദ്യാഭ്യാസ വകുപ്പുമന്ത്രി (വൈസ് ചെയർമാൻ)

ഐ. ടി. മിനിസ്റ്റർ എന്നുള്ള നിലയിൽ ചീഫ് മിനിസ്റ്റർ

ചീഫ് സെക്രട്ടറി

ഐ. ടി. സെക്രട്ടറി

ഹയർ എഡ്യുക്കേഷൻ സെക്രട്ടറി

ഇൻഡസ്ട്രീസ് സെക്രട്ടറി

ഫിനാൻസ് സെക്രട്ടറി

കുസാറ്റ് വൈസ് ചാൻസലർ

ഐ.എച്ച്.ആർ.ഡി. ഡയറക്ടർ

ഡയറക്ടർ, ഐ.സി.റ്റി. അക്കാദമി

ഐ.റ്റി. സ്ഥാപനങ്ങൾ 98 ശതമാനവും സ്വകാര്യ മേഖലയിലായതിനാൽ, ഐ.റ്റി. കോഴ്സുകൾ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് ജോലി ഉറപ്പുവരുത്തുന്നതിനുതകുന്ന വിധത്തിൽ മികച്ച പരിശീലനം നല്കുക എന്ന ഉദ്ദേശത്തോടെ ഗ്രാന്റോടെ കേന്ദ്ര സർക്കാർ വിഭാവനം ചെയ്ത കേന്ദ്ര സർക്കാരിന്റെ ഐ.സി.റ്റി. അക്കാദമി, കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധവും കേന്ദ്ര സർക്കാരിന്റെ അനുവാദമില്ലാതെയും പി.പി.പി. മോഡലിൽ നിന്ന് മാറ്റി എന്ന വാദത്തെക്കുറിച്ച് എനിക്ക് പറയാനുള്ളത് :

ആദ്യം പി.പി.പി. മോഡലിൽ ഐ.സി.റ്റി. അക്കാദമിയുടെ പ്രവർത്തനം നടപ്പിലാക്കാൻ തീരുമാനിച്ച് KSITIL-നെ ഏല്പിച്ചശേഷം തുടർനടപടികൾ നടക്കുന്നതിനിടയിൽ, ഐ.സി.റ്റി. അക്കാദമി നടത്തിപ്പ് സംബന്ധിച്ച് ഐ.എച്ച്.ആർ.ഡി. ഒരു പ്രൊപ്പോസൽ നല്കുകയായിരുന്നു. ആയത് മന്ത്രിസഭ അംഗീകരിക്കുകയായിരുന്നു.

### *(ഡി). ഡോ. കെ. എം. എബ്രഹാം, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് 2-12-2011-ൽ നൽകിയ മൊഴി*

പി.പി.പി. മോഡലിൽ രൂപീകരിക്കുവാൻ കേന്ദ്രസർക്കാർ നിർദ്ദേശിച്ച് ഐ.സി.റ്റി. അക്കാദമി ഐ.ടി. വകുപ്പുമായി ചേർന്ന് നടത്താമെന്നുള്ള ഐ.എച്ച്.ആർ.ഡി.യുടെ പ്രൊപ്പോസൽ ഉന്നത വിദ്യാഭ്യാസ വകുപ്പു വഴിയല്ല നല്കിയത്. ഇത് സംബന്ധിച്ച രേഖകളൊന്നും ഉന്നത വിദ്യാഭ്യാസ വകുപ്പിലില്ല.

ഐ.സി.റ്റി അക്കാദമി, സൊസൈറ്റിയായി രജിസ്റ്റർ ചെയ്യാൻ വേണ്ടിയുള്ള രേഖയിൽ അന്നത്തെ മുഖ്യമന്ത്രി, വിദ്യാഭ്യാസ വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി തുടങ്ങിയ 11 പേരോടൊപ്പം അന്നത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറിയും 7-ാമതായി ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്, പ്രസ്തുത രേഖയിൽ 11-ാമതായി മെമ്പർ സെക്രട്ടറി & ഡയറക്ടർ, ഐ.സി.റ്റി അക്കാദമി എന്ന നിലയിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ള ശ്രീ. വി. എ. അരുൺകുമാറിനെ ടി തസ്തികയിൽ ഔദ്യോഗികമായി നിയമിച്ചതായി വിവരമില്ല.

ശ്രീ. വി. എ. അരുൺ കുമാറിനെ ഐ.സി.റ്റി ഡയറക്ടറാക്കിയത് സംബന്ധിച്ച് 22-12-2010-ൽ ഐ.എച്ച്.ആർ.ഡി. ഡയറക്ടർ അന്നത്തെ വിദ്യാഭ്യാസ വകുപ്പു മന്ത്രിക്ക് നല്കിയതും മന്ത്രി അംഗീകരിച്ചതുമായ ഒരു നോട്ട് മാത്രമാണ് ഉന്നത വിദ്യാഭ്യാസ വകുപ്പിലുള്ളത്. സർക്കാരിന്റെ ഔദ്യോഗിക അംഗീകാരം സംബന്ധിച്ച രേഖയില്ല. 22-12-2011-ലെ പ്രസ്തുത നോട്ട് പ്രകാരം 'It is therefore requested that the Hon'ble Chairman, IHRD may be pleased to accord sanction to appoint Shri V. A. Arunkumar as the Director, ICT Academy in terms of the service condition of the Director of the ICT Academy approved by the Government. He may also be permitted to hold the additional charge of the Additional Director, (Administration and Planning) of IHRD' ടി നോട്ടിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി 'നിർദ്ദേശം അംഗീകരിക്കുന്നു' എന്ന് 23-12-2010-ൽ രേഖപ്പെടുത്തിയിട്ടുമുണ്ട്.

### *(ഇ). ശ്രീ. സെയ്ദ് റഷീദ്, ഡയറക്ടർ, ഐ.എച്ച്.ആർ.ഡി. 2-12-2011-ൽ നൽകിയ മൊഴി*

15-1-2011-ലെ IHRD ഡയറക്ടറുടെ കത്തിൽ, 'the proposal of the IHRD to appoint the Director of the Academy was approved by the Government as per reference (4) എന്ന് പറഞ്ഞിട്ടുള്ള ഭാഗത്ത് സൂചിപ്പിക്കുന്ന റഫറൻസ് (4)-ൽ പ്രതിപാദിക്കുന്നത് ICT ഡയറക്ടർ നിയമനം സർക്കാർ അംഗീകരിക്കുന്നുവെന്നല്ല ഐ.ടി. വകുപ്പിറക്കിയ 46/10 ഉത്തരവ് പ്രകാരം IHRD-യെ ഇംപ്ലിമെന്റിംഗ് ഏജൻസിയായി പരിഗണിക്കണമെന്നുള്ള ഏകവിഷയം മാത്രമാണ് മേൽപ്പറഞ്ഞ reference (4) പ്രകാരം അംഗീകരിച്ചിരിക്കുന്നത്.

15-1-2011-ന് ഐ. എച്ച്. ആർ. ഡി. ഡയറക്ടർ സർക്കാരിനയച്ച കത്തിൽ 'the proposal of the IHRD to appoint the Director of the Academy was approved by the Government as per reference (4)' എന്ന് പറയുന്ന ഭാഗത്ത് സൂചിപ്പിക്കുന്ന റഫറൻസ് (4)-ൽ പ്രസ്തുത കത്തിൽ അവകാശപ്പെടുന്നതുപോലെയൊരു ഡയറക്ടർ നിയമനത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടില്ല. ഐ. സി. റ്റി. ഡയറക്ടറായി ഔദ്യോഗികമായി നിയമിതനാകാത്ത ശ്രീ. വി. എ. അരുൺകുമാർ, അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ, അന്നത്തെ വിദ്യാഭ്യാസ മന്ത്രി ശ്രീ. എം. എ. ബേബി തുടങ്ങിയവർ ഒപ്പ് രേഖപ്പെടുത്തിയ രേഖയിൽ അദ്ദേഹത്തിനില്ലാത്ത സ്ഥാനത്തിന് നേരേ ഒപ്പ് രേഖപ്പെടുത്തുകയാണ് ചെയ്തത്. 31-1-2011-ലെ പി. 328/2011/ IHRD നമ്പർ കത്തിൽ In pursuance of the Government Order referred above, Shri V. A. Arunkumar, Director, ICT Academy has given necessary instructions to proceed with the registration of the society and to do all necessary things to function the Academy as early as possible എന്ന ഭാഗത്ത് സൂചിപ്പിച്ചത് വസ്തുതാപരമായി ശരിയല്ല എന്ന് വ്യക്തമാക്കിക്കൊണ്ടുള്ള രേഖയൊന്നും ഐ. റ്റി. വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. ശ്രീ. വി. എ. അരുൺകുമാറിനെ ഐ. സി. റ്റി. അക്കാദമി ഡയറക്ടറായി നിയമിക്കാനുള്ള പ്രൊപ്പോസൽ ഐ. എച്ച്. ആർ. ഡി.യുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലോ, ഗവേണിംഗ് ബോഡിയിലോ വന്നതായി ഫയലുകളിൽ രേഖയില്ല. അന്നത്തെ ഐ. എച്ച്. ആർ. ഡി. ഡയറക്ടറുടെ തീരുമാനപ്രകാരം അന്നത്തെ വിദ്യാഭ്യാസ മന്ത്രിക്ക് പ്രൊപ്പോസൽ അയയ്ക്കുകയും അദ്ദേഹമത് അംഗീകരിക്കുകയുമായിരുന്നു.

ഐ. സി. റ്റി. അക്കാദമി, സൊസൈറ്റിയായി രജിസ്റ്റർ ചെയ്യാനായി ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്ന വ്യക്തികൾ അതാത് സ്ഥാനങ്ങൾ വഹിക്കുന്നവർ എന്ന നിലയിലാണ് ഒപ്പുകൾ രേഖപ്പെടുത്തിയിട്ടുള്ളത്. ടി രേഖയിൽ ഐ. സി. റ്റി. അക്കാദമി ഡയറക്ടർ എന്ന സ്ഥാനത്തിനുനേരെയാണ് ശ്രീ. വി. എ. അരുൺകുമാർ ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നത്.

***(എഫ്). പ്രൊഫ. വി. സുബ്രഹ്മണി, ഐ.എച്ച്.ആർ.ഡി. മുൻ ഡയറക്ടർ 2-12-2011-ൽ നൽകിയ മൊഴി***

കേന്ദ്ര സർക്കാർ പി. പി. പി. മോഡലിൽ ആരംഭിക്കുവാൻ നിർദ്ദേശിച്ച ഐ. സി. റ്റി. അക്കാദമിയുടെ നടത്തിപ്പ് ഐ. എച്ച്. ആർ. ഡി. ഏറ്റെടുക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ ഐ. ടി. വകുപ്പിന് നല്കാനുള്ള തീരുമാനം കൈക്കൊണ്ടത് അന്നത്തെ ഐ. ടി. സെക്രട്ടറി ഡോ. അജയ്കുമാറിന്റെ വാക്കാലുള്ള നിർദ്ദേശപ്രകാരമാണ്. ടി പ്രൊപ്പോസൽ തയ്യാറാക്കാൻ നിയോഗിച്ചത് ശ്രീ. വി. എ. അരുൺകുമാറിനെയായിരുന്നു. ഐ. സി. റ്റി. അക്കാദമി ഐ. എച്ച്. ആർ. ഡി.യുടെ ഒരു സ്ഥാപനമായി തുടങ്ങാനാണ് പ്രാരംഭദശയിൽ ഉദ്ദേശിച്ചത്. പക്ഷേ, ഐ. സി. റ്റി. അക്കാദമി പ്രത്യേകമായി രജിസ്റ്റർ ചെയ്ത ഒരു സൊസൈറ്റിയായി നിലവിൽ വരണമെന്നുള്ള സർക്കാർ നിർദ്ദേശത്തെത്തുടർന്ന് അന്നത്തെ വിദ്യാഭ്യാസ മന്ത്രിയുമായി ടി വിഷയം ചർച്ച ചെയ്തു. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം, ഐ. സി. റ്റി. അക്കാദമിയുടെ ഓണററി ഡയറക്ടർ എന്ന നിലയിൽ ഐ. എച്ച്. ആർ. ഡി. നോമിനിയായി ശ്രീ. വി. എ. അരുൺകുമാറിനെ നിർദ്ദേശിച്ചുകൊണ്ട് നോട്ട് സമർപ്പിക്കുകയും പ്രസ്തുത നോട്ട് വിദ്യാഭ്യാസ വകുപ്പുമന്ത്രി അംഗീകരിക്കുകയും ചെയ്യുകയായിരുന്നു.

ഐ. എച്ച്. ആർ. ഡി.യുടെ 15-1-2011-ലെ കത്തിൽ the proposal of the IHRD to appoint the Director of the Academy was approved by the Government as per reference (4) എന്നു പറയുന്ന ഭാഗത്ത് സൂചിപ്പിക്കുന്ന—Ref. (4)-ൽ ഡയറക്ടറുടെ നിയമനത്തെപ്പറ്റി ഒന്നും പറഞ്ഞിട്ടില്ലെന്നിരിക്കെ ഇത്തരമൊരു കത്ത് അയയ്ക്കാനിട യായ സാഹചര്യം—ഐ. എച്ച്. ആർ. ഡി. ചെയർമാന്റെ (വിദ്യാഭ്യാസ മന്ത്രി) അനുമതിയോടുകൂടി ഐ. എച്ച്. ആർ. ഡി. നോമിനിയായി ശ്രീ. വി. എ. അരുൺ കുമാറിനെ ഐ. സി. റ്റി. അക്കാദമി ഡയറക്ടർ എന്ന നിലയിൽ നിർദ്ദേശിച്ചു വെന്നാണ് പ്രസ്തുത കത്തിൽ ഉദ്ദേശിച്ചത്. ഐ. സി. റ്റി. അക്കാദമി ഡയറക്ടറെ നിശ്ചയിക്കുന്ന അധികാരി സർക്കാരാണ്. സർക്കാർ ശ്രീ. വി. എ. അരുൺകുമാറിനെ ഐ. സി. റ്റി. അക്കാദമി ഡയറക്ടറായി നിയമിച്ചിട്ടില്ല. അക്കാദമി രജിസ്ട്രേഷനു വേണ്ടി ശ്രീ. വി. എ. അരുൺകുമാറിന്റെ ഉദ്യോഗപ്പേര് ഐ. സി. റ്റി. അക്കാദമി സ്പെഷ്യൽ ഓഫീസറെന്നോ, ഐ. എച്ച്. ആർ. ഡി. ജോയിന്റ് ഡയറക്ടറെന്നോ കാണിച്ചാലും രജിസ്ട്രേഷൻ നടക്കുമായിരുന്നു. എന്നിട്ടും സർക്കാർ ഔദ്യോഗികമായി ഐ. സി. റ്റി. ഡയറക്ടറായി നിയമിക്കാത്ത ശ്രീ. വി. എ. അരുൺകുമാറിനെ ഐ. സി. റ്റി. അക്കാദമി ഡയറക്ടർ എന്ന നിലയിൽ സൊസൈറ്റി രജിസ്ട്രേഷനുള്ള രേഖയിൽ ഒപ്പ് രേഖപ്പെടുത്തുവാൻ അനുവദിച്ചത് പ്രസ്തുത രേഖയിൽ ഐ. സി. റ്റി. അക്കാദമി ഡയറക്ടർ എന്നുവച്ച് രജിസ്റ്റർ ചെയ്തതിനുശേഷം പിന്നീട് സർക്കാരി ലേക്ക് അയയ്ക്കാമെന്നുള്ള ശ്രീ. വി. എ. അരുൺകുമാറിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ്.

ഐ. സി. റ്റി. ഡയറക്ടറായി നിയമിതനാകാതെ, ഡയറക്ടർ എന്ന നിലയിൽ സൊസൈറ്റി രജിസ്ട്രേഷനുള്ള രേഖയിൽ ശ്രീ. വി. എ. അരുൺകുമാർ ഒപ്പ് രേഖ പ്പെടുത്തിയത് ക്രമവിരുദ്ധമാണ്. ഐ. സി. റ്റി. അക്കാദമി രജിസ്ട്രേഷനുവേണ്ടി അക്കാദമി ഡയറക്ടറായ ശ്രീ. വി. എ. അരുൺകുമാറിനെ ചുമതലപ്പെടുത്തുന്നുവെന്ന് ഐ. ടി. വകുപ്പിനെ അറിയിച്ചുകൊണ്ട് ഐ. എച്ച്. ആർ. ഡി. അയച്ച കത്തിന്, ശ്രീ. വി. എ. അരുൺകുമാറിനെ യഥാർത്ഥത്തിൽ ഐ. സി. റ്റി. ഡയറക്ടറായി നിയമിച്ചിട്ടില്ലെന്നറിയിച്ചുകൊണ്ടുള്ള മറുപടി സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല. ശ്രീ. വി. എ. അരുൺകുമാർ ഐ. സി. റ്റി. അക്കാദമി ഡയറക്ടർ എന്ന് ഒപ്പിട്ടത് അക്കാദമി ഡയറക്ടർ എന്ന പേരിൽ രജിസ്റ്റർ ചെയ്യണമെന്ന് ശ്രീ. വി. എ. അരുൺകുമാർ തന്നെ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ്.

***(ജി). ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ. 14-12-2011-ൽ നൽകിയ മൊഴി***

ഐ.സി.റ്റി. അക്കാഡമിയുടെ ഡയറക്ടറായി അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. വി.എസ്. അച്ചുതാനന്ദന്റെ മകനെ നിയമിച്ചു എന്നു പറയുമ്പോൾ എനിക്ക് സമിതിയോട് രണ്ടു മിനിറ്റ് ആമുഖമായി ആവശ്യപ്പെടാനുള്ളത്, ഐ.സി.റ്റി. അക്കാഡമി കേന്ദ്ര ഗവൺമെന്റിന്റെ ഒരു പ്രോജക്ടാണ്. അത് കേരളാ ഗവൺമെന്റിന് അനുവദിക്കു കയായിരുന്നു. അനുവദിക്കുമ്പോൾ തന്നെ 6-11-2008-ൽ കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന്റെ ഐ.റ്റി. സെക്രട്ടറിക്ക് ഒരു കത്തയച്ചു. 6-11-2008-ലെ കത്തിൽ പറയു ന്നത്,...."I am directed to convey the administrative approval of the competent authority for the implementation of the project—setting up of ICT Academy of Kerala at a total estimated cost of Rs. 14 Crores". അതിനുശേഷം ഡീറ്റെയിൽസ്

പറഞ്ഞിരിക്കുന്നതിൽ ഇതൊരു പബ്ലിക്-പ്രൈവറ്റ് പാർട്ണർഷിപ്പായാണ് തുടങ്ങേണ്ട തെന്നാണ്. അതിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥാപനത്തിനുവേണ്ടി 14 കോടി രൂപ യുടെ പ്രോജക്ടിൽ രണ്ടരക്കോടി രൂപ ആദ്യത്തെ ഇൻസ്റ്റാൾമെന്റായി കേന്ദ്ര സർക്കാർ അന്നത്തെ സംസ്ഥാന ഗവൺമെന്റിന് നൽകുകയും ചെയ്തു. അതിൽ ആറുകോടി രൂപയാണ് കേന്ദ്ര സഹായം. 2.08 കോടി രൂപ കേരള സർക്കാരിന്റെ പാർട്ടും ബാക്കി 5.92 കോടി രൂപ ഐ.റ്റി. ഇൻഡസ്ട്രിയിൽനിന്നും സമാഹരിക്കണമെന്നാണ് കൃത്യമായി പ്രോജക്ടിൽ പറഞ്ഞിരുന്നത്. പബ്ലിക്-പ്രൈവറ്റ് പാർട്ടിസിപ്പേഷൻ എന്ന് ഉദ്ദേശിക്കു ന്നതുതന്നെ ആറുകോടി രൂപ കേന്ദ്രവും 2 കോടി രൂപ സംസ്ഥാനവും കഴിഞ്ഞ് ബാലൻസ് ഐ.റ്റി. ഇൻഡസ്ട്രീസ് കോ-പാർട്ണർമാരിൽനിന്ന് സമാഹരിക്കണ മെന്നാണ് പറഞ്ഞിരുന്നത്. അങ്ങനെയാണ് ഈ പ്രോജക്ടുപോലും ഉണ്ടായിരുന്നത്. 2.08 കോടി രൂപ അവർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെയും വിശദാംശ ങ്ങൾ ഉള്ളതാണ്. ഇത് 19-12-2008-ൽ ഇറക്കിയ ഒരു ഗവൺമെന്റ് ഉത്തരവാണ്. ആ ഉത്തരവിൽ പറയുന്നത്,......Government of Kerala—a proposal for setting up of ICT Academy of Kerala with industry—Government ownership for skill development in IT/ITES sector has been submitted to Government of India and the main objective of setting up of the Academy......". The Department of Information Technology, Government of India has accorded administrative approval for the project at a total estimated cost of Rs. 14 Crores. Out of this, Rs. 6 crores towards capital expenditure will be provided as grant-in-aid by Government of India. The first instalment of Rs. 2.5 Crores of the grant-in-aid will be released on acceptance of the terms and conditions of the grant-in-aid and administrative approval of the State Government. The second instalment will be released afterwards based on the progress and recommendation of the project reviews, steering group in the Department of Information Technology, Government of India. Rs. 8 Crores will be raised by way of share capital from Government of Kerala and IT industry share as 26% and 74% respectively. Thus an amount of Rs. 2.08 Crores has to be contributed by the State as equity and the rest of Rs. 5.92 Crores will be collected from the IT industry as equity shares. Government have examined the matter in detail and are pleased to accord administrative sanction for setting up of an ICT Academy at Thiruvananthapuram in PPP model through Kerala State IT Infrastructure Limited (KSITIL) with 26% equity with Government and 74% with industry. കേന്ദ്ര ഗവൺമെന്റിന്റെ പ്രോജക്ട് ഇങ്ങനെയായിരുന്നു.

ഗവൺമെന്റ് കെ.എസ്.ഐ.റ്റി.എൽ.-നെ ഇത് ഏൽപ്പിക്കുന്ന ജി.ഒ.ആണ് ഇറങ്ങിയിരിക്കുന്നത് 26:74 പാർട്ടിസിപ്പേഷനിലാണ് ഇത് നടപ്പിലാക്കുന്നത്, ഐ.റ്റി. ഇൻഡസ്ട്രിയിൽനിന്നാണ് 74 ശതമാനം കളക്ട് ചെയ്യുന്നത് എന്നുപറഞ്ഞാണ്. ഇത് ഐ.സി.റ്റി. അക്കാഡമി ഓഫ് തമിഴ്നാടിന്റെ നെറ്റിൽനിന്ന് എടുത്ത ഡോക്യുമെന്റാണ്. നമുക്ക് ശേഷമാണ് ഐ.സി.റ്റി. അക്കാഡമി ആരംഭിക്കാനുള്ള അനുവാദം തമിഴ്നാടിന് കിട്ടിയത്. പക്ഷേ അവർ അവിടെ ആരംഭിച്ചു, അവർ പറയുന്നത് ICT Academy of Tamil Nadu, an initiative of Government of India and Government of

Tamil Nadu and CII—is a non-profitable autonomous organisation. അവിടെ പാർട്ണർ ആയത് കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രീസ് തന്നെയാണ്. സ്വാഭാവികമായും അത്തരത്തിൽ ഇൻഡസ്ട്രി റിലേറ്റഡ് ആയിട്ടുള്ള ഒരു പ്രോജക്ടായിരുന്നു. കാരണം കുട്ടികൾക്ക് ഇൻഡസ്ട്രിയിലാണ് ട്രെയിനിംഗ് കൊടുക്കേണ്ടത്. എംപ്ലോയബിലിറ്റി വർദ്ധിപ്പിക്കാനുള്ള ഒരു പ്രോജക്ടാണ്. മൈക്രോ സോഫ്റ്റ്, ഒറാക്കിൾ, ടി.സി.എസ്., എച്ച്.സി.എൽ., ഇൻഫോസിസ് ഇതൊക്കെയാണ് അവിടെ കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രീസ് വഴി കോ-പാർട്ണർ ആയത്. അങ്ങനെ കിട്ടേണ്ട അവസരമാണ് ഐ.എച്ച്.ആർ.ഡി.യിലേയ്ക്ക് ഇതിനെക്കൊണ്ട് യോജിപ്പിച്ചതുകൊണ്ട് നഷ്ടമായത്. 24-3-2009-ൽ ഇവർക്ക് രണ്ടരക്കോടി രൂപ ഗവൺമെന്റ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവിറങ്ങിയിട്ടുണ്ട്. അതിനുശേഷം 28-5-2009-ൽ ഒരു ഓർഡർ കൂടി ഇറങ്ങിയിട്ടുണ്ട്. As per the Government Order read above, Government have approved setting up of ICT Academy at Thiruvananthapuram. In connection with setting up of Academy, Government ordered that Shri Biju K., IAS, Sub Collector, Thiruvananthapuram is given additional responsibility of Special Officer, ICT Academy. ഈ സമിതിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, ശ്രീ. ബിജു, കെ., ഐ.എ.എസ്.-നെക്കൂടി സമിതി കേൾക്കാൻ തയ്യാറാകണമെന്നാണ്. കാരണം ഒരു സ്പെഷ്യൽ ഓഫീസറെ ഗവൺമെന്റ് നിയമിച്ചുകൊണ്ട് ഉത്തരവിറക്കി. ആ സ്പെഷ്യൽ ഓഫീസർ ഐ.സി.റ്റി. അക്കാഡമിക്കുവേണ്ടി ഒരുപാട് പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഐ.റ്റി. വകുപ്പിലെ ഉദ്യോഗസ്ഥരുമായും സ്വകാര്യ കമ്പനികളുമായും ടെക്നോപാർക്ക് സി.ഇ.ഒ.യുമായും ഹയർ തലത്തിൽ ഒരുപാട് സെമിനാറുകൾ നടത്തിയിട്ടുണ്ട്, മീറ്റിംഗുകൾ നടത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം ഒരു ആർ.എഫ്.പി. തയ്യാറാക്കി. ആ ആർ.എഫ്.പി. ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. അതുകൂടാതെ അവർക്ക് ബിഡ്സ് ചെയ്യാൻവേണ്ടിയുള്ള അനുവാദം ഗവൺമെന്റ് ഒരു ഓർഡർ വഴി കൊടുത്തിട്ടുണ്ട്. ബിഡ്സ് ചെയ്തിട്ട് കോമ്പീറ്റന്റായ പാർട്ണറെ ഇതിന് കണ്ടെത്താനാണ് പറഞ്ഞിരുന്നത്. ആർ.എഫ്.പി. അംഗീകരിച്ചിട്ടുണ്ട്, ബിഡ്സിനുള്ള ഗവൺമെന്റ് ഓർഡറും ഇറക്കിയിട്ടുണ്ട്. ഞാൻ മനസ്സിലാക്കുന്നത്, ഇവർ ഇത്രയും ചെയ്തിട്ട് ഒരു അറിയിപ്പിൽക്കൂടി ഇനി സ്പെഷ്യൽ ഓഫീസർ എടുക്കുന്ന ജോലി മതിയാക്കുക, ഐ.എച്ച്.ആർ.ഡി.യെ ഏൽപ്പിക്കുക എന്ന് ഇവരോട് വാക്കാൽ ഐ.റ്റി. സെക്രട്ടറി പറഞ്ഞത് എന്നാണ്. സ്വാഭാവികമായും ഇത് കേന്ദ്ര ഗവൺമെന്റിന്റെ ഒരു പ്രോജക്ടായിരുന്നു. അതിൽ പബ്ലിക്-പ്രൈവറ്റ് പാർട്ടിസിപ്പേഷനാണ് വരേണ്ടത്, ഐ.എച്ച്.ആർ.ഡി.യെ ഏൽപ്പിച്ചാൽത്തന്നെ 74 പെർസന്റേജ് എവിടെനിന്ന് ഐ.എച്ച്. ആർ.ഡി. കണ്ടെത്തും ? അത് കൃത്യമായി പറയുന്നില്ല. ഗവൺമെന്റിന് കൊടുക്കാവുന്നത് 2.6 കോടി രൂപയാണ്. അതുകഴിഞ്ഞ് വരുന്ന മേജർ ഷെയർ കണ്ടെത്തേണ്ടത് ഐ.റ്റി. ഇൻഡസ്ട്രിയിൽ നിന്നാണ്. അന്നത്തെ ഐ.റ്റി. സെക്രട്ടറിയുടെ ഉത്തരവിൽതന്നെ അത് പറയുന്നുണ്ട്. ഐ.എച്ച്.ആർ.ഡി.യെപ്പോലൊരു സ്ഥാപനത്തിന്, പ്രത്യേകിച്ച് അവിടെ അദ്ധ്യാപകരെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു കേസ്സിൽ കോടതിയിൽ ഐ.എച്ച്.ആർ.ഡി. കൊടുത്തിരിക്കുന്ന അഫിഡവിറ്റ് പ്രകാരം, സ്ഥാപനം പ്രതിസന്ധിയിലാണ്, അതുകൊണ്ട് ആരേയും സ്ഥിരപ്പെടുത്താൻ കഴിയില്ല എന്നാണ്. അത്തരമൊരു സ്ഥാപനത്തിന് എങ്ങനെ ഇത്രയും തുക കോൺട്രിബ്യൂട്ട് ചെയ്യാൻ കഴിയും? അതുകൊണ്ട് പറ്റിപ്പോയത് 2008-ൽ വന്ന ഐ.സി.റ്റി. അക്കാഡമി

കേരളത്തിൽ ഇതുവരെ തുടങ്ങിയിട്ടില്ല. നമുക്കുശേഷം അനുവാദം കിട്ടിയ തമിഴ്നാട്ടിൽ ഐ.സി.റ്റി. അക്കാഡമി ആരംഭിച്ചു, ആയിരക്കണക്കിന് കുട്ടികൾക്ക് വിവിധ ഐ.റ്റി. കമ്പനികളിൽ പ്ലേസ്മെന്റ് കിട്ടി. ട്രെയിനിംഗ് കഴിയുന്നവരിൽ നല്ല കുട്ടികളെ നോക്കി അവിടെത്തന്നെ പ്ലേസ് ചെയ്യുകയാണ്. ഐ.സി.റ്റി. അക്കാഡമി കേരളത്തിൽ സ്ഥാപിക്കാൻ കഴിയാതെ പോയതിനാൽ ആയിരക്കണക്കിന് കുട്ടികൾക്ക് ജോലി കിട്ടിയിട്ടില്ല. ഐ.എച്ച്.ആർ.ഡി. വന്നതിനുശേഷമാണ് അരുൺകുമാർ ഡയറക്ടറായത്. അതു സംബന്ധിച്ച് ഞാൻ നിയമസഭയിലും ഉന്നയിച്ചത് മെമ്മോറാണ്ടം ഓഫ് അസ്സോസിയേഷൻ അംഗീകരിക്കാൻവേണ്ടി ചെയർമാൻ വിളിച്ച മീറ്റിംഗിന്റെ വിഷയമായിരുന്നു. അതിൽ 11-ാമതായി അരുൺകുമാർ, മെമ്പർ സെക്രട്ടറി, ഐ.സി.റ്റി. അക്കാഡമി, കേരള എന്നാണ് ഒപ്പിട്ടിരിക്കുന്നത്. ഇത് മാത്രമല്ല, ഇതിന്റെ ഒടുവിൽ, ഞാൻ മനസ്സിലാക്കിയിരിക്കുന്നത്, അന്നത്തെ ചീഫ് മിനിസ്റ്ററും ഐ.റ്റി. സെക്രട്ടറിയും അവസാന പേജിൽ കൗണ്ടർസൈൻ ചെയ്തിട്ടുണ്ടെന്നുള്ളതാണ്. അത് മാത്രമല്ല, ഈ ഡോക്യുമെന്റ് ജില്ലാ രജിസ്ട്രാറുടെ കയ്യിൽ കൊടുത്തിട്ട് ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ രേഖ കൊടുത്തിട്ടാണ് ഐ.സി.റ്റി. അക്കാഡമി ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്തിരിക്കുന്നത്. അതിൽനിന്നുതന്നെ അരുൺകുമാറിനെ ഐ.സി.റ്റി. അക്കാഡമിയുടെ ഡയറക്ടറായി നിയമിച്ചുവെന്നതിന് വ്യക്തമായ തെളിവുണ്ട്. എന്നുമാത്രമല്ല, അരുൺകുമാർ ഡൽഹിയിൽ ഇതുസംബന്ധമായ മീറ്റിംഗിൽ പങ്കെടുത്തിട്ടുണ്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇഷിതാ റായ് എന്ന ഗവൺമെന്റ് ഉദ്യോഗസ്ഥയുമായും അദ്ദേഹം ഡൽഹിയിൽ പബ്ലിക്-പ്രൈവറ്റ് പാർട്ടിസിപ്പേഷൻ എന്നുള്ളത് മാറ്റി ഐ.എച്ച്.ആർ.ഡി.യെ പാർട്ണർ ആക്കിക്കൊണ്ടുള്ള അനുവാദം നൽകണം, അത്തരത്തിലൊരു ചെയ്ഞ്ച് പ്രോജക്ടിലുണ്ടാക്കണമെന്ന് പറയുന്നതിനുവേണ്ടി പോയിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇതിന്റെ മെമ്മോറാണ്ടം ഓഫ് അസ്സോസിയേഷനിൽ ഒരിടത്ത് പറയുന്നതും ബൈലായിൽ പറയുന്നതും ഗവൺമെന്റാണ് ഡയറക്ടറെ അപ്പോയിന്റ് ചെയ്യേണ്ടതെന്നാണ്. ഗവൺമെന്റ് അപ്പോയിന്റ് ചെയ്തില്ലെന്നും പറയുന്നു. എന്നാൽ വേറെയൊരു സ്ഥലത്ത് പറയുന്നത്, ഐ.എച്ച്.ആർ.ഡി. ആയിരിക്കും ഫസ്റ്റ് ഡയറക്ടറെ അപ്പോയിന്റ് ചെയ്യുന്നതെന്നാണ്. അത് ബൈലാ പരിശോധിച്ചാൽ മനസ്സിലാകും. ഒരു ബൈലായിൽതന്നെ ഒരിടത്ത് ഗവൺമെന്റ് അപ്പോയിന്റ് ചെയ്യുമെന്ന് പറയുന്നു. അതേ ബൈലായുടെ മറ്റൊരു സ്ഥലത്ത് ഐ.എച്ച്.ആർ.ഡി. അപ്പോയിന്റ് ചെയ്യുമെന്ന് പറയുന്നു. അപ്പോൾ ഐ.എച്ച്.ആർ.ഡി. ഇത്തരത്തിൽ അപ്പോയിന്റ്മെന്റ് ഓർഡർ ഇറക്കിയിട്ടുണ്ടോയെന്നുള്ളത് ഐ.എച്ച്.ആർ.ഡി.യിൽനിന്ന് മാത്രമേ മനസ്സിലാക്കാൻ കഴിയുകയുള്ളൂ. ഈ തെളിവുകളിൽനിന്നും അരുൺകുമാറിനെ ഐ.സി.റ്റി. അക്കാഡമിയുടെ ഡയറക്ടറായി നിയമിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കാൻ കഴിയുന്നു. അതിനപ്പുറം 2.6 കോടി രൂപ നമുക്ക് നഷ്ടപ്പെട്ടു. അതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുത്തെങ്കിൽ മാത്രമേ സെക്കന്റ് ഇൻസ്റ്റാൾമെന്റ് നമുക്ക് കിട്ടുകയുള്ളൂ. 2009-ൽ തുടങ്ങേണ്ട സ്ഥാപനം 2009-ലും 2010-ലും 2011-ലും തുടങ്ങിയിട്ടില്ല. അത്രയും കുട്ടികൾക്ക് കിട്ടേണ്ട തൊഴിലവസരങ്ങൾ നഷ്ടമാകുകയും ചെയ്തു. ഒരു ഉദ്യോഗസ്ഥൻ ഒരുപാട് ശ്രമഫലമായി എടുത്ത ആർ.എഫ്.പി. റദ്ദാക്കിക്കൊണ്ട് ബിഡ്സ് ചെയ്യാനുള്ള ഗവൺമെന്റ് ഉത്തരവ് മരവിപ്പിച്ചിരിക്കുകയാണ്. ഇതിന്റെ സിലബസായ ക്ലൗഡ് കമ്പ്യൂട്ടിംഗ്, ഡാറ്റാ മൈനിംഗ്, ഡാറ്റാ ബേസ്, ഇ-ഗവേണൻസ്, ഇൻഫർമേഷൻ സ്റ്റോറേജ് ആന്റ് റിട്രീവൽ, ഇന്റർനെറ്റ് ടെക്നോളജി,

ആർ.എഫ്.ഐ.ഡി. ടെക്നോളജി, വയർലെസ് കമ്മ്യൂണിക്കേഷൻ, വി.എൽ.എസ്.ഐ., എമ്പഡഡ് സിസ്റ്റം, സിഗ്നൽ ഇമേജ്, സോഫ്റ്റ് കമ്പ്യൂട്ടിംഗ്, മിഡിൽ വെയർ, ആപ്ലിക്കേഷൻ ഡെവലപ്മെന്റ് തുടങ്ങിയ എല്ലാ ഐ.റ്റി. കമ്പനികളിലേയും ഏറ്റവും ലേറ്റസ്റ്റായി വരുന്ന കാര്യങ്ങൾ കുട്ടികളെ പഠിപ്പിക്കുകയെന്നുള്ളതാണ് ഇങ്ങനെയൊരു സ്ഥാപനം തുടങ്ങുന്നതിന്റെ ഉദ്ദേശം. ഇതൊന്നും ഐ.എച്ച്.ആർ.ഡി.-ക്ക് ഇല്ല. ബഹുമാന്യനായ പ്രതിപക്ഷ നേതാവ് നിയമസഭയിൽ പറഞ്ഞത് എന്റെ കയ്യിലുണ്ട്. അദ്ദേഹം പറഞ്ഞത്, കേന്ദ്ര ഗവൺമെന്റ് തീരുമാനപ്രകാരം ഐ.സി.റ്റി. അക്കാഡമി രൂപീകരിക്കാൻ തീരുമാനിച്ചു. ഇത് കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയാണ്. ആറുകോടി രൂപ കേന്ദ്ര ഗവൺമെന്റ് നൽകും. കേരളാ ഗവൺമെന്റും സ്വകാര്യ പങ്കാളിയും ചേർന്ന് ബാക്കി തുക കണ്ടെത്തും. സ്വകാര്യ പങ്കാളിക്ക് പകരം എല്ലാ യോഗ്യതകളുമുള്ള ഐ.എച്ച്.ആർ.ഡി. എന്ന സർക്കാർ സ്ഥാപനം ഈ സംരംഭത്തിൽ പങ്കാളിയാകാമെന്ന് സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഈ പറയുന്ന യോഗ്യതകളൊന്നുംതന്നെ ഐ.എച്ച്.ആർ.ഡി.-ക്ക് ഇല്ല. ഐ.റ്റി. കമ്പനികൾ ഐ.റ്റി. രംഗത്തുണ്ടായിരിക്കുന്ന ലേറ്റസ്റ്റായ കാര്യങ്ങളിൽ ട്രെയിനിംഗ് കൊടുക്കണമെന്നുള്ളതാണ്. അതിനുള്ള സൗകര്യമില്ല, ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടില്ല. സ്വകാര്യ പങ്കാളിക്ക് പകരം അങ്ങനെ ചേർക്കാൻ കേന്ദ്ര ഗവൺമെന്റിൽനിന്ന് അനുവാദമില്ല. പ്രോജക്ട് ചെയ്ഞ്ച് ചെയ്യാനുള്ള അനുവാദമില്ല. ഇതായിരുന്നു യാഥാർത്ഥ്യം. അതുകൊണ്ട് ആറുകോടി രൂപ നഷ്ടമായി, ആയിരത്തിലധികം വരുന്ന കുട്ടികൾക്ക് പ്ലേസ്മെന്റ് നഷ്ടമായി, ഈ സ്ഥാപനം ആരംഭിക്കാനും കഴിഞ്ഞില്ല. യോഗ്യതയില്ലാത്ത ഒരു ഡയറക്ടറെ ഈ സ്ഥാനത്തേയ്ക്ക് കൊണ്ടുവന്നതുമൂലമാണ് ഇത് സംഭവിച്ചതെന്നാണ് ഞാൻ ഇതിൽനിന്നും മനസ്സിലാക്കുന്നത്.

ഈ പ്രത്യേക പ്രോജക്ടിന്റെ സ്വഭാവം കണക്കിലെടുത്ത് പി.പി.പി. മോഡൽ മാറ്റാൻ തീരുമാനിക്കുന്നതിനു മുമ്പ് കേന്ദ്ര സർക്കാരിന്റെ അനുമതി തേടേണ്ടതായിരുന്നു. 19-12-2008-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ അവസാനഭാഗത്ത് 'Government have examined the matter in detail and are pleased to accord administrative sanction for setting up of an ICT Academy at Thiruvananthapuram in PPP model through Kerala State IT Infrastructure Limited (KSITIL)' എന്ന് പറയുന്നുണ്ട്. ICT അക്കാദമി പൊതുമേഖലയിൽ ആരംഭിക്കണമെന്നായിരുന്നു അന്നത്തെ സർക്കാരിന്റെ നയമെങ്കിൽ പിന്നെയെന്തിനാണ് പ്രസ്തുത സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച് റിക്വസ്റ്റ് ഫോർ പ്രൊപ്പോസലും അംഗീകരിച്ച് ബിഡ്ഡിംഗിനുള്ള സർക്കാർ ഉത്തരവും നല്കിയ ശേഷം മാത്രം ഇതിൽ നിന്നും പിന്മാറുന്നത്. പ്രസ്തുത സർക്കാർ ഉത്തരവിൽ നിന്ന് പിന്മാറി ഐ.എച്ച്.ആർ.ഡി. എന്ന സ്ഥാപനത്തെ ഏല്പിക്കാനുള്ള കാരണം ഒരു രേഖയിലും പറയുന്നില്ല. ഐ.സി.റ്റി. അക്കാദമിയുടെ ബൈലായിൽ ആദ്യത്തെ ഡയറക്ടറെ തീരുമാനിക്കുന്നത് സർക്കാരാണെന്നും അതേ ബൈലായിൽ ആദ്യത്തെ ഡയറക്ടറെ തീരുമാനിക്കുന്നത് ഐ.എച്ച്.ആർ.ഡി. യാണെന്നും പരസ്പരവിരുദ്ധമായി പരാമർശിച്ചിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി.ക്ക് കൂടിയൊരു അവകാശം നിലനിർത്തി കൊണ്ടാണ് ഈ ബൈലാ ഉണ്ടാക്കിയത്.

ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി നിശ്ചയിക്കപ്പെടുന്ന നോമിനികൾ തന്നെ ടി സൊസൈറ്റി പ്രവർത്തനമാരംഭിക്കുന്ന ഘട്ടത്തിൽ അതിന്റെ ഡയറക്ടർ ബോർഡ് അംഗങ്ങൾ ആകണമെന്ന് എന്തെങ്കിലും വ്യവസ്ഥയുണ്ടോ എന്ന് പരിശോധി

ക്കേണ്ടതാണ്. ഐ.സി.റ്റി. അക്കാദമി രജിസ്ട്രേഷനുള്ള അപേക്ഷയിൽ അക്കാദമി ഡയറക്ടറായി സർക്കാർ നിയമിക്കാത്ത ശ്രീ. വി. എ. അരുൺ കുമാറിന് ഡയറക്ടർ എന്ന നിലയിൽ ഒപ്പ് രേഖപ്പെടുത്താൻ ആര് അനുവാദം നല്കിയെന്നതാണ് എന്റെ സംശയം. പ്രസ്തുത രേഖയിൽ ഒപ്പ് രേഖപ്പെടുത്തിയ അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ, അന്നത്തെ വിദ്യാഭ്യാസവകുപ്പുമന്ത്രി ശ്രീ. എം.എ. ബേബി തുടങ്ങിയവരെല്ലാം ഔദ്യോഗിക പദവികൾ വഹിക്കുന്നവരെന്ന നിലയിലാണ് ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നത്. ശ്രീ. വി. എ. അരുൺ കുമാറിന്റെ പദവി മാത്രമാണ് ഔദ്യോഗികമല്ലാത്തത്.

ഐ.സി.റ്റി അക്കാദമി പി. പി. പി. മോഡലിൽ ആരംഭിക്കുന്നതിനായി പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിരവധി യോഗങ്ങൾ ഒരുവർഷമായി നടത്തി, റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ തയ്യാറാക്കി അംഗീകരിച്ച് ബിഡ്ഡ് ചെയ്യാനുള്ള അനുമതിയുംവരെ നല്കിയശേഷം കേന്ദ്ര സർക്കാർ വിഭാവനം ചെയ്ത ട്രെയിനിംഗ് നല്കാൻ യാതൊരു വൈദഗ്ദ്ധ്യവുമില്ലാത്തതും കേവലം ഒരു വിദ്യാഭ്യാസ സ്ഥാപന വുമായ ഐ.എച്ച്.ആർ.ഡി.-യെ അക്കാദമി നടത്തിപ്പ് ചുമതല ഏല്പിച്ചത് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ മകനെ ടി അക്കാദമിയുടെ ഡയറക്ടറാക്കാൻ വേണ്ടിയാണെന്നാണ് മനസ്സിലാക്കിയിട്ടുള്ളത്.

ഐ.സി.റ്റി. അക്കാഡമി ഡയറക്ടറായി ശ്രീ. വി. എ. അരുൺകുമാറിനെ നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഐ.സി.റ്റി. അക്കാദമി രജിസ്ട്രേഷൻ അപേക്ഷയിൽ ഔദ്യോഗിക പദവികൾ വഹിച്ചി രുന്ന മറ്റ് പത്ത് പേർക്കൊപ്പം അക്കാദമി ഡയറക്ടർ എന്ന നിലയിൽ ശ്രീ. വി. എ. അരുൺകുമാർ ഒപ്പ് രേഖപ്പെടുത്തി അന്നത്തെ ഐ.റ്റി. സെക്രട്ടറി കൗണ്ടർസൈൻ ചെയ്ത രേഖയെ അടിസ്ഥാനമാക്കിയാണ് താൻ നിയമസഭയിൽ ആരോപണമുന്നയി ച്ചത്. രജിസ്റ്റർ ചെയ്യപ്പെട്ട ഐ.സി.റ്റി. അക്കാദമി ഒരു പ്രാവശ്യമെങ്കിലും യോഗം ചേർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

27 കോടി രൂപ ബഡ്ജറ്റിൽ മൂന്ന് വർഷത്തെ പ്രോജക്ടായി ഐ.സി.റ്റി. അക്കാദമി സ്ഥാപിക്കുന്നുണ്ടെന്ന് പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചത് സംസ്ഥാന സർക്കാരാണ്. പി.പി.പി. മോഡലിൽ തന്നെ വേണമെന്നത് സംസ്ഥാന ത്തിന്റെ നിർദ്ദേശമാണ്. 5-11-2008-ൽ കേന്ദ്രം അംഗീകരിക്കുകയും അതനുസരിച്ച് നടപടി മുന്നോട്ട് പോകുകയും ചെയ്തു. സ്വകാര്യ മേഖലയെ പങ്കെടുപ്പിക്കുന്നത് സംസ്ഥാനത്തിന്റെ നയത്തിനെതിരായിരുന്നെങ്കിൽ പി.പി.പി. മേഖലയിൽ ഐ.സി.റ്റി. അക്കാദമി തുടങ്ങുന്നതിന് ഉത്തരവ് ഇറക്കുമായിരുന്നില്ല. ഉത്തരവ് ഇറക്കി RFP-യും അംഗീകരിച്ച് ബിഡ്ഡ് ചെയ്യുന്നതിനുള്ള ഉത്തരവും ഇറക്കിയതിന് ശേഷം അതിൽ നിന്ന് പിന്മാറിയത് നയപരമായ കാരണത്തിന്റെ പേരിലാണെന്ന് കരുതാനാവില്ല.

ഐ.റ്റി. കമ്പനികൾ തയ്യാറാക്കുന്ന സിലബസ് അനുസരിച്ചുള്ള ട്രെയിനിംഗ് നല്കുന്നതിന് ഐ.എച്ച്.ആർ.ഡി.ക്ക് യാതൊരു വൈദഗ്ദ്ധ്യവുമില്ലാത്ത സാഹചര്യം നിലനില്ക്കെയാണ് ഐ.സി.റ്റി. അക്കാദമി നടത്തിപ്പ് കെ.എസ്.ഐ.റ്റി.ഐ.എൽ.-ൽ നിന്ന് മാറ്റി ഐ.എച്ച്.ആർ.ഡി.-യെ ഏല്പിച്ചത്. കേന്ദ്ര സർക്കാരിലേയ്ക്ക് അയച്ച 24-3-2009-ലെ കത്തിൽ ഐ.സി.റ്റി. അക്കാദമി സ്ഥാപിക്കുന്നതിനുള്ള ഇംപ്ലിമെന്റിംഗ്

ഏജൻസിയായി KSITIL-ന് ഫണ്ട് റിലീസ് ചെയ്ത് നല്കണമെന്ന് ആവശ്യപ്പെട്ടു. അക്കാദമി നടത്തിപ്പ് KSITIL-നെ ഏല്പിച്ച് പി.പി.പി. മോഡലിൽ ആരംഭിക്കുന്നുവെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചുകൊണ്ടാണ് 2.6 കോടി രൂപ അനുവദിച്ചത്. ഈ തുക വാങ്ങിയ ശേഷമാണ് KSITIL-നെ അക്കാദമി നടത്തിപ്പ് ചുമതലയിൽ നിന്ന് മാറ്റി IHRD-യെ ഏല്പിച്ചതും PPP മോഡൽ കേന്ദ്രാനുമതിയില്ലാതെ മാറ്റിയതും. KSITIL-നെ ഇംപ്ലിമെന്റിംഗ് ഏജൻസിയായി അംഗീകരിച്ച് ഉത്തരവിറക്കിയശേഷം കേന്ദ്ര ഗവൺമെന്റിനോട് ആദ്യഗഡു ആവശ്യപ്പെടുകവഴി കേന്ദ്ര ഗവൺമെന്റുമായുള്ള സംസ്ഥാന ഗവൺമെന്റിന്റെ ഒരു എഗ്രിമെന്റു കൂടി ആയിരുന്നു ഇത്.

അന്ന് നിലവിലുള്ള സർക്കാരിന് ഐ.റ്റി. ഇൻഡസ്ട്രിയിലെ പ്രൈവറ്റ് സ്ഥാപനങ്ങളെ ഉൾപ്പെടുത്തികൊണ്ടുള്ള പി.പി.പി. മോഡലിനോട് നയപരമായ എതിർപ്പുണ്ടായിരുന്നില്ല. എതിരായിരുന്നുവെങ്കിൽ ആദ്യം അയയ്ക്കുന്ന പ്രൊപ്പോസലിൽ അങ്ങനെ വരുമായിരുന്നു. രണ്ടാമത്, കേന്ദ്ര ഗവൺമെന്റ് അനുവദിച്ചശേഷം ഗവൺമെന്റ് ഉത്തരവ് പി.പി.പി. ആയി നടപ്പിലാക്കാൻ കഴിയില്ല എന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഗവൺമെന്റിനെ സംസ്ഥാന സർക്കാർ സമീപിക്കുമായിരുന്നു. അങ്ങനെ സമീപിക്കാതിരിക്കുകയും കേന്ദ്ര ഗവൺമെന്റ് പറഞ്ഞ പ്രൊപ്പോസലിനെ അനുകൂലിച്ച് കേരളത്തിൽ ഒരു ഗവൺമെന്റുഉത്തരവ് ഇറങ്ങുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പി.പി.പി. മോഡലിന് ഗവൺമെന്റ് എതിരല്ലായെന്ന് ക്ലിയറാണ്.

ഐ.റ്റി. ഡിപ്പാർട്ട്മെന്റ് വഴി നടപ്പാക്കിയ മോഡൽ ഫിനിഷിംഗ് സ്കൂളിന്റെ കാര്യത്തിൽ സ്വകാര്യ സ്ഥാപനങ്ങളുമായുള്ള സഹകരണവും പങ്കാളിത്തവും കേന്ദ്ര സർക്കാർ നിഷ്കർഷിക്കുകയും ആയത് സംസ്ഥാനം നടപ്പാക്കുകയും ചെയ്ത സാഹചര്യത്തിൽ മോഡൽ ഫിനിഷിംഗ് സ്കൂളിന്റെ കാര്യത്തിൽ ഒരു നയവും ഐ.സി.റ്റി. അക്കാദമിയുടെ കാര്യത്തിൽ വേറെയൊരു നയവും സ്വീകരിക്കാൻ സാദ്ധ്യതയുണ്ടായിരുന്നില്ല.

സർക്കാർ ഒരു ഉത്തരവ് പ്രകാരം ശ്രീ. വി. എ. അരുൺകുമാറിനെ ഐ.സി.റ്റി. ഡയറക്ടറായി നിയമിച്ചിട്ടില്ലെങ്കിൽ മുഖ്യമന്ത്രിയായിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദൻ, വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എം. എ. ബേബി തുടങ്ങിയവർ ഔദ്യോഗിക പദവികൾ വഹിക്കുന്നവരെന്ന നിലയിൽ ഒപ്പ് രേഖപ്പെടുത്തിയ ഐ.സി.റ്റി. അക്കാദമിയുടെ രജിസ്ട്രേഷനുള്ള അപേക്ഷയിൽ പ്രസ്തുത അക്കാദമി ഡയറക്ടറായി ഔദ്യോഗികമായി നിയമിതനാകാത്ത ശ്രീ. വി. എ. അരുൺകുമാർ ടി പദവി വഹിക്കുന്നയാളെന്ന നിലയിൽ ഒപ്പ് രേഖപ്പെടുത്തി സർക്കാർ രജിസ്റ്ററിംഗ് അധികാരിക്കു മുമ്പിൽ സമർപ്പിച്ചത് വ്യാജരേഖയായി കരുതേണ്ടി വരും. ഐ.സി.റ്റി. അക്കാദമി ഡയറക്ടറുടെ ചുമതല വഹിക്കാൻ ശ്രീ. വി. എ. അരുൺകുമാറിനെ ചുമതലപ്പെടുത്തുന്നതിന് ഐ.എച്ച്.ആർ.ഡി.ക്ക് സ്വതന്ത്ര അധികാരമില്ല. സർക്കാർ അംഗീകാരമില്ലാതെ ഐ.എച്ച്.ആർ.ഡി. അപ്രകാരം ചെയ്യുന്നത് ക്രമവിരുദ്ധമാണ്.

സർക്കാരിനും, ഐ.എച്ച്.ആർ.ഡി.ക്കും ഐ.സി.റ്റി. അക്കാദമി ഡയറക്ടറെ നിയമിക്കാമെന്ന പരസ്പരവിരുദ്ധമായ ചട്ടം നിലനിർത്തി ഐ.സി.റ്റി. അക്കാദമിയുടെ ബൈലാ അംഗീകരിക്കപ്പെടുകയും, ഐ.സി.റ്റി. ഡയറക്ടറായി സർക്കാർ നിയമിക്കാത്ത ശ്രീ. വി. എ. അരുൺകുമാർ സൊസൈറ്റി രജിസ്ട്രേഷൻ അപേക്ഷയിൽ ടി

സ്ഥാനം വഹിക്കുന്നയാളെന്ന നിലയിൽ ഒപ്പ് രേഖപ്പെടുത്തുകയും ചെയ്യുമ്പോൾ സ്വാഭാവികമായും ഈ ബൈലാ തന്നെ ശ്രീ. വി. എ. അരുൺ കുമാറിനുവേണ്ടി സൃഷ്ടിക്കപ്പെട്ടതാണോയെന്ന് സംശയിക്കുന്നു. ഈ ബൈലോ അംഗീകരിക്കപ്പെടാൻ പാടില്ലായിരുന്നു.

ഐ.സി.റ്റി. അക്കാദമി രജിസ്ട്രേഷൻ അപേക്ഷയിൽ ഐ.സി.റ്റി. അക്കാദമി ഡയറക്ടർ എന്ന നിലയിലും മെമ്പർ സെക്രട്ടറി എന്ന നിലയിലും തന്റെ മകൻ ശ്രീ. വി. എ. അരുൺകുമാർ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട് എന്ന വിവരം അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദന് അറിയാമായിരുന്നു. അത് അറിഞ്ഞു കൊണ്ടു തന്നെയാണ് അദ്ദേഹം ഒപ്പ് രേഖപ്പെടുത്തിയത്. ശ്രീ. വി. എ. അരുൺ കുമാറിന് ശരിയായ രീതിയിൽ നിയമനം നല്കിയിട്ടില്ലെന്ന വിവരം അറിഞ്ഞുകൊണ്ടു തന്നെ ഐ.സി.റ്റി ഡയറക്ടർ എന്ന നിലയിൽ ആക്ട് ചെയ്യുവാൻ ഇതുവഴി ശ്രീ. വി. എസ്. അച്ചുതാനന്ദൻ അദ്ദേഹത്തെ അനുവദിക്കുകയായിരുന്നു. അന്നത്തെ വിദ്യാഭ്യാസ മന്ത്രി ശ്രീ. എം. എ. ബേബിയും, ശ്രീ. വി. എ. അരുൺകുമാറിന് ഐ.സി.റ്റി. ഡയറക്ടർ എന്ന നിലയിൽ ഔദ്യോഗിക നിയമനം നല്കിയിട്ടില്ല എന്ന വിവരം അറിഞ്ഞു കൊണ്ട് ഐ.സി.റ്റി. ഡയറക്ടർ എന്ന നിലയിൽ സൊസൈറ്റി രജിസ്ട്രേഷ നുള്ള അപേക്ഷയിൽ ഒപ്പ് രേഖപ്പെടുത്തുവാൻ അദ്ദേഹത്തെ അനുവദിക്കുക യായിരുന്നു.

ഐ.സി.റ്റി. അക്കാദമി ഡയറക്ടർ എന്ന നിലയിൽ ശ്രീ. വി.എ. അരുൺ കുമാറിനെ ആക്ട് ചെയ്യാൻ അനുവദിച്ചതിനുശേഷം ഔദ്യോഗികമായി നിയമനം കൊടുത്തില്ല എന്ന് വരുത്തിതീർക്കുവാൻ വേണ്ടി ഇതുമായി ബന്ധപ്പെട്ട ഫയലിൽ, അക്കാദമി ഡയറക്ടർ നിയമനം സംബന്ധിച്ച് അടുത്ത ഗവൺമെന്റ് തീരുമാനിക്കട്ടെ എന്ന് അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ കുറിച്ചതാണ്. ക്രമ വിരുദ്ധമായ നിയമനം പിന്നീട് പിടിക്കപ്പെടുമെന്നുള്ളതുകൊണ്ട് അങ്ങനെ എഴുതിയ താണ്. ഇത് സംസ്ഥാനത്തെ കബളിപ്പിക്കാനും തെറ്റിദ്ധരിപ്പിക്കാനും കൂടിയാണ്. അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ് അച്ചുതാനന്ദൻ മുതൽ 11-ാമത് ശ്രീ. വി. എ. അരുൺകുമാർവരെ ഒപ്പ് രേഖപ്പെടുത്തിയ ഐ.സി.റ്റി. അക്കാദമി രജിസ്ട്രേഷൻ അപേക്ഷ, അന്നത്തെ മുഖ്യമന്ത്രി കൈകാര്യം ചെയ്തിരുന്ന ഐ.ടി. വകുപ്പിന്റെ സെക്രട്ടറി കൗണ്ടർസൈൻ ചെയ്തതുവഴി ഐ.സി.ടി. അക്കാദമി ഡയറക്ടറാണ് ശ്രീ. വി. എ. അരുൺകുമാറെന്ന് സർക്കാർ അംഗീകരിക്കുകയാണ് ചെയ്തത്. ഐ.ടി വകുപ്പ് അന്നത്തെ മുഖ്യമന്ത്രിയുടെ കീഴിലായിരുന്നതിനാൽ അന്നത്തെ ഐ.ടി. സെക്രട്ടറിക്ക് ശ്രീ. വി. എ. അരുൺകുമാർ അന്നത്തെ മുഖ്യമന്ത്രിയുടെ മകനാണെന്ന വിവരം അറിയാമായിരന്നു. അന്നത്തെ മുഖ്യമന്ത്രിയുടെ കീഴിലുള്ള ഐ.ടി. വകുപ്പ് സെക്രട്ടറി മേൽപ്രകാരം കൗണ്ടർസൈൻ ചെയ്ത് ശ്രീ. വി. എ. അരുൺകുമാർ ഐ.സി.റ്റി. ഡയറക്ടറാണെന്ന് സർക്കാർ അംഗീകരിച്ചതിലൂടെ അന്നത്തെ മുഖ്യമന്ത്രിക്കു കൂടി ഇക്കാര്യം അറിയാമായിരുന്നു എന്നുള്ളത് വ്യക്തമാണ്.

സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് ഒരു സൊസൈറ്റി രജിസ്ട്രേഷ നുള്ള രേഖയിൽ ഒപ്പ് രേഖപ്പെടുത്തുന്ന എല്ലാവർക്കും ജോയിന്റ് റെസ്പോൺസി ബിലിറ്റി ആണ്. ശ്രീ. വി. എ. അരുൺ കുമാർ ഐ.സി.റ്റി. അക്കാദമി രജിസ്ട്രേഷൻ അപേക്ഷയിൽ ഐ.സി.റ്റി. ഡയറക്ടർ എന്ന നിലയിൽ ഒപ്പ് രേഖപ്പെടുത്തിയതിൽ ശ്രീ. വി.എസ്. അച്ചുതാനന്ദന് ഉത്തരവാദിത്തമുണ്ട്.

ഞാൻ അന്തരീക്ഷത്തിൽനിന്നും ഉയർത്തിക്കൊണ്ടുവന്ന ഒരാരോപണമല്ല ഇത്. മുഖ്യമന്ത്രി കൂടി പങ്കെടുത്ത ഒരു യോഗത്തിൽ ആരും ചുമതലപ്പെടുത്തിയില്ല, ആർക്കും ഉത്തരവാദിത്തമില്ല എന്ന് പറയേണ്ട കാര്യമില്ല. ഒരാൾക്ക് ഉത്തരവാദിത്തമുണ്ട്. അദ്ദേഹത്തിന്റെ മകൻതന്നെ ഡയറക്ടറെന്നും മെമ്പർ സെക്രട്ടറി എന്നും എഴുതി അദ്ദേഹവുംകൂടി പങ്കെടുത്ത, അദ്ദേഹത്തിന്റെ ക്യാബിനറ്റിലുള്ള വിദ്യാഭ്യാസ മന്ത്രി പങ്കെടുത്ത, അദ്ദേഹത്തിന്റെ ഐ.റ്റി. സെക്രട്ടറി പങ്കെടുത്ത ഒരു മീറ്റിംഗിൽ ഒപ്പിട്ടിട്ടുണ്ടെങ്കിൽ അത് വെറുതെ ഒപ്പിട്ടതല്ല. ഡയറക്ടർ എന്ന് എഴുതി ഡയറക്ടർ എന്ന കോൺഫിഡൻസിൽ ഒപ്പിട്ടിട്ടുണ്ടെങ്കിൽ അത് അദ്ദേഹം അറിഞ്ഞുകൊണ്ടാണ്. അതിന്റെ ഉത്തരവാദിത്തത്തിൽനിന്ന് അദ്ദേഹത്തിന് ഒഴിഞ്ഞു മാറാൻ കഴിയില്ല. എന്റെ ആക്ഷേപം രാഷ്ട്രീയപ്രേരിതമായിരുന്നെങ്കിൽ അത് അന്തരീക്ഷത്തിൽ നിന്നുള്ളതത് ആകണമായിരുന്നു. അന്തരീക്ഷത്തിൽ നിന്നുള്ളതല്ല. ഡോക്യുമെന്റ്സിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഈ ആക്ഷേപം ഉന്നയിച്ചത്. അതിൽ ഞാൻ ഉറച്ചുനിൽക്കുന്നു.

ഇതിൽ രണ്ട് തെളിവുകളുണ്ട്. ആ രണ്ട് തെളിവുകൾ ഏറ്റവും പ്രധാനപ്പെട്ടതാണ്. ഒന്ന്, ഐ.സി.റ്റി. അക്കാഡമിയുടെ നടത്തിപ്പിന് കെ.എസ്.ഐ.റ്റി.ഐ.എൽ.-നെ ചുമതലപ്പെടുത്തിയ ഗവൺമെന്റ് ഉത്തരവ്. അതിനുശേഷം ബിജു, കെ., ഐ.എ.എസ്-നെ ഇതിന്റെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചുകൊണ്ട് ആർ.എഫ്.പി. തയ്യാറാക്കാൻ വേണ്ടിയുള്ള ഉത്തരവ്. ഇത് രണ്ടും തയ്യാറാക്കിയിട്ടുണ്ട്. അതുകൊണ്ടാണ് ഞാൻ ആദ്യം ബിജു, കെ., ഐ.എ.എസ്.-നെ വിസ്തരിക്കണമെന്ന് പറഞ്ഞത്. ബിജു, കെ., ഐ.എ.എസ്.-നെ വിസ്തരിക്കുമ്പോൾ തീർച്ചയായും ആർ.എഫ്.പി. തയ്യാറാക്കുകയും ബിഡ്ഡ് ചെയ്യാനുള്ള അനുവാദത്തിന്റെ ഗവൺമെന്റ് ഉത്തരവ് ഇറങ്ങിയശേഷം ഓറൽ ഇൻസ്ട്രക്ഷൻ കൊടുത്തുവെന്നാണ് പറഞ്ഞിരിക്കുന്നത്. ഏത് സാഹചര്യത്തിലാണ് ഇത്രയും ചെയ്ത് ബിഡ്ഡിംഗിൽനിന്നും ബിജു, കെ., ഐ.എ.എസ്. പിൻമാറിയതെന്നും ഈ പ്രക്രിയയിൽനിന്നും എപ്പോഴാണ് ഗവൺമെന്റ് ജി.ഒ. വഴി ചുമതലപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥൻ അതിൽനിന്നും പിന്മാറണമെങ്കിൽ ഗവൺമെന്റിന് ഒരു കാരണമുണ്ടാകണ്ടേ ? അല്ലെങ്കിൽ എങ്ങനെ പിന്മാറി? അദ്ദേഹത്തെ വീഴിച്ചതുകൊണ്ട് പിൻമാറിയതാണോ ? അത് നിരീക്ഷണമല്ല, ഒരിക്കലും നിരീക്ഷണമല്ല.

പ്രൂവ് ചെയ്യാൻ കഴിയും. അത് ഇതാണ്. ബിജു, കെ., ഐ.എ.എസ്.-നെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ്. ഞാൻ നേരത്തെ ഇവിടെ ക്വാട്ട് ചെയ്തതാണ്. അതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. അദ്ദേഹം ആർ.എഫ്.പി. തയ്യാറാക്കി. അതിന്റെ നിരവധി രേഖകളുണ്ട്. ബിജു, കെ, ഐ.എ.എസ്. വിളിച്ച മീറ്റിംഗുകളുടെയും ചർച്ചകളുടേയും ഡോക്യുമെന്റ്സ് ഐ.റ്റി. ഡിപ്പാർട്ടുമെന്റിലുണ്ട്. ബിജു, കെ, ഐ.എ.എസ്. തയ്യാറാക്കിയ ആർ.എഫ്.പി. ഐ.റ്റി. ഡിപ്പാർട്ടുമെന്റിൽ ഉണ്ട്. ബിജു.,കെ, ഐ.എ.എസ്.-ന് ബിഡ്ഡ് ചെയ്യാൻ അനുവാദം കൊടുക്കുന്ന ഡോക്യുമെന്റുണ്ട്. ഇത്രയും ചെയ്ത ബിജു, കെ., ഐ.എ.എസ്. മാറിയതിനെക്കുറിച്ചാണ് ഞാൻ പറഞ്ഞത്, ഐ.റ്റി. സെക്രട്ടറി ഓറൽ ഇൻസ്ട്രക്ഷൻ കൊടുത്തുകൊണ്ട്, ഇനി ഇത് നിങ്ങൾ പിന്തുടരേണ്ട, ഐ.എച്ച്.ആർ.ഡി. ഇത് ചെയ്തുകൊള്ളുമെന്ന് പറഞ്ഞത് ഞാൻ എന്റെ പ്രസംഗത്തിൽ പറഞ്ഞു. ഞാൻ അതുകൊണ്ട് ഈ സഭാ സമിതിയോട് ഉത്തരവാദിത്തത്തോടുകൂടി പറയുന്നു, ബിജു, കെ., ഐ.എ.എസ്.-നെ സഭാ സമിതി വിളിച്ചുവരുത്തി ഈ

ബിസ്സിനസ്സിൽനിന്ന് പിൻമാറിയത്—ഞാൻ പറയുന്നു, ഓറൽ ഇൻസ്ട്രക്ഷൻമൂല മാണെന്ന്- റിട്ടൺ ആയി എന്തെങ്കിലും നിർദ്ദേശം സർക്കാർ കൊടുത്തിട്ടുണ്ടോ യെന്നുള്ളത് അദ്ദേഹത്തിൽ നിന്ന് അറിയണമെന്നാണ് എനിക്ക് പറയാനുള്ളത്.

പി.പി.പി. മോഡലിൽ ഐ.സി.റ്റി. അക്കാദമി ആരംഭിക്കുന്നതിനായി ശ്രീ. കെ. ബിജുവിനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചശേഷം ഏതെങ്കിലും നയത്തിന്റെ അടിസ്ഥാനത്തിലോ, മറ്റെന്തെങ്കിലും സാഹചര്യത്തിലോ പ്രസ്തുത അക്കാദമി നടത്തിപ്പ് ചുമതല ഐ.എച്ച്.ആർ.ഡി.യെ ഏല്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുമില്ല.

***(എച്ച്). ശ്രീമതി ലിസമ്മ ജോൺ, ജില്ലാ രജിസ്ട്രാർ, തിരുവനന്തപുരം 23-12-2011-ൽ നൽകിയ മൊഴി***

ഐ.സി.റ്റി. അക്കാദമി രജിസ്ട്രേഷൻ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, 2-2-2011-ൽ ഐ.സി.റ്റി അക്കാദമി രജിസ്റ്റർ ചെയ്തുവെന്നും അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ, വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. എം. എ. ബേബി തുടങ്ങിയവർ ഔദ്യോഗിക പദവികൾ വഹിക്കുന്നവരെന്ന നിലയിലും ശ്രീ. വി. എ. അരുൺകുമാർ ഐ.സിറ്റി. അക്കാദമി ഡയറക്ടറും മെമ്പർ സെക്രട്ടറിയുമെന്ന നിലയിലും പ്രസ്തുത രജിസ്ട്രേഷൻ രേഖയിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത രേഖയിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളവരെല്ലാം അവരവരുടെ പേരിനു നേരെ സൂചിപ്പിച്ച സ്ഥാനങ്ങൾ വഹിക്കുന്നവരാണെന്ന ഉത്തമവിശ്വാസത്തിലാണ് രജിസ്ട്രേഷൻ നടപടികൾ എടുത്തിട്ടുള്ളതെന്നും 27-1-2011-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 2010/ഐ.റ്റി.ഡി. പ്രകാരം 1955-ലെ തിരുവിതാംകൂർ-കൊച്ചി ശാസ്ത്ര സാങ്കേതിക സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘടനകൾ രജിസ്ട്രേഷൻ ആക്ട് അനുസരിച്ചാണ് പ്രസ്തുത രജിസ്ട്രേഷൻ നടന്നിരിക്കുന്നത്. ടി രജിസ്ട്രേഷനുവേണ്ടി രേഖകൾ സമർപ്പിച്ചത് അന്നത്തെ IHRD ഡയറക്ടറാണ്.

***(ഐ). ഡോ. അജയ് കുമാർ ജോയിന്റ് സെക്രട്ടറി, ഐ.ടി. വകുപ്പ്, ഭാരത സർക്കാർ 13-1-2012-ൽ നൽകിയ മൊഴി***

ഐ.ടി. സെക്ടറിൽ സാങ്കേതികവിദ്യ നിരന്തരം മാറിക്കൊണ്ടിരിക്കുന്ന പശ്ചാത്ത ലത്തിൽ മാറുന്ന സാങ്കേതികവിദ്യക്കനുസരിച്ച് ട്രെയിനിംഗ് നല്കുന്നതിന് പി.പി.പി. മോഡലായിരിക്കും ഉചിതം എന്ന വിശ്വാസത്തിലാണ് ഇപ്രകാരമൊരു നിർദ്ദേശ മുണ്ടായത്. ഐ.സി.റ്റി. അക്കാദമി എന്നതുകൊണ്ട് ഫിനിഷിംഗ് സ്കൂളിനെ കൂടുതൽ ഗൈഡ് ചെയ്യുന്ന തരത്തിൽ ഒരു ഉയർന്നതലമെന്നാണ് ഉദ്ദേശിച്ചത്. കൂടാതെ തമിഴ്നാട് ഐ.സി.റ്റി. അക്കാദമി പി.പി.പി. മോഡലിൽ സ്ഥാപിക്കുന്നതിനാണ് കേന്ദ്ര ഗവൺമെന്റ് അനുവാദം നല്കിയത്. അതേ മോഡലിലാണെങ്കിൽ കേന്ദ്ര ഗവൺമെന്റിൽ നിന്ന് സഹായം ലഭിക്കുമെന്നുള്ള പ്രതീക്ഷയിൽ ആണ് കേരള ഐ.സി.റ്റി. അക്കാദമി, തമിഴ്നാട് ഐ.സി.റ്റി. അക്കാദമിയുടെ ചുവടുപിടിച്ച്, പി.പി.പി മോഡലിൽ പ്രൊപ്പോസ് ചെയ്തത്.

ഇതിൽ ഞാൻ രണ്ടുകാര്യങ്ങൾ പറഞ്ഞു. ഒന്ന് തമിഴ്നാട് മോഡൽ വച്ച് നമുക്ക് കൂടി സാംങ്ഷൻ വാങ്ങിക്കണമെന്നുളള തോന്നലുണ്ടായിരുന്നു. ഐ.റ്റി. രംഗത്ത്

ഇപ്പോൾ ട്രെയിനിംഗ് കൊടുക്കുന്നതൊക്കെ ടെക്നോളജി മാറുന്നത് അനുസരിച്ചാണ്. ഓരോ വർഷവും ടെക്നോളജി മാറിക്കൊണ്ടിരിക്കുകയാണ്. നേരത്തെ ക്ലൗഡ് കമ്പ്യൂട്ടിംഗ് ആയിരുന്നു. ഇപ്പോൾ മൊബൈൽ വാല്യൂ ആഡഡ് സർവ്വീസിനും സൈബർ സെക്യൂരിറ്റിക്കും വലിയ പ്രാധാന്യമുണ്ട്. അങ്ങനെ മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇൻഡസ്ട്രിയുമായി വളരെ അടുത്ത് പ്രവർത്തിക്കേണ്ട ആവശ്യമുള്ള തുകൊണ്ട് ഇൻഡസ്ട്രിയുടെ പങ്കാളിത്തത്തോടുകൂടി നടത്തുമ്പോൾ അവരുമായി യോജിച്ച് കൊണ്ടുപോകാൻ പറ്റുമെന്നുള്ളതുകൊണ്ടാണ് അങ്ങനെ ചെയ്തത്.

ഐ.സി.റ്റി. അക്കാദമി പി.പി.പി. മോഡലിൽ ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച് സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തതിനുശേഷം പിന്നീട് പി.പി.പി മോഡൽ വേണ്ടെന്നുവച്ച സാഹചര്യം ഇതാണ്. 15-7-2010-ൽ ഐ.എച്ച്.ആർ.ഡി. ഡയറക്ടറുടെ ഒരു പ്രൊപ്പോസലുണ്ടായിരുന്നു. അതിൽ ഇതുപോലുള്ള പരിപാടികൾ ഐ.എച്ച്.ആർ.ഡി. നടത്തുന്നു. അതുകൊണ്ട് ഐ.സി.റ്റി. അക്കാഡമി കൂടി ഐ.എച്ച്.ആർ.ഡി.ക്ക് ചെയ്യാൻ പറ്റുമെന്ന നിർദ്ദേശ ത്തിന്റെ പേരിലാണ് ഈ കാര്യം പരിഗണനയിൽ വന്നത്. അത് പലവട്ടം ചർച്ച ചെയ്ത് കോംപീറ്റന്റ് അതോറിറ്റിയുടെ അപ്രൂവൽ എടുത്തശേഷമാണ് ഇങ്ങനെയൊരു തീരുമാനമുണ്ടായത്.

ഐ.എച്ച്.ആർ.ഡി.യുടെ പ്രൊപ്പോസൽ വന്നതുകൊണ്ട് മാത്രമാണ് ഐ.സി.റ്റി. അക്കാദമി പി.പി.പി മോഡലിൽ സ്ഥാപിക്കാനുള്ള നടപടികൾ ബഹുദൂരം മുന്നോട്ടു പോയശേഷം പ്രസ്തുത മോഡൽ മാറ്റാൻ തീരുമാനിച്ചത്. ഐ.എച്ച്.ആർ.ഡി.യുടെ പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിക്കുകയും ആയത് ക്യാബിനറ്റിൽ സമർപ്പിച്ച് ക്യാബിനറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഐ.സി.റ്റി. അക്കാദമി രൂപീകരണം പി.പി.പി മോഡലിൽ നിന്ന് മാറ്റി ഐ.എച്ച്.ആർ.ഡി.യെ ഏല്പിക്കാൻ തീരുമാനിച്ചത്.

ഈ പ്രൊപ്പോസലിന്റെ സാങ്ഷൻ വന്നത് 2008 നവംബറിലായിരുന്നു. 2009 മേയ് മാസത്തിലാണ് സ്പെഷ്യൽ ഓഫീസറെ ഇതിനുവേണ്ടി നിയോഗിച്ചത്. Novel ആയി ട്ടുള്ള പ്രൊപ്പോസൽ ആയതുകൊണ്ട് അതിന്റെ ആർ.എഫ്.പി. ഉണ്ടാക്കാനുള്ള ചുമതല യായിരുന്നു സ്പെഷ്യൽ ഓഫീസർക്ക് ഉണ്ടായിരുന്നത്. അതിന്റെ ഒന്നുരണ്ട് ഡ്രാഫ്റ്റ് അദ്ദേഹം സമർപ്പിക്കുകയും ആ ഡ്രാഫ്റ്റ് പരിശോധിച്ച് അതിൽ കുറെ ഇംപ്രൂവ്മെന്റ്സ് വേണ്ടിവന്നു. ഒരു പ്രീസിഡന്റ്സ് ഇല്ലാത്തതിനാൽ ഒരു വർഷത്തി നുള്ളിൽ ഡ്രാഫ്റ്റ് ഫൈനലൈസ് ചെയ്ത് ജനുവരി 2010-ന് ഫിനാൻസ് ഡിപ്പാർട്ടു മെന്റിന്റെ അപ്രൂവലിനുവേണ്ടി അയച്ച് ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ അപ്രൂവൽ ക്യാബിനറ്റിൽ വയ്ക്കുകയും 2010 ജൂലൈയിൽ കൗൺസിൽ അംഗീകാരത്തിന് കൊടുക്കുകയും അംഗീകാരം നേടുകയും ചെയ്തു.

ഫിനിഷിംഗ് സ്കൂൾപോലെ പഠനത്തിനുശേഷമുള്ള ട്രെയിനിംഗ് ആണ് പ്രധാനമായി ഇവിടെ ഉദ്ദേശിക്കുന്നത്. തമിഴ്നാട്ടിൽ ഇത്തരത്തിൽ പ്രവർത്തിക്കുന്നുണ്ടാ യിരുന്നു. അതുകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് പ്രൊപ്പോസൽ കൊടുക്കുമ്പോൾ നമുക്ക് സാങ്ഷൻ കിട്ടുമെന്ന് പ്രതീക്ഷയുണ്ടായിരുന്നു.

ഐ.എച്ച്.ആർ.ഡി.യിൽ രണ്ടുമൂന്ന് എക്സ്പെർട്ടീസ് ഉണ്ടായിരുന്നു. ഒന്നാമതായി, ഇതിന് മുമ്പ് ഐ.എച്ച്.ആർ.ഡി. ഫിനിഷിംഗ് സ്കൂൾസ് ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. രണ്ടാമത്തേത്, കോളേജിന്റെ കാമ്പസിൽവച്ച് ചെയ്യാനായിരുന്നു പ്രൊപ്പോസലിൽ തന്നെ ഉണ്ടായിരുന്നത്. ഐ.എച്ച്.ആർ.ഡി. പറഞ്ഞു, അവർക്ക് 90 കോളേജുകൾ ഉണ്ട്. ആർ.എഫ്.പി. തയ്യാറാക്കുന്ന സമയത്ത് വന്നിട്ടുള്ള ഒരു പ്രശ്നം ഇത് തുടങ്ങുമ്പോൾ അതിന് കോളേജിന്റെ അനുവാദം വേണം, അവർ സമ്മതിച്ചില്ലെങ്കിൽ അതിന് കാലതാമസമുണ്ടാകും എന്നതായിരുന്നു. ഐ.എച്ച്.ആർ.ഡി.ക്ക് 90 കോളേജുകൾ ഉള്ളതുകൊണ്ട് അവിടെ പെട്ടെന്ന് തുടങ്ങാൻ സാധിക്കും എന്നുള്ള കാര്യങ്ങളൊക്കെ ഈ പരിശോധനയിൽ വന്നിരുന്നു.

ഐ.സി.റ്റി. അക്കാദമി നടത്തിപ്പ് ഐ.എച്ച്.ആർ.ഡി. യ്ക്ക് ഏറ്റെടുക്കാൻ കഴിയുമോ എന്ന് ഞാൻ മുൻ ഐ.ടി. വകുപ്പ് സെക്രട്ടറി ആയിരുന്ന സമയത്ത് ഐ.എച്ച്.ആർ.ഡി. മുൻ ഡയറക്ടർ പ്രൊഫ. വി. സുബ്രഹ്മണിയോട് ആരാഞ്ഞിരുന്നുവെന്നും ഇതിനെത്തുടർന്നാണ് ഐ.എച്ച്.ആർ.ഡി, ഐ.സി.റ്റി അക്കാദമി നടത്തിപ്പ് സംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിച്ചതെന്നും സമിതി മുമ്പാകെ പ്രൊഫ. വി. സുബ്രഹ്മണി നല്കിയ മൊഴി അവാസ്തവമാണ്.

ക്ലൗഡ് കമ്പ്യൂട്ടിംഗ്, ഡേറ്റാ മൈനിംഗ് ഇ-ഗവേണൻസ്, ആർ.എഫ്.ഐ.ഡി, വയർലെസ് കമ്മ്യൂണിക്കേഷൻ, വി.എൽ.എസ്.ഐ., എംബെഡഡ് സിസ്റ്റം, സിഗ്നൽ ഇമേജ്, സോഫ്റ്റ് കമ്പ്യൂട്ടിംഗ്, മിഡിൽ വെയർ ആപ്ലിക്കേഷൻ ഡെവലപ്മെന്റ് തുടങ്ങിയ ആധുനിക ഐ.ടി. പാഠ്യപദ്ധതി വിഷയങ്ങളനുസരിച്ച് ട്രെയിനിംഗ് നല്കാനുള്ള വൈദഗ്ദ്ധ്യം ഐ.എച്ച്.ആർ.ഡിക്കുണ്ടായിരുന്നോ എന്ന് പരിശോധിച്ചിട്ടില്ല.

ഐ.സി.റ്റി. അക്കാദമി നടത്തിപ്പ് ഐ.എച്ച്.ആർ.ഡിയെ ഏല്പിക്കാൻ കാരണം ഇക്കാര്യത്തിൽ KSITIL-ന്റെ ഭാഗത്തുനിന്നുണ്ടായ കാലതാമസമല്ല.

ഐ.സി.റ്റി. അക്കാദമിക്ക് കേന്ദ്രസഹായം ലഭിക്കാൻവേണ്ടി തമിഴ്നാട് ഐ.സി.റ്റി. അക്കാദമിയുടെ മോഡലിൽ പി.പി.പി. ആയി ആരംഭിക്കാൻ സംസ്ഥാന സർക്കാർ ഒരു നയപരമായ തീരുമാനമെടുത്ത് 20 മാസത്തോളം ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി നിരവധി എഴുത്തുകുത്തുകൾ നടത്തുകയും അക്കാദമി രൂപീകരണ നടപടികൾ അന്തിമഘട്ടത്തിലെത്തുകയും ചെയ്ത അവസരത്തിൽ പി.പി.പി. മോഡൽ അംഗീകരിച്ച കേന്ദ്രസർക്കാർ ഫണ്ട് ലഭ്യമാക്കിയതിനുശേഷം കേന്ദ്രത്തിന്റെ അനുമതിയില്ലാതെ ഐ.എച്ച്.ആർ.ഡിയെ ഏൽപ്പിക്കുമ്പോൾ ഇതിനാവശ്യമായ ട്രെയിനിംഗ് വിദഗ്ദ്ധർ അവിടെയുണ്ടോയെന്ന് പരിശോധിച്ചിരുന്നില്ല.

ഐ.എച്ച്.ആർ.ഡി.യുടെ പ്രൊപ്പോസൽ വന്നപ്പോൾ അത് പരിശോധിക്കുകണ്ടായി ഐ.എച്ച്.ആർ.ഡി.-ക്ക് കൊടുക്കണമെന്നുണ്ടെങ്കിൽ നേരത്തെയുള്ള ഒരു തീരുമാനം ചെയ്ഞ്ച് ചെയ്യണം. അതിന് പോളിസി ഡിസിഷൻ വേണം. അതിനുവേണ്ടി ഐ.എച്ച്.ആർ.ഡി.യുടെ പ്രൊപ്പോസൽ ക്യാബിനറ്റിൽ വച്ചിരുന്നു.

തമിഴ്നാട് ഐ.സി.റ്റി. അക്കാദമി മോഡലാക്കി സംസ്ഥാനത്ത് ഐ.സി.റ്റി അക്കാദമി രൂപീകരിക്കുവാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികളിൽ തമിഴ്നാട് ഐ.സി.റ്റി. അക്കാദമിയെക്കുറിച്ച് പഠിക്കുന്നതിന് തമിഴ്നാട് ഐ.സി.റ്റി. അക്കാദമി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായി ചർച്ച നടത്തിയിരുന്നു.

***(ജെ). ശ്രീ. കെ. ബിജു. സ്പെഷ്യൽ ഓഫീസർ KSITIL 13-1-2012-ൽ നൽകിയ മൊഴി***

19-12-2008-ൽ ഐ.സി.റ്റി. അക്കാദമി രൂപീകരണ നടപടികൾ സ്വീകരിക്കേണ്ട ഇംപ്ലിമെന്റിംഗ് ഏജൻസി ആയി KSITIL-നെ നിശ്ചയിക്കുകയും 11-5-2009-ൽ കേന്ദ്ര കമ്മ്യൂണിക്കേഷൻ മന്ത്രാലയം 250 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തതിനു ശേഷമാണ് സ്പെഷ്യൽ ഓഫീസറായി എന്നെ നിയമിച്ചത്. RFP തയ്യാറാക്കി പി.പി.പി. മോഡലിൽ 74% പ്രൈവറ്റ് സെക്ടറിലും 26% ഗവൺമെന്റ് ഇക്വിറ്റിയായും അക്കാദമി സെറ്റ് അപ്പ് ചെയ്യുക എന്നതായിരുന്നു എനിക്ക് നൽകിയ ചുമതല.

ജി. ഒ. വന്നതിനുശേഷം എഡ്യൂക്കേഷൻ ആന്റ് ട്രെയിനിംഗ് കമ്പനികളുമായി ഡിസ്കഷൻസ് നടത്തി. ഒരുപാട് പ്രൈവറ്റ് പാർട്ടീസുമായും ഐ.റ്റി. കമ്പനികളുമായും ഐ.റ്റി. മിഷൻ ഡയറക്ടറുമായും ചർച്ചകൾ നടത്തി. ഐ.റ്റി. സെക്രട്ടറി വിളിച്ച മീറ്റിംഗിലും പങ്കെടുത്തു. അതുകൂടാതെ ഒഫിഷ്യലായി എന്റെ ഓഫീസിൽ എങ്ങനെയാണ് ഈ ട്രെയിനിംഗ് മുന്നോട്ടുകൊണ്ടുപോകേണ്ടതെന്നതിനെക്കുറിച്ചും ആർ.എഫ്.പി. പ്രിപ്പറേഷനുമായി ബന്ധപ്പെട്ടും ഒരുപാട് ഡിസ്കഷൻസ് നടത്തി. രണ്ടുമൂന്ന് ഡ്രാഫ്റ്റ് തയ്യാറാക്കി ഐ.റ്റി സെക്രട്ടറിയെ കാണിച്ചു. ഐ.റ്റി. സെക്രട്ടറി ഓരോ ഘട്ടങ്ങളിലും വേണ്ട ഭേദഗതികൾ വരുത്തി ഫൈനൽ ഡ്രാഫ്റ്റ് 15-2-2010-ൽ സബ്മിറ്റ് ചെയ്തു. ടെക്നോപാർക്കിലെ കമ്പനികളുമായി ചർച്ച നടത്തിയിട്ടുണ്ട്. ഐ.റ്റി. മിഷനിൽവച്ച് എല്ലാവരുംകൂടി പാർട്ടിസിപ്പേറ്റ് ചെയ്ത ഒരു മീറ്റിംഗ് ഉണ്ടായിരുന്നു. അതിൽ ഇൻഫോ പാർക്ക് സി.ഇ.ഒ., ഐ.റ്റി. സെക്രട്ടറി, ട്രേഡ് ഓർഗനൈസേഷൻസ് എല്ലാം വന്നിരുന്നു. Companies from Bangalore showed interest. There was a company presently run by Cafe Coffee Day. They showed interest. Some other companies were showed interest. I don't remember the names of the companies. ഒരുപാട് കമ്പനികൾ താത്പര്യം കാണിച്ചിരുന്നു. ടെക്നോപാർക്കിലെ രണ്ടുമൂന്നു കമ്പനികളും താത്പര്യം കാണിച്ചിരുന്നു.

We form a Company initially registered under Companies Act 1956. On the basis of that we will put one lakh equity to start of with and after we will invite private players to come in with this sort of equity ഇതായിരുന്നു ഉദ്ദേശിച്ച ബിസിനസ് മോഡൽ.

The total Project Cost was Rs. 14 crores. Rs. 6 crores as Central Government share and Rs. 2.08 crores as State Government share, Rs. 5.92 crores as private participant's share.

അക്കാദമി രൂപീകരണവുമായി ബന്ധപ്പെട്ട് RFP തയ്യാറാക്കി സർക്കാരിലേക്ക് അയച്ചത് 15-2-2010-ലാണ്. 3-7-2010-ലാണ് പ്രസ്തുത RFP സർക്കാർ അംഗീകരിച്ചത്.

8-10-2010-ൽ ഐ.റ്റി. സെക്രട്ടറി വിളിച്ച ഒരു മീറ്റിംഗിൽ പങ്കെടുത്തിരുന്നു. അതിൽ ഐ.എച്ച്.ആർ.ഡി. ഡയറക്ടർ ശ്രീ. സുബ്രഹ്മണിയും ജോയിന്റ് ഡയറക്ടർ ശ്രീ. അരുൺകുമാറും പാർട്ടിസിപ്പേറ്റ് ചെയ്തിരുന്നു. അവർ ആർ.എഫ്.പി.യുടെ ഡീറ്റെയിൽസിനെക്കുറിച്ച് ചോദിക്കുകയും അത് പറയുകയും ചെയ്തു. ആ മീറ്റിംഗിൽ

ഐ.സി.റ്റി. അക്കാഡമി ഫങ്ഷൻ ചെയ്യാൻ ഐ.എച്ച്.ആർ.ഡി.യുടെ ഫെസിലിറ്റീസ് ഉപയോഗിക്കാൻ പറ്റുമോയെന്നും അവരുടെ ഇക്വിറ്റിയായി ഇതിലേക്ക് വരാൻ പറ്റുമോ എന്നും ചോദിച്ചിരുന്നു. ഞാൻ പറഞ്ഞത്, സെൻട്രൽ ഗവൺമെന്റ് പ്രോജക്ട് അപ്രൂവ് ചെയ്തതാണ്, 76 ശതമാനം പി.പി.പി. പ്രോജക്ടാണ് അതുകൊണ്ട് You have to go Central Government. അതായിരുന്നു ഞാൻ അറ്റന്റ് ചെയ്ത ലാസ്റ്റ് മീറ്റിംഗ്.

ഐ.സി.റ്റി. അക്കാദമി നടത്തിപ്പ് ഐ.എച്ച്.ആർ.ഡി.യെ ഏല്പിക്കുന്ന വിവരം സ്പെഷ്യൽ ഓഫീസറെന്ന നിലയിൽ എന്നെ അറിയിച്ചിരുന്നില്ല.

8-10-2010-നുള്ള മീറ്റിംഗിൽ അവരുണ്ടായിരുന്നു. അതായിരുന്നു ഞാൻ അറ്റൻഡ് ചെയ്ത ലാസ്റ്റ് മീറ്റിംഗ്. അതിനുശേഷം സി.ജി.ഒ. കോപ്ലക്സ് ന്യൂഡൽഹിയിൽ വച്ച് കേന്ദ്ര സർക്കാരിന്റെ ഐ.റ്റി. സെക്രട്ടറിയുമായി ഒരു റിവ്യൂ മീറ്റിംഗ് ഉണ്ടായിരുന്നു. ആ റിവ്യൂ മീറ്റിംഗിൽ പാർട്ടിസിപ്പേറ്റ് ചെയ്തു. അപ്പോൾ അവർ പ്രോഗ്രസ് ഓഫ് ദി പ്രോജക്ട് ചോദിച്ചു, ഞാൻ ക്രോണോളജിക്കലായിട്ടുള്ള ഡീറ്റെയിൽസിന്റെ പ്രസന്റേഷൻ നടത്തി. ആർ.എഫ്.പി. ഇപ്പോൾ റിവ്യൂവിന് കോൾ ഫോർ ചെയ്തിരിക്കുകയാണ്. അത് വരുന്ന മുറയ്ക്ക് ഞങ്ങൾ പ്രോജക്ട് തുടങ്ങുമെന്ന് മാത്രം പറഞ്ഞിരുന്നു.

സ്പെഷ്യൽ ഓഫീസർ എന്ന നിലയിൽ പ്രൈവറ്റ് കമ്പനികളുമായി നിരവധി ചർച്ചകൾ നടത്തി. RFP തയ്യാറാക്കിയശേഷം ഐ.സി.റ്റി. അക്കാദമി നല്ലനിലയിൽ ആരംഭിക്കുവാൻ കഴിയുമെന്ന വിശ്വാസമുണ്ടായിരുന്നു.

ഡൈനമിക് ഐ.റ്റി. മാർക്കറ്റിൽ പ്രൈവറ്റ് സെക്ടറിലെ എക്സ്പർട്ടൈസ് ആവശ്യമാണ്. ഗവൺമെന്റിന്റെ പ്രെസന്റ് സെറ്റപ്പിൽ എവരിഡേ ചെയ്ഞ്ചിംഗ് ഫേസ് ഓഫ് ദി ഐ.റ്റി. ഇക്കോണമിയാണ്. അപ്പോൾ അതിനനുസരിച്ചുള്ള കോഴ്സ് കരിക്കുലമെല്ലാം ഡൈനമിക് ആയതുകൊണ്ട് പ്രൈവറ്റ് സെക്ടറിലെ എക്സ്പർട്ടൈസ് അത്യാവശ്യമായിരുന്നു. PPP model was envisaged. തമിഴ്നാട് ചെയ്ത ഐ.സി.റ്റി. അക്കാഡമി മോഡലിൽ സി.ഐ.ഐ. ആയിരുന്നു പാർട്ണർ. കൺസോർഷ്യം ഓഫ് ഇൻഡസ്ട്രീസ് എല്ലാംകൂടി 74 ശതമാനം ഗ്രൂപ്പ് ചെയ്തുകൊണ്ട് തുടങ്ങി. അവിടെ ഇത് ലോഞ്ച് ചെയ്ത് ക്ലാസ് നടക്കുകയാണ്.

ക്ലൗഡ് കമ്പ്യൂട്ടിംഗ്, എംബെഡ്ഡഡ് സിസ്റ്റം, വി.എൽ.എസ്.ഐ, ആർ.എഫ്.ഐ.ഡി, സിഗ്നൽ ഇമേജിംഗ്, സോഫ്റ്റ് കമ്പ്യൂട്ടിംഗ് തുടങ്ങിയ ആധുനിക വിഷയങ്ങളിൽ ഐ.ടി. മേഖലയിലേക്കുള്ള ഉദ്യോഗാർത്ഥികൾക്ക് പ്രൊഫഷണൽ ട്രെയിനിംഗ് നല്കാനുള്ള വൈദഗ്ദ്ധ്യവും ശേഷിയും ഐ.എച്ച്.ആർ.ഡി.ക്ക് ഉള്ളതായി തോന്നുന്നില്ല.

***(കെ). ശ്രീ. വി.എ. അരുൺകുമാർ, അഡീഷണൽ ഡയറക്ടർ, ഐ.എച്ച്.ആർ.ഡി. 13-1-2012-ൽ നൽകിയ മൊഴി***

എന്റെ ആവശ്യപ്രകാരമല്ല. സർക്കാരിന്റെ സഹായത്തോടെയും അല്ലാതെയും ഐ.എച്ച്.ആർ.ഡി. ധാരാളം പ്രോജക്ടുകൾ നടപ്പാക്കുന്നുണ്ട്. അതുപോലെയുള്ള ഒരു പ്രോജക്ടാണ് ഐ.സി.റ്റി. അക്കാദമിയും. ഐ.സി.റ്റി. അക്കാദമി സ്ഥാപിക്കുന്നതിന് ഐ.എച്ച്.ആർ.ഡി.ക്ക് കേപ്പബിലിറ്റിയുണ്ട്. ഇത് ഞാൻ ആദ്യം കേൾക്കുന്നതുതന്നെ

ഹയർ എഡ്യൂക്കേഷൻ സെക്രട്ടറിയുടെ ഓഫീസിൽ ഐ.റ്റി. സെക്രട്ടറി ഒരു മീറ്റിംഗ് വിളിച്ചപ്പോഴാണ്. അത് ഐ.എച്ച്.ആർ.ഡി. ഈ പ്രൊപ്പോസൽ കൊടുക്കുന്നതിന് ഒന്നരവർഷം മുമ്പാണ്. അപ്പോൾ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻസിനെ എല്ലാം വിളിച്ചിരുന്നു. അന്നാണ് മാസ്സിന് ഐ.റ്റി. എനേബിൾ ചെയ്യാൻവേണ്ടി ഒരു പ്രോജക്ട് വന്നിട്ടുണ്ട് എന്നതിനെപ്പറ്റി കേൾക്കുന്നത്. ആ സമയത്താണ് ഇങ്ങനെ ഒരു പ്രോജക്ട് വരുന്നുണ്ടെന്നതിനെപ്പറ്റി ഒരു ധാരണയുണ്ടാകുന്നത്.

മുൻ ഐ.ടി. സെക്രട്ടറി ഡോ. അജയ് കുമാർ ആവശ്യപ്പെട്ടതനുസരിച്ചാണ് ഐ.എച്ച്.ആർ.ഡി. പ്രൊപ്പോസൽ സമർപ്പിച്ചതെന്നത് സംബന്ധിച്ച് അറിയില്ല. പ്രസ്തുത പ്രൊപ്പോസൽ ഐ.ടി. വകുപ്പിന് സമർപ്പിക്കുന്നതിനുമുമ്പ് അന്നത്തെ ഐ.എച്ച്.ആർ.ഡി. ഡയറക്ടർ ഞാനുമായി കൂടിയാലോചന നടത്തിയിരുന്നു.

29-1-2011-ലെ നോട്ട് പ്രകാരം ഐ.സി.റ്റി. അക്കാദമിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് മുന്നോട്ട് പോകണമെന്നും അതിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണമെന്നും നിർദ്ദേശിച്ചുകൊണ്ട് എന്നെ ചുമതലപ്പെടുത്തിയിരുന്നു.

ഐ.സി.റ്റി. അക്കാദമി സൊസൈറ്റിയായി രജിസ്റ്റർ ചെയ്യാൻവേണ്ടി മുൻ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ, മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. എം. എ. ബേബി, ചീഫ് സെക്രട്ടറി, ഗവൺമെന്റ് സെക്രട്ടറിമാർ തുടങ്ങി 11 പേർ ഒപ്പ് രേഖപ്പെടുത്തിയ രജിസ്ട്രേഷൻ അപേക്ഷയിൽ പതിനൊന്നാമതായി ഐ.സി.റ്റി. അക്കാദമി ഡയറക്ടർ എന്ന നിലയിൽ ഒപ്പ് രേഖപ്പെടുത്തിയത് ഞാനാണ്.

സൊസൈറ്റി ആദ്യമേ രൂപീകരിക്കണം. രജിസ്ട്രേഷൻ നടന്നശേഷം മാത്രമേ ഈ സൊസൈറ്റി നിലവിൽ വരികയുള്ളു. അത് നിലവിൽ വരാനുള്ള പ്രാരംഭ പ്രവർത്തനത്തിനുവേണ്ടി എന്നെ ഇതിന്റെ ഡയറക്ടറായി ഡെസിഗ്നേറ്റ് ചെയ്തു. അത് ഒരു നോമിനേഷനാണ്. ഐ.എച്ച്.ആർ.ഡി. എനിക്കുതന്ന ഓർഡറിൽ അത് കൃത്യമായി പറയുന്നുണ്ട്. അത് ഒരു നോമിനേഷൻ മാത്രമാണ്. ഒരു അപ്പോയിന്റ്മെന്റല്ല. അപ്പോയിന്റ്മെന്റ് എന്നുപറഞ്ഞാൽ സാലറിയും മറ്റു വ്യവസ്ഥകളടക്കം പറയണം. അതൊന്നും പറയാതെ സൊസൈറ്റി രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി മാത്രമാണ്. രജിസ്റ്റർ ചെയ്യുന്നതിന് സൈൻ ചെയ്ത് കൊടുക്കണം. അതിനുവേണ്ടി ഡയറക്ടർ ഐ.സി.റ്റി. അക്കാദമി എന്നുള്ള ആ ഡെസിഗ്നേഷനിൽ ഞാൻ ഒപ്പിട്ടു.

ഐ.സി.റ്റി. അക്കാദമിയുടെ ഡയറക്ടർ നിയമനം സർക്കാരാണ് നടത്തേണ്ടത്. ഐ.എച്ച്.ആർ.ഡി.യുടെ ഉദ്യോഗസ്ഥനാണ് ഞാൻ. ഡയറക്ടർ പറയുന്നതനുസരിച്ചാണ് ഞാൻ രജിസ്ട്രേഷന് പോയത്. സർക്കാരിൽനിന്ന് എന്നോട് രജിസ്ട്രേഷന് പോകാൻ ആവശ്യപ്പെട്ടില്ല. അങ്ങനെ ഒരു കമ്മ്യൂണിക്കേഷൻ ഇതുവരെ കിട്ടിയിട്ടില്ല. ഐ.എച്ച്.ആർ.ഡി.ക്കുവേണ്ടിയാണ് ഇതുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനവും നടത്തിയത്, അല്ലാതെ എനിക്കുവേണ്ടിയല്ല.

ഐ.എച്ച്.ആർ.ഡി.യിലെ ഒരു ഉദ്യോഗസ്ഥൻ എന്ന നിലയിൽ ഐ.എച്ച്. ആർ.ഡി. ഡയറക്ടർ തരുന്ന ഉത്തരവിൻപ്രകാരമാണ് ഞാൻ പ്രവർത്തിക്കേണ്ടത്. അതനുസരിച്ച് ഞാൻ രജിസ്ട്രേഷനുവേണ്ടി പ്രവർത്തിച്ചുവെന്ന് മാത്രമേയുള്ളു.

ഐ.സി.റ്റി. അക്കാദമി നടത്തിപ്പ് പി.പി.പി. മോഡലിൽ നിന്ന് മാറ്റി ഐ.എച്ച്. ആർ.ഡി. യെ ഏല്പിക്കാൻ സർക്കാർ തീരുമാനിച്ച്, അക്കാദമി രൂപീകരണം സംബന്ധിച്ച പ്രൊപ്പോസൽ ഐ.എച്ച്.ആർ.ഡി. സമർപ്പിക്കുകയും ചെയ്തശേഷം അന്നത്തെ ഐ.ടി. സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിൽ ഐ.എച്ച്.ആർ.ഡി. ഡയറക്ടറോടൊപ്പം ഞാനും പങ്കെടുത്തിരുന്നു.

ഐ.സി.റ്റി. അക്കാദമി നടത്തിപ്പ് സംബന്ധിച്ച് ഐ.എച്ച്.ആർ.ഡി. സമർപ്പിച്ച പ്രൊപ്പോസലിനെക്കുറിച്ച് ഐ.എച്ച്.ആർ.ഡി.യിലെ ഏതെങ്കിലും ഉദ്യോഗസ്ഥർ അന്നത്തെ വിദ്യാഭ്യാസ മന്ത്രിയുമായി സംസാരിച്ചിരുന്നോ എന്ന് അറിയില്ല. അക്കാദമി രജിസ്ട്രേഷനുള്ള അപേക്ഷയിൽ ഐ.എച്ച്.ആർ.ഡി. ഓഫീസിൽവച്ച് ഐ.എച്ച്. ആർ.ഡി. ഡയറക്ടർ ഒപ്പിട്ടശേഷമാണ് ഞാൻ ഒപ്പ് രേഖപ്പെടുത്തിയത്. പ്രസ്തുത രേഖ പിന്നീട് മുൻ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ, മുൻ വിദ്യാഭ്യാസ വകുപ്പു മന്ത്രി ശ്രീ. എം.എ. ബേബി തുടങ്ങിയവരുടെ ഒപ്പുകൾ രേഖപ്പെടുത്തുന്നതിനായി പ്രത്യേക ദൂതൻവഴി കൊടുത്തയയ്ക്കുകയായിരുന്നു.

ആദ്യം ഐ.എച്ച്.ആർ.ഡി. ഡയറക്ടറും പിന്നീട് ശ്രീ. വി. എ. അരുൺകുമാറും പ്രസ്തുത രേഖയിൽ ഒപ്പ് രേഖപ്പെടുത്തുമ്പോൾ ടി രേഖയിലെ മറ്റുള്ള ഒപ്പുകൾ രേഖപ്പെടുത്തുവാനുള്ള കോളങ്ങൾ ശൂന്യമായിരുന്നു. അക്കാദമി രജിസ്ട്രേഷനുള്ള അപേക്ഷയിൽ, ഐ.എച്ച്.ആർ.ഡി. ഡയറക്ടറുടെ നിർദ്ദേശപ്രകാരമാണ് ഞാൻ ഐ.സി.റ്റി. അക്കാദമി ഡയറക്ടർ എന്ന നിലയിൽ ഒപ്പ് രേഖപ്പെടുത്തിയത്.

ഐ.സി.റ്റി. അക്കാദമി രജിസ്റ്റർ ചെയ്യുമ്പോൾ രജിസ്ട്രേഷൻ അപേക്ഷയിൽ ഐ.സി.റ്റി. അക്കാദമി ഡയറക്ടർ എന്ന നിലയിൽ ഒപ്പ് രേഖപ്പെടുത്താൻ എന്നെ അനുവദിക്കണമെന്ന് ഞാൻ ആവശ്യപ്പെട്ടിട്ടില്ല.

ഐ.എച്ച്.ആർ.ഡി.യിൽ ക്ലൗഡ് കമ്പ്യൂട്ടിംഗ്, ഡേറ്റാമൈനിംഗ്, ഇ-ഗവേണൻസ്, ആർ.എഫ്.ഐ.ഡി., വയർലെസ് കമ്മ്യൂണിക്കേഷൻ, വി.എൽ.എസ്.ഐ., എംബെഡഡ് സിസ്റ്റം, സിഗ്നൽ ഇമേജിംഗ്, സോഫ്റ്റ് കമ്പ്യൂട്ടിംഗ് മിഡിൽ വെയർ ആപ്ലിക്കേഷൻ ഡെവലപ്മെന്റ് തുടങ്ങിയ പല കോഴ്സുകളും നടത്തുന്നുണ്ട്. ഐ.സി.റ്റി. അക്കാദമി യുടെ ഒബ്ജക്ടീവിനകത്ത് എംപ്ലോയബിലിറ്റി എൻഹാൻസ് ചെയ്യണമെന്ന് പറയു മ്പോൾ അതിൽ ആളുകൾ പല കാറ്റഗറിയിലുള്ളവരുണ്ട്. എസ്.എസ്.എൽ.സി., പ്ലസ്ടു, പോളിടെക്നിക്, എഞ്ചിനീയറിംഗ് ഒക്കെ പാസ്സായിട്ടുള്ള ആളുകൾ കാണും. അവരുടെ റിക്വയർമെന്റിനനുസരിച്ച് ഈ ആളുകളെ പല കോഴ്സുകളിലേക്ക് കാറ്റഗറൈസ് ചെയ്യാനാണ് ഇരുന്നത്.

ഒരു പ്രൊമോഷനും നടന്നിട്ടില്ല. ഐ.സി.റ്റി. അക്കാഡമി എന്ന സ്ഥാപനം രജിസ്റ്റർ ചെയ്യാനായി എന്നെ ചുമതലപ്പെടുത്തിയെന്ന് മാത്രമേയുള്ളൂ. അത് രജിസ്റ്റർ ചെയ്ത് ഫസ്റ്റ് ഗവേണിംഗ് ബോഡി കൂടിയാൽ മാത്രമേ സർക്കാർ പി.എച്ച്.ഡി./ എംഫിൽ/എം.സി.എ/ബി.ടെക് എന്നീ യോഗ്യതകളുള്ള ആൾക്കാരെ കണ്ടുപിടിച്ച് ഫാക്കൽറ്റി കോ-ഓർഡിനേറ്റേഴ്സിനെ നിയമിക്കുകയുള്ളു.

ഐ.സി.റ്റി. അക്കാദമി ഡയറക്ടറെ ഡെസിഗ്നേറ്റ് ചെയ്തത് ഐ.എച്ച്.ആർ.ഡി. ഗവേണിംഗ് ബോഡിയുടെയോ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയോ അനുവാദത്തോടെ

അല്ല എന്നാൽ ഐ.എച്ച്.ആർ.ഡി. ചെയർമാന്റെ (വിദ്യാഭ്യാസ വകുപ്പുമന്ത്രി) കൺകറൻസോടുകൂടിയായിരുന്നു.

ഐ.സി.റ്റി. അക്കാദമിയുമായി ബന്ധപ്പെട്ട് അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ഐ.എച്ച്.ആർ.ഡി. ഡയറക്ടറുമായി ചേർന്ന് രണ്ടുതവണ ചർച്ച നടത്തിയിട്ടുണ്ട്. ഐ.ടി. വകുപ്പിന്റെ ചുമതലയുണ്ടായിരുന്ന അന്നത്തെ മുഖ്യമന്ത്രിയുമായി ചർച്ച നടത്തിയിട്ടില്ല.

ഐ.സി.റ്റി. അക്കാദമി ഡയറക്ടറെ നിയമിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാരിനയച്ച 15-1-2011-ലെ പ്രൊപ്പോസലിന് സർക്കാരിൽനിന്ന് മറുപടി വന്നതായി അറിയില്ല.

ശ്രീ. വി. എ. അരുൺകുമാറിനെ ഐ.സി.റ്റി അക്കാദമി ഡയറക്ടറായി നിയമിക്കണമെന്ന അന്നത്തെ ഐ.എച്ച്.ആർ.ഡി. ഡയറക്ടറുടെ ശുപാർശ ഐ.എച്ച്.ആർ.ഡി. ഗവേണിംഗ് ബോഡി ചെയർമാൻ അംഗീകരിച്ചുകൊണ്ടുള്ള രേഖയിൽ ഐ.സി.റ്റി. അക്കാദമിയുടെ രജിസ്ട്രേഷനുവേണ്ടി മാത്രം ചുമതലപ്പെടുത്തുന്നുവെന്ന് സൂചിപ്പിച്ചിട്ടില്ലെങ്കിലും എനിക്ക് ലഭിച്ച നിർദ്ദേശത്തിൽ രജിസ്ട്രേഷനുവേണ്ടിയാണ് നിയോഗിക്കുന്നതെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്.

***(എൽ). ശ്രീ. വി.എസ്. അച്യുതാനന്ദൻ, ബഹു. പ്രതിപക്ഷ നേതാവ്. 14-2-2012-ൽ നൽകിയ മൊഴി***

ചില വസ്തുതകൾ എനിക്ക് ബഹുമാനപ്പെട്ട മെമ്പർമാരുടെ ശ്രദ്ധയ്ക്ക് ആദ്യമേ തന്നെ വിധേയമാക്കേണ്ടതുണ്ട്. ഞാൻ നിയമസഭയിൽ ആവശ്യപ്പെട്ട പ്രകാരമാണ് ഈ പ്രത്യേക നിയമസഭാ സമിതി രൂപീകരിക്കപ്പെട്ടത്. വ്യക്തിപരമായി എന്നെ സംബന്ധിക്കുന്ന ഒരു വിഷയത്തെക്കുറിച്ച് അന്വേഷിക്കുന്നതിനാണ് ഞാൻ ആവശ്യപ്പെട്ടത്. ശ്രീ. പി.സി. വിഷ്ണുനാഥിന്റെ നിയമസഭാപ്രസംഗത്തിൽ പറഞ്ഞ എല്ലാ കാര്യങ്ങളും നിയമസഭാ സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നല്ല ഞാൻ ആവശ്യപ്പെട്ടത്. ഈ നിയമസഭാ സമിതി ശ്രീ. പി. സി. വിഷ്ണുനാഥ് ഉന്നയിച്ച എല്ലാ ആരോപണങ്ങളും അന്വേഷിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെങ്കിൽ എന്തുകൊണ്ട് ശ്രീ. പി. സി. വിഷ്ണുനാഥിന്റെ പ്രസംഗത്തിൽ പറഞ്ഞ എല്ലാ ആരോപണങ്ങളും അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തുന്നില്ല ? നാല് ആരോപണങ്ങളാണ് അന്വേഷിക്കേണ്ടതെന്ന് തീരുമാനിക്കാൻ ഈ സമിതിക്ക് അധികാരമുണ്ടോ ? 'എടുത്തിട്ടില്ലാത്ത ഒരു തീരുമാനം സംബന്ധിച്ചാണ് ഇന്നലെ ശ്രീ. പി. സി. വിഷ്ണുനാഥ് എം.എൽ.എ. ഒരു ആരോപണം എനിക്ക് എതിരെ ഉന്നയിച്ചത്. ഈ ആരോപണത്തിൽ അദ്ദേഹം ഉറച്ചുനിൽക്കുന്നുവെങ്കിൽ ഒരു നിയമസഭാ കമ്മിറ്റിയെ വച്ച് അതേപ്പറ്റി അന്വേഷണം നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു'. ഇതാണ് ഞാൻ സഭയിൽ ബഹുമാനപ്പെട്ട സ്പീക്കറോടായി അഭ്യർത്ഥന നടത്തിയത്, ഇതാണ് ഞാൻ സഭയോട് ആവശ്യപ്പെട്ടത്. ഈ കാര്യം സഭാ രേഖകളിലുണ്ട്. ഇതിന് മറുപടിയായി ശ്രീ. പി. സി. വിഷ്ണുനാഥ് സഭയിൽ ആവശ്യപ്പെട്ടതും ഇപ്രകാരമാണ്. 'ഇപ്പോഴത്തെ പ്രതിപക്ഷനേതാവിന്റെ മകനുമായി ബന്ധപ്പെട്ട് ഇവിടെ വിഷയം ഉന്നയിച്ചിരുന്നു. അദ്ദേഹത്തിന്റെ നിയമനത്തെ സംബന്ധിച്ചുള്ള ഒരു പ്രശ്നത്തിൽ വിജിലൻസ് അന്വേഷണവും ആവശ്യപ്പെട്ടിരുന്നു. 'ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ഞാൻ സഭയിൽ ഇല്ലാതിരുന്ന

സമയത്താണ് ഞാൻ ആക്ഷേപം പിൻവലിച്ച് മാപ്പ് പറയണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടിരിക്കുന്നത്. ഞാൻ ആരോപണത്തിൽ ഉറച്ച് നിൽക്കുകയാണ്'. പ്രതിപക്ഷനേതാവിന്റെ മകനുമായി ബന്ധപ്പെട്ട, അദ്ദേഹത്തിന്റെ നിയമനവുമായി ബന്ധപ്പെട്ട വിഷയത്തിലാണ് ശ്രീ. പി. സി. വിഷ്ണുനാഥ് അന്വേഷണം ആവശ്യപ്പെട്ടത് എന്നത് വ്യക്തമാണ്. ശ്രീ. പി. സി. വിഷ്ണുനാഥ് ഉന്നയിച്ച ആരോപണം ഇതാണ്. 'കേരളത്തിന്റെ മുൻ മുഖ്യമന്ത്രിയായിരുന്ന ഇപ്പോഴത്തെ പ്രതിപക്ഷനേതാവ് അദ്ദേഹത്തിന്റെ മകനെ തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിന്റെ തൊട്ടുമുമ്പായി കേന്ദ്ര ഗവൺമെന്റ് ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും നല്ല ഉദ്ദേശത്തോടുകൂടി ആരംഭിക്കാൻ ആവശ്യപ്പെട്ട് ആരംഭിച്ച ഒരു അക്കാഡമി, ഐ.സി.റ്റി. അക്കാഡമി, ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാഡമിയുടെ ഡയറക്ടറായി അദ്ദേഹത്തിന്റെ മകനെ നിയമിച്ചിരിക്കുകയാണ്.' ശ്രീ. പി.സി. വിഷ്ണുനാഥ് ഇത്രയുംകൂടി പറഞ്ഞു, 'എത്രയും അർഹതയുള്ള ആളുകൾ വരേണ്ട, മിടുക്കൻമാരായ ഐ.എ.എസുകാർ പോലും വരേണ്ട ഒരു സ്ഥലത്തേയ്ക്ക് എം.സി.എ. സപ്ലിമെന്ററി എഴുതി പാസ്സായ മകനെ എടുത്തുവച്ചതിന്റെ പിന്നിൽ നടന്ന കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കണം.' ഇതു സംബന്ധിച്ച് എനിക്ക് പറയാനുള്ളത് ഇതാണ്. ഐ.സി.റ്റി. അക്കാഡമിയുടെ ഡയറക്ടറെ നിയമിക്കാനുള്ള യാതൊരു ഉത്തരവും ഞാൻ നൽകിയിട്ടില്ല. എന്റെ മകനെ ഐ.സി.റ്റി. അക്കാഡമി ഡയറക്ടറാക്കിക്കൊണ്ട് സർക്കാർ ഉത്തരവിറക്കുകയോ ഡയറക്ടറുടെ ശമ്പളം ഫിക്സ് ചെയ്യുകയോ ഐ.സി.റ്റി. അക്കാഡമിയിൽ ഏതെങ്കിലും നിയമനം നൽകുകയോ ചെയ്തിട്ടില്ല. ഡയറക്ടറുടെ നിയമനം നടത്തേണ്ടത് ഗവേണിംഗ് ബോഡിയാണെന്നും അവരാണ് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും തീരുമാനിക്കേണ്ടതെന്നും ഗവേണിംഗ് ബോഡി ചേരുന്നതിന് മുഖ്യമന്ത്രിയുടെ തീയതി നൽകണമെന്നും ആവശ്യപ്പെട്ട ഫയൽ എനിക്ക് വരുന്നത് ഫെബ്രുവരി 11നാണ്. ഇക്കാര്യത്തിൽ ഞാൻ യാതൊരു താത്പര്യവും കാണിക്കുകയുണ്ടായില്ല. മേയ് 12-ന് 'അടുത്ത ഗവൺമെന്റ് തീരുമാനിക്കട്ടെ' എന്ന ഉത്തരവോടുകൂടി ഫയൽ മടക്കുകയാണുണ്ടായത്. ഫയലിന്റെ കോപ്പി ഇതോടൊപ്പം സമർപ്പിക്കുന്നു. അരുൺകുമാറിനെ നിയമിക്കണമെന്ന് താത്പര്യമുണ്ടായിരുന്നുവെങ്കിൽ ഫെബ്രുവരിയിൽതന്നെ ഗവേണിംഗ് ബോഡി ചേരാമായിരുന്നു. ഇതിൽനിന്നും ശ്രീ. പി. സി. വിഷ്ണുനാഥ് ഉന്നയിച്ച ഈ ആരോപണം കളവാണെന്ന് വ്യക്തമാണ്. മറ്റാരോപണങ്ങൾ അന്വേഷിക്കാൻ സർക്കാരിന് എത്രയോ സംവിധാനങ്ങളുണ്ട്? അതെല്ലാം ഈ സമിതിയുടെ അന്വേഷണ പരിധിയിൽ കൊണ്ടുവരുന്നതിനെ ഞാൻ ശക്തിയായി അപലപിക്കുന്നു. ഏതായാലും നിയമസഭാ സമിതിയോടുള്ള ബഹുമാനം നിലനിർത്തിക്കൊണ്ട് മറ്റ് മൂന്ന് ആരോപണങ്ങളെക്കുറിച്ച് എനിക്ക് പറയാനുള്ളത് ഇതാണ്. മോഡൽ ഫിനിഷിംഗ് സ്കൂളിന്റെ ഡയറക്ടറായി വി. എ. അരുൺകുമാറിനെ നിയമിച്ചോ എന്ന കാര്യം എനിക്ക് അറിയില്ല. ഇതുമായി ബന്ധപ്പെട്ട ഫയലുകളൊന്നും ഞാൻ കണ്ടിട്ടില്ല. വിദ്യാഭ്യാസ വകുപ്പും ഐ.എച്ച്.ആർ.ഡി.യുമാണ് ഇക്കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരോട് അന്വേഷിച്ചും ഫയലുകൾ പരിശോധിച്ചും നിജസ്ഥിതി അറിയാവുന്നതാണ്. ഐ.എച്ച്.ആർ.ഡി. അഡീഷണൽ ഡയറക്ടറാകാനുള്ള യോഗ്യത അരുൺകുമാറിന് ഇല്ല എന്ന ആരോപണത്തെക്കുറിച്ചും എന്നോടല്ല ചോദിക്കേണ്ടത്. നിയമനം നൽകിയവരോട് ചോദിക്കുകയും ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുകയും ചെയ്യുന്നതാകും ഉചിതം. ഇതുമായി ബന്ധപ്പെട്ട ഒരു ഫയലും ഞാൻ കാണുകയോ ഒപ്പ്

വയ്ക്കുകയോ ചെയ്തിട്ടില്ല. സ്പേസ് എന്ന സ്ഥാപനവുമായി ബന്ധപ്പെട്ട പണമിടപാടുകൾ സംബന്ധിച്ചും ഞാൻ ഒരു തീരുമാനവും എടുത്തിട്ടില്ല. ഐറ്റി. മിഷനിൽ ഇതുസംബന്ധിച്ച രേഖകളുണ്ടാകും. അത് പരിശോധിക്കണം. ഈ സ്ഥാപനത്തിന് അഞ്ചരക്കോടി രൂപ നൽകിയതിന് ശ്രീ. പി. സി. വിഷ്ണുനാഥിന്റെ കയ്യിൽ തെളിവു ണ്ടെന്ന് നിയമസഭയിൽ പറയുകയുണ്ടായി. ഈ സമിതി അന്വേഷിച്ച് അതിന്റെ തെളിവ് പുറത്തുകൊണ്ടുവരണം. ഇല്ലെങ്കിൽ ശ്രീ. പി. സി. വിഷ്ണുനാഥ് മാപ്പ് പറയണമെന്ന എന്റെ മുൻനിലപാട് ഞാൻ ആവർത്തിക്കുന്നു. എന്റെ ഇടപെടലുണ്ടായി എന്ന് രേഖാമൂലം നിങ്ങൾക്ക് ബന്ധപ്പെട്ട ഏതെങ്കിലും കാര്യത്തെക്കുറിച്ച് എന്നോട് ചോദി ക്കാവുന്നതാണ്. അല്ലാത്ത കാര്യങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് ചോദിച്ച് മനസ്സി ലാക്കുന്നതായിരിക്കും ഉചിതം. ഇത്രയും കാര്യങ്ങൾ മിനിട്സ് ചെയ്യണമെന്നും ഞാൻ ആവശ്യപ്പെടുന്നു. ഇതിൽ ഞാൻ കൊടുത്ത ഉത്തരവിന്റെ കോപ്പി കൂടി വയ്ക്കുന്നു.

ഐ.സി.റ്റി. അക്കാദമി നടത്തിപ്പ് പി.പി.പി. മോഡലിൽ നിന്ന് മാറ്റി ഐ.എച്ച്. ആർ.ഡി.യെ ഏല്പിക്കുന്നത് ഒരു പൊതുമേഖല സ്ഥാപനമെന്ന നിലയിലാണ്. പി.പി.പി. മോഡൽ മാറ്റം കേന്ദ്രഗവൺമെന്റിന്റെ അംഗീകാരമില്ലാതെ നടപ്പിലാക്കാൻ തീരുമാനി ച്ചത് ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരെടുത്ത തീരുമാനം കേന്ദ്ര സർക്കാർ അംഗീകരിക്കുമെന്ന വിശ്വാസത്തിലാണ്.

ആദ്യം സമർപ്പിക്കപ്പെട്ട ഐ.സി.റ്റി. അക്കാദമി ബൈലാ പ്രകാരം ഐ.സി.റ്റി. അക്കാദമി ഡയറക്ടറെ നിശ്ചയിക്കുന്നതിനുള്ള അധികാരം ഐ.എച്ച്.ആർ.ഡി. യ്ക്കായിരുന്നുവെങ്കിലും ധനവകുപ്പിന്റെ എതിർപ്പിനെതുടർന്ന് ഡയറക്ടറെ നിശ്ചയിക്കു ന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാക്കിയതിനുശേഷവും ധനവകുപ്പ് ഉത്തരവായ ഭേദഗതികൾ ഭാഗികമായി നടപ്പിലാക്കികൊണ്ട് ഐ.സി.റ്റി. അക്കാദമി സൊസൈറ്റിയായി രജിസ്റ്റർ ചെയ്യാനുള്ള അപേക്ഷയിൽ, അന്നത്തെ മുഖ്യമന്ത്രി, വിദ്യാഭ്യാസമന്ത്രി തുടങ്ങിയവർക്കൊപ്പം ഔദ്യോഗികമായി ഐ.സി.റ്റി. ഡയറക്ടറായി നിയമിതനാകാത്ത ശ്രീ. വി. എ. അരുൺകുമാർ ടി തസ്തിക വഹിക്കുന്നയാളെന്ന നിലയിൽ ഒപ്പ് രേഖപ്പെടുത്താൻ ഇടയായ സാഹചര്യം:

ഇത് സംബന്ധിച്ച് ഉദ്യോഗസ്ഥൻമാർ ഇത് സംഘടിപ്പിക്കുന്നതിനുവേണ്ടി ആദ്യമേ തന്നെ രജിസ്ട്രേഷനുവേണ്ടി കൊടുക്കണമല്ലോ. അങ്ങനെ രജിസ്ട്രേഷന് കൊടുക്കു ന്നതിനുവേണ്ടിയുള്ള ഒരു പേപ്പറാണ് എന്നുപറഞ്ഞുകൊണ്ട് എന്നെക്കൊണ്ട് ഒപ്പിടു വിക്കാൻ ഉദ്യോഗസ്ഥൻമാർ കൊണ്ടുവന്നു. ഞാൻ എന്റെ പേരിന് നേരെ ഒപ്പിട്ടു കൊടുത്തു. ആരെല്ലാം ഒപ്പിട്ടു എന്നത് ഞാൻ അന്വേഷിച്ചില്ല. എന്റെ ചുമതല ഞാൻ കൂടി ഈ രജിസ്ട്രേഷനുവേണ്ടി പങ്കുവഹിക്കാനെന്ന നിലയിൽ ഉദ്യോഗസ്ഥർ കൊണ്ടുവന്ന് അക്കാര്യങ്ങൾ പറയുകയും അത് ഒപ്പിട്ടുകൊടുക്കുകയും ചെയ്തു. മറ്റ് കാര്യങ്ങൾ ഞാൻ അന്വേഷിച്ചില്ല.

പ്രസ്തുത രേഖയിൽ ശ്രീ. വി. എ. അരുൺകുമാറോ മറ്റുള്ളവർ ആരെങ്കിലുമോ ഒപ്പിട്ടിട്ടുണ്ടോ എന്ന് ഞാൻ നോക്കിയില്ല. ഞാൻ അവർ പറഞ്ഞതനുസരിച്ച് ഒപ്പിട്ടു കൊടുത്തു.

ഐ.സി.റ്റി. അക്കാദമിയുടെ ഡയറക്ടറായി നിയമിക്കപ്പെടാതെ ഐ.സി.റ്റി. അക്കാദമി രജിസ്ട്രേഷനുവേണ്ടിയുള്ള രേഖയിൽ ടി തസ്തിക വഹിക്കുന്നയാളെന്ന നിലയിൽ ശ്രീ. വി. എ. അരുൺകുമാർ ഒപ്പ് രേഖപ്പെടുത്തിയത് സംബന്ധിച്ച് ഒപ്പ് രേഖപ്പെടുത്തിയവരോട് ചോദിച്ച് വസ്തുതകൾ മനസ്സിലാക്കണം.

ഐ.സി.റ്റി. അക്കാദമി നടത്തിപ്പ് പി.പി.പി. മോഡലിൽ നിന്ന് മാറ്റിയപ്പോൾ, സ്വകാര്യമേഖലയിൽ നിന്ന് ലഭിക്കേണ്ട മുതൽമുടക്ക് ലഭിക്കാതെ വന്നെങ്കിലും, സ്വകാര്യമേഖലയേക്കാൾ പ്രാധാന്യം പൊതുമേഖലയ്ക്ക് നല്കുക എന്ന നയത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത തീരുമാനമെടുത്തത്.

ഐ.സി.റ്റി. അക്കാദമി നടത്തിപ്പ് പി.പി.പി. മോഡലിൽ നിന്ന് മാറ്റി ഐ.എച്ച്. ആർ.ഡി.യെ ഏല്പിക്കുന്നതുവഴി കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കേണ്ട ഗ്രാന്റ് നഷ്ടപ്പെടുന്നസാഹചര്യമുണ്ടായാലും ഐ.എച്ച്.ആർ.ഡി.ക്കാണ് പ്രയോറിറ്റി നല്കിയിട്ടുള്ളത്.

***(എം). ശ്രീ. എം. എ. ബേബി, എം.എൽ.എ. 14-2-2012-ൽ നൽകിയ മൊഴി***

ഐ.സി.റ്റി. അക്കാദമി നടത്തിപ്പ് സംബന്ധിച്ച പ്രൊപ്പോസൽ എന്റെ ഫോർമൽ അംഗീകാരത്തോടെയല്ല സമർപ്പിക്കപ്പെട്ടത്.

ഐ.എച്ച്.ആർ.ഡി. സമർപ്പിച്ച മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ ധനവകുപ്പ് പരിശോധിച്ചപ്പോൾ ഐ.സി.റ്റി. ഡയറക്ടർ നിയമനാധികാരം ഐ.എച്ച്. ആർ.ഡി.ക്കായിരിക്കുമെന്ന ക്ലോസ് ഭേദഗതി ചെയ്ത് സർക്കാരിനായിരിക്കുമെന്നാക്കുകയും ഇപ്രകാരം ഭേദഗതി ചെയ്യപ്പെട്ടവിധം ക്യാബിനറ്റ് അംഗീകരിക്കുകയും ചെയ്തിരുന്നതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഐ.സി.റ്റി. അക്കാദമി ഡയറക്ടറായി ശ്രീ. വി. എ. അരുൺകുമാറിനെ നിയമിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് പറയാനുള്ളത് ഐ.സി.റ്റി. അക്കാദമി തുടങ്ങുന്നതുതന്നെ വളരെ നീണ്ടുപോയി. അങ്ങനെ വന്നപ്പോൾ ട്രാവൻകൂർ കൊച്ചിൻ ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റ് അനുസരിച്ച് രജിസ്റ്റർ ചെയ്യണം. അങ്ങനെ രജിസ്റ്റർ ചെയ്താലേ പ്രവർത്തനം തുടങ്ങാൻ സാധിക്കുകയുള്ളു. ഇതിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ ക്യാബിനറ്റ് ചർച്ച ചെയ്ത് അംഗീകരിച്ചു. അതിൽ ചെയർമാനായി മുഖ്യമന്ത്രിയാണ്, വിദ്യാഭ്യാസ മന്ത്രിയുമൊക്കെ വരുന്നുണ്ട്. മെമ്പർ സെക്രട്ടറി ഇതിൽ ഒരു അംഗമാണ്. അപ്പോൾ രജിസ്ട്രേഷൻ നടക്കുന്നതിനുവേണ്ടി ഇതിന്റെ ഡയറക്ടറായി അരുൺകുമാറിനെ... അരുൺ കുമാറിനെയാണ് ഇതിന്റെ കാര്യങ്ങളൊക്കെ കോ-ഓർഡിനേറ്റ് ചെയ്യാൻ വേണ്ടി ഐ.എച്ച്.ആർ.ഡി. ചുമതലപ്പെടുത്തിയിരുന്നത്. രജിസ്ട്രേഷന്റെ ആവശ്യങ്ങൾ നിർവ്വഹിക്കാൻ വേണ്ടി ഇയാൾക്ക് ഡയറക്ടർ എന്ന നിലയിൽ പ്രവർത്തനം നടത്താവുന്നതാണെന്ന് പറഞ്ഞുകൊണ്ട് ഐ.എച്ച്.ആർ.ഡി. ഡയറക്ടർ ഒരു നിർദ്ദേശം എന്റെ മുമ്പിൽ വച്ചു. ചെയർമാൻ എന്ന നിലയ്ക്ക് രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനുവേണ്ടി ഞാൻ അത് അപ്രൂവ് ചെയ്തുകൊടുത്തു.

ഐ.സി.റ്റി. അക്കാദമി ഡയറക്ടറെ നിയമിക്കുന്നത് അംഗീകരിച്ചുകൊണ്ടുള്ള രേഖയിൽ, രജിസ്ട്രേഷൻ ആവശ്യത്തിനുവേണ്ടിയാണ് നിയമിക്കുന്നതെന്ന ഒരു സൂചനയില്ല. കാരണം ബന്ധപ്പെട്ട ഫയൽ ഒപ്പിടുന്ന സമയത്ത്, രജിസ്ട്രേഷൻ

നടത്താൻ ഇപ്രകാരം ഡയറക്ടറെ നിയമിക്കേണ്ടതാവശ്യമാണെന്ന് ഉദ്യോഗസ്ഥർ വിശദീകരിച്ചിരുന്നു. ആയത് ടി രേഖയിൽ ഉൾപ്പെട്ടിട്ടില്ല.

ഐ.സി.റ്റി. അക്കാദമി ഡയറക്ടറായി ശ്രീ. വി. എ. അരുൺകുമാറിനെ നിയമിക്കുന്നതിനുള്ള ശുപാർശ അംഗീകരിച്ചത് സംബന്ധിച്ച് രണ്ട് കാര്യങ്ങളാണുള്ളത്. ഒന്ന് ക്യാബിനറ്റ് അംഗീകരിച്ച മെമ്മോറാണ്ടം ഓഫ് അസോസിയേഷനിൽ ഡയറക്ടറെ തീരുമാനിക്കുന്നത് ഐ.എച്ച്.ആർ.ഡി.യാണ്. രണ്ട്, രജിസ്ട്രേഷൻ നടന്നുകഴിഞ്ഞിട്ട് രജിസ്ട്രേഷൻ പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് നടന്നുകൊണ്ടിരിക്കുന്നത്. ഗവൺമെന്റിന്റെ മുമ്പിലുള്ള കാതലായ വശം കേന്ദ്ര ഗവൺമെന്റ് പദ്ധതിയാണ് എന്നുള്ളതാണ്. കേന്ദ്ര ഗവൺമെന്റ് ഇതിന്റെ ഒരു ഭാഗം പൈസ തരുന്നതാണ്. ആ പൈസ നഷ്ടപ്പെടാൻ പാടില്ല. രജിസ്ട്രേഷൻ നടക്കണം. രജിസ്ട്രേഷൻ എന്തുകൊണ്ട് വൈകുന്നു, ഡയറക്ടറെ അപ്പോയിന്റ് ചെയ്തിട്ടില്ല. ഡയറക്ടറാണ് ഇതിന്റെ കാര്യങ്ങൾ നോക്കേണ്ടത്. നേരത്തെ പറഞ്ഞതുപോലെ ട്രാവൻകൂർ കൊച്ചിൻ സയന്റിഫിക് ലിറ്റററി ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റ് അനുസരിച്ച് ഓരോരുത്തരുടെയും പേരും ഡെസിഗ്നേഷനും വേണം. ഡയറക്ടറെ ഏത് സമയത്തും മാറ്റി തീരുമാനിക്കാവുന്നതാണ്. രജിസ്ട്രേഷൻ പ്രോസസ്സ് നടക്കണമെങ്കിൽ പേരും ഡെസിഗ്നേഷനുംകൂടി വേണം. ആ ആവശ്യത്തിന്റെ മാത്രം അടിസ്ഥാനത്തിൽ ഉത്തമവിശ്വാസത്തോടും സുതാര്യമായും മറ്റ് യാതൊരു malafide intention-ഉം കൂടാതെയാണ് ഡയറക്ടറുടെ ഈ നിർദ്ദേശം അംഗീകരിക്കുന്നത്.

ക്യാബിനറ്റ് അംഗീകരിച്ച മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ അനുസരിച്ച് ഐ.സി.റ്റി. അക്കാദമി ഡയറക്ടറെ നിയമിക്കുന്നത് ഐ.എച്ച്.ആർ.ഡി. ആണോ എന്നത് സംബന്ധിച്ച് പറയാനുള്ളത് മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ അനുസരിച്ച് ഐ.എച്ച്.ആർ.ഡി.യാണ് ഡയറക്ടറെ നിയമിക്കുന്നത്. എന്നാൽ ഫിനാൻസിലോ നിയമവകുപ്പിലോ മറ്റെന്തെങ്കിലും അഭിപ്രായവ്യത്യാസമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എം.ഒ.എ. അനുസരിച്ച് ഡയറക്ടറെ നിയമിക്കേണ്ടത് ഐ.എച്ച്.ആർ.ഡി. ആണെന്ന കാര്യം ഓർമ്മയുണ്ട്. അതനുസരിച്ചാണ് ഐ.സി.റ്റി. അക്കാദമി ഡയറക്ടറായി ശ്രീ. വി. എ. അരുൺകുമാറിന്റെ പ്രൊപ്പോസൽ അംഗീകരിച്ചത്.

മെമ്മോറാണ്ടം ഓഫ് അസോസിയേഷനിലെ ഐ.എച്ച്.ആർ.ഡി.യായിരിക്കും ഐ.സി.റ്റി. അക്കാദമി ഡയറക്ടറെ തീരുമാനിക്കുകയെന്ന ക്ലോസുകൾ ധനകാര്യവകുപ്പ് പരിശോധിച്ച് സർക്കാരായിരിക്കും ഡയറക്ടറെ തീരുമാനിക്കുക എന്ന് ഭേദഗതി ചെയ്തെങ്കിലും ആയത് ക്യാബിനറ്റിന്റെ പരിഗണനയ്ക്ക് വന്നപ്പോൾ ആദ്യത്തെ ഭാഗത്ത് മാത്രം മാറ്റം വരുത്തിയ നിലയിലും രണ്ടാമത്തെ ഭാഗത്ത് മാറ്റമില്ലാത്ത നിലയിലുമായിരുന്നുവെന്നത് സംബന്ധിച്ച് മന്ത്രിസഭാ ചർച്ചയിലുണ്ട്. മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ കഴിഞ്ഞ ദിവസവും ഞാൻ പരിശോധിച്ചു. ഐ.എച്ച്.ആർ.ഡി. നിയമിക്കുന്നു എന്ന ഒരു ഭാഗം അതിനകത്ത് കിടക്കുന്നുണ്ട്. ജനറൽ ലാ അനുസരിച്ച് ആദ്യത്തെ ഭാഗമാണ് പരിഗണിക്കുന്നതെങ്കിൽ ഐ.എച്ച്.ആർ.ഡി. അല്ല ഗവൺമെന്റാണ് നിയമിക്കേണ്ടത്. പക്ഷേ ഇവിടത്തെ കാതലായ ഒരു വശം, പ്രത്യേകിച്ച് ഒരു സാമ്പത്തിക ബാധ്യതയുമില്ലാതെ അരുൺകുമാറിനെ ഈ ചുമതല ഏൽപ്പിച്ചത് ഇതിന്റെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കാനാണ്. ഗവൺമെന്റിന്

സെർച്ച് കമ്മിറ്റി വച്ചോ മറ്റുവിധത്തിലോ പൂർണ്ണ സമയ ഡയറക്ടറെ കണ്ടെത്താൻ വേണ്ടിയുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പുതിയ ആളെ എപ്പോൾ വേണമെങ്കിലും നിയമിക്കാവുന്നതാണ്.

ഐ.സി.റ്റി. അക്കാദമി സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഒപ്പ് വയ്ക്കുന്നതിനായി കൊണ്ടുവന്നപ്പോൾ മുഖ്യമന്ത്രി ഒപ്പിട്ടിട്ടുണ്ടായിരുന്നുവെന്നത് ഓർമ്മയുണ്ട്. മറ്റ് കുറേ ഒപ്പുകൾ ഉണ്ടായിരുന്നു. ആരൊക്കെയാണ് ഒപ്പിട്ടിരുന്നതെന്ന് കൃത്യമായി ഓർമ്മയില്ല.

## സമിതിയുടെ നിഗമനങ്ങൾ

**കഴിഞ്ഞ കുറെ വർഷങ്ങളായി ഇന്ത്യയുടെ ഐ.ടി./ഐ.ടി.ഇ.എസ്. മേഖലയിൽ പ്രവർത്തിച്ചുവരുന്നതും ഏറെ വിജയകരമായി അന്താരാഷ്ട്ര തലത്തിൽ അംഗീകാരം നേടിയിട്ടുള്ളതുമായ വിവിധ കമ്പനികളിൽ നിയമനം നേടുന്നതിന് ഐ.ടി. യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ പരിശീലനം നല്കുന്നതിനുള്ള ഫിനിഷിംഗ് സ്ക്കൂൾ മാതൃകയാണ് ഐ.സി.ടി. അക്കാഡമിയിലൂടെ വിഭാവനം ചെയ്യപ്പെട്ടത്. ഐ.ടി. മേഖലകളിൽ സാങ്കേതിക വിദ്യ ദിനംതോറും മാറി കൊണ്ടിരിക്കുന്നതിനാൽ അതിനനുസരിച്ച് ട്രെയിനിംഗ് നൽകുന്നതിന് PPP (Public Private Partnership) മോഡലായിരിക്കും ഉചിതമെന്ന് കണ്ടതിനാൽ സംസ്ഥാനം സമർപ്പിച്ച നിർദ്ദേശം കേന്ദ്ര സർക്കാർ അംഗീകരിക്കുകയായിരുന്നു. 14 കോടി രൂപയുടെ പ്രോജക്ടിൽ കേന്ദ്ര വിഹിതം 6 കോടി രൂപയും സംസ്ഥാന സർക്കാരിന്റെ വിഹിതം 2.08 കോടി രൂപയും ഐ.റ്റി. ഇൻഡസ്ട്രിയുടെ വിഹിതം 5.92 കോടി രൂപയും ആയിരുന്നു. തമിഴ്നാട്ടിൽ പി.പി.പി. മോഡലിൽ ഐ.സി.ടി അക്കാദമി സ്ഥാപിക്കുന്നതിന് കേന്ദ്രം അനുമതി നൽകിയതിന്റെ പശ്ചാത്തലത്തിൽ കൂടിയാണ് സംസ്ഥാനം ഇത്തരത്തിൽ ഒരു നിർദ്ദേശം കേന്ദ്ര സർക്കാർ മുമ്പാകെ സമർപ്പിച്ചത്. 2008 മേയ് മാസത്തിൽ കേന്ദ്ര സർക്കാരിനയച്ച നിർദ്ദേശത്തിന് 5-11-2008-ൽ ഭരണാനുമതി ലഭിച്ചതിനെത്തുടർന്ന് 19-12-2008-ൽ പി.പി.പി. മോഡലിൽ ഐ.സി.ടി. അക്കാദമി ആരംഭിക്കുന്നതിന് കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (KSITIL)-ന് സംസ്ഥാന സർക്കാർ അനുമതി നൽകിക്കൊണ്ട് ഉത്തരവ് ഇറക്കുകയും 22-12-2008-ൽ കേന്ദ്ര സർക്കാരിനെ ഈ വിവരം അറിയിച്ചതിനെ തുടർന്ന് 19-5-2009-ൽ ആദ്യ ഗഡുവായ 2.5 കോടി രൂപ ലഭിക്കുകയും ചെയ്തു. അത്യന്താധുനിക വിവരസാങ്കേതിക വിദ്യകളിലുള്ള പരിശീലന മേഖലകളിൽ സാന്നിദ്ധ്യമുറപ്പിച്ചിട്ടുള്ള പ്രമുഖ കമ്പനികളിൽ നിന്നും നേരിട്ട് നിയമനം ലഭിക്കുന്ന തരത്തിൽ സ്വകാര്യ കമ്പനികളുമായി ചേർന്ന് പ്രവർത്തനം ഏകോപിപ്പിക്കുന്നതിലേക്കായി K.S.I.T.I.L.-നെ ചുമതലപ്പെടുത്തിയത് വളരെ ശരിയായ ഒരു നടപടി തന്നെയായിരുന്നു. 1956-ലെ കമ്പനീസ് ആക്ട് പ്രകാരം ഒരു കമ്പനി രജിസ്റ്റർ ചെയ്യാനും അതിന്റെ അടിസ്ഥാനത്തിൽ ഒരു ലക്ഷം ഇക്യൂറ്റി ഏർപ്പെടുത്തിക്കൊണ്ട് സ്വകാര്യ കമ്പനികളുടെ പങ്കാളിത്തം കൂടി കൊണ്ടുവരുന്ന തരത്തിലുള്ള ഒരു ബിസിനസ് മോഡലായിരുന്നു K.S.I.T.I.L. വിഭാവനം ചെയ്തിരുന്നത്.**

**ഐ.സി.ടി. അക്കാദമിയുടെ പ്രവർത്തനം സംബന്ധിച്ച് സ്പെഷ്യൽ ഓഫീസറായി തിരുവനന്തപുരം സബ് കളക്ടർ ശ്രീ. കെ. ബിജുവിനെ 28-5-2009-ൽ സർക്കാർ**

നിയമിച്ചു. ശ്രീ. കെ. ബിജുവിന്റെ നേതൃത്വത്തിൽ എഡ്യുക്കേഷൻ ആന്റ് ട്രെയിനിംഗ് രംഗത്തുള്ള നിരവധി കമ്പനികളുമായി ചർച്ചകൾ നടത്തി. ധാരാളം സ്വകാര്യ കമ്പനി പ്രതിനിധികളുമായും ഐ.ടി. മേഖലയിലെ വിദഗ്ദ്ധരുമായും കൂടി ക്കാഴ്ചകൾ നടത്തി. കേരള സംസ്ഥാന ഐ.ടി. മിഷനുമായി ചേർന്ന് വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. ഉദ്യോഗാർത്ഥികൾക്ക് ട്രെയിനിംഗ് നല്കുന്ന പദ്ധതികൾ ഫലപ്രദമായി മുന്നോട്ട് കൊണ്ട് പോകുന്നത് സംബന്ധിച്ചും RFP (Request for Proposal) തയ്യാറാക്കുന്നത് സംബന്ധിച്ചും ധാരാളം ചർച്ചകൾ നടത്തി. ഐ.ടി. മിഷനിൽ വച്ച് ഇൻഫോപാർക്ക് സി.ഇ.ഒ., ഐ.ടി. സെക്രട്ടറി, ടെക്നോപാർക്ക് സി.ഇ.ഒ., ട്രേഡ് ഓർഗനൈസേഷൻസ് തുടങ്ങിയവർ പങ്കെടുത്ത ഗൗരവപൂർവ്വമായ ചർച്ചകൾ ഉണ്ടായി. മറ്റ് സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന കമ്പനികളിൽനിന്നുപോലും പദ്ധതിക്ക് സഹകരണം ലഭിക്കുന്ന തരത്തിൽ കാര്യങ്ങൾ മുന്നോട്ട് പോയി. ധാരാളം കമ്പനികൾ പദ്ധതിയുമായി സഹകരി ക്കുവാൻ താല്പര്യം കാണിച്ചു. രണ്ട് മൂന്ന് RFPകൾ തയ്യാറാക്കുകയും 15-2-2010-ൽ ഫൈനൽ ഡ്രാഫ്റ്റ് സമർപ്പിക്കുകയും 3-7-2010-ൽ സർക്കാർ അത് അംഗീകരിക്കു കയും ചെയ്തു. ന്യൂഡൽഹിയിൽ വച്ച് കേന്ദ്ര ഐ.ടി. സെക്രട്ടറിയുമായി റിവ്യൂ മീറ്റിംഗ് നടത്തുകയും പ്രോജക്ടിന്റെ പുരോഗതി വിലയിരുത്തുകയും ചെയ്തു.

ഇപ്രകാരം ഐ.സി.ടി. അക്കാദമി സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതാണ്ട് പൂർത്തിയാക്കിയ അവസരത്തിലാണ് പൊടുന്നനെ 15-7-2010-ൽ ഐ.സി.ടി. അക്കാദമി സ്ഥാപിക്കുന്നതിന് താല്പര്യം അറിയിച്ച് കൊണ്ട് ഐ.എച്ച്.ആർ.ഡി. രംഗപ്രവേശം ചെയ്യുന്നത്. ഇതിന്മേൽ തീരുമാനമെടുക്കുന്നതിന് 29-7-2010-ൽ ഫയൽ മുഖ്യമന്ത്രിക്ക് സമർപ്പിക്കുകയും 16-9-2010-ൽ നിലവിലുള്ള ഇംപ്ലിമെന്റിംഗ് ഏജൻസി, ഇംപ്ലിമെന്റിംഗ് ഓഫീസർ, ഐ.ടി. വകുപ്പ് സെക്രട്ടറി, ഐ.എച്ച്.ആർ.ഡി. ഡയറക്ടർ എന്നിവരുടെ യോഗം വിളിക്കണമെന്ന് നിർദ്ദേശിക്കുകയും അതിൻപ്രകാരം 8-10-2010-ൽ യോഗം ചേരുകയും ഐ.എച്ച്.ആർ.ഡി. ഡയറക്ടറോട് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. തുടർന്ന് 18-12-2010-ലെ 46/10/ITD ഉത്തരവ് പ്രകാരം ഐ.സി.ടി. അക്കാദമി പി.പി.പി. മോഡലിൽ നിന്ന് മാറ്റി ഐ.എച്ച്.ആർ.ഡി.യെ ഏൽപ്പിച്ചു.

ഐ.സി.റ്റി അക്കാദമിയുടെ MOA-യും റൂൾസും അംഗീകരിച്ചുകൊണ്ടും ഐ.സി.ടി. അക്കാദമി സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിനുമുള്ള ക്യാബിനറ്റ് തീരുമാനം 20-1-2011 നാണ് എടുത്തത്. എന്നാൽ ഇത് സംബന്ധിച്ച ഉത്തരവ് 27-1-2011 നാണ് ഇറങ്ങിയതെങ്കിലും 20-1-2011-ലെ തീയതി വച്ച് 22-1-2011-ൽ തന്നെ കേന്ദ്ര ഗവൺമെന്റിലേയ്ക്ക് കത്ത് അയച്ചത് സമിതിയെ അത്ഭുതപ്പെടുത്തു കയുണ്ടായി.

28-5-2009 മുതൽ 18-12-2010 വരെ ഏകദേശം ഇരുപത് മാസത്തോളം ഐ.സി.ടി. അക്കാദമിയുടെ പ്രവർത്തനത്തിന് വേണ്ടി അഹോരാത്രം അദ്ധ്വാനിച്ച സ്പെഷ്യൽ ഓ ഫീസർ ശ്രീ. കെ. ബിജു നിരവധി ചർച്ചകൾക്കും സെമിനാറുകൾക്കുംശേഷം RFP തയ്യാറാക്കി സമർപ്പിക്കുകയും ആയത് ബിഡ്സ് ചെയ്യുന്നതിന് ഉത്തരവാകുകയും ചെയ്തശേഷം ഒരു സുപ്രഭാതത്തിൽ ഇതിനെയെല്ലാം കാറ്റിൽ പറത്തി അക്കാദമിയുടെ

രൂപീകരണം ഐ.എച്ച്.ആർ.ഡി.യെ ഏൽപ്പിച്ചതിന്റെ കാരണം ദുരൂഹമാണ്. സമിതി മുൻപാകെ ഹാജരായ ഒരു സാക്ഷികൾക്കും ഇത് സംബന്ധിച്ച് വ്യക്തമായ വിശദീകരണം നൽകാൻ സാധിച്ചില്ല എന്നത് എടുത്ത് പറയേണ്ടതാണ്.

അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ പൂർണ്ണ അറിവോടു കൂടിയാണ് പി.പി.പി. മോഡലിൽ നിന്നും ഐ.എച്ച്.ആർ.ഡി.യിലേക്കുള്ള ഈ കൈമാറ്റം നടന്നതെന്ന് സമിതി കരുതുന്നു. സ്പെഷ്യൽ ഓഫീസറുടെ ജോലി പൂർത്തിയായെന്ന് ശ്രീ. കെ. ബിജുവിനെ അറിയിക്കുകപോലും ചെയ്തിട്ടില്ല എന്നത് മാത്രമല്ല, അദ്ദേഹം ഇപ്പോഴും പ്രസ്തുത ജോലിയിൽ തുടരുകയുമാണ്.

ഇതിന്റെ വിശദാംശം ആരാഞ്ഞ സമിതിയോട് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇങ്ങനെ മറുപടി നൽകി:

"സ്വകാര്യ മേഖലയേക്കാൾ പ്രാധാന്യം പൊതുമേഖലയ്ക്കുണ്ടാകുക എന്ന ഞങ്ങളുടെ നയത്തിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ കൊണ്ടുപോയി എന്നേയുള്ളൂ. അത് ഞാൻ പറഞ്ഞു കഴിഞ്ഞു."

14 കോടി രൂപയുടെ ബഡ്ജറ്റിൽ മൂന്ന് വർഷത്തെ പ്രോജക്ടായി ഐ.സി.ടി. അക്കാദമി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചത് സംസ്ഥാന സർക്കാരാണ്. പി.പി.പി. മോഡൽ വേണമെന്ന് നിർദേശം സംസ്ഥാനം തന്നെയാണ് മുന്നോട്ട് വച്ചത്. 5-11-2008-ൽ കേന്ദ്രം ഇത് അംഗീകരിക്കുകയും തുടർന്ന് സംസ്ഥാനം തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഇതിന് ശേഷം പൊതുമേഖലയോടുള്ള താല്പര്യംമൂലമാണ് ഐ.എച്ച്.ആർ.ഡി.യെ ഏൽപ്പിച്ചതെന്ന വാദം സാമാന്യ ബുദ്ധിക്ക് നിരക്കുന്നതല്ല. ഐ.സി.ടി. അക്കാദമി യുടെ രൂപീകരണം പി.പി.പി. മോഡലിൽ നിന്ന് മാറ്റി ഐ.എച്ച്.ആർ.ഡി.യെ ഏല്പിക്കുന്നതിനുള്ള അനുവാദം ചോദിച്ചുകൊണ്ടുള്ള കത്ത് 20-1-2011-ന് കേന്ദ്ര സർക്കാരിന് അയച്ചെങ്കിലും അനുവാദം ഇതുവരെ ലഭ്യമായിട്ടില്ലെന്നാണ് സമിതി മനസ്സിലാക്കുന്നത്.

കൂടാതെ പി.പി.പി. മോഡലിൽ പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ട്. ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്ന മോഡൽ ഫിനിഷിംഗ് സ്കൂളുകൾ ഇത്തരത്തിൽപ്പെട്ട ഒന്നാണ്. ഇത് സംബന്ധിച്ച് സമിതി യുടെ ചോദ്യത്തിന് മുൻ ഐ.ടി. സെക്രട്ടറി ഡോ. അജയ്കുമാർ ഇപ്രകാരം മറുപടി പറഞ്ഞു :

"പോളിസി ഡിസിഷൻ എന്നുപറഞ്ഞാൽ പ്രൈവറ്റ് സെക്ടറുമായി ചേർന്ന് ഒന്നും ചെയ്യേണ്ട എന്നുള്ള തീരുമാനമില്ലായിരുന്നു. പക്ഷെ ഒരു സ്പെഷ്യൽ പ്രോജക്ട് പി.പി.പി. മോഡലിൽ നിന്ന് മാറിയിട്ട് പബ്ലിക് സെക്ടറിന് കൊടുക്കു ന്നത് ഗവൺമെന്റിന്റെ പോളിസി അനുസരിച്ചുള്ള തീരുമാനമായിരുന്നു. ഐ.ടി. ഡിപ്പാർട്ട്മെന്റ് പല പ്രോജക്ടുകളും പി.പി.പി. മോഡലിൽ ചെയ്തുകൊണ്ടിരി ക്കുകയായിരുന്നു."

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ.ടി. സെക്ടറിൽ 98% ത്തോളം സ്വകാര്യമേഖലയിലാണ് പ്രവർത്തിക്കുന്നത്. ഇവർക്കാവശ്യമായ ടെക്നോക്രാറ്റുകളെ പരിശീലിപ്പിക്കുന്നതിനുവേണ്ടിയാണ് ഐ.സി.ടി. അക്കാദമി ആരംഭിക്കുന്നത്.

ഇത്തരം പരിശീലനം ഐ.എച്ച്.ആർ.ഡി.ക്ക് നൽകുവാൻ കഴിയുമോ എന്ന ചോദ്യത്തിന് സ്പെഷ്യൽ ഓഫീസർ കെ. ബിജു ഇപ്രകാരം മറുപടി നൽകി :

"ഡൈനാമിക് ഐ.റ്റി. മാർക്കറ്റിൽ പ്രൈവറ്റ് സെക്ടറിലെ എക്സ്പർട്ടൈസ് ആവശ്യമാണ്. ഗവൺമെന്റിന്റെ പ്രെസന്റ് സെറ്റപ്പിൽ എവരിഡേ ചെയ്ഞ്ചിംഗ് ഫേസ് ഓഫ് ദി ഐ.റ്റി. ഇക്കോണമിയാണ്. അപ്പോൾ അതിനനുസരിച്ചുള്ള കോഴ്സ് കരിക്കുലമെല്ലാം ഡൈനാമിക് ആയതുകൊണ്ട് പ്രൈവറ്റ് സെക്ടറിലെ എക്സ്പർട്ടൈസ് അത്യാവശ്യമായിരുന്നു. **P.P.P. model was envisaged.** തമിഴ്നാട് ചെയ്ത ഐ.സി.റ്റി അക്കാഡമി മോഡലിൽ **Confederation of Indian Industry (CII)** ആയിരുന്നു പാർട്ണർ. കൺസോർഷ്യം ഓഫ് ഇൻഡസ്ട്രീസ് എല്ലാംകൂടി 74 ശതമാനം ഗ്രൂപ്പ് ചെയ്തുകൊണ്ട് തുടങ്ങി. അവിടെ ഇത് ലോഞ്ച് ചെയ്ത് ക്ലാസ് നടക്കുകയാണ്."

തമിഴ്നാട്ടിൽ ഐ.സി.ടി. അക്കാദമി CII യുമായി ചേർന്നാണ് പ്രവർത്തിക്കുന്നത്. പദ്ധതിക്കാവശ്യമായ പണത്തിന്റെ നിശ്ചിതഭാഗം സ്വകാര്യ മേഖലയിൽ നിന്നാണ് സമാഹരിക്കേണ്ടത്. സംസ്ഥാനത്ത് രൂപീകരിക്കുന്ന ഐ.സി.ടി. അക്കാദമിയുടെ 74% ഐ.ടി. സെക്ടറിൽ നിന്നാണ് സമാഹരിക്കേണ്ടത്. ഐ.എച്ച്. ആർ.ഡി.യെ ഏൽപ്പിച്ചതിലൂടെ ഈ സാധ്യതയാണ് അടഞ്ഞ് പോയത്.

ചുരുക്കത്തിൽ ഐ.എച്ച്.ആർ.ഡി.യോടുള്ള താല്പര്യമല്ല മറിച്ച് അഡീഷണൽ ഡയറക്ടറായി ജോലി ചെയ്യുന്ന ശ്രീ. വി. എ. അരുൺ കുമാറിനെ ഏതുവിധേനയും ഡയറക്ടറാക്കുന്നതിന് വേണ്ടിയാണ് ഐ.എച്ച്.ആർ.ഡി.യുടെ പ്രൊപ്പോസൽ അംഗീകരിച്ചതെന്ന് എല്ലാ സാഹചര്യ തെളിവുകളും വെളിവാക്കുന്നു.

ഐ.എച്ച്.ആർ.ഡി.യുടെ ഭരണ വകുപ്പായ ഉന്നത വിദ്യാഭ്യാസ വകുപ്പിനെ നോക്കുകുത്തിയാക്കിക്കൊണ്ടാണ് ഡയറക്ടറുടെ നേതൃത്വത്തിൽ സർക്കാരിന്റെ മറ്റൊരു വകുപ്പായ ഐ.ടി. വകുപ്പുമായി നേരിട്ട് ഇടപാടുകൾ നടത്തിയെന്നത് സമിതി ഗൗരവമായി കാണുന്നു.

ഐ.സി.ടി. അക്കാദമി ആരംഭിക്കുന്നതിനുള്ള ചുമതല ഐ.എച്ച്.ആർ.ഡി.യെ ഏല്പിച്ചതിനെത്തുടർന്ന്, അക്കാദമിയുടെ MOA, റൂൾസ് & റെഗുലേഷൻസ് എന്നിവ 5-1-2011-ന് ക്യാബിനറ്റ് അംഗീകാരത്തിനായി ഐ.എച്ച്.ആർ.ഡി. സർക്കാരിന് സമർപ്പിച്ചു. അക്കാദമി ഡയറക്ടറെ നിയമിക്കാനുള്ള അധികാരം ഐ.എച്ച്.ആർ. ഡി.ക്കും തസ്തിക സൃഷ്ടിക്കാനുള്ള അധികാരം ഗവേണിംഗ് ബോഡിക്കുമായിരിക്കുമെന്നായിരുന്നു വ്യവസ്ഥ ചെയ്തിരുന്നത്. പ്രസ്തുത വ്യവസ്ഥകളെ ധനവകുപ്പ് എതിർക്കുകയും ഡയറക്ടറെ നിയമിക്കുന്നതിനുള്ള അധികാരം സർക്കാരിനായിരിക്കുമെന്നും തസ്തികകൾ സൃഷ്ടിക്കുന്നത് സർക്കാരിന്റെ മുൻകൂർ അനുമതിയോടെയായിരിക്കണമെന്നും ഭേദഗതി വരുത്തുകയും ചെയ്തു. ഡയറക്ടറുടെ നിയമനാധികാരത്തെക്കുറിച്ച് പറയുന്ന റൂൾ 8(3)-ലും 45-ലും ഇപ്രകാരം ധന വകുപ്പ് ഭേദഗതി നിർദ്ദേശിച്ചുഎങ്കിലും ധനവകുപ്പിന്റെ ഭേദഗതി റൂൾ 45-ൽ വരുത്താതെയാണ് ക്യാബിനറ്റ് അംഗീകരിച്ചത്. ഇപ്രകാരം ക്യാബിനറ്റ്

അംഗീകരിച്ച MOA -യിൽ ഡയറക്ടർ നിയമനം സംബന്ധിച്ച് പരസ്പര വിരുദ്ധ മായ ചട്ടങ്ങൾ കടന്നുകൂടിയത് കേവലം യാദൃശ്ചികമാണെന്ന് സമിതി കരുതുന്നില്ല. ഡയറക്ടർ നിയമനാധികാരം ഐ.എച്ച്.ആർ.ഡി. യിൽ തന്നെ റൂൾ 45 പ്രകാരം നിലനിർത്തിയത് ഐ.എച്ച്.ആർ.ഡി.യെ വഴിവിട്ട് സഹായിക്കുന്നതിനുള്ള ഒരു ഗൂഢനീക്കമായിരുന്നുവെന്ന് സമിതി സംശയിക്കുന്നു.

ഐ.സി.ടി. അക്കാദമി സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിന് അനുവാദം നൽകിക്കൊണ്ട് ഉത്തരവിറങ്ങുന്നത് 6/11/ ITD തീയതി 27-12011 നമ്പർ ഉത്തരവ് പ്രകാരമാണ്. പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ച് ഏഴാം ദിവസം (2-2-2011) 1955-ലെ തിരുവതാംകൂർ-കൊച്ചി ശാസ്ത്ര സാങ്കേതിക സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘടനകൾ രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് ഐ.സി.ടി. അക്കാദമി രജിസ്റ്റർ ചെയ്യുകയും ചെയ്തു. സൊസൈറ്റിയിൽ താഴെപ്പറയുന്ന പതിനൊന്നു പേരാണ് സൊസൈറ്റിയുടെ ഗവേണിംഗ് ബോഡി അംഗങ്ങളായി രജിസ്റ്റർ ചെയ്യാനുള്ള രേഖയിൽ ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നത്.

1. ശ്രീ. വി. എസ്. അച്ചുതാനന്ദൻ, മുഖ്യമന്ത്രി
2. ശ്രീ. എം. എ. ബേബി, വിദ്യാഭ്യാസ വകുപ്പ് മന്ത്രി.
3. ശ്രീ. വി. എസ്. അച്ചുതാനന്ദൻ, (ഐ.റ്റി. വകുപ്പ് മന്ത്രി)
4. ചീഫ് സെക്രട്ടറി
5. അഡീഷണൽ ചീഫ് സെക്രട്ടറി (ഇൻഡസ്ട്രീസ്)
6. ഫിനാൻസ് സെക്രട്ടറി
7. ഉന്നതവിദ്യാഭ്യാസ വകുപ്പു സെക്രട്ടറി
8. വൈസ് ചാൻസലർ, കുസാറ്റ്
9. ഡയറക്ടർ ഐ. എച്ച്. ആർ. ഡി.
10. സെക്രട്ടറി, ഐ.റ്റി. വകുപ്പ്
11. ശ്രീ. വി. എ. അരുൺകുമാർ, ഡയറക്ടർ, ഐ.സി.റ്റി അക്കാദമി

അതിൽ ഒന്നാമതായി ഒപ്പ് രേഖപ്പെടുത്തിരിക്കുന്നത് ശ്രീ. വി. എസ്. അച്ചുതാനന്ദനും പതിനൊന്നാമതായി ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നത് അദ്ദേഹത്തിന്റെ മകനായ ഐ.എച്ച്.ആർ.ഡി അഡീഷണൽ ഡയറക്ടർ ശ്രീ. വി. എ. അരുൺകുമാറുമാണ്.

ഐ.സി.ടി. അക്കാദമിയുടെ ഡയറക്ടർ ആയി ശ്രീ. വി. എ. അരുൺ കുമാ റിനെ നിയമിക്കുന്നതിനുള്ള ആസൂത്രിതമായ നീക്കം സൊസൈറ്റി രജിസ്റ്റർ ചെയ്യുന്നതിന് വളരെ മുമ്പുതന്നെ ആരംഭിച്ചതായി സമിതി മനസ്സിലാക്കുന്നു. ഈ ദിശയിലുള്ള ആദ്യത്തെ നീക്കം 22-12-2010-ൽ അന്നത്തെ ഐ.എച്ച്.ആർ.ഡി. ഡയറക്ടർ ഐ.സി.ടി. അക്കാദമിയുടെ ഡയറക്ടറായി ശ്രീ. വി. എ. അരുൺകുമാറിനെ നിയമിക്കണം എന്നഭ്യർത്ഥിച്ചുകൊണ്ടുള്ള ഒരു നോട്ട് അന്നത്തെ വിദ്യാഭ്യാസമന്ത്രി യായിരുന്ന ശ്രീ. എം. എ. ബേബിക്ക് സമർപ്പിക്കുകയും അദ്ദേഹം "നിർദ്ദേശം

അംഗീകരിക്കുന്നു" വെന്ന് ഉത്തരവിട്ട് നല്കുകയും ചെയ്തു. തുടർന്ന് 15-1-2011-ലെ ഐ.എച്ച്.ആർ.ഡി. ഡയറക്ടർ സർക്കാരിന് അയച്ച കത്തിൽ **"The proposal of IHRD to appoint the Director of the Academy was approved by the Government as per reference 4"** എന്ന ഭാഗത്ത് സൂചിപ്പിക്കുന്ന **reference 4 IHRD**-യെ ഇംപ്ലിമെന്റിംഗ് ഏജൻസിയായി അംഗീകരിച്ചുകൊണ്ടുള്ള 18-12-2010-ലെ 46/10-ാം നമ്പർ ഉത്തരവ് മാത്രമാണെന്നിരിക്കെ, ഇത്തരത്തിൽ തെറ്റിദ്ധരിപ്പിക്കുന്ന ഒരു കത്ത് അയച്ചത് ഐ.എച്ച്.ആർ.ഡി. അഡീഷണൽ ഡയറക്ടർ ആയ ശ്രീ. വി. എ. അരുൺകുമാറിന് ഐ.സി.ടി. ഡയറക്ടർ സ്ഥാനം ഉറപ്പിച്ചുനല്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായിരുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു.

ഐ.സി.ടി. അക്കാദമിയുടെ ഫാക്കൽറ്റി കോ-ഓർഡിനേറ്റേഴ്സിന്റെ വിദ്യാഭ്യാസ യോഗ്യത **PhD./M Phil./ MCA./B Tech. with 5 years Experience** എന്ന് നിശ്ചയിച്ചപ്പോൾ ഇവരുടെ മേൽനോട്ടം വഹിക്കേണ്ട ഡയറക്ടറുടെ വിദ്യാഭ്യാസ യോഗ്യത നിശ്ചയിക്കാതിരുന്നത് **MCA** ബിരുദമുള്ള ശ്രീ. വി. എ. അരുൺകുമാറിന്റെ നിയമനം മനസ്സിൽ കണ്ടാണെന്ന് സമിതി വിലയിരുത്തുന്നു. ഐ.എച്ച്.ആർ.ഡി.യിൽ **Ph.D.** ബിരുദമുള്ള രണ്ട് അഡീഷണൽ ഡയറക്ടർമാർ നിലവിലുണ്ടായിരുന്നപ്പോൾ **MCA** ബിരുദമുള്ള ശ്രീ. വി. എ. അരുൺകുമാറിനെ ഐ.സി.ടി ഡയറക്ടറായി നിയമിച്ചത് ഇദ്ദേഹത്തോടുള്ള പ്രത്യേക താല്പര്യംമൂലമാണെന്ന് സമിതി വിലയിരുത്തുന്നു.

31-1-2011-ന് ഐ.എച്ച്.ആർ.ഡി. ഡയറക്ടർ ഐ.റ്റി. വകുപ്പിന് അയച്ച പി. 328/2011/**IHRD** നമ്പർ കത്തിൽ **In pursuance of the Government Order referred above, Shri V. A. Arunkumar, Director, ICT Academy has given necessary instructions to proceed with the registration of the society and to do all necessary things to function the Academy as early as possible** എന്ന് രേഖപ്പെടുത്തിയിരുന്നുവെങ്കിലും ശ്രീ. വി. എ. അരുൺകുമാറിനെ ഐ.സി.റ്റി. അക്കാഡമിയുടെ ഡയറക്ടറായി സർക്കാർ നിയമിച്ചിട്ടില്ല എന്ന് കാണിച്ച് ഐ. റ്റി. വകുപ്പ് തിരിച്ച് കത്ത് അയച്ചില്ല എന്നത് ശ്രീ. വി. എ. അരുൺകുമാറിന്റെ ഡയറക്ടർ നിയമനം സർക്കാർ അംഗീകരിച്ചുവെന്നതിന്റെ ഉത്തമ ഉദാഹരണമായി സമിതി വിലയിരുത്തുന്നു. ഐ.എച്ച്. ആർ.ഡി.യുടെ ഭരണ വകുപ്പായ ഉന്നത വിദ്യാഭ്യാസ വകുപ്പിന് ഈ നിയമനവുമായി ബന്ധപ്പെട്ട് ഒരു കത്തുപോലും അയച്ചില്ല എന്നത് നിലവിലുള്ള ഭരണക്രമത്തിന്റെ ലംഘനമാണെന്ന് സമിതി വിലയിരുത്തുന്നു.

ഐ.സി.ടി. അക്കാദമി സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത രേഖയിൽ മുഖ്യമന്ത്രി, വിദ്യാഭ്യാസ വകുപ്പ് മന്ത്രി, ഐ.ടി. സെക്രട്ടറി വരെയുള്ള പത്ത് പേരും ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നത് ഔദ്യോഗിക സ്ഥാനങ്ങൾ വഹിക്കുന്നവരെന്ന നിലയിലാണ്. എന്നാൽ ശ്രീ. വി. എ. അരുൺകുമാർ, ഐ.സി.ടി. അക്കാഡമി ഡയറക്ടർ എന്ന സ്ഥാനം വഹിക്കുന്നയാളെന്ന നിലയിലാണ് പതിനൊന്നാമതായി ഒപ്പു രേഖപ്പെടുത്തിയിരിക്കുന്നത്. ഐ.സി.ടി അക്കാദമിയുടെ ക്യാബിനറ്റ് അംഗീകരിച്ച **MOA** പ്രകാരം ഡയറക്ടറെ നിയമിക്കേണ്ടത് സർക്കാരാണ്. എന്നാൽ ക്യാബിനറ്റ് തീരുമാനത്തെ അട്ടിമറിച്ചുകൊണ്ട് അന്നത്തെ വിദ്യാഭ്യാസ

മന്ത്രിയുടെയും ഐ.എച്ച്.ആർ.ഡി. ഡയറക്ടറുടെയും ഒളിഞ്ഞും തെളിഞ്ഞുമുള്ള അനുവാദത്തോടെ, നിയമിതനാകാത്ത തസ്തികയുടെ പേരിൽ ശ്രീ. വി. എ. അരുൺകുമാർ ഒപ്പ് രേഖപ്പെടുത്തിയത് അതീവ ഗൗരവത്തോടെ സമിതി വീക്ഷിക്കുന്നു.

സംസ്ഥാനത്തെ മുഖ്യമന്ത്രിയും വിദ്യാഭ്യാസമന്ത്രിയും അടക്കമുള്ളവർ ഒപ്പിട്ട ഒരു രേഖയിൽ ഇല്ലാത്ത സ്ഥാനത്തിന്റെ പേരിൽ ശ്രീ. വി. എ. അരുൺകുമാർ ഒപ്പ് രേഖപ്പെടുത്തിയതും ടി രേഖ അന്നത്തെ ഐ.എച്ച്.ആർ.ഡി ഡയറക്ടർ പ്രൊഫ. വി. സുബ്രഹ്മണി അടക്കമുള്ളവർ ഒപ്പുവെയ്ക്കുകയും ഐ.ടി. സെക്രട്ടറി ശ്രീ കെ. സുരേഷ് കുമാർ കൗണ്ടർ സൈനും ചെയ്ത് തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ മുമ്പാകെ ഹാജരാക്കി രജിസ്റ്റർ ചെയ്തതുംവഴി ശ്രീ. വി. എ. അരുൺ കുമാറിനെ ഐ.സി.ടി. അക്കാദമി ഡയറക്ടറായി സംസ്ഥാന സർക്കാർ അംഗീകരിച്ചു എന്നതിന്റെ ഏറ്റവും വലിയ തെളിവായി സമിതി വിലയിരുത്തുന്നു. സൊസൈറ്റി രജിസ്റ്റർ ചെയ്യുന്നതിനുള്ള രേഖ ഐ. റ്റി. സെക്രട്ടറി ആയിരുന്ന ശ്രീ. കെ. സുരേഷ് കുമാർ കൗണ്ടർസൈൻ ചെയ്തതുവഴി ശ്രീ. വി. എ. അരുൺ കുമാറിന്റെ ഡയറക്ടർ നിയമനത്തിൻമേൽ 'സർക്കാർ മുദ്ര' പതിപ്പിക്കുകയായിരുന്നുവെന്ന് സമിതി വിശ്വസിക്കുന്നു. ശ്രീ. വി. എ. അരുൺകുമാറിനെ ഐ.സി.ടി. അക്കാദമി യുടെ ഡയറക്ടറായി നിയമിച്ചിട്ടില്ലായെന്ന ശ്രീ. വി.എസ്. അച്ചുതാനന്ദന്റെ മൊഴി വാദത്തിനുവേണ്ടി സമ്മതിച്ചാൽ, സർക്കാർ അതോറിറ്റിയായ ജില്ലാ രജിസ്ട്രാറുടെ മുൻപാകെ ഐ.സി.ടി. അക്കാദമിയുടെ ഡയറക്ടർ സ്ഥാനം ചമഞ്ഞ് ശ്രീ. വി. എ. അരുൺകുമാർ സമർപ്പിച്ചത് വ്യാജരേഖയാണെന്നുവരും.

ഈ വിഷയം സംബന്ധിച്ച് സമിതിക്കുമുമ്പിൽ മുൻ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ നല്കിയ മൊഴി ഇപ്രകാരമാണ്.

"ഇത് സംബന്ധിച്ച് ഉദ്യോഗസ്ഥൻമാർ ഇത് സംഘടിപ്പിക്കുന്നതിനുവേണ്ടി ആദ്യമേ തന്നെ രജിസ്ട്രേഷനുവേണ്ടി കൊടുക്കണമല്ലോ. അങ്ങനെ രജിസ്ട്രേഷന് കൊടുക്കുന്നതിനുവേണ്ടിയുള്ള ഒരു പേപ്പറാണ് എന്നുപറഞ്ഞുകൊണ്ട് എന്നെ ക്കൊണ്ട് ഒപ്പിടുവിക്കാൻ ഉദ്യോഗസ്ഥൻമാർ കൊണ്ടുവന്നു. ഞാൻ എന്റെ പേരിന് നേരെ ഒപ്പിട്ടുകൊടുത്തു. ആരെല്ലാം ഒപ്പിട്ടു എന്നത് ഞാൻ അന്വേഷിച്ചില്ല. എന്റെ ചുമതല ഞാൻ കൂടി ഈ രജിസ്ട്രേഷനുവേണ്ടി പങ്കുവഹിക്കാനെന്ന നിലയിൽ ഉദ്യോഗസ്ഥർ കൊണ്ടുവന്ന് അക്കാര്യങ്ങൾ പറയുകയും അത് ഒപ്പിട്ടു കൊടുക്കു കയും ചെയ്തു. മറ്റ് കാര്യങ്ങൾ ഞാൻ അന്വേഷിച്ചില്ല."

ഇതേ വിഷയം സംബന്ധിച്ച് മുൻ വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ. എം. എ. ബേബി സമിതിയ്ക്ക് മുമ്പിൽ താഴെപ്പറയും പ്രകാരമാണ് മൊഴി നല്കിയത്.

"ഒരു പുതിയ സ്ഥാപനം വരുമ്പോൾ ഏത് സമ്പ്രദായപ്രകാരമാണ് ഡയറ ക്ടറെ നിയമിക്കേണ്ടത് തുടങ്ങിയ കാര്യങ്ങൾ അതിന്റെ ഭാഗമായി തീരുമാനിക്കേ ണ്ടതാണ്. എന്റെ ഓർമ്മയനുസരിച്ച് മെമ്മോറാണ്ടം ഓഫ് അസോസിയേഷനിൽ ഡയറക്ടറെ തീരുമാനിക്കേണ്ടത് ഐ.എച്ച്.ആർ.ഡി.യാണ്."

ഐ.സി.ടി. അക്കാദമി രജിസ്റ്റർ ചെയ്യുന്നതിനായി 11 പേർ ഒപ്പിട്ട രേഖയിൽ ഔദ്യോഗികമായി നിയമിതനാകാത്ത സ്വന്തം മകൻ ശ്രീ. വി. എ. അരുൺ കുമാറിന്റെ പേര് പതിനൊന്നാമതായി രേഖപ്പെടുത്തിയിരിക്കുന്നത് താൻ ശ്രദ്ധിച്ചില്ല

എന്ന വാദം ഒരു മുൻ മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായത് സമിതിയെ അത്ഭുതപ്പെടുത്തി. ഐ.ടി. വകുപ്പിന്റെ ചുമതലകൂടി വഹിച്ചിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദൻ, തന്റെ മകൻ ശ്രീ. വി. എ. അരുൺകുമാർ, അഡീഷണൽ ഡയറക്ടറായി ജോലി ചെയ്യുന്ന ഐ.എച്ച്.ആർ.ഡി.യിൽ നിന്ന് വന്ന ഒരു പ്രധാന രേഖയിൽ ആരെല്ലാമുണ്ടെന്ന് ശ്രദ്ധിച്ചില്ല എന്നു പറയുന്നത് വിശ്വസനീയമായി സമിതിയ്ക്ക് തോന്നുന്നില്ല. മുഖ്യമന്ത്രി ഇക്കാര്യം ശ്രദ്ധിച്ചിട്ടില്ലെങ്കിൽ തന്നെ സ്വാഭാവികമായും അദ്ദേഹത്തിന്റെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ട ഉദ്യോഗസ്ഥർ ഇക്കാര്യം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്താതിരിക്കാനുള്ള സാദ്ധ്യത തുലോം വിരളമാണ്.

ഐ.സി.ടി അക്കാദമിയുടെ ഡയറക്ടറെ നിയമിക്കാനുള്ള ചുമതല സർക്കാരിനാണെന്നും, തന്റെ സർക്കാർ അത് ചെയ്തിട്ടില്ല എന്ന നിലപാടുമാണ് സമിതി മുൻപാകെ ശ്രീ. വി. എസ്. അച്ചുതാനന്ദൻ സ്വീകരിച്ചത്. എന്നാൽ ഡയറക്ടറെ നിയമിക്കാനുള്ള ചുമതല ഐ.എച്ച്.ആർ.ഡി.ക്കാണെന്നും അവർ അത് ചെയ്തപ്പോൾ താൻ അംഗീകരിക്കുകയാണുണ്ടായതെന്നുമാണ് അതേ മന്ത്രിസഭയിലെ അംഗമായ ശ്രീ. എം. എ. ബേബി മൊഴി നൽകിയത്. പരസ്പര വിരുദ്ധമായ ഈ മൊഴികൾ തന്നെ ഇക്കാര്യത്തിൽ കഴിഞ്ഞ സർക്കാരിനുണ്ടായിരുന്ന അവ്യക്തതകൾ വ്യക്തമാക്കുന്നു. യഥാർത്ഥത്തിൽ മന്ത്രിസഭാ തീരുമാനപ്രകാരം സർക്കാരിന് ലഭിച്ച അധികാരം ഐ.എച്ച്.ആർ.ഡി കവർന്നെടുക്കുകയും ഡയറക്ടറായി മുഖ്യമന്ത്രിയുടെ മകൻ വി. എ. അരുൺകുമാറിനെ നിയമിക്കുകയും ആയതിന് അന്നത്തെ മുഖ്യമന്ത്രിയും വിദ്യാഭ്യാസമന്ത്രിയും കൂട്ടുനിൽക്കുകയുമാണുണ്ടായത്.

ഐ.സി.ടി. അക്കാഡമിയുടെ ഡയറക്ടറെ നിയമിക്കാനുള്ള അധികാരം ഐ.ടി. വകുപ്പിനാണെന്നിരിക്കെ ഇത് സംബന്ധിച്ച ഫയൽ ഐ.എച്ച്.ആർ.ഡി.യിൽ നിന്നും ഉത്ഭവിക്കുകയും ശ്രീ. വി.എ അരുൺകുമാറിനെ ഡയറക്ടറായി നിയമിക്കാനുള്ള പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തത് നടപടിക്രമങ്ങളുടെ ലംഘനമാണെന്ന് സമിതി വിലയിരുത്തുന്നു.

പി.പി.പി. മോഡലിൽ നിന്നും കാരണങ്ങൾ ഒന്നും പറയാതെ മാറുകയും അതിന് കേന്ദ്രാനുമതി വാങ്ങാതിരിക്കുകയും ചെയ്തതുവഴി സംസ്ഥാനത്തെ ഐ.ടി. ബിരുദധാരികൾക്ക് തൊഴിലവസരം നൽകുന്ന വലിയൊരു പദ്ധതിയും കേന്ദ്രസഹായവും നഷ്ടപ്പെടുത്തുകയുമാണ് ചെയ്തത്.

ഐ.സി.ടി. (ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി) അക്കാദമി ഡയറക്ടറായി ശ്രീ. വി. എ. അരുൺകുമാറിനെ നിയമിച്ചു എന്ന ആരോപണത്തെകുറിച്ച് അന്വേഷിച്ച സമിതിക്ക് കണ്ടെത്താനായത് അമ്പരപ്പിക്കുന്ന വസ്തുതകളാണ്. ഐ.എച്ച്.ആർ.ഡി. അഡീഷണൽ ഡയറക്ടറായിരുന്ന ശ്രീ. വി. എ. അരുൺകുമാറിനെ ഐ.സി.ടി. അക്കാദമിയുടെ തലവനായി നിയമിച്ച് ടെക്നോപാർക്ക് സി.ഇ.ഒ.യുടെ ശമ്പളവും ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിന് സംസ്ഥാനത്തെ ഭരണ സംവിധാനം വഴിയൊരുക്കിയതിന്റെ വിശദാംശമാണ് സമിതി മുൻപാകെ അനാവൃതമായത്.

**ഐ.സി.ടി. ഡയറക്ടർ സ്ഥാനത്തേക്ക് ശ്രീ. വി. എ. അരുൺകുമാറിനെ നിയമിക്കണമെന്നഭ്യർത്ഥിച്ച് നോട്ട് സമർപ്പിച്ച അന്നത്തെ ഐ.എച്ച്.ആർ.ഡി. ഡയറക്ടർ പ്രൊഫ. വി. സുബ്രഹ്മണിയുടെയും ഐ.എച്ച്.ആർ.ഡി.യുടെ ഭരണ വകുപ്പായ ഉന്നത വിദ്യാഭ്യാസ വകുപ്പിനെ നോക്കുകുത്തിയാക്കി ഇപ്രകാരം സമർപ്പിക്കപ്പെട്ട നോട്ട് അംഗീകരിച്ചു നല്കിയ അന്നത്തെ വിദ്യാഭ്യാസ മന്ത്രി ശ്രീ. എം. എ. ബേബിയുടെയും ശ്രീ. വി. എ. അരുൺകുമാർ ഒപ്പ് രേഖപ്പെടുത്തിയ സൊസൈറ്റി രജിസ്ട്രേഷന്റെ രേഖ കൗണ്ടർ സൈൻ ചെയ്ത് അംഗീകരിച്ച അന്നത്തെ ഐ.ടി. സെക്രട്ടറി ശ്രീ. കെ. സുരേഷ് കുമാറിന്റെയും ഐ.ടി. വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദന്റെയും കൂട്ടായ കാർമ്മികത്വത്തിലാണ് ഈ ആസൂത്രിതമായ നീക്കം നടന്നതെന്ന് സമിതി വിലയിരുത്തുന്നു. ഇതിൽ നിന്നും ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി (ഐ. സി. റ്റി.) അക്കാദമി ഡയറക്ടറായി ശ്രീ. വി. എ. അരുൺകുമാറിനെ നിയമിച്ചതായി ശ്രീ. പി. സി. വിഷ്ണുനാഥ് നിയമസഭയിൽ ഉന്നയിച്ച ആരോപണം വസ്തുതാപരമാണെന്ന് സമിതി വിലയിരുത്തുന്നു.**

2. മോഡൽ ഫിനിഷിംഗ് സ്കൂളിന്റെ ഡയറക്ടറായി ശ്രീ. വി. എ. അരുൺ കുമാറിനെ നിയമിച്ചുവെന്ന ആരോപണം

ഈ വിഷയം സംബന്ധിച്ച് ഉദ്യോഗസ്ഥർ നൽകിയ മൊഴി താഴെ ചേർക്കുന്നു.

***(എ). ശ്രീ. കെ. എസ്. ശ്രീനിവാസ് സ്പെഷ്യൽ സെക്രട്ടറി, ഐ.ടി. വകുപ്പ് 9-11-2011-ൽ നൽകിയ മൊഴി***

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ മോഡൽ ഫിനിഷിംഗ് സ്കൂൾ തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ ഐ. റ്റി. വകുപ്പിന് നല്കിയത് ഐ. എച്ച്. ആർ. ഡി.യാണ്. 28-5-2007-ലെ ഐ. ടി. വകുപ്പിന്റെ വർക്കിംഗ് ഗ്രൂപ്പിലാണ് പ്രസ്തുത പ്രൊപ്പോസലിന് സർക്കാർ അനുവാദം നല്കിയത്. തുടർന്ന് ആയതിന്റെ ഭരണാനുമതിക്കുവേണ്ടി 12-6-2007 തീയതിയിലെ 115/2007/ഐ. റ്റി. ഡി. നമ്പരായി ഒരു സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത പ്രൊപ്പോസൽ അംഗീകരിക്കുകയും ചെയ്തു. അതിനുശേഷം 17-9-2007-ലെ 192/2007/ഐ. റ്റി. ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരുകോടി രൂപ ഐ. റ്റി. മിഷന് നല്കി.

തിരുവനന്തപുരത്തെ മോഡൽ ഫിനിഷിംഗ് സ്കൂളിന്റെ ഉദ്ഘാടനം 29-2-2008-ന് നടന്നു.10-3-2008-ൽ കെ. എസ്. ഐ. റ്റി. എം. 85 ലക്ഷം രൂപ ഐ.എച്ച്.ആർ.ഡി.ക്ക് നല്കി.

മോഡൽ ഫിനിഷിംഗ് സ്കൂൾ തുടങ്ങുന്നതിനുള്ള തുക നല്കുന്നതിനായി നിശ്ചയിച്ച നിബന്ധനകൾ താഴെപ്പറയും പ്രകാരമാണ് :

(1) പ്രോജക്ടിന്റെ 50% പൂർത്തിയായതിനുശേഷം മാത്രം ഫണ്ട് അനുവദിക്കുക

(2) ഫിനിഷിംഗ് സ്കൂൾ വിദ്യാർത്ഥികൾക്ക് ഉടനടി നിയമനം ഉറപ്പുവരുത്തുന്നതിനായി ഐ. റ്റി. ഇൻഡസ്ട്രിയുമായുള്ള സഹകരണം ഉറപ്പാക്കുക.

(3) ട്രെയിനിംഗ് നൽകുന്നതിനുള്ള ഫാക്കൽട്ടി ഉറപ്പുവരുത്തുക.

ഇൻഫോസിസും നാസ്കോമുമായി ടൈ അപ് ഉണ്ടായിരുന്നു.

25-6-2008-ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പിന്റെ മറ്റൊരു യോഗത്തിൽ കൊച്ചിയിൽ മോഡൽ ഫിനിഷിംഗ് സ്കൂൾ ആരംഭിക്കുന്നതിനുവേണ്ടി ഐ. എച്ച്. ആർ. ഡി.ക്ക് ഒരു കോടി രൂപ അനുവദിക്കുകയുണ്ടായി. തുടർന്ന് 20-8-2008-ലെ സർക്കാർ ഉത്തരവ് നമ്പർ 156/2008 പ്രകാരം പ്രസ്തുത തുക റിലീസ് ചെയ്യുന്നതിന് ഭരണാനുമതി നൽകി. ഇതിനെത്തുടർന്ന് കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻ ഐ. എച്ച്. ആർ. ഡി. ഡയറക്ടർക്ക് 16-10-2008 തീയതിയിലെ ചെക്ക് നമ്പർ 93247 പ്രകാരം ഒരു കോടി രൂപ നല്കി.

ഇപ്രകാരം ഫണ്ട് റിലീസ് ചെയ്ത് കൊടുത്ത സമയത്ത് കൊച്ചിയിലെ മോഡൽ ഫിനിഷിംഗ് സ്കൂളിന്റെ 50% പൂർത്തിയാക്കിയിരുന്നില്ല. പ്രസ്തുത സ്കൂൾ ഏതെങ്കിലും ഐ. റ്റി. സ്ഥാപനവുമായി ടൈ-അപ്പ് ചെയ്തിരുന്നില്ല.

തിരുവനന്തപുരത്തും കൊച്ചിയിലും മോഡൽ ഫിനിഷിംഗ് സ്കൂൾ തുടങ്ങുന്നതിന് ഒരു കോടി 85 ലക്ഷം രൂപ ഐ. എച്ച്. ആർ. ഡി.ക്ക് നല്കിയശേഷം പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച് എന്തെങ്കിലും ഫിനാൻഷ്യൽ സ്ക്രൂട്ടിനി നടത്തിയിട്ടില്ല. കൊച്ചിയിലെ മോഡൽ ഫിനിഷിംഗ് സ്കൂളിന്റെ പ്രവർത്തനം സംബന്ധിച്ചോ, അതിനായി നല്കിയ തുകയുടെ യൂട്ടിലൈസേഷൻ സംബന്ധിച്ചോ ഏതെങ്കിലും പരിശോധന നടത്തിയിരുന്നില്ല. എന്നാൽ കൊച്ചിയിൽ ഒരുകോടി രൂപ ചെലവഴിച്ചതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചു. തുക റിലീസ് ചെയ്ത് തരണമെന്നാവശ്യപ്പെട്ട് There is a request from IHRD dated 20-9-2008. IHRD Director sent a letter to the Secretary, IT Department—Subject is Finishing School at Ernakulam.

As you are aware, IHRD has established a Model Finishing School as a joint venture with IT Department and with technical assistance of Infosys at Thiruvananthapuram. The first batch is already completed its training and all the trainees have secured placement in reputed firms. Training of second batch is progressing. In this connection, I am happy to inform you that the objectives of this joint venture has been achieved and effective steps are being taken for improvement of the project.

As decided, we have taken further steps for the establishment of Finishing School at Ernakulam during the current year itself and as a preliminary step, the Director, Model Finishing school and Mission Co-ordinator IT Mission have visited Ernakulam and identified the built up space available in the Jawaharlal Nehru Stadium near IT habitat centre for the establishment of this school. The identification of Faculties is in process and arrangements have already been made with Infosys for the training at Bangalore. IHRD has already requested KSITM to release an amount of Rs.1 Crore earmarked for the purpose vide

letter dated 2nd cited (2nd is given as 16/09). We are taking our best efforts to made the institution functional in the Month of November 2008. As such, I request your good self to kindly ensure the support of IT Mission to release the amount at the earliest for the implementation of the programme as scheduled. അങ്ങനെ ഒരു ലെറ്റർ 29-9-2008-ൽ ഐ. എച്ച്. ആർ. ഡി. ഡയറക്ടർ ഐ. ടി. സെക്രട്ടറിക്ക് കൊടുത്തതാണ്. പിന്നീട് ഈ എമൗണ്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

2008 ഒക്ടോബർ മാസത്തിൽ കൊച്ചിയിലെ മോഡൽ ഫിനിഷിംഗ് സ്കൂൾ തുടങ്ങുവാൻ ഒരു കോടി രൂപ റിലീസ് ചെയ്തു. പ്രസ്തുത സ്ഥാപനം രണ്ടു വർഷ ത്തിനുശേഷം 2010 ജൂൺ 7-ാം തീയതി മാത്രമാണ് തുടങ്ങിയിട്ടുള്ളത്. ഒരു കോടി രൂപ നൽകിയശേഷം പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച സർട്ടിഫിക്കറ്റ് യഥാസമയം ഹാജരാക്കാതിരിക്കുകയും, സ്ഥാപനം ആരംഭിക്കാതിരിക്കുകയും ചെയ്തിട്ടും ഇതു സംബന്ധിച്ച കത്തിടപാടുകൾ ഒന്നും ഐ.ടി. വകുപ്പ് നടത്തിയില്ല.

കൊച്ചിയിലെ മോഡൽ ഫിനിഷിംഗ് സ്കൂൾ സംബന്ധിച്ച് ഐ.എച്ച്.ആർ.ഡി. സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്തിട്ടില്ല.

***(ബി). പ്രൊഫ. വി. സുബ്രഹ്മണി ഐ.എച്ച്.ആർ.ഡി. മുൻ ഡയറക്ടർ 2-12-2011-ൽ നൽകിയ മൊഴി***

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മോഡൽ ഫിനിഷിംഗ് സ്കൂൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ മുഴുവൻ ഏകോപിപ്പിക്കു ന്നതിനായി ശ്രീ. വി. എ. അരുൺകുമാറിനെ, മറ്റ് കർത്തവ്യങ്ങൾക്കുപുറമേ, 30-4-2007-ലെ ഉത്തരവ് പ്രകാരം സ്പെഷ്യൽ ഓഫീസർ ആയി നിയമിച്ചു. ഐ. എച്ച്. ആർ. ഡി. ഗവേണിംഗ് ബോഡി ചെയർമാന്റെ അനുമതിയോടുകൂടിയാണ് പ്രസ്തുത നിയമനം നടത്തിയത്.

കൊച്ചിയിലെ കേന്ദ്രത്തിനായി കൊച്ചി ഇൻഡോർ സ്റ്റേഡിയത്തിന്റെ സ്ഥലമാണ് കണ്ടുവച്ചിരുന്നത്. ടി സ്ഥലം ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റിയിൽ നിന്ന് വിട്ടുകിട്ടുന്നതിന് കാലതാമസം വന്നതുകൊണ്ടാണ് കൊച്ചിയിലെ കേന്ദ്രം ആരംഭിക്കാൻ വൈകിയത്. മോഡൽ ഫിനിഷിംഗ് സ്കൂൾ സ്ഥാപിക്കുന്നതിനായി നല്കിയതുക ഐ. എച്ച്. ആർ. ഡി. ശമ്പളം നല്കുന്നതിനായി വിനിയോഗിക്കരുതെന്ന നിർദ്ദേശം പാലിച്ചിരുന്നു. ഫണ്ടിന്റെ വിനിയോഗം ഐ. ടി. വകുപ്പ് പരിശോധിച്ചിട്ടില്ല. ഓഡിറ്റ് പരിശോധന നടന്നിരുന്നു. ശ്രീ. വി. എ. അരുൺകുമാറിനെ മോഡൽ ഫിനിഷിംഗ് സ്കൂൾ ഡയറക്ടറായി നിയമിച്ചതുവഴി അധിക സാമ്പത്തിക ബാധ്യത ഐ. എച്ച്. ആർ. ഡിക്ക് ഉണ്ടായിട്ടില്ല.

***(സി). ശ്രീ. വി. എ. അരുൺകുമാർ 13-1-2012-ൽ നൽകിയ മൊഴി***

മോഡൽ ഫിനിഷിംഗ് സ്കൂളിന്റെ സ്പെഷ്യൽ ഓഫീസർ ആയി നിയമിച്ച് ചാർജ് നൽകുകയായിരുന്നു. കൊച്ചിയിലെ മോഡൽ ഫിനിഷിംഗ് സ്കൂളിന് അനുവദിച്ച തുക ഐ.എച്ച്.ആർ.ഡി. വാങ്ങിയത് തുക ലാപ്സാകുമെന്ന സാദ്ധ്യത മുന്നിൽക്കണ്ടാണ്.

## സമിതിയുടെ നിഗമനങ്ങൾ

**യോഗ്യതയില്ലാതെ അഡീഷണൽ ഡയറക്ടറായിരുന്ന ശ്രീ. വി. എ. അരുൺ കുമാറിനെ മോഡൽ ഫിനിഷിംഗ് സ്കൂളിന്റെ ഡയറക്ടർ ആയി നിയമിച്ചുവെന്നും തിരുവനന്തപുരം കേന്ദ്രത്തിനും കൊച്ചി കേന്ദ്രത്തിനും ഒരു കോടി രൂപ വീതം നല്കിയെന്നുമാണ് ശ്രീ. പി. സി. വിഷ്ണുനാഥിന്റെ ആരോപണം.**

**തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മോഡൽ ഫിനിഷിംഗ് സ്കൂൾ തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ ഐ.റ്റി. വകുപ്പിന് നൽകിയത് ഐ.എച്ച്.ആർ.ഡി. ആയിരുന്നു. മോഡൽ ഫിനിഷിംഗ് സ്കൂൾ തുടങ്ങുന്നതിനുള്ള തുക നൽകുന്നതിനുള്ള മാനദണ്ഡപ്രകാരം പ്രോജക്ടിന്റെ 50% പൂർത്തിയായശേഷം മാത്രമേ ഫണ്ട് അനുവദിക്കാവൂ എന്നായിരുന്നു വ്യവസ്ഥ. തിരുവനന്തപുരത്ത് മോഡൽ ഫിനിഷിംഗ് സ്കൂൾ 27-2-2008-ന് ആരംഭിക്കുകയും 10-3-2008-ന് 85 ലക്ഷം രൂപ ഐ.റ്റി. വകുപ്പിൽനിന്നും അനുവദിച്ചുനൽകുകയും ചെയ്തിരുന്നു.**

**എന്നാൽ കൊച്ചിയിലെ ഫിനിഷിംഗ് സ്കൂളിൽ പ്രോജക്ടിന്റെ 50% പൂർത്തീകരിക്കുകയോ, സ്കൂൾ ആരംഭിക്കുകയോ ചെയ്യാതെ ഐ.റ്റി വകുപ്പിൽ നിന്നും ഒരുകോടി രൂപ 16-10-2008-ൽ ലഭ്യമാക്കിയിട്ടുണ്ടായിരുന്നു. എന്നാൽ 2010 ജൂൺ 7-ാം തീയതിയാണ് സ്കൂൾ ആരംഭിക്കുവാൻ കഴിഞ്ഞത്. ആയതിന്റെ കാരണം സ്ഥലം കണ്ടെത്തുവാനുള്ള ബുദ്ധിമുട്ടാണെന്ന് സമിതി വിലയിരുത്തി. തുക വിനിയോഗിച്ചതായുള്ള utility certificate ഐ.ടി. വകുപ്പിന് നല്കിയതായും കാണുന്നു. ഫിനിഷിംഗ് സ്കൂൾ ഡയറക്ടർ ആയി ശ്രീ. വി. എ. അരുൺ കുമാറിനെ നിയമിച്ചത് ഐ.എച്ച്.ആർ.ഡി. അഡീഷണൽ ഡയറക്ടറുടെ ചുമതലയ്ക്കു പുറമേ ആയിരുന്നു. അതിനുവേണ്ടി പ്രത്യേക ശമ്പളവും അധിക സാമ്പത്തിക ബാദ്ധ്യതയും വന്നിരുന്നില്ല.**

**ആയതിനാൽ, ശ്രീ. വി. എ. അരുൺകുമാറിനെ മോഡൽ ഫിനിഷിംഗ് സ്കൂൾ ഡയറക്ടറുടെ അധിക ചുമതല നൽകി നിയമിച്ചത് സംബന്ധിച്ച് ശ്രീ. പി. സി. വിഷ്ണുനാഥ് ഉന്നയിച്ച ആക്ഷേപം നിലനില്ക്കുന്നതല്ലായെന്ന നിഗമനത്തിൽ സമിതി എത്തിച്ചേരുന്നു. എന്നാൽ പ്രസ്തുത സ്ഥാപനത്തിലെ ധനവിനിയോഗം സംബന്ധിച്ച് ധനകാര്യ ഇൻസ്പെക്ഷൻ വിംഗ് സമർപ്പിച്ച റിപ്പോർട്ട് സമിതി മുമ്പാകെ വന്നിരുന്നെങ്കിലും ഇത് സമിതിയുടെ അന്വേഷണ പരിധിയിൽ വരാത്തതിനാൽ ഇത് സംബന്ധിച്ച അഭിപ്രായം സമിതി രേഖപ്പെടുത്തുന്നില്ല.**

3. ഐ.എച്ച്.ആർ.ഡി. അഡീഷണൽ ഡയറക്ടറാകാൻ ശ്രീ. വി. എ. അരുൺകുമാറിന് യോഗ്യതയില്ലെന്നുള്ള ആരോപണം.

ഈ വിഷയം സംബന്ധിച്ച് ഉദ്യോഗസ്ഥർ നൽകിയ മൊഴി താഴെ ചേർക്കുന്നു:

***(എ) ഡോ. കെ. എം. എബ്രഹാം, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് 2-12-2011-ൽ നൽകിയ മൊഴി***

ഐ.എച്ച്.ആർ.ഡി.ക്ക് പ്ലാൻഫണ്ടിൽ നിന്ന് പ്രതിവർഷം 6 കോടി രൂപ ലഭ്യമാകുന്നുണ്ട്. കൂടാതെ ഐ.എച്ച്.ആർ.ഡി.യും സർക്കാരും തമ്മിലുള്ള കത്തിടപാടുകൾ

ഉന്നത വിദ്യാഭ്യാസ വകുപ്പുവഴി ആയിരിക്കണം. ഐ.എച്ച്.ആർ.ഡി.യുടെ നിയമാവലിയും ബൈലായും ഭേദഗതി ചെയ്യുന്നതിനും ഒരു നിശ്ചിത തസ്തികയ്ക്ക് മുകളിലുള്ള തസ്തിക സൃഷ്ടിക്കലിനും സർക്കാരിന്റെ അനുവാദം ആവശ്യമാണ്.

1996-ലെ ഒരു ഗവൺമെന്റ് ഓർഡർ പ്രകാരം രൂപീകൃതമായ ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും ഒരു ഗവേണിംഗ് ബോഡിയുമാണ് ഐ.എച്ച്.ആർ.ഡി.യുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. ഏഴ് അംഗങ്ങളുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഘടന താഴെപ്പറയും പ്രകാരമാണ് :

1. വിദ്യാഭ്യാസ വകുപ്പുമന്ത്രി - ചെയർമാൻ
2. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് - വൈസ് ചെയർമാൻ
3. സെക്രട്ടറി, ഫിനാൻസ്
4. ഡയറക്ടർ, ഇ.ആർ. & ഡി.സി.
5. അഡീഷണൽ ഡയറക്ടർ
6. ഗവേണിംഗ് ബോഡിയുടെ ഒരു നോമിനി
7. ഐ.എച്ച്.ആർ.ഡി. ഡയറക്ടർ.

ഗവേണിംഗ് ബോഡിയുടെ വൈസ് ചെയർമാൻ ചീഫ് സെക്രട്ടറിയും ഉന്നത വിദ്യാഭ്യാസ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി അതിലെ ഒരു അംഗവുമാണ്.

പൂർണ്ണമായും സ്വയം ഭരണസ്ഥാപനവുമല്ല പൂർണ്ണമായും സെൽഫ് ഫിനാൻസിംഗുമല്ല. ഇതൊരു ക്വാസി ഓട്ടോണമസ് ബോഡിയാണ്. ഐ.എച്ച്. ആർ.ഡി.യുടെ നിയമാവലിയും ബൈലാകളും 1987-ൽ അംഗീകരിച്ച സമയത്ത് ഒരു സർക്കാർ നിയന്ത്രണം വച്ചിരുന്നു. റൂൾസ് ഓഫ് ബിസിനസ് അനുസരിച്ച് ഐ.എച്ച്.ആർ.ഡി.യുടെ ഭരണവകുപ്പ് ഉന്നത വിദ്യാഭ്യാസ വകുപ്പാണ്.

ഐ.എച്ച്.ആർ.ഡി.യുടെ ഒറിജിനൽ സ്പെഷ്യൽ റൂൾസ് പ്രകാരം ഒരു അഡീഷണൽ ഡയറക്ടറുടെ തസ്തികയാണുണ്ടായിരുന്നത്. ഐ.എച്ച്.ആർ.ഡി.യിൽ ഡെപ്യൂട്ടി സെക്രട്ടറിയുടെ തസ്തികയിലെ ശമ്പള സ്കെയിലിന് മുകളിൽ ശമ്പള സ്കെയിൽ വരുന്ന തസ്തിക സൃഷ്ടിക്കണമെങ്കിൽ സർക്കാർ അനുമതി ആവശ്യമാണെന്നിരിക്കെ, 2010-ൽ 3 അഡീഷണൽ ഡയറക്ടർ തസ്തികകൾ സർക്കാർ അനുമതിയില്ലാതെ സൃഷ്ടിച്ചു. എന്നാൽ ഇതിനുമുമ്പ്, കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ ഐ.എച്ച്.ആർ.ഡി.യിൽ ഡെപ്യൂട്ടി സെക്രട്ടറി റാങ്കിന് മുകളിലുള്ള തസ്തികയിൽ നിയമനം നടത്തിയതായി കാണുന്നില്ല. 1987-ലെ ഒറിജിനൽ സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നത് 2011-ലാണ്. മേൽ സൂചിപ്പിച്ച 3 അഡീഷണൽ ഡയറക്ടർ തസ്തികകൾ സൃഷ്ടിക്കുന്നതിന് വേണ്ടിയാണ് 7-2-2011 തീയതി പ്രാബല്യത്തിൽ പ്രസ്തുത ഭേദഗതി വരുത്തിയത്. ടി. ഭേദഗതിയനുസരിച്ച് അഡീഷണൽ ഡയറക്ടറുടെ യോഗ്യതയിലും മാറ്റം വരുത്തി. ആയത് പ്രകാരം അഡീഷണൽ ഡയറക്ടറുടെ ക്വാളിഫിക്കേഷൻ & മെതേഡ് ഓഫ് അപ്പോയിന്റ്മെന്റ് ക്ലോസിലെ

ക്വാളിഫിക്കേഷൻ എന്നത് നീക്കം ചെയ്ത് മെതേഡ് ഓഫ് അപ്പോയിന്റ്മെന്റ് മാത്രം നിലനിർത്തി. അതുവഴി നീക്കം ചെയ്യപ്പെട്ട ക്വാളിഫിക്കേഷൻ ഇല്ലാത്ത ജോയിന്റ് ഡയറക്ടർമാർക്ക് കൂടി അഡീഷണൽ ഡയറക്ടർ തസ്തികയിലേയ്ക്ക് അപേക്ഷിക്കാൻ സാഹചര്യമുണ്ടായി. എൻജിനീയറിംഗിലുള്ള ഒന്നാം ക്ലാസ് മാസ്റ്റർ ബിരുദം, എൻജിനീയറിംഗിലോ ക്വാസി ഗവൺമെന്റ് സ്ഥാപനങ്ങളിലോ ഉള്ള 8 വർഷത്തെ അദ്ധ്യാപന പരിചയം, കൂടാതെ എൻജിനീയറിംഗ് കോളേജുകളിലോ ക്വാസി ഗവൺമെന്റ് സ്ഥാപനങ്ങളിലോ 4 വർഷത്തെ ഭരണപരമായ പരിചയം എന്നിവയായിരുന്നു ഒറിജിനൽ ക്വാളിഫിക്കേഷൻസ്.

ശ്രീ. വി. എ. അരുൺകുമാറിന്റെ യോഗ്യതകൾ താഴെപറയും പ്രകാരമായിരുന്നു.

എസ്.എസ്.എൽ.സി, എം.സി.എ, ഡിഗ്രി ഓഫ് ബാച്ചിലേഴ്സ് ഓഫ് ലോ, ഡിപ്ലോമ ഇൻ സൈബർ ലോ, മാസ്റ്റേഴ്സ് ഓഫ് ബിസിനസ് ലോ.

കൺസോളിഡേറ്റഡ് വേതന വ്യവസ്ഥയിൽ ശ്രീ. വി. എ. അരുൺകുമാറിനെ അസിസ്റ്റന്റ് ഡയറക്ടറായി നിയമിക്കുന്നത് 3-1-1997-ലാണ്. 29-10-1998-ൽ അദ്ദേഹത്തെ അസിസ്റ്റന്റ് ഡയറക്ടർ (സോഫ്റ്റ് വെയർ) തസ്തികയിൽ ഔദ്യോഗികമായി നിയമനം നല്കി. 1999 മുതൽ 2001 വരെ കയർഫെഡിന്റെ മാനേജിംഗ് ഡയറക്ടറായി ഡെപ്യൂട്ടേഷനിൽ സേവനമനുഷ്ഠിച്ചു. അതിനുശേഷം 2005-ലാണ് അദ്ദേഹത്തിന് ജോയിന്റ് ഡയറക്ടറുടെ അഡീഷണൽ ചാർജ്ജ് കൊടുക്കുന്നത്. 13-10-2008 മുതൽ ജോയിന്റ് ഡയറക്ടറായി സ്ഥിര നിയമനം നല്കി.

ഐ.എച്ച്.ആർ.ഡി.യിൽ 29-7-2011 മുതൽ 16-8-2011 വരെ അക്കൗണ്ടന്റ് ജനറൽ നടത്തിയ ലോക്കൽ ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ടന്റ് ജനറൽ 2-9-2011-ൽ ലഭ്യമാക്കിയ 'Report on the local audit of the accounts of IHRD' എന്ന ഫൈനൽ റിപ്പോർട്ടിലെ 'Other important irregularities' എന്ന ഹെഡ്ഡിൽ പാർട്ട് രണ്ടിൽ രണ്ടാമത്തെ ഐറ്റമായി ചേർത്തിരിക്കുന്നത് 'Irregular appointments granted to various persons' എന്നാണ്. ഇതിൽ 'അഡീഷണൽ ഡയറക്ടർ' എന്ന പോസ്റ്റിനു നേരെ 'ക്വാളിഫിക്കേഷൻ ഫസ്റ്റ് ക്ലാസ് മാസ്റ്റേഴ്സ് ഡിഗ്രി' എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

2005-ൽ ശ്രീ വി. എ. അരുൺകുമാറിന് ഐ.എച്ച്.ആർ.ഡി. ജോയിന്റ് ഡയറക്ടർ തസ്തികയിൽ ചാർജ്ജ് കൊടുക്കുമ്പോൾ ടി. തസ്തികയിൽ ചാർജ്ജ് ഏറ്റെടുക്കുവാൻ അർഹരായ ഐ.എച്ച്.ആർ.ഡി.യിലെ പ്രൊഫസർമാർ, പ്രിൻസിപ്പൽമാർ തുടങ്ങിയവരുണ്ടായിരുന്നു.

ശ്രീ. വി. എ. അരുൺകുമാറിനെ ജോയിന്റ് ഡയറക്ടറായി ഐ.എച്ച്.ആർ.ഡി.യിൽ നിയമിക്കുന്നത് 13-10-2008-ലാണ്. പ്രസ്തുത സെലക്ഷൻ പോസ്റ്റിനാവശ്യമായ യോഗ്യതകൾ MSc/MCA-യിൽ ഫസ്റ്റ് ക്ലാസ്, 7 വർഷത്തെ അദ്ധ്യാപന/ഇൻഡസ്ട്രിയൽ പരിചയം, ഐ.എച്ച്.ആർ.ഡി. യിൽ 3 വർഷത്തെ ഭരണപരമായ പരിചയം എന്നിവയായിരുന്നു. ഐ.എച്ച്.ആർ.ഡി. യിലെ പ്രൊഫസർമാർ, അസിസ്റ്റന്റ് പ്രൊഫസർമാർ, ഡെപ്യൂട്ടി ഡയറക്ടർമാർ, പ്രിൻസിപ്പൽമാർ എന്നീ വിഭാഗങ്ങളിൽ നിന്നുള്ള സെലക്ഷനായിരുന്നു മെതേഡ് ഓഫ് അപ്പോയ്ന്റ്മെന്റ്.

'Certified that Shri V. A. Arun kumar, Principal-in-charge of Joint Director of IHRD has been under the service of IHRD under various academic responsibilities including teaching from 3rd January 1997' എന്ന് രേഖപ്പെടുത്തിയ ഒരു സർട്ടിഫിക്കറ്റ് അന്നത്തെ ഐ.എച്ച്.ആർ.ഡി. ഡയറക്ടർ 28-7-2006-ൽ നല്കിയത് കാണിച്ചാണ് ശ്രീ. വി. എ. അരുൺകുമാർ ഐ.എച്ച്.ആർ.ഡി. ജോയിന്റ് ഡയറക്ടർ തസ്തികയിലേക്കുള്ള ഇന്റർവ്യൂ അറ്റൻഡ് ചെയ്തത്.

ഐ.എച്ച്.ആർ.ഡി. അഡീഷണൽ ഡയറക്ടർ പോസ്റ്റിലേയ്ക്കുള്ള ഇന്റർവ്യൂ ബോർഡിൽ കമ്മീഷണർ ഫോർ എൻട്രൻസ് എക്സാമിനേഷൻ, ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യുക്കേഷൻ, ഡയറക്ടർ ഓഫ് കൊളീജിയേറ്റ് എഡ്യുക്കേഷൻ എന്നീ മൂന്ന് പേരാണ് ഉള്ളത്. എന്നാൽ ശ്രീ. വി. എ. അരുൺകുമാറിനെ അഡീഷണൽ ഡയറക്ടറായി തെരഞ്ഞെടുത്ത ഇന്റർവ്യൂ ബോർഡിൽ കൊളീജിയേറ്റ് എഡ്യുക്കേഷനിൽ നിന്ന് അഡീഷണൽ ഡയറക്ടറാണ് പങ്കെടുത്തത്. കൂടാതെ ഐ.എച്ച്.ആർ.ഡി. ഡയറക്ടറും പങ്കെടുത്തു. അഡീഷണൽ ഡയറക്ടറുടെ ഫീഡർ കാറ്റഗറി എൻജിനീയറിംഗ് കോളേജ് പ്രിൻസിപ്പൽമാരും ഐ.എച്ച്.ആർ.ഡി. ജോയിന്റ് ഡയറക്ടർമാരുമാണ്. ഭേദഗതി വരുത്തുന്നതിന് മുൻപ് അഡീഷണൽ ഡയറക്ടറുടെ യോഗ്യത.

1. First class Master degree in Engineering.
2. 8 years Teaching experience in Engineering/Quasi Government Institutions.
3. 4 years Administrative experience in Engineering/Quasi Government Institutions. എന്നിവയാണ്.

ആകെ ആറുപേർ ഇന്റർവ്യൂവിൽ പങ്കെടുത്തു. 6 പേരിൽ 4 പേർക്ക് പിഎച്ച്.ഡി.യും ഒരാൾക്ക് മാസ്റ്റേഴ്സ് ഡിഗ്രിയുമുണ്ടായിരുന്നു. ശ്രീ. വി. എ. അരുൺകുമാറിനുണ്ടായിരുന്നത് MCA യോഗ്യതയായിരുന്നു. മേൽ സൂചിപ്പിച്ച 6 പേരിൽ 5 പേർക്കും സ്പെഷ്യൽ റൂൾസ് ദേദഗതിവഴി ഡീലിറ്റ് ചെയ്യപ്പെട്ട യോഗ്യതകൾ ഉണ്ടായിരുന്നു.

അഡീഷണൽ ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ & പ്ലാനിംഗ്) എന്ന തസ്തികയിലേക്ക് 5 പേർ അപേക്ഷ നല്കി അഭിമുഖത്തിൽ പങ്കെടുത്തു. അതിലൊരാൾ അദ്ദേഹത്തിന്റെ അപ്പോഴുള്ള ജോലിയിൽ തുടരുവാൻ താല്പര്യം പ്രകടിപ്പിച്ചതുകൊണ്ട് അദ്ദേഹത്തെ മാത്രം റാങ്ക് ചെയ്തില്ല. ബാക്കിയുള്ള 4 പേരെയും റാങ്ക് ചെയ്തു. പ്രസ്തുത റാങ്കിംഗിൽ ഒന്നാംസ്ഥാനം ശ്രീ. വി. എ. അരുൺകുമാറിനായിരുന്നു. രണ്ടാമത് വന്നയാൾ പ്രൊഫസറും മൂന്നും നാലും സ്ഥാനത്തും വന്നവർ പിഎച്ച്.ഡി.ക്കാരുമാണ്.

ഒരു അഡീഷണൽ ഡയറക്ടർ തസ്തികയിലേയ്ക്കുള്ള നിയമനത്തിനായാണ് 13-7-2009-ന് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചത്. പ്രസ്തുത തസ്തികയുടെ യോഗ്യതയായി കാണിച്ചിരുന്നത് 1997-ലെ ഐ.എച്ച്.ആർ.ഡി. സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള

First Class Masters Degree in any Engineering എന്നതായിരുന്നു. ഇതിനുശേഷം 27-7-2009-ൽ ഐ.എച്ച്.ആർ.ഡി.യുടെ എക്സിക്യൂട്ടീവ് കമ്മിറ്റി ചേർന്ന് അഡീഷണൽ ഡയറക്ടറുടെ 3 തസ്തികകൾ സൃഷ്ടിച്ചു. തുടർന്ന് 13-8-2010-ൽ 3 അഡീഷണൽ ഡയറക്ടർ തസ്തികയിലേക്കുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു.

2500 രൂപയ്ക്ക് മുകളിൽ ശമ്പള സ്കെയിലുള്ള തസ്തിക സൃഷ്ടിക്കുമ്പോൾ സർക്കാരിന്റെ അനുമതി വാങ്ങണമെന്നുള്ള നിബന്ധന ഇവിടെ പാലിക്കപ്പെട്ടില്ല. പ്രസ്തുത നിബന്ധന പാലിക്കാത്തതിന്റെ കാരണം വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായ ഐ.എച്ച്.ആർ.ഡി. എക്സിക്യൂട്ടീവ് കമ്മിറ്റിയും ഗവേണിംഗ് ബോഡിയും പ്രസ്തുത തസ്തിക സൃഷ്ടിക്കൽ അംഗീകരിച്ചുവെന്നുള്ളതു കൊണ്ടായിരിക്കാം.

അഡീഷണൽ ഡയറക്ടറുടെ 3 തസ്തികകൾ 27-7-2009-ൽ സൃഷ്ടിച്ച് 13-8-2010 തീയതിയായി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചതിനുശേഷമാണ്, ഐ.എച്ച്. ആർ.ഡി.യുടെ 1997-ലെ സ്പെഷ്യൽ റൂൾസിൽ പറയുന്ന അഡീഷണൽ ഡയറക്ടർ തസ്തികയ്ക്കാവശ്യമായ യോഗ്യത ഡിലീറ്റ് ചെയ്തുകൊണ്ട് 7-2-2011-ന് ചേർന്ന ഐ.എച്ച്.ആർ.ഡി. ഗവേണിംഗ് ബോഡി തീരുമാനമെടുക്കുന്നത്.

പ്രസ്തുത തീരുമാനത്തിന് prospective effect ആണ് നല്കിയിട്ടുള്ളത്. ഇപ്രകാരം യോഗ്യത ഡിലീറ്റ് ചെയ്തില്ലായിരുന്നുവെങ്കിൽ ശ്രീ. വി. എ. അരുൺ കുമാറിന് അഡീഷണൽ ഡയറക്ടർ തസ്തികയിൽ അപേക്ഷിക്കുവാനോ നിയമിക്കപ്പെടാനോ കഴിയുമായിരുന്നില്ല.

ശ്രീ. വി. എ. അരുൺകുമാറിനെ ഐ.എച്ച്.ആർ.ഡി. അഡീഷണൽ ഡയറക്ടറായി നിയമിച്ചതിനൊപ്പം ശ്രീ. സുരേഷ് കുമാർ, ശ്രീ. ദേവസ്യ എന്നിവരെകൂടി നിയമിച്ചു. ഈ രണ്ടുപേർക്കും സ്പെഷ്യൽ റൂൾസിൽ ഡിലീറ്റ് ചെയ്യപ്പെട്ട യോഗ്യതകൾ, ആതായത് എൻജിനീയറിംഗ് ഫസ്റ്റ് ക്ലാസ് മാസ്റ്റേഴ്സ് ഡിഗ്രിയും അദ്ധ്യാപന പരിചയവും ഉണ്ടായിരുന്നു. ശ്രീ. വി. എ. അരുൺകുമാറിനെ നിയമിച്ചപ്പോൾ നല്കിയ ഉദ്യോഗപ്പേര് Additional Director (Administration & Planning) എന്നും മറ്റ് രണ്ട് ഉദ്യോഗപ്പേരുകൾ Additional Director (Engineering Colleges & Polytechnics) എന്നും Additional Director (College of applied Sciences & Technical High Schools) എന്നുമായിരുന്നു.

ഐ.എച്ച്.ആർ.ഡി.യിലെ വർദ്ധിച്ച ജോലി ഭാരത്തിന്റെ പേരിൽ 3 അഡീഷണൽ ഡയറക്ടർമാരെ നിയമിച്ചിട്ട് അതിൽ രണ്ട് പേർക്ക് പ്രിൻസിപ്പൽമാരായി തുടരാൻ അനുമതി കൊടുക്കുകയും ഒരാളെ അഡ്മിനിസേട്രറ്റീവ് തസ്തികയിൽ നിയമിക്കുകയും ചെയ്തു.

***(ബി). ശ്രീ. സെയ്ദ് റഷീദ്, ഡയറക്ടർ, ഐ.എച്ച്.ആർ.ഡി. 2-12-2011-ൽ നൽകിയ മൊഴി***

Special Rules for IHRD services was approved by the Executive Committee at its meeting on 18-12-1996. 18-12-1996-ലെ സ്പെഷ്യൽ റൂൾസ് അപ്രൂവ്

ചെയ്ത കമ്മിറ്റിയാണ്. അത് വച്ച് ജോയിന്റ് ഡയറക്ടറുടെ ക്വാളിഫിക്കേഷൻ താഴെപ്പറയും പ്രകാരമാണ് :

First Class Masters Degree in Engineering/Technology plus 10 years Teaching/Industrial Experience or First Class B.Tech Degreee in Engineering/ Technology or First Class Masters Degree in Computer Application along with 7 years Teaching Experience and 3 years administrative experience under IHRD service.

10 വർഷത്തെ അക്കാദമിക് പ്രവർത്തനവുമായി ബന്ധപ്പെട്ട പരിചയവും ഐ.എച്ച്.ആർ.ഡി.യുടെ ഭരണ പരിചയവും അദ്ദേഹത്തിനുണ്ടായിരുന്നുവെന്ന അന്നത്തെ ഐ.എച്ച്.ആർ.ഡി. ഡയറക്ടറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ടി. തസ്തികയിലേക്ക് ശ്രീ. വി. എ. അരുൺകുമാർ അപേക്ഷ സമർപ്പിച്ചത്. അക്കാദമിക് പരിചയമുണ്ടെന്ന് പറയുമ്പോഴും ഒരു ദിവസംപോലും അദ്ദേഹം അധ്യാപകനായി ജോലി ചെയ്തതിന്റെ രേഖ ഐ.എച്ച്.ആർ.ഡി.യിൽ ഇല്ല. ഇൻഡസ്ട്രിയൽ എക്സ്പീരിയൻസിനെപ്പറ്റി അന്നത്തെ ഐ.എച്ച്.ആർ.ഡി. ഡയറക്ടറുടെ സർട്ടിഫിക്കറ്റിൽ ഒന്നും പറയുന്നില്ല. പ്രസ്തുത തസ്തികയിലേക്കുള്ള ശ്രീ. വി. എ. അരുൺകുമാറിന്റെ അപേക്ഷയിൽ കട്ടപ്പന കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ പ്രിൻസിപ്പലായി 16-7-2006 മുതൽ 13-10-2008 വരെ സേവനമനുഷ്ഠിച്ചു. എന്നാൽ ടി കാലയളവിൽ ഐ.എച്ച്.ആർ.ഡി. ജോയിന്റ് ഡയറക്ടറുടെ ചാർജ്ജ് വഹിച്ചുകൊണ്ട് തിരുവനന്തപുരത്ത് ജോലി ചെയ്യുകയായിരുന്നു.

ഒരു അഡീഷണൽ ഡയറക്ടർ തസ്തികയിലേക്കുള്ള നോട്ടിഫിക്കേഷൻ 13-7-2009-ന് പുറപ്പെടുവിച്ചു. പ്രസ്തുത നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചപ്പോൾ അഡീഷണൽ ഡയറക്ടർ തസ്തികയിലേക്കുള്ള യോഗ്യത First Class Masters Degree in Engineering/Technology and 8 years of Teaching Experience in Engineering Colleges in Government/Quasi-Government Institutions, 4 years Administrative in Engineering Colleges/Quasi-Government Engineering Colleges എന്നിവയായിരുന്നു. 13-7-2009-ലെ നോട്ടിഫിക്കേഷൻ പിന്നീട് ചേർന്ന ഐ.എച്ച്.ആർ.ഡി. എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം റദ്ദാക്കി.

27-7-2009-ൽ ചേർന്ന ഐ.എച്ച്.ആർ.ഡി.യുടെ 83-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം അഡീഷണൽ ഡയറകട്ർ തസ്തികകളുടെ എണ്ണം 1-ൽ നിന്ന് 3 ആയി വർദ്ധിപ്പിക്കുന്നതിനുള്ള permissive sanction നല്കുവാനും അഡീഷണർ ഡയറക്ടർ തസ്തികയ്ക്കുവേണ്ട യോഗ്യതകളിൽ മാറ്റം വരുത്തിക്കൊണ്ട് ഐ.എച്ച്.ആർ.ഡി. സ്പെഷ്യൽ റൂൾസിൽ ഭേദഗതി ചെയ്യുവാനും തീരുമാനിച്ചു. തുടർന്ന് 13-8-2010-ൽ മൂന്ന് അഡീഷണൽ ഡയറക്ടർ തസ്തികകളിലേക്ക് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു.

ഐ.എച്ച്.ആർ.ഡി. സ്പെഷ്യൽ റൂൾ ഭേദഗതി സംബന്ധിച്ച ഗവേണിംഗ് ബോഡി തീരുമാനത്തിന്റെ വിശദാംശങ്ങൾ താഴെപ്പറയുംപ്രകാരം ഐ.എച്ച്.ആർ.ഡി. ഡയറക്ടർ സമിതിയിൽ വിശദീകരിച്ചു.

ഗവേണിംഗ് ബോഡിയിൽ ഈ അമെന്റ്മെന്റിന് 7-2-2011-ലേ എഫക്റ്റ് വരികയുള്ളുവെന്ന് എടുത്ത് പറഞ്ഞിട്ടുണ്ട്. As per the decision of the 83rd Executive Committee of the IHRD held on 27-7-2009, the number of Additional Director posts in the IHRD has been enhanced from 1 to 3 due to administrative necessity. The Committee decided to include the same in the revised staff pattern. The date of effect of revised staff pattern and special rules will be from 7-2-2011. അതായത് ഗവേണിംഗ് ബോഡി കൂടിയ ദിവസം. That is the date of the decision of the Governing Body. The modified staff pattern and special rules are also attached. 27-7-2009-ലെ ഐ.എച്ച്.ആർ.ഡി. എക്സിക്യുട്ടീവ് കമ്മിറ്റിയുടെ തീരുമാനം ഗവേണിംഗ് ബോഡി അംഗീകരിക്കുന്നത് 7-2-2011 തീയതി പ്രാബല്യത്തിൽ 7-2-2011-ന് മാത്രമാണ്. അതിനുമുമ്പ് തന്നെ അഡീഷണൽ ഡയറക്ടർ തസ്തികയിലേയ്ക്കുള്ള അഭിമുഖം 13-10-2010-ന് നടത്തുകയും നിയമന ഉത്തരവ് 15-10-2010-ന് നല്കുകയും ചെയ്തു. നിയമന ഉത്തരവ് ലഭിച്ച അന്നുതന്നെ ശ്രീ. വി. എ. അരുൺ കുമാർ പ്രസ്തുത തസ്തികയിൽ ചാർജ്ജ് ഏറ്റെടുത്തു.

ഇത് ക്രമപ്രകാരമല്ല. ഐ.എച്ച്.ആർ.ഡി. സ്പെഷ്യൽ റൂൾസിലെ ചട്ടം 23 (b) യുടെ ലംഘനമാണ്.

Rights, Powers and duties of the Governing Body. അത് വരുന്നത് 23(b)-യിലാണ്. അതിൽ പറയുന്നത്, .... to make rules and by laws for the conduct of the affairs of the institute including the staff pattern, staff strength, service conditions of the staff, qualifications of the various posts and to add, amend, vary or rescind them from time to time with prior intimation to the Government. ഇത് പാലിക്കപ്പെട്ടിട്ടില്ല.

ഐ.എച്ച്.ആർ.ഡി. ഗവേണിംഗ് ബോഡിയുടെ സ്ട്രക്ചർ എന്നത്, ഓണറബിൾ മിനിസ്റ്റർ ഫോർ എഡ്യൂക്കേഷൻ, ഗവൺമെന്റ് ഓഫ് കേരള - ചെയർമാൻ - എക്സ് ഒഫീഷ്യോ, ചീഫ് സെക്രട്ടറി ടു ഗവൺമെന്റ് ഓഫ് കേരള വൈസ് ചെയർമാൻ - എക്സ് ഒഫീഷ്യോ, ദ കമ്മീഷണർ ആന്റ് സെക്രട്ടറി ടു ഗവൺമെന്റ് ഓഫ് കേരള ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ്, ദ സെക്രട്ടറി ടു ഗവൺമെന്റ് ഓഫ് കേരള പ്ലാനിംഗ് ആന്റ് ഇക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്, ദ സെക്രട്ടറി ടു ഗവൺമെന്റ് ഓഫ് കേരള ഫിനാൻസ് (എക്സ്പെന്റീച്ചർ) ഡിപ്പാർട്ട്മെന്റ് സെക്രട്ടറി ടു ഗവൺമെന്റ് ഓഫ് കേരള ജനറൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ്, വൈസ് ചാൻസലർ, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി, ദ ചെയർമാൻ കേരള സ്റ്റേറ്റ് കമ്മിറ്റി ഓൺ സയൻസ് ടെക്നോളജി ആന്റ് എൺവയോൺമെന്റ്, ദ ഡയറക്ടർ വി. എസ്. എസ്. സി., ദി ഡയറക്ടർ ടെക്നിക്കൽ എഡ്യൂക്കേഷൻ കേരള സ്റ്റേറ്റ് ഈസ് എ മെമ്പർ സെക്രട്ടറി, ദ ഡയറക്ടർ ഫോർ മെഡിക്കൽ എഡ്യൂക്കേഷൻ കേരള സ്റ്റേറ്റ്, ദ ഡയറക്ടർ ഓഫ് കൊളീജിയറ്റ് എഡ്യൂക്കേഷൻ കേരളാ സ്റ്റേറ്റ്, ദ ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ കേരളാ സ്റ്റേറ്റ്, ദ ഡയറക്ടർ ഇലക്ട്രോണിക് റിസർച്ച് ആന്റ് ഡെവലപ്മെന്റ് സെന്റർ, കെൽട്രോൺ തിരുവനന്തപുരം, ദ ഡീൻ ഫാക്കൽറ്റി ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി, യൂണിവേഴ്സിറ്റി ഓഫ് കേരള വൺ നോമിനി ഓഫ് ദ മിനിസ്ട്രി ഓഫ്

ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ്, ഗവൺമെന്റ് ഓഫ് ഇൻഡ്യ വൺ നോമിനി ഓഫ് ഡിപ്പാർട്ട്മെൻറ് ഓഫ് ഇലക്ട്രോണിക് ഗവൺമെന്റ് ഓഫ് ഇന്ത്യ, ദ പ്രിൻസിപ്പൽ, കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരം, ദ പ്രിൻസിപ്പൽ റീജിയണൽ എഞ്ചിനീയറിംഗ് കോളേജ്, കാലിക്കറ്റ്, പ്രിൻസിപ്പൽ ഓഫ് ഗവൺമെന്റ് പോളി ടെക്നിക് നോമിനേറ്റഡ് ബൈ ദ ഗവൺമെന്റ് പ്രൊഫസർ ആന്റ് ഹെഡ് ഓഫ് ഡിപ്പാർട്ടുമെന്റ് ഓഫ് ഇലക്ട്രോണിക്സ് കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി, ഡയറക്ടർ ഓഫ് ദ ഇൻസ്റ്റിറ്റ്യൂട്ട് അങ്ങനെ 23 പേരാണ് ഉള്ളത്.

ഐ.എച്ച്.ആർ.ഡി. സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യാൻ ഇടയായ സാഹചര്യം ഇതാണ്: എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അഡീഷണൽ അജണ്ട ഐറ്റം നമ്പർ 1 ആയി ട്ടാണ് ഇത് വച്ചിരുന്നത്. അതിന്റെ പേര് creation of additional post of Additional Directors to the IHRD services. അതിൽ പറയുന്നത്, Director has informed the Committee that he has been experiencing much difficulty in discharging his duties effectively due to heavy work load following the establishment of a number of new educational institutions of different schemes underway especially during the last decades. ഇങ്ങനെ പറഞ്ഞു തുടങ്ങുന്ന ഒരു പാരഗ്രാഫിന്റെ ഒടുവിൽ പറയുന്നത്, In order to effectively monitor and carry out the administrative duties, he had requested to create two more additional posts of Additional Directors for administration of different categories of Institutions. The Executive Committee has gone through the proposal for creation of two more posts of Additional Directors as stated below. Existing qualification and method of appointment എന്നതിനുശേഷം പ്രൊപ്പോസ്ഡ് അമെന്റ്മെന്റ് നേരത്തേ അഡീഷണൽ ഡയറക്ടറുടെ ഒരു പോസ്റ്റായിരുന്നുവെങ്കിൽ പിന്നെ മൂന്ന് പോസ്റ്റാക്കി മാറ്റി. മെത്തേഡ് ഓഫ് അപ്പോയിന്റ്മെന്റ് പറഞ്ഞിട്ടുണ്ട്. ക്വാളിഫിക്കേഷൻ ഡിലീറ്റഡ് ആക്കി.

ഐ.എച്ച്.ആർ.ഡി. സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്തുകൊണ്ട് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടില്ല. ടി ഭേദഗതി സംബന്ധിച്ച് ഓഫീസ് ഉത്തരവ് മാത്രമേയുള്ളൂ. ഐ.എച്ച്.ആർ.ഡി. സ്പെഷ്യൽ റൂൾസ് ഭേദഗതി സംബന്ധിച്ചും അഡീഷണൽ ഡയറക്ടർ നിയമനങ്ങൾ സംബന്ധിച്ചും അന്നത്തെ ഐ. എച്ച്. ആർ. ഡി. ഡയറക്ടർ സർക്കാരിനെ അറിയിച്ചിരുന്നില്ല.

***(സി) പ്രൊഫ. വി. സുബ്രഹ്മണി, ഐ.എച്ച്.ആർ.ഡി. മുൻ ഡയറക്ടർ 2-12-2011-ൽ നൽകിയ മൊഴി***

ഐ.എച്ച്.ആർ.ഡി.യുടെ ഏതെങ്കിലും സ്ഥാപനത്തിൽ ശ്രീ. വി. എ. അരുൺ കുമാർ അദ്ധ്യാപകനായി പഠിപ്പിച്ചിട്ടില്ല.

ഐ.എച്ച്.ആർ.ഡി.യിൽ അഡ്മിനിസ്ട്രേറ്ററൊഴികെ ബാക്കിയെല്ലാ ഐ.എച്ച്.ആർ.ഡി. സർവ്വീസിനെയും അദ്ധ്യാപനമായി കണക്കാക്കിയാണ് അദ്ധ്യാപന പരിചയമുണ്ടെന്ന് പറഞ്ഞ് സർട്ടിഫിക്കറ്റ് നല്കിയത്. ഐ.എച്ച്.ആർ.ഡി.യിൽ അദ്ധ്യാപകൻ എന്നതിനെ നിർവ്വചിച്ചിട്ടില്ല.

ഐ.എച്ച്.ആർ.ഡി. ജോയിന്റ് ഡയക്ടർ തസ്തികയിലേയ്ക്കുള്ള ഇന്റർവ്യൂ ബോർഡ് സർക്കാർ സ്വാധീനത്തിന് വിധേയമാകുമെന്ന് കരുന്നില്ല. പ്രസ്തുത ഇന്റർവ്യൂയിൽ പിഎച്ച്.ഡി.ക്കാരും അസിസ്റ്റന്റ് പ്രൊഫസർമാരും പങ്കെടുത്തിരുന്നു.

ഐ.എച്ച്.ആർ.ഡി. സ്പെഷ്യൽ റൂൾസിൽ അഡീഷണൽ ഡയറക്ടർ തസ്തികയ്ക്ക് നിഷ്ക്കർഷിച്ചിരുന്ന First Class Masters Degree in Engineering, 8 years of Teaching Experience in Government Engineering/Quasi-Government Engineering College, 4 years Administrative experience in Government/Quasi-Government Engineering Colleges എന്നീ യോഗ്യതകൾ മാറ്റി ടി തസ്തികയിലേക്ക് ഐ.എച്ച്.ആർ.ഡി. ജോയിന്റ് ഡയറക്ടറിൽ നിന്നോ പ്രിൻസിപ്പൽമാരിൽ നിന്നോ നിയമനം നടത്താമെന്ന ഭേദഗതിക്കുള്ള പ്രൊപ്പോസൽ നല്കിയതിന്റെ കാരണം പ്രൊഫസറായി നിശ്ചിത കാലയളവ് പരിചയമുള്ളവരെ പ്രിൻസിപ്പലാക്കാമെന്ന് ആ സമയത്ത് എ.ഐ.സി.റ്റി.ഇ. എഞ്ചിനീയറിംഗ് കോളേജുകൾക്കുവേണ്ടി പുറപ്പെടുവിച്ച യോഗ്യത മാനദണ്ഡത്തിലുണ്ടായിരുന്നതിന്റെ ചുവടുപിടിച്ച് ഐ.എച്ച്.ആർ.ഡി. ജോയിന്റ് ഡയറക്ടർ, പ്രിൻസിപ്പൽ വിഭാഗങ്ങളെക്കൂടി അഡീഷണൽ ഡയറക്ടർ തസ്തികയിലേക്ക് പരിഗണിക്കുന്നതിനുവേണ്ടിയായിരുന്നു.

നിശ്ചിത വർഷം പരിചയമുള്ള പ്രൊഫസർ എന്ന് എ.ഐ.സി.റ്റി.ഇ. നിഷ്ക്കർഷിക്കുന്ന മാനദണ്ഡത്തിൽ പ്രിൻസിപ്പലിന്റെ യോഗ്യത പ്രത്യേകം പറഞ്ഞിട്ടില്ല. ഐ.എച്ച്.ആർ.ഡി. അഡീഷണൽ ഡയറക്ടർ തസ്തികയിലേക്കുള്ള അഭിമുഖത്തിൽ പങ്കെടുത്തവരിൽ ശ്രീ. വി. എ. അരുൺകുമാറിന് മാത്രമാണ് പിഎച്ച്.ഡി.യും എഞ്ചിനീയറിംഗിൽ മാസ്റ്റർ ബിരുദവുമില്ലാത്തത്. ഐ. എച്ച്. ആർ. ഡി. സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യപ്പെടുന്നതിനുമുമ്പ്, എഞ്ചിനീയറിംഗ് കോളേജ് വിഭാഗത്തിൽ നിന്ന് മാത്രമേ അഡീഷണൽ ഡയറക്ടർ തസ്തികയിലേക്ക് കടന്നുവരാൻ സാധിക്കുമായിരുന്നുള്ളൂ, സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്തപ്പോൾ ഐ.എച്ച്.ആർ.ഡി.യുടെ അപ്ലൈഡ് സയൻസ് വിഭാഗത്തിൽപ്പെട്ടവർക്കു കൂടി അഡീഷണൽ ഡയറക്ടർ പദവിയിലെത്താൻ വഴിയൊരുങ്ങി. ഇത് സാധ്യമാക്കാനാണ് ഐ.എച്ച്.ആർ.ഡി. സ്പെഷ്യൽ റൂളിൽ മാറ്റം നിർദ്ദേശിച്ചത്. പക്ഷേ അന്നത്തെ ഐ.എച്ച്.ആർ.ഡി. ഡയറക്ടർ സമർപ്പിച്ച നിർദ്ദേശത്തിൽ ഐ. എച്ച്. ആർ. ഡി.യിലെ വർദ്ധിച്ച ജോലി ഭാരം കണക്കിലെടുത്ത് രണ്ട് അഡീഷണൽ ഡയറക്ടർമാരെക്കൂടി നിയമിക്കണമെന്ന് മാത്രമാണ് പറഞ്ഞിട്ടുള്ളത്.

പുതുതായി നിയമിച്ച 2 അഡീഷണൽ ഡയറക്ടർമാരെ പ്രിൻസിപ്പൽമാരായി തിരിച്ചയച്ചുവെങ്കിലും അവർ 4 ദിവസം പ്രിൻസിപ്പൽമാരായും 2 ദിവസം ആ സ്ഥാനത്തും ജോലി ചെയ്തുവരികയാണ്. അഡീഷണൽ ഡയറക്ടർ തസ്തിക സൃഷ്ടിച്ചതും സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്തതും സംബന്ധിച്ച് സർക്കാരിനെ അറിയിച്ചിരുന്നില്ല.

13-10-2010-ന് അഡീഷണൽ ഡയറക്ടർ തസ്തികയിലേക്കുള്ള ഇന്റർവ്യൂ നടത്തുമ്പോഴും, 15-10-2010-ന് നിയമനം നടത്തുമ്പോഴും, ഐ.എച്ച്.ആർ.ഡി. സ്പെഷ്യൽ റൂൾസ് ഐ.എച്ച്.ആർ.ഡി. എക്സിക്യൂട്ടീവ് കമ്മിറ്റി ഭേദഗതി ചെയ്തത് ഐ.എച്ച്.ആർ.ഡി. ഗവേണിംഗ് ബോഡി അംഗീകരിച്ചിരുന്നില്ല. ടി ഭേദഗതിക്ക് ഗവേണിംഗ് ബോഡി ചെയർമാന്റെ (വിദ്യാഭ്യാസ മന്ത്രി) അനുമതിയുണ്ടായിരുന്നു. ഗവേണിംഗ് ബോഡിക്കുള്ള അധികാരം ഗവേണിംഗ് ബോഡി ചെയർമാനില്ല.

***(ഡി) ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ. 14-12-2011-ൽ നൽകിയ മൊഴി***

ശ്രീ. വി. എ. അരുൺകുമാറിന് ഐ.എച്ച്.ആർ.ഡി. അഡീഷണൽ ഡയറക്ടർ ആകാൻ യോഗ്യതയില്ലെന്ന ആരോപണമുന്നയിച്ചതിന്റെ അടിസ്ഥാനം ഞാൻ വിശദമാക്കാം. ഐ.എച്ച്.ആർ.ഡി.യുടെ 1997 ഒക്ടോബർ 13-ന് അംഗീകരിച്ച റൂൾസിൽ ഐ.എച്ച്.ആർ.ഡി.യുടെ അഡീഷണൽ ഡയറക്ടറാകാനുള്ള യോഗ്യതയെ കുറിച്ചും മെതേഡ് ഓഫ് അപ്പോയിന്റ്മെന്റും പറഞ്ഞിട്ടുണ്ടായിരുന്നു. അതിനുശേഷം 7-2-2011-ൽ സ്പെഷ്യൽ റൂൾ അമെന്റ് ചെയ്തു. അതിൽ ഈ പറഞ്ഞ ഡയറക്ട് റിക്രൂട്ട്മെന്റിനുള്ള ആളുകളുടെ ആബ്സൻസ് ഉണ്ടെങ്കിൽ മാത്രം ഇങ്ങനെ എടുക്കാമെന്നുള്ളത് മാറ്റിയിട്ട് പകരം അഡീഷണൽ ഡയറക്ടർ എന്ന് പറഞ്ഞാൽ by selection from the Joint Directors of IHRD/Principals of Engineering Colleges under IHRD എന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിൽ മെതേഡ് ഓഫ് അപ്പോയിന്റ്മെന്റിൽ ചെയ്ഞ്ച് വരുത്തിയെങ്കിലും ക്വാളിഫിക്കേഷനിൽ ചെയ്ഞ്ച് വരുത്തിയിട്ടില്ലായിരുന്നു. ക്വാളിഫിക്കേഷൻ പഴയതുതന്നെ നിൽക്കുകയാണ്. ആ ക്വാളിഫിക്കേഷൻ പ്രകാരം 7 ഇയേഴ്സ് ടീച്ചിംഗ് എക്സ്പീരിയൻസ് ഉണ്ടെങ്കിൽ മാത്രമേ അഡീഷണൽ ഡയറക്ടറാകാൻ കഴിയുകയുള്ളു. ജോയിന്റ് ഡയറക്ടർ എന്നുള്ളതുതന്നെ ഇദ്ദേഹത്തിനുവേണ്ടി രണ്ടാമത് കൊണ്ടുവന്ന് ചേർത്തെങ്കിലും 7 ഇയേഴ്സ് ടീച്ചിംഗ് എക്സ്പീരിയൻസ് എന്നുള്ളത് അരുൺ കുമാറിനെ സംബന്ധിച്ചിടത്തോളം ഇല്ല.

അഡീഷണൽ ഡയറക്ടർ നിയമനം. അതിൽ ഞാൻ ഇവിടെ ഉദ്ധരിക്കുന്നത് എന്റെ മാർഗ്ഗങ്ങളല്ല, കേരള യൂണിവേഴ്സിറ്റിയുടെ രേഖയാണ്. ഇന്നലെ അദ്ദേഹത്തിന്റെ പിഎച്ച്.ഡി. രജിസ്ട്രേഷൻ കേരള യൂണിവേഴ്സിറ്റി റദ്ദാക്കി. റദ്ദാക്കുമ്പോൾ പറയാനുള്ള കാരണം പിഎച്ച്.ഡി.ക്ക് രജിസ്റ്റർ ചെയ്യണമെങ്കിൽ 7 ഇയേഴ്സ് ടീച്ചിംഗ് എക്സ്പീരിയൻസ് ഉള്ളവർക്ക് എൻട്രൻസ് ഒഴിവാക്കാൻ പറ്റും. എന്നാൽ ഐ.എച്ച്.ആർ.ഡി. ഡയറക്ടർ കേരളാ യൂണിവേഴ്സിറ്റിയിൽ കൊടുത്ത ഒരു വ്യാജ സത്യവാങ്മൂലം, തെറ്റായ രേഖപ്രകാരം അരുൺകുമാർ എന്നയാൾക്ക് 7 ഇയേഴ്സ് ടീച്ചിംഗ് എക്സ്പീരിയൻസ് ഉണ്ടെന്ന് പറഞ്ഞ് കൊടുക്കുകയും അദ്ദേഹത്തിന് എക്സംപ്ഷൻ കിട്ടുകയും പിഎച്ച്.ഡി.ക്ക് ബയോ ഇൻഫർമാറ്റിക്സിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തു. അത് ഇന്നലെ സിൻഡിക്കേറ്റ് റദ്ദാക്കി. യൂണിവേഴ്സിറ്റി പറയുന്ന ഒരു കാര്യം, It is clear from the report of the Director, IHRD dated 14-5-2007 that, Shri V. A. Arun Kumar does not possess the required College/ University teaching experience of minimum 7 years to get exemption from Ph.D. entrance test. അദ്ദേഹത്തിന് 7 ഇയേഴ്സ് ടീച്ചിംഗ് എക്സ്പീരിയൻസ് ഇല്ലെന്ന് വളരെ കൃത്യമായി കേരളാ യൂണിവേഴ്സിറ്റി കണ്ടെത്തുകയും കേരളാ യൂണിവേഴ്സിറ്റി അദ്ദേഹത്തിന്റെ പിഎച്ച്.ഡി. രജിസ്ട്രേഷൻ റദ്ദാക്കുകയും ചെയ്തു. സി.എ.ജി.യുടെ റിപ്പോർട്ടിൽ പറയുന്നു, "He was appointed as Assistant Director on ad hoc basis and regularised. He was promoted as Principal, College of Applied Science; during the period he was on deputation as Managing Director, Coirfed. He could not fulfilled the condition of 7 years teaching experience for promotion as Principal (CAS). Moreover, he was working as Assistant Director in IHRD

which cannot be treated as profession of teaching. IHRD Headquarters is neither an industrial unit nor a department. He was promoted as Joint Director, he did not fulfil the condition of 10 years teaching experience/industrial experience at the time of promotion as Joint Director. His eligibility for considering promotion as Additional Director would be subject to eligibility for promotion as Principal/Joint Director as above.

സി. ആന്റ് എ. ജി. വളരെ കൃത്യമായി പറയുന്നു, ഇദ്ദേഹത്തിന് ജോയിന്റ് ഡയറക്ടറാകാൻ 10 ഇയേഴ്സ് ടീച്ചിംഗ് എക്സ്പീരിയൻസ് വേണമായിരുന്നു. അത് ഇല്ലായിരുന്നു. അഡീഷണൽ ഡയറക്ടറാകാൻ 7 ഇയേഴ്സ് ടീച്ചിംഗ് എക്സ്പീരിയൻസ് വേണമായിരുന്നു, അതും ഇല്ലായിരുന്നു, യൂണിവേഴ്സിറ്റി പറയുന്നു, ഇദ്ദേഹത്തിന് ഒരു ദിവസത്തെപോലും ടീച്ചിംഗ് എക്സ്പീരിയൻസ് ഇല്ല. അപ്പോൾ 7 ഇയേഴ്സ് ടീച്ചിംഗ് എക്സ്പീരിയൻസ് വേണ്ടുന്ന അഡീഷണൽ ഡയറക്ടർ സ്ഥാനത്ത് ഇരിക്കുന്നത് യോഗ്യതയില്ലാതെയാണ്. 10 ഇയേഴ്സ് ടീച്ചിംഗ് എക്സ്പീരിയൻസ് വേണ്ടിയിരുന്ന ജോയിന്റ് ഡയറക്ടർ ആയതും യോഗ്യതയില്ലാതെയാണ്. ഈ രണ്ട് സ്ഥാനത്തും യോഗ്യതയില്ലാതെയാണ് ഇദ്ദേഹത്തെ നിയമിച്ചത്. എന്ന് മാത്രമല്ല, ഇദ്ദേഹത്തിന് അഡീഷണൽ ഡയറക്ടറാകാൻവേണ്ടി നടത്തിയ ഇന്റർവ്യൂ ഉണ്ട്. ഒരു നോട്ടിൽ പറയുന്നു, a note was submitted to the Chairman, IHRD. അത് വിദ്യാഭ്യാസ വകുപ്പുമന്ത്രിയാണ്. അദ്ദേഹം പറയുന്നു, “At present, as per the existing special rules framed, only one Additional Director post exist to assist the Director in administration and academic matters. The Director has been experiencing much difficulty in discharging his duties effectively due to heavy workload for the establishment of new educational institutions. In order to effectively monitor and carry out the administrative duties, the approval of Governing Body of IHRD....., two more posts of Additional Directors and one more post of Joint Director has been created. ഐ.എച്ച്.ആർ.ഡി.യുടെ ബൈലാ എന്റെ കയ്യിലുണ്ട്. അതിൽ കൃത്യമായി പറയുന്നു, അഡീഷണൽ ഡയറക്ടറുടെ തസ്തിക സൃഷ്ടിക്കണമെങ്കിൽ, കൂടുതലായി ഉണ്ടാകണമെങ്കിൽ ഗവൺമെന്റിന്റെ അംഗീകാരം വേണം. ഇവിടെ പ്രൊഫ. സുബ്രഹ്മണി പറയുന്നത് ഗവേണിംഗ് ബോഡിയുടെ അംഗീകാരം വാങ്ങിയെന്നാണ്. ഗവൺമെന്റിന്റെ അംഗീകാരം ഇല്ലാതെയാണ് ഒരു അഡീഷണൽ ഡയറക്ടർ എന്നുള്ളത് രണ്ടെണ്ണംകൂടി ചേർത്ത് മൂന്നാക്കി മാറ്റിയത്. ഇത് എന്റെ ഒരു പ്രധാനപ്പെട്ട പോയിന്റാണ്. ഒരെണ്ണമേ ഉണ്ടായിരുന്നുള്ളു. ഐ.എച്ച്.ആർ.ഡി. പറയുന്നത് കൃത്യാന്തര ബാഹുല്യംമൂലം അദ്ദേഹത്തിന് രണ്ടുപേരെയുംകൂടി വേണമെന്ന് പറയുന്നു. എന്നാൽ ഇദ്ദേഹത്തിന് ഒപ്പം നിയമിച്ച രണ്ട് അഡീഷണൽ ഡയറക്ടർമാരും ഇപ്പോൾ അതാത് കോളേജുകളിൽത്തന്നെ വർക്ക് ചെയ്യുകയാണ്. മൂന്ന് അഡീഷണൽ ഡയറക്ടർമാരുണ്ടായിരുന്നു. വി. പി. ദേവസ്യ, സുരേഷ് കുമാർ, അരുൺകുമാർ. കൃത്യാന്തര ബാഹുല്യംമൂലമാണ് ഒന്ന് മൂന്നാക്കുന്നത് എന്ന് പറഞ്ഞെങ്കിലും ഇവർ രണ്ടുപേരും അവരവരുടെ കോളേജുകളിൽത്തന്നെ ഇപ്പോൾ ജോലി ചെയ്തുകൊണ്ടിരിക്കുകയാണ്. അപ്പോൾ അരുൺകുമാറിനെ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഒന്ന് എന്നുള്ളത് മൂന്നാക്കി മാറ്റിയത്.

അതുകൂടാതെ ഇന്റർവ്യൂവിന് ആറ് പേരാണ് അപേക്ഷിച്ചത്. ആറുപേർ അപേക്ഷിച്ചതിൽ ബാക്കി ഡോ. വി. പി. ദേവസ്യ, പ്രൊഫ. ജ്യോതി ജോൺ, ഡോ. ജേക്കബ് തോമസ്, ഡോ. ടി. കെ. മണി, ഡോ. പി. സുരേഷ് കുമാർ ആന്റ് ശ്രീ. വി. എ. അരുൺകുമാർ. ഇത് വായിച്ചപ്പോൾത്തന്നെ മനസ്സിലാകും ബാക്കി അഞ്ചുപേർ ഡോക്ടർമാരാണ്, പിഎച്ച്.ഡി. ഉള്ളവരാണ്. ശ്രീ. വി.എ. അരുൺകുമാറിന് മാത്രമാണ് പിഎച്ച്.ഡി. ഇല്ലാത്തത്. മറ്റുള്ളവർക്കെല്ലാം 10 ഇയേഴ്സ് എബൗ ടീച്ചിംഗ് എക്സ്പീരിയൻസ് ഉള്ളവരാണ്. 15 ഇയേഴ്സ് എബൗ ടീച്ചിംഗ് എക്സ്പീരിയൻസ് ഉള്ളവരാണ്. ബാക്കി എല്ലാവരും പ്രിൻസിപ്പൽമാരാണ്. പ്രിൻസിപ്പൽ, ചെങ്ങന്നൂർ, പ്രിൻസിപ്പൽ അടൂർ, പ്രിൻസിപ്പൽ, കല്ലൂപ്പാറ, പ്രിൻസിപ്പൽ, ചേർത്തല, പ്രിൻസിപ്പൽ, എറണാകുളം. എനിക്ക് അതിൽ ആക്ഷേപമുണ്ട്. ഇന്റർവ്യൂ ബോർഡ് കോൺസ്റ്റിറ്റ്യൂട്ട് ചെയ്തപ്പോൾത്തന്നെ അതിൽ ഹയർ എഡ്യൂക്കേഷൻ സെക്രട്ടറി ഇല്ല. ഐ.എച്ച്.ആർ.ഡി. ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെകീഴിൽ വരുന്ന സ്ഥാപനമാണ്. ഹയർ എഡ്യൂക്കേഷൻ സെക്രട്ടറി ഇല്ല. പകരം ഇന്റർവ്യൂ ബോർഡിൽ ഉണ്ടായിരുന്നത് എൻട്രൻസ് പരീക്ഷാ കമ്മീഷണറായിരുന്ന ശ്രീ. ബി. എസ്. മാവോജി, ശ്രീ. കെ. ഗോപാലകൃഷ്ണ ഭട്ട്, ഐ.എ.എസ്., ഇദ്ദേഹം ഡയറക്ടർ ഓഫ് കൊളീജിയറ്റ് എഡ്യൂക്കേഷനാണ്. ഡോ. കുഞ്ചെറിയ പി. ഐസക്, ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ എന്നിവരാണ്. ഹയർ എഡ്യൂക്കേഷൻ സെക്രട്ടറി ഈ ഇന്റർവ്യൂ ബോർഡിൽ ഉണ്ടായിരുന്നില്ല എന്ന് മാത്രമല്ല, ഇന്റർവ്യൂ നടന്നപ്പോൾ ഗോപാലകൃഷ്ണ ഭട്ട് വന്നില്ല. പകരം വന്നത് അരുൺകുമാറിനേക്കാൾ താഴ്ന്ന, അല്ലെങ്കിൽ സമാനമായ ഡയറക്ടർ ഓഫ് കൊളീജിയറ്റ് എഡ്യൂക്കേഷനിലെ ഒരു ഉദ്യോഗസ്ഥനാണ്. ഗോപാലകൃഷ്ണ ഭട്ട് ഒരു ഡയറക്ടറായിരുന്നു. പകരം അതിൽ താഴ്ന്ന ഒരാളാണ് ഇന്റർവ്യൂവിന് വന്നത്. ആറുപേരുടെ റാങ്ക് ലിസ്റ്റിന്റെ ഡീറ്റെയിൽസാണ് ഇത്.

ഇതിൽ അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ് ആന്റ് അഡ്മിനിസ്ട്രേഷൻ) സ്ട്രീമിലാണ് അരുൺകുമാറിനെ നിയമിക്കുന്നത്. ഇന്റർവ്യൂവിൽ അദ്ദേഹത്തിന് പത്തിൽ ഒമ്പത് മാർക്കാണ് ലഭിച്ചത്. എന്റെ കൈയിൽ അതിന്റെ ഡോക്യുമെന്റുണ്ട്. ഇന്റർവ്യൂവിൽ പങ്കെടുത്ത അഞ്ച് പേരും പിഎച്ച്.ഡി. ഉള്ള 20 വർഷം ടീച്ചിംഗ് എക്സ്പീരിയൻസുള്ള പ്രിൻസിപ്പൽമാരാണ്. ഈ അഞ്ച് പേരിൽ പത്തിൽ ഒമ്പത് മാർക്ക് കൊടുത്ത് ഒന്നാം റാങ്ക് ലഭിക്കാൻ എന്ത് അധിക യോഗ്യതയാണ് അരുൺകുമാറിനുള്ളത് ? ഇദ്ദേഹം ജോയിന്റ് ഡയറക്ടറായിരുന്നപ്പോൾ കൊടുത്തിരുന്നത് അപ്ലൈഡ് സയൻസിന്റെ ചുമതലയായിരുന്നു. പ്ലാനിംഗ് ആന്റ് അഡ്മിനിസ്ട്രേഷനിൽ അദ്ദേഹത്തിന് എക്സ്പീരിയൻസേയില്ല. അവിടെയാണ് ഒന്നാം റാങ്ക് കൊടുത്ത് പ്ലാനിംഗ് ആന്റ് അഡ്മിനിസ്ട്രേഷനിൽ നിയമിച്ചത്. ബാക്കി രണ്ട് അഡീഷണൽ ഡയറക്ടർമാരിൽ ഒരാളോട് തൃക്കാക്കരയിലും മറ്റേയാളോട് ചെങ്ങന്നൂരും പോയി ജോയിൻ ചെയ്തുകൊള്ളാൻ പറഞ്ഞു. ഈ ഇന്റർവ്യുവിൽത്തന്നെ ക്രമക്കേട് ഉണ്ടായിട്ടുണ്ട്. ഇന്റർവ്യുവിന് വരുന്നതിനുമുമ്പ് ഇദ്ദേഹത്തിന് അഡീഷണൽ ഡയറക്ടറാകാനുള്ള യോഗ്യതയില്ല, അത് ഞാൻ നേരത്തെ തന്നെ പറഞ്ഞു, ടീച്ചിംഗ് എക്സ്പീരിയൻസ് ഇല്ല. ജോയിന്റ് ഡയറക്ടർ ആകാനുള്ള യോഗ്യതയില്ല. വിദ്യാഭ്യാസ യോഗ്യതയില്ലാത്ത, ടീച്ചിംഗ് എക്സ്പീരിയൻസ് ഇല്ലാത്ത ആളെ, ഈ സ്ഥാനത്ത് ഐ.എച്ച്.ആർ.ഡി. ഇപ്പോൾ ഇരുത്തിയിരിക്കുകയാണ്. അതാണ് യോഗ്യതയില്ലാത്ത ആളെ അഡീഷണൽ ഡയറക്ടറാക്കി എന്ന ആരോപണം ഞാൻ ഉന്നയിച്ചത്.

ഐ.എച്ച്.ആർ.ഡി.യുടെ നിയമാവലി അനുസരിച്ച് ഈ പോസ്റ്റിന് ഗവൺമെന്റിന്റെ അംഗീകാരം വേണം. "ഗവൺമെന്റിന്റെ" എന്നു തന്നെയാണ് പറയുന്നത്. ഗവേണിംഗ് ബോഡിയുടെയല്ല. ഗവൺമെന്റിന്റെ അംഗീകാരം ഇല്ലെന്ന് ഞാൻ പറയാൻ കാരണം, Selection Committee for the post of Additional Director– The Appointing authority for the post is Executive Committee. ചെയർമാന്റെ പെർമിസീവ് സാങ്ഷൻ വച്ചിട്ടാണ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരമില്ലാതെ ഈ നിയമനം നടത്തിയിരിക്കുന്നത്. ഇവർക്ക് അപ്പോയിന്റ്മെന്റ് ഓർഡർ കൊടുക്കുന്നതിനുമുമ്പ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങിച്ചിട്ടില്ല. ചെയർമാൻ ഓഫ് ദി ഐ.എച്ച്.ആർ.ഡി.യുടെ പെർമിസീവ് സാങ്ഷനാണ്. മന്ത്രിയുടെ പെർമിസീവ് സാങ്ഷൻ വാങ്ങിച്ചുകൊണ്ട് ഈ മൂന്നുപേരെയും നിയമിച്ചിരിക്കുകയാണ്.

ഒരു ഇന്റർവ്യൂ ബോർഡിലെ ഒരംഗത്തിന് പകരം ടി അംഗത്തിന്റെ തസ്തികയുടെ താഴെയുള്ള മറ്റൊരാളെ പകരം നിയോഗിച്ചിട്ടുണ്ട്. ഇതിൽ അതിനും ഒരു ഓർഡറുണ്ട്. Director orally ordered that the Selection Committee has been constituted for selection to the post of Additional Director and interview has been proposed on 13-10-2010 at 3 p.m. in the Science and Technology Museum hall, Trivandrum. The application received for the post of Joint Director has been examined later separately. The constitution of the Committee proposed by the Director, IHRD is shown below :

1. Shri B. S. Mavoji, IAS, Commissioner for Entrance Examination Tvm. (Chairman)
2. Shri K. Gopalakrishna Bhatt, IAS, Director of Collegiate Education (Member).
3. Dr. Kunjeria P. Issac, Director of Technical Education (Subject Expert and Member).
4. Dr. P. Subrahmoni, Director IHRD (Convenor).

Director orally ordered to the Committee members for conducting the interview for selection to the post of Additional Director. Moreover, memo to the applicants for the post of Additional Director to appear an interview on 13-10-2010 at 3 p.m. in the Science and Technology Museum Hall, Trivandrum എന്നാണ്.

ഇതിൽ സാധാരണ ഒരു വ്യക്തി എന്ന നിലയിൽ അല്ല അരുൺകുമാറിന് അനർഹമായി സ്ഥാനങ്ങളെല്ലാം ലഭിച്ചിട്ടുള്ളത്. അഞ്ച് പേർ ഇന്റർവ്യൂ ബോർഡിൽ വന്നതിൽ ഏറ്റവും കുറഞ്ഞ ക്വാളിഫിക്കേഷനുള്ളത് ബയോഡേറ്റയിൽ നിന്നുതന്നെ ഒരു ചോദ്യവും ചോദിക്കാതെ പ്രത്യക്ഷമായി മനസ്സിലാക്കാൻ കഴിയുന്നതാണ്. അങ്ങനെയുള്ള ഒരാൾക്ക് പത്തിൽ ഒമ്പത് മാർക്ക് കൊടുത്ത് ഒന്നാം റാങ്കുകാരനാക്കി. രണ്ട്, അപേക്ഷിക്കാൻപോലും യോഗ്യതയില്ലാതിരുന്ന ആൾക്ക് സ്പെഷ്യൽ റൂൾ

അമെന്റ് ചെയ്ത് അദ്ദേഹത്തിനുകൂടി യോഗ്യതയുണ്ടാക്കുകയാണ്. പക്ഷേ അവിടെ ഒരു അബദ്ധം പറ്റി. സ്പെഷ്യൽ റൂൾ അമെന്റ് ചെയ്തപ്പോൾ മെത്തേഡ് ഓഫ് അപ്പോയിന്റ്മെന്റ് അമെന്റ് ചെയ്തു. ക്വാളിഫിക്കേഷൻ പഴയതുപോലെ കിടക്കുകയാണ്. ആ ക്വാളിഫിക്കേഷൻ വച്ചിട്ടാണ് സി. ആന്റ് എ.ജി.യും കണ്ടെത്തിയത് 7 വർഷത്തെ ടീച്ചിംഗ് എക്സ്പീരിയൻസ് ഇല്ല എന്നുള്ളത്. ജോയിന്റ് ഡയറക്ടർ ആകാൻ 10 വർഷത്തെ ടീച്ചിംഗ് എക്സ്പീരിയൻസില്ല. ഈ കാര്യങ്ങളിലെല്ലാം ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ മകൻ എന്ന പരിഗണനയാണ് ലഭിച്ചിരിക്കുന്നത്. ഇത് സാധാരണ ഒരു വ്യക്തിക്ക് ലഭിക്കുന്നതല്ല. അച്ചുതാനന്ദൻ മന്ത്രിസഭയിലെ വിദ്യാഭ്യാസ മന്ത്രിയാണ് ഇതിനെല്ലാം അംഗീകാരം കൊടുത്തിരിക്കുന്നത്.

ആപ്ലിക്കേഷൻ സബ്മിറ്റ് ചെയ്യാൻ ബേസിക് ക്വാളിഫിക്കേഷൻ ഇല്ലാത്ത ആളിന്റെ ആപ്ലിക്കേഷൻ അക്സെപ്റ്റ് ചെയ്തത് ശരിയാണോ എന്നുള്ളതാണ് എന്റെ ചോദ്യം. 7 വർഷം ടീച്ചിംഗ് എക്സ്പീരിയൻസ് ഉള്ള ആൾക്കേ അപ്ലൈ ചെയ്യാൻ സാധിക്കൂ. ഇദ്ദേഹത്തിന്റെ ആപ്ലിക്കേഷൻ റിജക്ട് ചെയ്യേണ്ടതാണ്.

1-1-1997-ൽ അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ വാക്കാലുള്ള നിർദ്ദേശ പ്രകാരം പ്രതിമാസം 5,000 രൂപ വേതന നിരക്കിൽ ശ്രീ. വി. എ. അരുൺകുമാറിനെ ഐ.എച്ച്.ആർ.ഡി.യുടെ സോഫ്റ്റ്വെയർ വിഭാഗത്തിൽ അസിസ്റ്റന്റ് ഡയറക്ടറായി നിയമിച്ചു. ഈ നിയമനം നടക്കുമ്പോൾ സോഫ്റ്റ്വെയർ വിംഗിൽ ടി തസ്തികയില്ല. പ്രസ്തുത തസ്തിക സൃഷ്ടിക്കുകയാണ് ചെയ്തത്. അസിസ്റ്റന്റ് ഡയറക്ടറുടെ ജോലി നിർവ്വചിച്ചിട്ടില്ലായിരുന്നു. തസ്തികയ്ക്കുള്ള വിദ്യാഭ്യാസ യോഗ്യതയും നിയമന രീതിയും നിശ്ചയിച്ചിരുന്നില്ല. ഇങ്ങനെയുള്ള സാഹചര്യത്തിലാണ് അപേക്ഷ ക്ഷണി ക്കാതെയും, ഇന്റർവ്യൂ നടത്താതെയും അദ്ദേഹത്തെ നേരിട്ട് പ്രസ്തുത തസ്തികയിൽ നിയമിക്കുന്നത്. അന്ന് ഇപ്രകാരമുള്ള നിയമനം നടക്കാൻ കാരണം അന്നത്തെ സർക്കാരിൽ ശ്രീ. വി. എസ്. അച്ചുതാനന്ദനുള്ള സ്വാധീനമായിരുന്നു.

ഐ.എച്ച്.ആർ.ഡി.യിൽ അങ്ങനെ ക്രമവിരുദ്ധമായ നിയമനം നടന്നിട്ടുണ്ടെങ്കിൽ അത് കറക്ട് ചെയ്യണം. ഒരു വ്യക്തിയുടേതല്ല. ഈ വ്യക്തിയുടെ കാര്യം പ്രത്യേകം പറയാൻ കാരണം, ഇദ്ദേഹത്തിന്റെ കൂടെ ജോലി ചെയ്തവർക്കും ഇദ്ദേഹത്തിന് മുമ്പ് ജോലി ചെയ്തവർക്കും കിട്ടാത്ത ആനുകൂല്യങ്ങളും പദവികളുമാണ് അരുൺ കുമാറിന് കിട്ടിയിട്ടുള്ളത്. അരുൺകുമാർ അഡീഷണൽ ഡയറക്ടറായി ജോലിയിൽ കയറു മ്പോൾ 1990-ന് മുമ്പ് ഇദ്ദേഹം ജോലിയിൽ കയറുന്നത് 1997-ലാണ് അതിന് മുമ്പ് ഐ.എച്ച്.ആർ.ഡി. തുടങ്ങിയ സമയം മുതൽ ജോലിയിൽ പ്രവേശിച്ച ആളുകളെ യെല്ലാം മറികടന്നുകൊണ്ടാണ് ഇദ്ദേഹത്തിന് ഈ നിയമനങ്ങൾ ഓരോന്നോരോന്നായി കിട്ടിക്കൊണ്ടിരുന്നത്. അതുകൊണ്ടാണ് അരുൺകുമാർ എന്ന വ്യക്തി ഒരു സ്പെഷ്യൽ കേസ്സാകുന്നതും അരുൺകുമാറിന് കിട്ടിയ ആനുകൂല്യങ്ങളും സൗജന്യങ്ങളും നമ്മൾ പ്രത്യേകമായി പരാമർശിക്കുന്നതും. 1997-ലാണ് അദ്ദേഹത്തിന് നിയമനം ലഭിക്കുന്നത്.

ഐ.എച്ച്.ആർ.ഡി. അഡീഷണൽ ഡയറക്ടർ തസ്തികയിലേക്കുള്ള ഫീഡർ കാറ്റഗറിയിൽ ഐ.എച്ച്.ആർ.ഡി. ജോയിന്റ് ഡയറക്ടർ ഉൾപ്പെടുമെങ്കിലും അഡീഷണൽ ഡയറക്ടർ തസ്തികയിലേക്കുള്ള അപേക്ഷ ക്ഷണിക്കുമ്പോൾ ടി തസ്തികയ്ക്കുവേണ്ട യോഗ്യതയിൽ അദ്ധ്യാപന പരിചയമുണ്ടായിരുന്നുവെന്നും

പ്രസ്തുത യോഗ്യത ശ്രീ. വി. എ. അരുൺകുമാറിനില്ലായിരുന്നുവെന്നും ആയതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ അപേക്ഷ പ്രാരംഭഘട്ടത്തിൽത്തന്നെ നിരസിക്കേണ്ട തായിരുന്നു.

***(ഇ) ശ്രീ. കുരുവിള ജോൺ, മുൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 23-12-2011-ൽ നൽകിയ മൊഴി***

റിട്ടയേഡ് ഉദ്യോഗസ്ഥൻ എന്ന നിലയിൽ ഞാൻ എന്റെ ഓർമ്മയിൽ നിന്ന് പറയുകയാണ്. 27-7-2009-ലെ IHRD എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം രണ്ട് അഡീഷണൽ ഡയറക്ടർ തസ്തികകൾകൂടി IHRD-യിൽ സൃഷ്ടിക്കുന്നതിന് Permissive Sanction” നല്കി. തുടർന്ന് 2010 ഡിസംബർ രണ്ടാമത്തെയോ മൂന്നാമ ത്തെയോ ആഴ്ചയിൽ ഗവേണിംഗ് ബോഡി യോഗം അന്നത്തെ വിദ്യാഭ്യാസ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. പ്രസ്തുത യോഗത്തിൽ IHRD അഡീഷ ണൽ ഡയറക്ടർ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച തീരുമാനം സർക്കാരിന്റെ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് അന്നത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പു സെക്രട്ടറിയെന്ന നിലയിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ അപ്രകാരം നടന്നതായി അറിയില്ല. പ്രസ്തുത യോഗം തുടങ്ങി അല്പസമയത്തിനകം യോഗം തുടരാൻ പറഞ്ഞുകൊണ്ട് യോഗാദ്ധ്യക്ഷനായിരുന്ന വിദ്യാഭ്യാസ വകുപ്പുമന്ത്രി യോഗത്തിൽ നിന്ന് പോയി. പിന്നീട് ഇപ്രകാരമൊരു യോഗം നടന്നത് സംബന്ധിച്ച് യോഗനടപടി കുറിപ്പ് ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് തയ്യാറാക്കിയ താഴെ പറയുന്ന വിശദീകരണ കുറിപ്പ് ഞാൻ സമർപ്പിക്കുന്നു :

In the backdrop of the imbroglio after strong protests, including gherao of the Director, IHRD, who notified for selection the existing single post of AD, the meeting of the EC on 27-7-2009 accorded permissive sanction for creation of two more posts of AD and one post of JD. Although there was the immediate compelling situation cited, factors like the need for effective management of the new courses in the difference streams like Applied Sciences, Computer Applications etc. into which IHRD has been foraying in the recent times, over and above the Engineering branches, were the relevant circumstances, as explained by the Director, supporting such a decision. Obviously, permissive sanction presupposed, and was subject to proper sanction from the Competent Authority. Amendment to the Special Rules, observing the prescribed procedure, was a sine qua non for the sanction to take effect. It may also be noted that the amendment for which permissive approval has been granted by the EC on 27-7-2009 spoke only of method of appointment for the three posts of AD, which too has been retained as such, the only distinction being the categorization of the three posts functionally. Qualifications have been left untouched, and no relaxation in qualifications has been provided for, either express or implied. It was stipulated that IHRD should issue fresh notification after amendment of the qualifications (as would be required), and creation of additional posts with the approval of the General Body (GB).

The operative part of the decision on the above agenda item (additional agenda item 1) is as follows: “After detailed discussion, the Committee accorded permissive sanction for creation of two more additional posts of Additional Directors amending the Special Rules that the method of appointment will be by selection from Joint Directors of IHRD/Principals of Engineering Colleges under IHRD for the post of Additional Directors. It has also been decided to cancel the Notification No. EA3/8999/07/HRD dated 13-7-2009 for Additional Director and to invite fresh notification after the amendment of qualification and creation of additional posts subject to the approval of Governing Body.”

Although the files shown to me by the present Director, IHRD does not indicate so, to the best of my memory, there did take place a meeting of the GB, during the second or third week of December, 2010. In that meeting of the GB, I had vehemently insisted that the instant matter (promotion to the posts of AD/JD), along with other similar cases, be referred to the Government for scrutiny, as also clearance of FD, since post creation and amendment to Special Rules were involved, and for approval of the Council of Ministers as essentially stipulated in the Business Rules. Apparently, that was the accepted decision of the GB. However, I do not remember to have seen the minutes of this meeting. Since I retired in a week or so, i.e,. on 31-12-2010, I could not have the benefit of following it up either. If I remember correctly, the Hon’ble Minister who chaired the meeting had to leave for some other urgent work shortly after the meeting commenced, instructing the meeting to continue. The agenda for the meeting of the GB in February 2011 does not make any mention of this meeting. Being do, giving the benefit of doubt to IHRD, perhaps, it was the substantial absence of the Chairman (and the absence of the Vice Chairman of the GB, viz. Chief Secretary), that would have prompted them to treat the meeting as infructuous.

All that I had been insisting was proper compliance with the relevant rules and procedural formalities, which has at all times been my forte. Here, the irregularity, to me seems, is confined to this. And, my opinion is that it is only a curable procedural lapse.

That said, I shall be failing in my duty if I do not express my personal view in the matter. The officer was already in the rank of joint Director. In every State Government/quasi–Government institution it is only the normal practice for any middle level officer to get promoted to the next promotion post. Although I did not have the occasion to make an assessment of his academic credentials and administrative competence, in as much as he has been selected for promotion to the higher position, it may not be fair to deny the same on procedural aspects.

പ്രസ്തുത യോഗത്തിന്റെ രേഖകൾ IHRD-യുടെ കൈവശമുണ്ടെന്ന് കരുതുന്നില്ല. ഞാൻ റിട്ടയർ ചെയ്യുന്നതുവരെ പ്രസ്തുത യോഗത്തിന്റെ മിനിട്സ് എന്റെ അംഗീകാരത്തിനായി വന്നിട്ടില്ല. 7-2-2011-ൽ ചേർന്ന ഗവേണിംഗ് ബോഡി യോഗത്തിന്റെ മിനിട്സിലും മേൽ പരാമർശിച്ച യോഗത്തിന്റെ സൂചനയൊന്നുമില്ല.

31-12-2010 വരെയുള്ളതേ എനിക്ക് പറയാൻ കഴിയുകയുള്ളു. ഇതിൽ അന്നത്തെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ എടുത്തിട്ടുള്ള തീരുമാനം, it was only permissive sanction. പെർമിസീവ് സാങ്ഷൻ എന്നു പറയുമ്പോൾ that becomes final sanction only with the approval of the Governing Body which has been so clearly minuted in the Executive committee. അത് 27-7-2009ലാണ്. അതു കഴിഞ്ഞ് അതുമായി ബന്ധപ്പെട്ട ഒന്നും ഐ.എച്ച്.ആർ.ഡി.യിൽ ചെയ്തില്ല എന്നുള്ളതാണ് സത്യം. Even on 24-11-2010, ഇതിന്റെ പുറത്ത് ആക്ഷൻ എടുത്തതൊന്നും പറഞ്ഞിട്ടില്ല. പിന്നെ 2011-ലെ ജി.ബി.യുടെ കാര്യം പറയുന്നു, അത് എന്റെ കാലയളവിലുള്ളതല്ല. ജി.ബി.യുടെ അപ്രൂവൽ അക്കാര്യത്തിൽ ആവശ്യമാണ്. അതിനു ശേഷം ജി.ബി. തീരുമാനിക്കുന്നതനുസരിച്ച് for the steps as is required under the business rules എന്നതേയുള്ളു. പെർമിസീവ് സാങ്ഷൻ എന്ന വാക്കുതന്നെ ഉപയോഗിച്ചിരിക്കുന്നത് it is not sanctioned. അത് വളരെ ക്ലിയറായി എടുത്തുപറഞ്ഞിട്ടുണ്ട്.

***(എഫ്) ശ്രീ. വി. എ. അരുൺകുമാർ, അഡീഷണൽ ഡയറക്ടർ, ഐ.എച്ച്.ആർ.ഡി. 13-1-2012-ൽ നൽകിയ മൊഴി***

ഐ.എച്ച്.ആർ.ഡി.യിൽ ജോയിന്റ് ഡയറക്ടർ ആയി നിയമിക്കപ്പെട്ടത് 13-10-2008ലാണ്. ജോയിന്റ് ഡയറക്ടറാകാൻ വേണ്ട യോഗ്യതകൾ ഐ.എച്ച്.ആർ.ഡി. സർവ്വീസിൽ 10 വർഷത്തെ പരിചയമായിരുന്നു. എനിക്ക് ഐ.എച്ച്.ആർ.ഡി.യിൽ ടീച്ചിംഗ് എക്സ്പീരിയൻസ് ഉണ്ട്. എന്തെന്നാൽ ഐ.എച്ച്.ആർ.ഡി. ഒരു വിദ്യാഭ്യാസ സ്ഥാപനമാണ്. ഞാൻ ജോയിന്റ് ഡയറക്ടർ ആകുമ്പോഴും പ്രിൻസിപ്പൽ, അപ്ലൈഡ് സയൻസ് ആകുമ്പോഴും ഇപ്പോൾ അഡീഷണൽ ഡയറക്ടർ ആകുമ്പോഴും ഞങ്ങളുടെ സ്കെയിൽ ഓഫ് പേ എ.ഐ.സി.റ്റി.ഇ./യു.ജി.സി. ആണ്. ഇത് വാങ്ങാൻ പറ്റുന്നത് ഒരു വിദ്യാഭ്യാസ സ്ഥാപനമായതുകൊണ്ടാണ്. ഞാൻ ജോയിൻ ചെയ്ത കാലംമുതൽ ഇഷ്ടംപോലെ ട്രെയിനിംഗ് പ്രോഗ്രാം ഐ.എച്ച്.ആർ.ഡി.യിൽ നടക്കുന്നുണ്ട്. ഏറ്റവും പ്രധാനമായി കോളേജ് അദ്ധ്യാപകരുടെ സിമിലർ ആയി നടത്തുന്ന വർക്കെന്ന് പറഞ്ഞാൽ പ്രോജക്ട് ഗൈഡൻസാണ്. ബി.ടെക്, എം.സി.എ., ബി.എസ്.സി കമ്പ്യൂട്ടർ എന്നിവയ്ക്കൊക്കെ ആറുമാസം പ്രോജക്ട് വർക്ക് ഉണ്ട്. കുട്ടികൾ അത് കോളേജിലാണ് ചെയ്യുന്നതെങ്കിൽ അവിടത്തെ സീനിയറായിട്ടുള്ള പ്രൊഫസർമാരാണ് അതിന് നേതൃത്വം കൊടുക്കുന്നത്. ആ വർക്ക് ഞാൻ ഐ.എച്ച്.ആർ.ഡി.യിൽ ചെയ്യാറുണ്ട്. ഐ.എച്ച്.ആർ.ഡി.യിൽ 9 എഞ്ചിനീയറിംഗ് കോളേജുകളുണ്ട്. എന്നാൽ അവയിലൊന്നിലും പഠിപ്പിച്ചിട്ടില്ല.

ഐ.എച്ച്.ആർ.ഡി അഡീഷണൽ ഡയറക്ടർ തസ്തികയിലേക്കുള്ള നിയമനത്തിനായി നടന്ന ഇന്റർവ്യൂവിൽ 6 പേർ പങ്കെടുത്തിരുന്നുവെന്നും അതിൽ പി.എച്ച്.ഡി. ഉള്ളവരും ഉണ്ടായിരുന്നു. എന്നാൽ ഞാൻ ഐ.എച്ച്.ആർ.ഡി.

അഡീഷണൽ ഡയറക്ടറായത് പിതാവായ അന്നത്തെ മുഖ്യമന്ത്രിയുടെ സ്വാധീനത്തിന്റെ പിൻബലത്തിലാണെന്ന ആരോപണം ശരിയല്ല. നിയമനം ലഭിക്കാത്ത ഉദ്യോഗാർത്ഥികൾ എന്തെങ്കിലും പരാതി നല്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഐ.എച്ച്.ആർ.ഡി. അഡീഷണൽ ഡയറക്ടറായി 15-10-2010-ൽ എന്നെ നിയമിച്ചുവെങ്കിലും അഡീഷണൽ ഡയറക്ടറുടെ യോഗ്യതകൾ ഭേദഗതി ചെയ്തത് 7-2-2011 തീയതി പ്രാബല്യത്തിലാണെന്നത് സംബന്ധിച്ച് പറയാനുള്ളത് : 7-2-2011-ലെ ഗവേണിംഗ് ബോഡിയിൽ ഞാനും മെമ്പറാണ്. അഡീഷണൽ ഡയറക്ടർമാർ ഗവേണിംഗ് ബോഡി മെമ്പർമാരാണെന്നുള്ള ഐ.എച്ച്.ആർ.ഡി. നിയമപ്രകാരം പങ്കെടുത്തതാണ്. ഐ.എച്ച്.ആർ.ഡി. സ്പെഷ്യൽ റൂളിൽ പറഞ്ഞിരിക്കുന്നതനുസരിച്ച് ഐ.എച്ച്.ആർ.ഡി.യുടെ എക്സിക്യൂട്ടീവ് കമ്മിറ്റി മൂന്നുപേരെ അഡീഷണൽ ഡയറക്ടറാക്കാൻ തീരുമാനിച്ചിരുന്നു. ഈ പോസ്റ്റ് വിളിക്കുന്നതിനുമുമ്പ് ഐ.എച്ച്.ആർ.ഡി.-യുടെ എക്സിക്യൂട്ടീവ് കമ്മിറ്റി ഗവേണിംഗ് ബോഡി ബൈ സർക്കുലേഷൻ-ൽ പോസ്റ്റ് ക്യാൻസൽ ചെയ്ത് രണ്ടാമത് നിയമിക്കാനുള്ള അംഗീകാരം കിട്ടിയിരുന്നു. അതനുസരിച്ചാണ് പ്രൊസീഡ്യുർ നടത്തിയത്. പ്രൊസീഡ്യുറിന് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരം കൊടുക്കുകയും ചെയ്തു. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനുശേഷം എക്സിക്യൂട്ടീവ് കമ്മിറ്റിയുടേയും ഗവേണിംഗ് ബോഡിയുടേയും ചെയർമാന്റെ കൺകറൻസോടുകൂടി ഞങ്ങൾ മൂന്നുപേരെ നിയമിച്ചു. നിയമിച്ച വിവരം ഇവിടെ അറിയിക്കുകയാണെന്നുള്ളതാണ് ഗവേണിംഗ് ബോഡിയിൽ ഉണ്ടായിട്ടുള്ളത്. ഐ.എച്ച്.ആർ.ഡി. സ്പെഷ്യൽ റൂളുകളെപ്പറ്റി ഏതാണ്ട് രണ്ടുവർഷത്തോളം പല ലെവലിലും ഡിസ്കഷൻ നടത്തി. ആ ഡിസ്കഷനുകളിലെല്ലാംതന്നെ ഡയറക്ടർ, അഡീഷണൽ ഡയറക്ടർ പോസ്റ്റുകൾ ഐ.എച്ച്.ആർ.ഡി.-യുടെ ചെയർമാനും എക്സിക്യൂട്ടീവ് കമ്മിറ്റിയും തീരുമാനിക്കുമെന്നും ബാക്കിയുള്ള പോസ്റ്റുകളാണ് ഡിസ്കസ് ചെയ്ത് പോയത്. ചെയർമാനും എക്സിക്യൂട്ടീവ് കമ്മിറ്റിയും ഇതിനെപ്പറ്റി ഒരു തീരുമാനമുണ്ടാകുമെന്നാണ് ആ ഡിസ്കഷനിൽ പറഞ്ഞത്. അതിന്റെ രേഖ  വളരെ ക്ലിയറായി എന്റെ കയ്യിലുണ്ട്. അപ്പോയിന്റ് ചെയ്യാൻ ആ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനമുണ്ടായി. ചെയർമാൻ കൺകറൻസ് കൊടുത്തു. അതനുസരിച്ച് പ്രൊസീഡ്യുർ നടന്നുവെന്നുള്ള വിവരം അവിടെ റിപ്പോർട്ട് ചെയ്യുക മാത്രമാണ് ഉണ്ടായത്.

***(ജി) ശ്രീ. എം. എ. ബേബി, എം.എൽ.എ. 14-2-2012-ൽ നൽകിയ മൊഴി***

ശ്രീ. വി. എ. അരുൺകുമാറിനെ ജോയിന്റ് ഡയറക്ടറായി നിയമിക്കുവാൻ അദ്ധ്യാപന പരിചയം ഇല്ലായിരുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നുവോ എന്ന ചോദ്യത്തിന് മറുപടിയായി പറയാനുള്ളത് ഞാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി ആകുന്ന കാലത്ത് ജോയിന്റ് ഡയറക്ടറായി അദ്ദേഹം ഫുൾ ചാർജ്ജ് വഹിച്ച് പ്രവർത്തിച്ചു കൊണ്ടിരിക്കുകയായിരുന്നു. മുൻ ഗവൺമെന്റിന്റെ കാലത്ത് തന്നെ 2005 മുതൽ ചാർജ്ജ് വഹിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ പ്രത്യേകിച്ച് അർഹതയില്ലെന്നുള്ള ആരോപണമൊന്നും എന്റെ മുമ്പിൽ വന്നിട്ടില്ല.

ഐ.എച്ച്.ആർ.ഡി. സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്തത് സ്പെഷ്യൽ റൂൾ പരിശോധിക്കുമ്പോൾ ഒരു അപാകതയുണ്ടായിരുന്നു. മൂന്ന്  അഡീഷണൽ ഡയറക്ടർ

തസ്തികയുണ്ടായിരുന്നു. ഈ കാലഘട്ടത്തിൽ ഐ.എച്ച്.ആർ.ഡി.യുടെ പ്രവർത്തനം വളരെ വലിയ തോതിൽ വിപുലീകൃതമാകുകയുണ്ടായി. ഐ.എച്ച്.ആർ.ഡി.യിൽ എഞ്ചിനീയറിംഗ് കോളേജുകളിൽ എം.ടെക്. കോഴ്സുകളേ ഉണ്ടായിരുന്നില്ല. 144 വിദ്യാർത്ഥികൾ എം.ടെക്. പഠിക്കുന്ന സ്ഥിതിവിശേഷമുണ്ടായി. വിദ്യാർത്ഥികൾക്ക് വളരെ പ്രയോജനമുണ്ടാകുന്ന അപ്ലൈഡ് സയൻസ് കോളേജുകൾ ഇരട്ടിയിലധികമായി വർദ്ധിച്ചു. അതിന്റെ എല്ലാ വിശദാംശങ്ങളും ഞാൻ പറയുന്നില്ല. പോളിടെക്നിക്കുകളിൽ കോഴ്സുകളുടെ എണ്ണം കൂടുതലായി വർദ്ധിച്ചു. ഇങ്ങനെ വന്നപ്പോൾ ഇത് മാനേജ് ചെയ്യാൻ ഉന്നതതലത്തിൽ കൂടുതൽ തസ്തികകളുണ്ടാകണമെന്ന തരത്തിലാണ് മൂന്ന് അഡീഷണൽ ഡയറക്ടർമാരുടേയും രണ്ട് ജോയിന്റ് ഡയറക്ടർമാരുടേയും പോസ്റ്റുകൾ തീരുമാനിച്ചത്. അപ്പോൾതന്നെ ഇന്റേണലായി യോഗ്യരായവരെ പ്രൊമോട്ട് ചെയ്യേണ്ടതുണ്ട്. ജോയിന്റ് ഡയറക്ടറെന്നുള്ളത് അഡീഷണൽ ഡയറക്ടറുടെ ഫീഡർ കാറ്റഗറിയാണ്. അഡീഷണൽ ഡയറക്ടറായി നിയമിക്കപ്പെടുന്നതിനുള്ള മെതേഡ് ഓഫ് അപ്പോയിന്റ്മെന്റിൽ പറയുന്നത് ജോയിന്റ് ഡയറക്ടേഴ്സിനും എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പൽമാർക്കും ആകാമെന്നാണ്. എന്നാൽ അഡീഷണൽ ഡയറക്ടറാകാനുള്ള ക്വാളിഫിക്കേഷനിൽ പറയുന്നത് പ്രിൻസിപ്പൽമാരുടെ കാര്യം മാത്രമാണ്. ജോയിന്റ് ഡയറക്ടറാകാൻ അപ്ലൈഡ് സയൻസ് കോളേജിന്റെ പ്രിൻസിപ്പലിനും പോളിടെക്നിക്ക് പ്രിൻസിപ്പലിനും പ്രൊഫസർമാർക്കും അർഹതയുണ്ട്. അത് ഒരു അനോമലിയാണ്. അപ്പോൾ ഈ ക്വാളിഫിക്കേഷൻ മാറ്റിയാൽ നിലവിലുണ്ടായിരുന്ന അപാകത ഇല്ലാതാകുകയാണ് ചെയ്യുന്നത്. ആ തിരുത്തൽ വരുത്തിയിരുന്നില്ലെങ്കിൽ ആർക്കെങ്കിലും ഇതുസംബന്ധിച്ച് പരാതിയുമായി പോകാമായിരുന്നു. സ്പെഷ്യൽ റൂളുമായി ബന്ധപ്പെട്ട് ഇത്തരത്തിലൊരു മാറ്റം വരുത്തിയത് സ്വാഭാവിക നീതി നടപ്പാക്കാനും യോഗ്യരായ ആളുകൾക്ക് അഡീഷണൽ ഡയറക്ടർ സ്ഥാനത്തേയ്ക്ക് വരാനുള്ള സാഹചര്യം സൃഷ്ടിക്കാനും വേണ്ടിയായിരുന്നു. മാനദണ്ഡങ്ങൾ മുഴുവൻ പൂർത്തീകരിച്ച് ഐ.എ.എസ്. ഉദ്യോഗസ്ഥർ ഉൾപ്പെടെ ഇരുന്നാണ് ഇതിന്റെ ഇന്റർവ്യൂ നടത്തിയത്.

ഇപ്രകാരം സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്തതുകൊണ്ടാണ് ശ്രീ. വി. എ. അരുൺകുമാറിന് അഡീഷണൽ ഡയറക്ടർ തസ്തികയിലേക്ക് അപേക്ഷിക്കാൻ കഴിഞ്ഞതെന്ന കാര്യത്തിൽ സംശയമില്ല.

അഡീഷണൽ ഡയറക്ടർ തസ്തികയിലേക്ക് അപേക്ഷിച്ച 6 പേരിൽ ശ്രീ. വി. എ. അരുൺകുമാറൊഴികെ 5 പേർക്കും സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനു മുമ്പുള്ള യോഗ്യതകൾ ഉണ്ടായിരുന്നുവെന്നത് ശരിയാണ്. എന്നാൽ സ്പെഷ്യൽ റൂൾ ഈ ഇന്റർവ്യൂവിനുവേണ്ടി മാത്രമുള്ളതല്ല. ഭാവിയിൽ ജോയിന്റ് ഡയറക്ടറാകുന്നവർക്കും അഡീഷണൽ ഡയറക്ടർ ആകുന്ന ഘട്ടത്തിൽ ഇതിന്റെ പ്രയോജനം ലഭിക്കും.

ഇന്റർവ്യൂവിന്റെ ഫലം വന്നപ്പോൾ എം.സി.എ. പാസ്സായ ആൾക്ക് ഒന്നാം റാങ്കും ഫസ്റ്റ് ക്ലാസ് മാസ്റ്റേഴ്സ് ഡിഗ്രിയും ഡോക്ടറേറ്റുമുള്ളവർക്ക് രണ്ടുമുതൽ അഞ്ചുവരെ സ്ഥാനങ്ങളും ലഭിച്ചത് സംബന്ധിച്ച് ഞാൻ മനസ്സിലാക്കുന്നത് മൂന്ന് അഡീഷണൽ ഡയറക്ടർമാരിൽ ഒന്ന് അഡ്മിനിസ്ട്രേഷൻ ആന്റ് പ്ലാനിംഗ്, മറ്റൊന്ന് എഞ്ചിനീയറിംഗ് സ്ഥാപനങ്ങളുടെ മേൽനോട്ടം, മറ്റൊന്ന് അപ്ലൈഡ് സയൻസ് കോളേജുകളുകൾ,

പോളിടെക്നിക്, ടെക്നിക്കൽ സ്കൂൾ എന്നിവയുടെയും. അങ്ങനെ ഓരോന്നിനും അവർ റാങ്ക് തീരുമാനിച്ചു. അതിൽ അഡ്മിനിസ്ട്രേഷൻ ആന്റ് പ്ലാനിംഗിൽ മാത്രമാണ് അരുൺ ടോപ് റാങ്കിൽ വന്നത്. മറ്റുള്ളതിലൊന്നും അരുൺ ടോപ് റാങ്കിലായിരുന്നില്ല. ഓരോരുത്തർക്കും കിട്ടിയ മാർക്കിന്റെ വിശദാംശം ഞാൻ നോക്കിയിട്ടില്ല. ബഹുമാനപ്പെട്ട നിയമസഭാ സമിതി ഇത് ചോദിക്കുമെന്നതുകൊണ്ട് ഇത്രയും കാര്യങ്ങൾ ഞാൻ മനസ്സിലാക്കിയതാണ്.

ഐ.എച്ച്.ആർ.ഡി. സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്തതിന് ഐ.എച്ച്.ആർ.ഡി. ഗവേണിംഗ് ബോഡി 7-2-2011 തീയതി പ്രാബല്യത്തിൽ അംഗീകാരം കൊടുക്കുന്നതിനുമുമ്പ് തന്നെ പ്രസ്തുത ഭേദഗതി പ്രകാരം അഡീഷണൽ ഡയറക്ടർ തസ്തികയിലേക്ക് നടന്ന ഇന്റർവ്യൂവും നിയമനങ്ങളും അസാധുവാകുമോയെന്നത് സംബന്ധിച്ച് പറയാനുള്ളത് ഇനി ഗവേണിംഗ് ബോഡി ചേർന്ന് സ്പെഷ്യൽ റൂൾസ് ഭേദഗതിക്ക് ഭാവികാല പ്രാബല്യം കൊടുത്തത് മാറ്റി പൂർവ്വകാല പ്രാബല്യം കൊടുത്തില്ലെങ്കിൽ, സ്പെഷ്യൽ റൂൾസ് ഭേദഗതിയും അഡീഷണൽ ഡയറക്ടർ തസ്തികയിലേക്ക് നടത്തിയ ഇന്റർവ്യൂവും നിയമനവുമെല്ലാം അസാധുവാകും.

അഡീഷണൽ ഡയറക്ടർ തസ്തികയിലേക്ക് നടത്തിയ ഇന്റർവ്യൂവിലും നിയമനത്തിലും അനാവശ്യമായ ധൃതി കാണിച്ചിട്ടില്ല.

ഐ.എച്ച്.ആർ.ഡി. ഡയറക്ടറുടെ ജോലിഭാരം ലഘൂകരിക്കുന്നതിനായി 3 അഡീഷണൽ ഡയറക്ടർമാരെ നിയമിച്ചശേഷം അതിൽ രണ്ടുപേരെ പ്രിൻസിപ്പൽമാരായി തിരിച്ചയച്ചത് സംബന്ധിച്ച് പറയാനുള്ളത്: ബഹുമാനപ്പെട്ട കമ്മിറ്റിയോട് ഒരു മിനിട്ട് ഞാൻ ആവശ്യപ്പെടുകയാണ്. പ്രൊഫഷണൽ സ്ഥാപനങ്ങൾ നല്ല നിലയിൽ നടത്തുകയെന്നുള്ളത് ഭയങ്കര ബുദ്ധിമുട്ടുള്ള പണിയാണ്. യോഗ്യതയുള്ള ആളുകളെ കിട്ടുന്നില്ലെന്നുള്ളതാണ് ഏറ്റവും വലിയ പ്രശ്നം. വലിയ ഓഫറുകൾ പലയിടത്തുനിന്നും വരികയാണ്. ചന്ദ്രശേഖരനെന്ന അദ്ധ്യാപകനെ ഞാൻ നേരിട്ട് വിളിച്ച് അദ്ദേഹത്തിന്റെ ശമ്പളവും മറ്റ് കാര്യങ്ങളും പുനഃപരിശോധിക്കാം, നിങ്ങൾ വരണമെന്ന് പറഞ്ഞിട്ടാണ് അദ്ദേഹം വന്നത്. സ്വാശ്രയ സ്ഥാപനമായതുകൊണ്ട് അതിന് സ്കോപ്പുണ്ട്. ഇങ്ങനെ വടമിട്ട് പിടിച്ചാണ് ആളുകളെ കൊണ്ടുവരുന്നത്. അങ്ങ് പറഞ്ഞത് ശരിയാണ്. രണ്ട് അഡീഷണൽ ഡയറക്ടർമാരായി നിയമിക്കപ്പെട്ട ചെങ്ങന്നൂർ എഞ്ചിനീയറിംഗ് കോളേജിലേയും എറണാകുളം മോഡൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലേയും പ്രിൻസിപ്പൽമാരെ.......... ടെക്യൂപ്പിന്റെ കേന്ദ്ര ഗവൺമെന്റിന്റെ ക്വാളിറ്റി ഇമ്പ്രൂവ്മെന്റിനുവേണ്ടിയുള്ള പദ്ധതിയിൽ–ഐ.എച്ച്.ആർ.ഡി. ഇൻസ്റ്റിറ്റ്യൂഷൻസിനെ ഉൾപ്പെടുത്തിയത് വളരെ അഭിമാനകരമായ ഒരു കാര്യമാണ്. അതിൽ ഉൾപ്പെടുത്തപ്പെടുന്നുവെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ എ.ഐ.സി.റ്റി.ഇ.യുടെ ആൾ വന്ന് പരിശോധിക്കുമ്പോൾ പ്രഗത്ഭരായ ഈ പ്രിൻസിപ്പൽമാരുടെ സേവനം അവിടെ ഉണ്ടെന്നുകൂടി വന്നാൽ മാത്രമേ എ.ഐ.സി.റ്റി.യുടെ അംഗീകാരത്തോടുകൂടി ടെക്യൂപ്പ് പോലുള്ള പദ്ധതി നടപ്പാക്കാൻ കഴിയുകയുള്ളു. അതുകൊണ്ട് ഒരു വർക്കിംഗ് അറേഞ്ച്മെന്റ് ഉണ്ടാക്കി ഇവർക്ക് നൽകപ്പെട്ട അഡീഷണൽ ഡയറക്ടർമാരുടെ ജോലി ഏതാനും ദിവസങ്ങൾ അവർ തിരുവനന്തപുരത്ത് വന്ന് നിർവ്വഹിക്കും, പ്രിൻസിപ്പലിന്റെ ജോലിയും അവർ നിർവ്വഹിക്കും. അവരുമായി സംസാരിച്ച് അവരുടെ കാലുപിടിച്ച് അഡീഷണൽ ഡയറക്ടർമാരാക്കുകയായിരുന്നു. ഒരർത്ഥത്തിൽ

പ്രിൻസിപ്പലായി അവരെ തിരിച്ചയച്ചു എന്നുള്ളത് ശരിയാണ്. അതേസമയം അഡീഷണൽ ഡയറക്ടറുടെ ഉത്തരവാദിത്തം അവർ ഏറ്റെടുക്കുകയും അവരുടെ സമയം വിഭജിച്ച് ഈ രണ്ട് ചുമതലകളും അവർ നിർവ്വഹിച്ചുകൊണ്ടിരിക്കുകയുമായിരുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്തും സാങ്കേതിക വിദ്യാഭ്യാസ രംഗത്തുമുള്ള അക്യൂട്ടായ ടാലന്റിന്റെ സ്കേഴ്സിറ്റിയുണ്ടായിരുന്ന സാഹചര്യത്തിൽ വരുത്തിയ ഒരു ക്രമീകരണം ആയിരുന്നു അത്.

ഐ.എച്ച്.ആർ.ഡി.യിൽ അഡീഷണൽ ഡയറക്ടർ പോലുള്ള ഉന്നത തസ്തികകളിൽ നിയമനം നടത്തുമ്പോൾ സർക്കാർ അനുമതി ആവശ്യമുണ്ടോയെന്നത് സംബന്ധിച്ച് പറയാനുള്ളത്: എന്റെ അഭിപ്രായത്തിൽ സ്വാശ്രയ സ്ഥാപനമായ ഐ.എച്ച്.ആർ.ഡി. സ്വയാർജ്ജിത ഫണ്ടുകൊണ്ട് പ്രവർത്തിക്കുന്ന സാഹചര്യത്തിൽ ഇത്തരം കാര്യങ്ങളിൽ ഗവൺമെന്റിന്റെ അനുമതി ആവശ്യമില്ല. ഈ വളർച്ചയുടെ ഘട്ടത്തിൽ അക്കാഡമിക് രംഗത്തും അഡ്മിനിസ്ട്രേഷൻ രംഗത്തുമൊക്കെ ഒരുപാട് തസ്തികകൾ സൃഷ്ടിക്കുകയും അവിടെ നിയമനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്.

ഐ.എച്ച്.ആർ.ഡി.യിലെ നിയമനങ്ങളിൽ സർക്കാരിന് യാതൊരു നിയന്ത്രണവുമില്ല. നിയമനങ്ങൾ നടത്തുന്നത് ഗവൺമെന്റ് നിശ്ചയിക്കുന്ന സമ്പ്രദായ പ്രകാരമാണ്. പക്ഷേ അവിടെ എത്ര പേരെ നിയമിക്കണമെന്നെല്ലാം സംബന്ധിച്ച് ടെക്നിക്കൽ എഡ്യുക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ ഗൈഡ്ലൈൻസുണ്ട്. ആ ഗൈഡ്ലൈൻസ് ഫോളോ ചെയ്തുകൊണ്ടാണ് ഐ.എച്ച്.ആർ.ഡി. തീരുമാനമെടുക്കുന്നത്. പക്ഷേ ഗവൺമെന്റിൽ പോയി ഒരു തസ്തികയ്ക്ക് അനുവാദം കിട്ടണമെങ്കിൽ എന്ത് കാലതാമസമുണ്ടാകുമെന്ന് നമുക്കെല്ലാം ഒരുപോലെ അറിവുള്ളതാണ്. അതുകൊണ്ട് ഈ സ്വാശ്രയ സ്ഥാപനങ്ങളുടെ പ്രവർത്തനം സുഗമമായി മുന്നോട്ട് കൊണ്ടുപോകണമെങ്കിൽ സ്വയാർജ്ജിത ഫണ്ട് ഉപയോഗിച്ചാണ് അവർ പ്രവർത്തിക്കുന്നതെന്നതുകൊണ്ട് വളരെ ഫിനാൻഷ്യൽ പ്രൂഡൻസോടുകൂടി അതിന്റെ ഗവേണിംഗ് ബോഡിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും ചർച്ച ചെയ്ത് ഈ കാര്യത്തിൽ തീരുമാനമെടുക്കുന്നതായിരിക്കും ഭരണപരമായി ഉചിതം എന്ന അഭിപ്രായമാണ് എനിക്കുള്ളത്. 1997-ലെ സ്പെഷ്യൽ റൂൾസ് പ്രകാരം ഒരു നിശ്ചിത തസ്തികയ്ക്ക് മുകളിലുള്ള തസ്തിക സൃഷ്ടിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുവാദം വേണം. 1997-നുശേഷം ഐ.എച്ച്.ആർ.ഡി. ജോയിന്റ് ഡയറക്ടറുടേയും അഡീഷണൽ ഡയറക്ടറുടേയും തസ്തിക സൃഷ്ടിച്ചതല്ലാതെ സർക്കാർ അനുവാദം ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

***(എച്ച്) ശ്രീ. വി. എസ്. അച്ചുതാനന്ദൻ, ബഹു. പ്രതിപക്ഷനേതാവ് 14-2-2012-ൽ നൽകിയ മൊഴി***

ശ്രീ. വി. എ. അരുൺകുമാറിനെ ഐ.എച്ച്.ആർ.ഡി.-യിൽ ജോയിന്റ് ഡയറക്ടറും അഡീഷണൽ ഡയറക്ടറും ആയി നിയമിച്ചത് മതിയായ യോഗ്യത ഇല്ലാതെയാണെന്ന ആരോപണം സംബന്ധിച്ച് ഞാൻ കരുതുന്നത് ശ്രീ. പി. സി. വിഷ്ണുനാഥിനെ ആരോ തെറ്റിദ്ധരിപ്പിച്ചുവെന്നാണ്. ഒരു സർക്കാർ ഉദ്യോഗസ്ഥൻ എന്ന നിലയിൽ അയാൾക്ക് ശമ്പളവും ഉദ്യോഗസ്ഥിരതയും മറ്റും നൽകുന്നുണ്ടോ, എന്തെങ്കിലും പ്രത്യേക ആനുകൂല്യം നൽകിയോ എന്ന വിവരങ്ങൾ അരുൺകുമാറിനെ വിളിച്ചുവരുത്തി ചോദിക്കാവുന്നതാണ്.

## സമിതിയുടെ നിഗമനങ്ങൾ

ട്രാവൻകൂർ-കൊച്ചിൻ സൊസൈറ്റീസ് ആക്ട് പ്രകാരം 1987-ൽ രൂപീകൃതമായ ഐ.എച്ച്.ആർ.ഡി.യിൽ 1997-ലാണ് സ്പെഷ്യൽ റൂൾസ് നിലവിൽ വന്നത്. ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും ഗവേണിംഗ് ബോഡിയുമാണ് ഐ.എച്ച്. ആർ.ഡി.യുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. ഐ.എച്ച്.ആർ.ഡി.യുടെ നിയമാവലിയും ബൈലായും ഭേദഗതി ചെയ്യുന്നതിനും ഒരു നിശ്ചിത ശമ്പള നിരക്കിന് മുകളിലുള്ള തസ്തിക സൃഷ്ടിക്കുന്നതിനും സർക്കാരിന്റെ അനുവാദം ആവശ്യമാണ്. റൂൾസ് ഓഫ് ബിസിനസ് അനുസരിച്ച് ഐ.എച്ച്.ആർ.ഡി.യുടെ ഭരണവകുപ്പ് ഉന്നത വിദ്യാഭ്യാസ വകുപ്പാണ്. വിദ്യാഭ്യാസവകുപ്പിന്റെ പ്ളാൻ ഫണ്ടിൽ നിന്നും ഐ.എച്ച്.ആർ.ഡി.ക്ക് വർഷം തോറും തുക വകയിരുത്താറുണ്ട്.

ഐ.എച്ച്.ആർ.ഡി.യിൽ അഡീഷണൽ ഡയറക്ടർ ആകാൻ ശ്രീ. വി. എ. അരുൺ കുമാറിന് യോഗ്യതയില്ലെന്ന ആരോപണത്തെക്കുറിച്ച് അന്വേഷിച്ച സമിതിക്ക് പ്രസ്തുത നിയമനത്തിൽ മാത്രമല്ല, അതിന് മുൻപുള്ള ജോയിന്റ് ഡയറക്ടർ തസ്തികയിലെ നിയമനത്തിലും ക്രമക്കേടുണ്ടെന്ന് കണ്ടെത്തേണ്ടി വന്നത് ആശ്ചര്യജനകമായിരുന്നു.

ശ്രീ. വി. എ. അരുൺകുമാറിനെ ഐ.എച്ച്.ആർ.ഡി.യിൽ നിയമിക്കുന്നത് 3-1-1997-ലാണ്. കൺസോളിഡേറ്റഡ് വേതന വ്യവസ്ഥയിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ ആയിരുന്നു ആദ്യത്തെ നിയമനം. 29-10-1998-ൽ അദ്ദേഹത്തിന് അസിസ്റ്റന്റ് ഡയറക്ടർ (സോഫ്റ്റ്വെയർ) തസ്തികയിൽ ഔദ്യോഗികമായി സ്ഥിര നിയമനം നൽകി. 1999 മുതൽ 2001 വരെ അദ്ദേഹം കയർഫെഡിന്റെ മാനേജിംഗ് ഡയറക്ടർ ആയി സേവനം അനുഷ്ഠിക്കുകയായിരുന്നു.

തുടർന്ന് 2005-ൽ അദ്ദേഹത്തിന് ജോയിന്റ് ഡയറക്ടർ ആയി അഡീഷണൽ ചാർജ്ജ് ലഭിച്ചു. 13-10-2008-ൽ ജോയിന്റ് ഡയറക്ടർ ആയും 15-10-2010-ൽ അഡീഷണൽ ഡയറക്ടറായും നിയമനം ലഭിച്ചു.

1997-ലെ ഐ.എച്ച്.ആർ.ഡി. സ്പെഷ്യൽ റൂൾസ് പ്രകാരം ഐ.എച്ച്.ആർ.ഡി ജോയിന്റ് ഡയറക്ടർ ആയി നിയമിക്കപ്പെടാനുള്ള യോഗ്യതകൾ താഴെപ്പറയും പ്രകാരം ആയിരുന്നു :

**(i) First Class Master's Degree in Engineering/Technology.**

**(ii) 10 years teaching or Industrial experience.**

**OR**

**(i) First Class B.Tech. Degree in Engineering/Technology or First Class Master's Degree in Computer Application.**

**(ii) 7 years teaching/Industrial experience.**

**(iii) 3 years administrative experience under IHRD service.**

ജോയിന്റ് ഡയറക്ടറായി നിയമിക്കപ്പെടുന്നതിനാവശ്യമായ 7 വർഷത്തെ അദ്ധ്യാപന പരിചയമോ ഇൻഡസ്ട്രിയൽ എക്സ്പീരിയൻസോ ശ്രീ. വി. എ. അരുൺകുമാറിന് ഉണ്ടായിരുന്നില്ല എന്നത് അന്വേഷണഘട്ടത്തിൽ സമിതിക്ക് ബോധ്യമായി.

**'Certified that Shri V. A. Arun kumar, Principal-in-charge of Joint Director of IHRD has been under the service of IHRD under various academic responsibilities including teaching from 3rd January 1997'** എന്ന് രേഖപ്പെടുത്തിയ ഒരു സർട്ടിഫിക്കറ്റ് ഐ.എച്ച്.ആർ.ഡി. ഡയറക്ടർ 28-7-2006-ൽ നൽകിയത് ഇന്റർവ്യൂ ബോർഡിൽ കാണിച്ചാണ് ശ്രീ. വി. എ. അരുൺകുമാർ ജോയിന്റ് ഡയറക്ടർ തസ്തികയിൽ നിയമനം നേടിയത്. യഥാർത്ഥത്തിൽ തൊണ്ണൂറോളം എഞ്ചിനീയറിംഗ് കോളേജുകളും പോളിടെക്നിക്കുകളും നടത്തുന്ന ഐ.എച്ച്.ആർ.ഡി. യുടെ ഒരു സ്ഥാപനത്തിലും അദ്ദേഹം അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. അദ്ധ്യാപകനായി ഒരു ദിവസം പോലും ജോലി ചെയ്യാത്ത അദ്ദേഹത്തിന് 7 വർഷത്തെ അദ്ധ്യാപന പരിചയമുണ്ടെന്ന് കാണിച്ച് സർട്ടിഫിക്കറ്റ് നൽകിയ ഐ.എച്ച്.ആർ.ഡി. ഡയറക്ടറുടെ നടപടി ശ്രീ. വി. എ. അരുൺ കുമാറിനെ വഴിവിട്ട് സഹായിക്കുന്നതിനായിരുന്നു എന്ന് സമിതി വിലയിരുത്തുന്നു. ഐ.എച്ച്.ആർ.ഡി ആസ്ഥാനത്തെ ഒരു വ്യവസായ യൂണിറ്റായോ ഡിപ്പാർട്ട്മെന്റായോ കണക്കാക്കാൻ കഴിയില്ലെന്ന് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളതായി സമിതിക്ക് മനസ്സിലായി.

പി.എച്ച്.ഡി. രജിസ്ട്രേഷന് വേണ്ടി ശ്രീ. വി. എ. അരുൺകുമാർ പ്രസ്തുത സർട്ടിഫിക്കറ്റ് കേരള യൂണിവേഴ്സിറ്റിയിൽ നൽകിയെങ്കിലും യൂണിവേഴ്സിറ്റി അത് അദ്ധ്യാപന പരിചയ സർട്ടിഫിക്കറ്റായി അംഗീകരിക്കാതെ തള്ളിക്കളഞ്ഞെന്ന് അന്വേഷണത്തിനിടെ സമിതി മനസ്സിലാക്കുകയുണ്ടായി.

ആയതിനാൽ ശ്രീ. വി. എ. അരുൺകുമാറിനെ ജോയിന്റ് ഡയറക്ടർ തസ്തികയിൽ നിയമിച്ചത് ക്രമവിരുദ്ധവും ചട്ടവിരുദ്ധവുമാണെന്ന് സമിതി വിലയിരുത്തുന്നു.

ഐ.എച്ച്.ആർ.ഡി.യിൽ ഒഴിവുണ്ടായിരുന്ന ഒരു അഡീഷണൽ ഡയറക്ടർ തസ്തികയിലേക്ക് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചത് 13-7-2009-ലാണ്. അന്ന് നിലവിലുണ്ടായിരുന്ന ഐ.എച്ച്.ആർ.ഡി. സ്പെഷ്യൽ റൂൾസ് പ്രകാരമാണ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചത്.

1997-ലെ ഐ.എച്ച്.ആർ.ഡി. സ്പെഷ്യൽ റൂൾസ് പ്രകാരം അഡീഷണൽ ഡയറക്ടർ തസ്തികയുടെ യോഗ്യത താഴെപ്പറയും പ്രകാരമാണ് :

**(i) First Class Master's Degree in any branch of Engineering/ Technology.**

**(ii) 8 years Teaching experience in Engineering/Quasi-Government Institutions.**

**(iii) 4 years Administrative experience in Government/Quasi-Government Organisation.**

എന്നാൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് കേവലം പത്ത് ദിവസത്തിനകം (27-7-2009-ൽ) ഐ.എച്ച്.ആർ.ഡി.യുടെ 83-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി കൂടുകയും അഡീഷണൽ അജൻഡ നമ്പർ 1 ആയി ജോയിന്റ് ഡയറക്ടറുടെ ഒരു തസ്തികയും അഡീഷണൽ ഡയറക്ടറുടെ 2 തസ്തികകളും സൃഷ്ടിക്കുന്നതിന് **permissive sanction** നൽകുന്നതിനും അഡീഷണൽ ഡയറക്ടറുടെ വിദ്യാഭ്യാസ യോഗ്യത എടുത്ത് കളഞ്ഞുകൊണ്ട് ഐ.എച്ച്.ആർ.ഡി. സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തുന്നതിനും തീരുമാനിക്കുകയും ചെയ്തു. 13-7-2009-ലെ നോട്ടിഫിക്കേഷൻ റദ്ദാക്കുന്നതിനും പ്രസ്തുത യോഗം തീരുമാനിക്കുകയുണ്ടായി. അധിക തസ്തികകൾ സൃഷ്ടിക്കുന്നതിന് കാരണമായി ഐ.എച്ച്.ആർ.ഡി. പറഞ്ഞത് അധികരിച്ച ജോലി ഭാരമാണ്. എന്നാൽ അഡീഷണൽ ഡയറക്ടർ തസ്തികയ്ക്ക് നിഷ്ക്കർഷിച്ചിരുന്ന വിദ്യാഭ്യാസ യോഗ്യത നീക്കം ചെയ്തതിന്റെ കാരണം എന്താണെന്ന് പ്രസ്തുത യോഗത്തിന്റെ മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 27-7-2009-ലെ യോഗത്തിന്റെ മിനിട്സിന്റെ പ്രസക്തഭാഗം താഴെ കൊടുക്കുന്നു :

**"The Director informed the Committee that he has been experiencing much difficulty in discharging his duties effectively due to the heavy workload following the establishment of a number of new Educational institutions of different schemes under it especially during the last decade. In order to effectively monitor and carry out the administrative duties he has requested to create two more additional posts.**

**After detailed discussion, the Committee accorded permissive sanction for creation of two more additional posts of Additional Directors amending the Special Rules that the method of appointment will be by selection from Joint Directors of IHRD/Principals of Engineering Colleges under IHRD for the post of Additional Directors. It has also been decided to cancel the notification No. EA3/8999/07/IHRD dated 13-7-2009 for Additional Director and to invite fresh notification after the amendment of qualification and creation of additional posts subject to the approval of Governing Body. In addition to the above one post of Joint Director had been approved for the administration of instiutions situated in Malabar area subject to the approval of Governing Body".**

അഡീഷണൽ ഡയറക്ടർക്കുള്ള യോഗ്യത പൂർണ്ണമായും നീക്കം ചെയ്ത എക്സിക്യൂട്ടീവ് കമ്മിറ്റി ജോയിന്റ് ഡയറക്ടർ തസ്തികയ്ക്കുള്ള വിദ്യാഭ്യാസ യോഗ്യത അതേപോലെ നിലനിർത്തിയത് ഏറെ സംശയമുണ്ടാക്കുന്ന വസ്തുതയാണ്. അഡീഷണൽ ഡയറക്ടർ തസ്തികയ്ക്ക് അപേക്ഷിക്കാൻ വേണ്ട **First class Master Degree in Engineering and 7 years Teaching experience** ഇല്ലാതിരുന്ന **MCA** ബിരുദമുള്ള ശ്രീ. വി. എ. അരുൺകുമാറിനെ അഡീഷണൽ ഡയറക്ടർ ആക്കുന്നതിന് വേണ്ടി മാത്രമാണ് വിദ്യാഭ്യാസ യോഗ്യത എടുത്ത് കളഞ്ഞതെന്ന് സമിതി നിസ്സംശയം വിലയിരുത്തുന്നു. അന്ന് ഐ.എച്ച്.ആർ.ഡി.യിൽ നിലവിലുണ്ടായിരുന്ന ഏക ജോയിന്റ് ഡയറക്ടർ ശ്രീ. വി. എ. അരുൺകുമാർ മാത്രമാണ് എന്ന വസ്തുത പ്രസ്താവ്യമാണ്.

അഡീഷണൽ ഡയറക്ടർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള കാരണമായി ഐ.എച്ച്.ആർ.ഡി. പറഞ്ഞിരിക്കുന്നത് ഡയറക്ടർക്കുള്ള അധിക ജോലിഭാരം ലഘൂകരിക്കുന്നതിനാണെന്നാണ്. എന്നാൽ അഡീഷണൽ ഡയറക്ടർ നിയമനം നടത്തിയശേഷം ഇപ്രകാരം നിയമനം ലഭിച്ച 2 പേരെ കോളേജ് പ്രിൻസിപ്പൽ മാരായി ജോലി തുടരാൻ അനുവദിക്കുകയായിരുന്നു. ഇതിൽ നിന്നും തസ്തിക സൃഷ്ടിക്കലിന് ആധാരമായി ഐ.എച്ച്.ആർ.ഡി. പറഞ്ഞ കാരണങ്ങളും തസ്തിക സൃഷ്ടിക്കലിന് ശേഷം സ്വീകരിച്ച നടപടികളും പരസ്പര വിരുദ്ധമാണെന്ന് സമിതി വിലയിരുത്തുന്നു.

തുടർന്ന് 13-8-2010-ൽ മൂന്ന് അഡീഷണൽ ഡയറക്ടർ തസ്തികകളിലേക്ക് പുതിയ നോട്ടിഫിക്കേഷൻ ഐ.എച്ച്.ആർ.ഡി. ഇറക്കുകയും 13-10-2010-ൽ ഇന്റർവ്യൂ നടത്തുകയും ചെയ്തു.

അഡീഷണൽ ഡയറക്ടർ തസ്തികയിലേക്കുള്ള ഇന്റർവ്യൂവിൽ 5 പേരാണ് പങ്കെടുത്തത്. ഇന്റർവ്യൂവിന് പങ്കെടുത്തവരും അവർക്ക് ലഭിച്ച മാർക്കും ചുവടെ ചേർക്കുന്നു.

**Rank list for Additional Director (Planning & Admn.)**

| *Name of the Candidate* | *Marks awarded* | *Rank* |
|---|---|---|
| 1. Arun Kumar, V. A. | 9/10 | 1 |
| 2. Devassia, V. P. | 6/10 | 3 |
| 3. Jothi John | 7/10 | 2 |
| 4. Suresh Kumar. P | 5/10 | 4 |
| 5. Jacob Thomas | As he expressed his desire to continue in the present job | Not Ranked |

പ്രസ്തുത ഇന്റർവ്യൂവിൽ ഏറ്റവും കൂടുതൽ മാർക്ക് നല്കിയിട്ടുള്ളതായി കാണുന്നത് ഏറ്റവും താഴ്ന്ന യോഗ്യതയുള്ള ശ്രീ. വി. എ. അരുൺകുമാറിനാണ്. ഇന്റർവ്യൂവിൽ രണ്ടാം സ്ഥാനത്ത് വന്നയാൾ പ്രൊഫസറും മൂന്നും നാലും സ്ഥാനത്ത് വന്നവർ പിഎച്ച്.ഡി.ക്കാരുമാണ് എന്ന വസ്തുത പ്രസ്തുത ഇന്റർവ്യൂ വിന്റെ വിശ്വാസ്യത തന്നെ ചോദ്യം ചെയ്യുന്നതാണ്.

പ്രസ്തുത ഇന്റർവ്യൂവിൽ പങ്കെടുത്ത 5 പേരിൽ അരുൺകുമാറിനൊഴികെ ബാക്കി 4 പേർക്കും സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നതിന് മുൻപുണ്ടായി രുന്ന യോഗ്യതകൾ ഉണ്ടായിരുന്നു എന്നത് എടുത്ത് പറയേണ്ട വസ്തുതയാണ്.

ശ്രീ. വി. എ. അരുൺകുമാറിന് ജോയിന്റ് ഡയറക്ടർ/അഡീഷണൽ ഡയറക്ടർ തസ്തികകളിൽ നിയമനം ലഭിക്കുന്നതിന് ആവശ്യമായ യോഗ്യതയില്ലെന്ന്

അക്കൗണ്ടന്റ് ജനറലിന്റെ 2-9-2011-ലെ **Report on the Local Audit of the Accounts of Institute of Human Resources Development for the years 2009-10 and 2010-11** എന്ന റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു :

**"He was appointed as Assistant Director on ad hoc basis and regularised. He was promoted as Principal, College of Applied Science; during the period he was on deputation as Managing Director, Coirfed. He could not fulfil the condition of 7 years teaching experience for promotion as Principal (CAS).** ***Moreover, he was working as Assistant Director in IHRD which cannot be treated as profession of teaching. IHRD Headquarters is neither an industrial unit nor a department.*** **He was promoted as Joint Director, he did not fulfil the condition of 10 years teaching experience/ industrial experience at the time of promotion as Joint Director.** ***His eligibility for considering promotion as Additional Director would be subject to eligibility for promotion as Principal/Joint Director as above.***

അധിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തികൊണ്ടും 27-7-2009-ൽ എക്സിക്യൂട്ടീവ് കമ്മിറ്റി കൈക്കൊണ്ട തീരുമാനം ഗവേണിംഗ് ബോഡി അംഗീകരിക്കുന്നത് 7-2-2011-ൽ മാത്രമാണ്. 7-2-2011-ലെ ഗവേണിംഗ് ബോഡിയുടെ തീരുമാനപ്രകാരം ഈ രണ്ട് കാര്യങ്ങൾക്കും 7-2-2011 മുതൽ **prospective effect** മാത്രമേയുള്ളൂ.

7-2-2011-ലെ ഗവേണിംഗ് ബോഡി തീരുമാനം താഴെ കൊടുക്കുന്നു :

**As per the decision of the 83rd Executive Committee of the IHRD held on 27-7-2009, the number of Additional Director posts in the IHRD has been enhanced from 1 to 3 due to administrative necessity. The Committee decided to include the same in the revised staff pattern.** ***The date of effect of revised staff pattern and special rules will be from 7-2-2011.***

7-2-2011-ന് മാത്രം ഗവേണിംഗ് ബോഡി **prospective effect** നൽകി അംഗീകരിച്ച അഡീഷണൽ ഡയറക്ടർ തസ്തികകളിലേക്കാണ് 15-10-2010-ൽ നിയമനം നടത്തിയത്. എന്നാൽ പുതിയ തസ്തിക സൃഷ്ടിക്കുന്നതിനോ സ്പെഷ്യൽ റൂൾസിൽ മാറ്റം വരുത്തുന്നതിനോ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് അധികാരമില്ല. ഐ.എച്ച്.ആർ.ഡി.യുടെ നിയമാവലിയിലെ ചട്ടം 23(ബി) പ്രകാരം സ്പെഷ്യൽ റൂൾസിൽ മാറ്റം വരുത്തുന്നതിനും പുതിയ തസ്തിക സൃഷ്ടിക്കുന്നതിനും സർക്കാരിന്റെ മുൻകൂർ അംഗീകാരം ആവശ്യമാണ്.

ഐ.എച്ച്.ആർ.ഡി. സ്പെഷ്യൽ റൂൾസ് ചട്ടം 23 (ബി) ഇപ്രകാരം പറയുന്നു :

**"to make rules and by laws for the conduct of the affairs of the institute including the staff pattern, staff strength, service conditions of the staff, qualifications of the various posts and to add, amend, vary or rescind them from time to time with prior intimation to the Government."**

ഐ.എച്ച്.ആർ.ഡി. സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്തുകൊണ്ട് ഓഫീസ് ഉത്തരവേയുള്ളൂ. സ്പെഷ്യൽ റൂൾസ് പുറപ്പെടുവിച്ചത് നോട്ടിഫിക്കേഷനിലൂടെ ആയതുകൊണ്ട് ഭേദഗതിയും നോട്ടിഫിക്കേഷനിലൂടെതന്നെ ആയിരിക്കേണ്ടതാണ്.

13-10-2010-ൽ ഇന്റർവ്യൂ നടത്തുകയും എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാനായ വിദ്യാഭ്യാസ മന്ത്രിയുടെ അനുമതിയോടെ 15-10-2010-ൽ അഡീഷണൽ ഡയറക്ടർ ആയി ശ്രീ. വി. എ. അരുൺകുമാറും മറ്റു രണ്ട് പേരും ചുമതലയേറ്റത് ക്രമവിരുദ്ധവും ചട്ടവിരുദ്ധവുമാണ്. നിലവിലില്ലാത്ത തസ്തികകളിലേക്കാണ് ഐ.എച്ച്.ആർ.ഡി. ഇന്റർവ്യൂവും നിയമനവും നടത്തിയത് എന്ന് സമിതി മനസ്സിലാക്കുന്നു.

ഗവേണിംഗ് ബോഡിയുടെയും സർക്കാരിന്റെയും അംഗീകാരമില്ലാതെ ഐ.എച്ച്.ആർ.ഡി. 13-10-2010-ൽ നടത്തിയ അഡീഷണൽ ഡയറക്ടർ തസ്തികകളിലേയ്ക്കുള്ള ഇന്റർവ്യൂവും 15-10-2010-ൽ നടത്തിയ നിയമനവും നിയമപരമായി നിലനിൽക്കുന്നതല്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ഇത് സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് ശ്രീ. എം. എ. ബേബി ഇപ്രകാരം മറുപടി പറഞ്ഞു :

"ഇനി ഗവേണിംഗ് കൗൺസിൽ ഒരു യോഗം ചേർന്ന് പ്രൊസ്പെക്റ്റീവ് ഇഫക്ട് കൊടുത്തതിന് റിട്രോസ്പെക്റ്റീവ് ഇഫക്റ്റ് കൊടുക്കുകയേയുള്ളൂ ഇതിന് ഒരു പരിഹാരം."

സർക്കാരിന്റെ അനുമതിയില്ലാതെ സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്തതും, ഭേദഗതി ചെയ്ത സ്പെഷ്യൽ റൂൾസ് വിജ്ഞാപനം ചെയ്യാതിരുന്നതും, തസ്തിക സൃഷ്ടിച്ചതും, നിയമനം നടത്തിയത് ഗവേണിംഗ് ബോഡിയല്ലാത്തതുകൊണ്ടും അഡീഷണൽ ഡയറക്ടറായുള്ള ശ്രീ. വി. എ. അരുൺകുമാറിന്റേയും മറ്റ് രണ്ടു പേരുടേയും നിയമനം നിയമപരമായി നിലനിൽക്കുന്നതല്ലെന്ന് സമിതി വിലയിരുത്തുന്നു.

സർവ്വനിയമങ്ങളും കാറ്റിൽ പറത്തി ആദ്യത്തെ നോട്ടിഫിക്കേഷൻ റദ്ദുചെയ്ത് റീ നോട്ടിഫിക്കേഷൻ ഇറക്കി ശ്രീ. വി. എ. അരുൺകുമാറിനെ അഡീഷണൽ ഡയറക്ടറായി നിയമിച്ചത് അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്യുതാനന്ദന്റെ മകൻ എന്ന പരിഗണനയിൽ മാത്രമാണ് എന്ന് സമിതി വിലയിരുത്തുന്നു.

മുകളിൽ സൂചിപ്പിച്ച വസ്തുതകളുടെ വെളിച്ചത്തിൽ ഐ.എച്ച്.ആർ.ഡി. അഡീഷണൽ ഡയറക്ടർ ആകാൻ ശ്രീ. വി. എ. അരുൺകുമാറിന് യോഗ്യത ഇല്ലെന്ന് ശ്രീ. പി. സി. വിഷ്ണുനാഥ് എം.എൽ.എ. ഉന്നയിച്ച ആരോപണം വസ്തുതാപരമാണെന്ന് സമിതി വിലയിരുത്തുന്നു.

**4. "സ്പേസ്" എന്ന സ്ഥാപനവുമായി ബന്ധപ്പെട്ട പണമിടപാടുകൾ സംബന്ധിച്ച ആരോപണം.**

*(എ) ശ്രീ. കെ. എസ്. ശ്രീനിവാസ്, സ്പെഷ്യൽ സെക്രട്ടറി, ഐ.ടി. വകുപ്പ് 9-11-2011-ൽ നൽകിയ മൊഴി*

SPACE (Society for the Promotion of Alternative Computing and Employment) എന്ന സ്ഥാപനം 2005-ൽ തിരുവനന്തപുരം ആസ്ഥാനമാക്കി ശ്രീ. എം. അരുൺ കോ-ഓർഡിനേറ്ററായി പ്രവർത്തനമാരംഭിച്ച ഒരു സൊസൈറ്റി മാത്രമാണ്.

അന്ധരായ ആളുകൾക്ക് സോഫ്ട്‌വെയർ മുഖേനയുള്ള ട്രെയിനിംഗ്, ഹാർഡ് വെയർ, റീ സൈക്ലിംഗ്, ഫ്രീ സോഫ്ട്‌വെയർ തുടങ്ങിയ പദ്ധതികൾ അടങ്ങിയ പ്രൊപ്പോസൽ സമർപ്പിച്ചതിനെത്തുടർന്ന് SPACE എന്ന സ്ഥാപനത്തിന് ഒരു കോടി 74 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഐ. റ്റി. വകുപ്പ് 1.74 കോടി രൂപ ഇതുവരെ ടി സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സ്ഥാപനം രജിസ്റ്റർ ചെയ്തശേഷം ഐ.ടി. മിഷന്റെ രണ്ട് കോ-ഓർഡിനേറ്റർമാർ SPACE-ന്റെ ബോർഡിൽ അംഗങ്ങളായി ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഒരാൾ മാത്രമേ നിലവിലുള്ളൂ.

2007 മാർച്ച് മാസത്തിൽ ഐ.ടി. മിഷൻ ഡയറക്ടറും സ്പേസ് കോ-ഓർഡി നേറ്ററായ എം. അരുണും തമ്മിൽ ഒരു കരാറിൽ ഒപ്പുവച്ചിട്ടുണ്ട്. അതിൽ എല്ലാം വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

***(ബി) ശ്രീ. കെ. സുരേഷ് കുമാർ, മുൻ ഐ.ടി. വകുപ്പ് സെക്രട്ടറി 23-11-2011-ൽ നൽകിയ മൊഴി***

"സ്പേസ്" എന്ന സ്ഥാപനം സർക്കാരിന് നേരിട്ട് നിയന്ത്രണമില്ലാത്തതാണ്. സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടതാണ്. "ഇൻസെറ്റ്", മലയാളം കമ്പ്യൂട്ടിംഗ്, "അസ്തി" എന്നീ മൂന്നു പ്രോജക്ടുകൾ നടപ്പിലാ ക്കാൻ ഐ.റ്റി. മിഷന് "സ്പേസു"മായി ധാരണയുണ്ടായിരുന്നു. പ്രസ്തുത സ്ഥാപന ത്തിൽ നേരത്തേയുണ്ടായിരുന്ന അംഗങ്ങളെ മാറ്റി 2008-ൽ താഴെപ്പറയുന്നവരെ അംഗങ്ങളാക്കി :

1. ഡോ. കെ. ആർ. ശ്രീവാസ്തവ-പ്രസിഡന്റ്
2. ശ്രീ. വെങ്കിടേഷ് തിപ്പല്ല
3. ശ്രീ. ശശികുമാർ
4. ശ്രീ. സതീഷ് ബാബു
5. ശ്രീ. ശശി, പി. എം.
6. ശ്രീ. സി. എസ്. വെങ്കിടേശ്വരം
7. ശ്രീ. ജോസഫ് സി. മാത്യു
8. ശ്രീ. സി. എം. ഹരീഷ്
9. ശ്രീ. അമർനാഥ് രാജ
10. ശ്രീമതി ആശാ വർമ്മ
11. ശ്രീമതി ലളിതാ പ്രസാദ്

***(സി) ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ. 14-12-2011-ൽ നൽകിയ മൊഴി***

സാധാരണ, സി-ഡിറ്റ്, ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്., കെൽട്രോൺ എന്നീ സർവ്വീസ് പ്രൊവൈഡേഴ്സിന് മാത്രം നേരിട്ട് നല്കുന്ന സർക്കാർ ഐ.ടി.

പ്രോജക്ടുകൾ, സർവ്വീസ് പ്രൊവൈഡറായി അംഗീകരിക്കപ്പെടാത്ത "Space"-ന് നല്കുകയായിരുന്നുവെന്നും 5.5 കോടി രൂപയാണ് ശ്രീ. എം. അരുൺ ഡയറക്ടർ ബോർഡ് അംഗമായ "Space"-ന് ഇപ്രകാരം നല്കിയത്.

രാഷ്ട്രീയ ദുരുദ്ദേശമല്ല. കാരണം അരുൺകുമാറുമായി ബന്ധപ്പെട്ട് ജോസഫ് മാത്യു, അരുൺ തുടങ്ങിയ ആളുകൾ അടങ്ങിയ ഒരു കോക്കസാണ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്നകാലത്ത് ഐ.റ്റി. വകുപ്പിന്റെ പ്രോജക്ടുകളും അതുപോലെയുള്ള കാര്യങ്ങളുമെല്ലാം ചെയ്തിരുന്നത്.

### *(ഡി) ശ്രീ. എം. അരുൺ, കോ-ഓർഡിനേറ്റർ, സ്പേസ് 23-12-2011-ൽ നൽകിയ മൊഴി*

2003-ലാണ് രജിസ്റ്റർ ചെയ്യുന്നത്. രജിസ്റ്റർ ചെയ്യുമ്പോൾ എക്സ് ഒഫീഷ്യോ മെമ്പേഴ്സായിട്ടല്ല ഇൻഡിവിഡുവൽ മെമ്പേഴ്സായിട്ടാണ് രജിസ്റ്റർ ചെയ്തത്. അന്ന് ഡോ. ബി. ഇക്ബാൽ ചെയർമാനായും ശ്രീ. റോയ് മാത്യു (ഐ.റ്റി. മിഷൻ) ഡയറക്ടർ ഇൻ-ചാർജ്, ഡോ. അമർനാഥ് രാജ (റെപ്രസെന്റേറ്റീവ്, സി.എസ്.ഐ.), ശ്രീമതി ഗീത പയസ് (മിഷൻ കോ-ഓർഡിനേറ്റർ, ഐ.റ്റി. മിഷൻ) വൈസ് ചെയർമാനായും ശ്രീ. സതീഷ് ബാബു (ഫ്രീ സോഫ്റ്റ്വെയർ ഫൗണ്ടേഷന്റെ റെപ്രസെന്റേറ്റീവ്) എക്സിക്യൂട്ടീവ് സെക്രട്ടറിയായും ശ്രീ. ശശി, പി. എം. IIIT-ന്റെ റെപ്രസെന്റേറ്റീവ് എന്ന നിലയിൽ മെമ്പറായും ശ്രീ. രാധാകൃഷ്ണൻ സി. വി. (ഇൻഡ്യൻ ടെക് യൂസർ ഗ്രൂപ്പ് എന്ന ഓർഗനൈസേഷന്റെ റെപ്രസെന്റേറ്റീവ്) ട്രഷററായും, ശ്രീ. കൃഷ്ണൻ കുട്ടി (ഡെപ്യൂട്ടി ഡയറക്ടർ, ഡിപ്പാർട്ട്മെന്റ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ) മെമ്പറായുമാണ് ഇത് കോൺസ്റ്റിറ്റ്യൂട്ട് ചെയ്തത്.

ഫ്രീ സോഫ്റ്റ്വെയർ പ്രൊമോട്ട് ചെയ്യാൻ വേണ്ടിയാണ് ടി സ്ഥാപനം രൂപീകരിക്കപ്പെട്ടത്. സ്പേസിന് ലഭിച്ച ഫണ്ട് 2003-ലെ രജിസ്ട്രേഷൻ മുതൽ ഇതുവരെ എല്ലാ സോഴ്സിൽ നിന്നുമുള്ള ടോട്ടൽ ഇൻകം 1.88 കോടി രൂപയാണ്.

2005-ൽ 5 ലക്ഷം രൂപയും 2007-08-ൽ 10 ലക്ഷം രൂപയും തന്നിട്ടുണ്ട്. അത് രണ്ട് പ്രോജക്ടിലാണ്. ബ്ലൈൻഡ് ആയവർക്കുവേണ്ടി ഇൻസൈറ്റ് എന്നുപറയുന്ന ഒരു പ്രോജക്ടുണ്ട്. അതിന് 10 ലക്ഷം രൂപയും അത് കഴിഞ്ഞ് ഐ.റ്റി. മിഷന്റെ വെബ് ഫോർ ഓൾ എന്നുപറയുന്ന പ്രോജക്ടിന് 50,000 രൂപയും കിട്ടിയിട്ടുണ്ട്. അതിനുശേഷം ഇൻസൈറ്റ് എന്ന പ്രോജക്ടിനുവേണ്ടി 23 ലക്ഷം രൂപയും മറ്റ് പ്രോജക്ടുകൾക്ക് 6 ലക്ഷം രൂപയും 2009-10-ൽ ഇൻസൈറ്റ് എന്ന പ്രോജക്ടിന് 33 ലക്ഷം രൂപയും മറ്റ് പ്രോജക്ടുകൾക്ക് 14 ലക്ഷം രൂപയും 2010-11-ൽ ഇൻസൈറ്റിന് 54 ലക്ഷം രൂപയും മറ്റ് പ്രോജക്ടുകൾക്ക് ഏകദേശം 28 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

സ്പേസിന്റെ പ്രവർത്തനങ്ങൾ "ഇൻസൈറ്റ്" എന്ന പ്രോജക്ടിൻ കീഴിൽ, ഏകദേശം ആയിരത്തോളം കണ്ണുകാണാത്ത കുട്ടികൾക്കും ഓട്ടിസം ബാധിച്ച അമ്പതോളം കുട്ടികൾക്കും ട്രെയിനിംഗ് നല്കിയിട്ടുണ്ട്. വിവിധ ജില്ലകളിൽ ട്രെയിനേഴ്സിന്റെ നേതൃത്വത്തിൽ ട്രെയിനിംഗ് നല്കുന്നുണ്ട്. കൊച്ചിൻ യൂണിവേഴ്സിറ്റി കാമ്പസിൽ പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതിനായി ഒരു സെന്റർ സ്ഥാപിച്ചിട്ടുണ്ട്.

ഞാൻ "സ്പേസ്" എന്ന സ്ഥാപനത്തിന്റെ കോ-ഓർഡിനേറ്ററായി 2005 മുതൽ 2008 ഫെബ്രുവരിവരെ പ്രവർത്തിച്ചശേഷം 2008-ൽ ടി ജോലി രാജിവച്ച് ഉപരിപഠനം നടത്തി. അതിനുശേഷം 2011 ജൂലൈയിൽ പ്രസ്തുത സ്ഥാപനത്തിൽ തിരികെ ജോയിൻ ചെയ്യാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജോയിൻ ചെയ്തു.

## സമിതിയുടെ നിഗമനങ്ങൾ

**ശ്രീ. എം. അരുണിന്റെ നേതൃത്വത്തിലുള്ള സ്പേസ് എന്ന സ്ഥാപനത്തിൽ ഒരു മാനദണ്ഡവുമില്ലാതെ 5.5 കോടി രൂപ നൽകിയെന്നാണ് ശ്രീ. പി. സി. വിഷ്ണുനാഥ് ഉന്നയിച്ചിരുന്ന ആരോപണം. ഇതു സംബന്ധിച്ച് തെളിവെടുപ്പുകളുടേയും ലഭിച്ച രേഖകളുടേയും അടിസ്ഥാനത്തിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു :**

**രജിസ്ട്രേഷൻ ആക്റ്റ് പ്രകാരം 2003-ൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സ്ഥാപനമാണ് സ്പേസ് എന്നും ഈ സ്ഥാപനം Insight എന്ന പ്രോജക്ടിന്റെകീഴിൽ അന്ധരായ കുട്ടികൾക്കും ഓട്ടിസം ബാധിച്ചവർക്കുമുള്ള ട്രെയിനേഴ്സിന് വിവിധ ജില്ലകളിൽ ട്രെയിനിംഗ് നൽകി വരുന്നുണ്ട് എന്നും കൊച്ചിൻ യൂണിവേഴ്സിറ്റി ക്യാമ്പസിൽ പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതിന് ഒരു സെന്റർ സ്ഥാപിച്ചിട്ടുണ്ട് എന്നും സമിതി വിലയിരുത്തുന്നു. ഈ സ്ഥാപനത്തിന് 2003 മുതൽ നാളിതുവരെ 1.74 കോടി രൂപയാണ് വിവിധ പ്രോജക്റ്റുകൾക്കായി ഐ.റ്റി. വകുപ്പിൽ നിന്നും നല്കിയിട്ടുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സ്പേസുമായി ബന്ധപ്പെടുത്തി ശ്രീ. പി. സി. വിഷ്ണുനാഥ് ഉന്നയിച്ച ആരോപണം വസ്തുതാപരമല്ലെന്ന് സമിതി വിലയിരുത്തുന്നു.**

ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാദമി ഡയറക്ടർ ആയി ശ്രീ. വി. എ. അരുൺകുമാറിനെ നിയമിച്ചതായുള്ള ആരോപണം സംബന്ധിച്ചും ഐ.എച്ച്.ആർ.ഡി. അഡീഷണൽ ഡയറക്ടർ ആകാൻ ശ്രീ. വി. എ. അരുൺകുമാറിന് യോഗ്യതയില്ലെന്ന ആരോപണത്തെ സംബന്ധിച്ചുമുള്ള സമിതിയുടെ നിഗമനങ്ങളോട് സർവ്വശ്രീ. പി. കെ. ഗുരുദാസൻ, മുല്ലക്കര രത്നാകരൻ, സി. കെ. നാണു, എസ്. ശർമ്മ എന്നിവർ വിയോജിപ്പ് രേഖപ്പെടുത്തി.

സമിതി മുമ്പാകെ ഹാജരായി തെളിവുകൾ നൽകിയ പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ, എം.എൽ.എ.മാരായ ശ്രീ. എം. എ. ബേബി, ശ്രീ. പി. സി. വിഷ്ണുനാഥ്, ഗവൺമെന്റ് സെക്രട്ടറിമാർ, മറ്റുദ്യോഗസ്ഥർ എന്നിവർക്കും ഈ സമിതിയുടെ പ്രവർത്തനങ്ങൾക്ക് വേണ്ട സഹായങ്ങൾ നൽകിയ നിയമസഭാ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർക്കും സമിതി നന്ദി രേഖപ്പെടുത്തുന്നു.

വി. ഡി. സതീശൻ,
*ചെയർമാൻ.*

APPENDIX I

## സമിതിയുടെ നിഗമനങ്ങൾ

### 1. **ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി (ഐ.സി.റ്റി.) അക്കാദമി ഡയറക്ടറായി ശ്രീ. വി. എ. അരുൺകുമാറിനെ നിയമിച്ചതായുള്ള ആരോപണം**

കഴിഞ്ഞ കുറെ വർഷങ്ങളായി ഇന്ത്യയുടെ ഐ.ടി./ഐ.ടി.ഇ.എസ്. മേഖലയിൽ പ്രവർത്തിച്ചുവരുന്നതും ഏറെ വിജയകരമായി അന്താരാഷ്ട്രതലത്തിൽ അംഗീകാരം നേടിയിട്ടുള്ളതുമായ വിവിധ കമ്പനികളിൽ നിയമനം നേടുന്നതിന് ഐ.ടി. യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ പരിശീലനം നല്കുന്നതിനുള്ള ഫിനിഷിംഗ് സ്ക്കൂൾ മാതൃകയാണ് ഐ.സി.ടി. അക്കാഡമിയിലൂടെ വിഭാവനം ചെയ്യപ്പെട്ടത്. ഐ.ടി. മേഖലകളിൽ സാങ്കേതികവിദ്യ ദിനംതോറും മാറികൊണ്ടിരിക്കുന്നതിനാൽ അതിനനുസരിച്ച് ട്രെയിനിംഗ് നൽകുന്നതിന് PPP (Public Private Partnership) മോഡലായിരിക്കും ഉചിതമെന്ന് കണ്ടതിനാൽ സംസ്ഥാനം സമർപ്പിച്ച നിർദ്ദേശം കേന്ദ്ര സർക്കാർ അംഗീകരിക്കുകയായിരുന്നു. 14 കോടി രൂപയുടെ പ്രോജക്ടിൽ കേന്ദ്ര വിഹിതം 6 കോടി രൂപയും സംസ്ഥാന സർക്കാരിന്റെ വിഹിതം 2.08 കോടി രൂപയും ഐ.റ്റി. ഇൻഡസ്ട്രിയുടെ വിഹിതം 5.92 കോടി രൂപയും ആയിരുന്നു. തമിഴ്നാട്ടിൽ പി.പി.പി. മോഡലിൽ ഐ.സി.ടി. അക്കാദമി സ്ഥാപിക്കുന്നതിന് കേന്ദ്രം അനുമതി നൽകിയതിന്റെ പശ്ചാത്തലത്തിൽ കൂടിയാണ് സംസ്ഥാനം ഇത്തരത്തിൽ ഒരു നിർദ്ദേശം കേന്ദ്ര സർക്കാർ മുമ്പാകെ സമർപ്പിച്ചത്. 2008 മേയ് മാസത്തിൽ കേന്ദ്ര സർക്കാരിനയച്ച നിർദ്ദേശത്തിന് 5-11-2008-ൽ ഭരണാനുമതി ലഭിച്ചതിനെത്തുടർന്ന് 19-12-2008-ൽ പി.പി.പി. മോഡലിൽ ഐ.സി.ടി. അക്കാദമി ആരംഭിക്കുന്നതിന് കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (KSITIL)-ന് സംസ്ഥാന സർക്കാർ അനുമതി നൽകിക്കൊണ്ട് ഉത്തരവ് ഇറക്കുകയും 22-12-2008-ൽ കേന്ദ്ര സർക്കാരിനെ ഈ വിവരം അറിയിച്ചതിനെ തുടർന്ന് 19-5-2009-ൽ ആദ്യ ഗഡുവായ 2.5 കോടി രൂപ ലഭിക്കുകയും ചെയ്തു. അത്യന്താധുനിക വിവരസാങ്കേതിക വിദ്യകളിലുള്ള പരിശീലന മേഖലകളിൽ സാന്നിദ്ധ്യമുറപ്പിച്ചിട്ടുള്ള പ്രമുഖ കമ്പനികളിൽ നിന്നും നേരിട്ട് നിയമനം ലഭിക്കുന്ന തരത്തിൽ സ്വകാര്യ കമ്പനികളുമായി ചേർന്ന് പ്രവർത്തനം ഏകോപിപ്പിക്കുന്നതിലേയ്ക്കായി K.S.I.T.I.L-നെ ചുമതലപ്പെടുത്തിയത് വളരെ ശരിയായ ഒരു നടപടി തന്നെയായിരുന്നു. 1956-ലെ കമ്പനീസ് ആക്ട് പ്രകാരം ഒരു കമ്പനി രജിസ്റ്റർ ചെയ്യാനും അതിന്റെ അടിസ്ഥാനത്തിൽ ഒരു ലക്ഷം ഇക്യൂറ്റി ഏർപ്പെടുത്തിക്കൊണ്ട് സ്വകാര്യ കമ്പനികളുടെ പങ്കാളിത്തംകൂടി കൊണ്ടുവരുന്ന തരത്തിലുള്ള ഒരു ബിസിനസ് മോഡലായിരുന്നു KSITIL വിഭാവനം ചെയ്തിരുന്നത്.

ഐ.സി.ടി. അക്കാദമിയുടെ പ്രവർത്തനം സംബന്ധിച്ച് സ്പെഷ്യൽ ഓഫീസർ ആയി തിരുവനന്തപുരം സബ് കളക്ടർ ശ്രീ. കെ. ബിജുവിനെ 28-5-2009-ൽ സർക്കാർ നിയമിച്ചു. ശ്രീ. കെ. ബിജുവിന്റെ നേതൃത്വത്തിൽ എഡ്യൂക്കേഷൻ ആന്റ് ട്രെയിനിംഗ് രംഗത്തുള്ള നിരവധി കമ്പനികളുമായി ചർച്ചകൾ നടത്തി. ധാരാളം സ്വകാര്യ കമ്പനി പ്രതിനിധികളുമായും ഐ.ടി. മേഖലയിലെ വിദഗ്ദ്ധരുമായും കൂടിക്കാഴ്ചകൾ നടത്തി.

കേരള സംസ്ഥാന ഐ.ടി. മിഷനുമായി ചേർന്ന് വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. ഉദ്യോഗാർത്ഥികൾക്ക് ട്രെയിനിംഗ് നല്കുന്ന പദ്ധതികൾ ഫല പ്രദമായി മുന്നോട്ട് കൊണ്ടുപോകുന്നത് സംബന്ധിച്ചും RFP (Request For Proposal) തയ്യാറാക്കുന്നത് സംബന്ധിച്ചും ധാരാളം ചർച്ചകൾ നടത്തി. ഐ.ടി. മിഷനിൽ വച്ച് ഇൻഫോപാർക്ക് സി.ഇ.ഒ., ഐ.ടി. സെക്രട്ടറി, ടെക്നോപാർക്ക് സി.ഇ.ഒ., ട്രേഡ് ഓർഗ നൈസേഷൻസ് തുടങ്ങിയവർ പങ്കെടുത്ത ഗൗരവപൂർവ്വമായ ചർച്ചകൾ ഉണ്ടായി. മറ്റ് സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന കമ്പനികളിൽനിന്നുപോലും പദ്ധതിക്ക് സഹകരണം ലഭിക്കുന്ന തരത്തിൽ കാര്യങ്ങൾ മുന്നോട്ടുപോയി. ധാരാളം കമ്പനികൾ പദ്ധതിയുമായി സഹകരിക്കുവാൻ താല്പര്യം കാണിച്ചു. രണ്ടുമൂന്ന് RFP-കൾ തയ്യാറാ ക്കുകയും 15-2-2010-ൽ ഫൈനൽ ഡ്രാഫ്റ്റ് സമർപ്പിക്കുകയും 3-7-2010-ൽ സർക്കാർ അത് അംഗീകരിക്കുകയും ചെയ്തു. ന്യൂഡൽഹിയിൽ വച്ച് കേന്ദ്ര ഐ.ടി. സെക്രട്ടറി യുമായി റിവ്യൂ മീറ്റിംഗ് നടത്തുകയും പ്രോജക്ടിന്റെ പുരോഗതി വിലയിരുത്തുകയും ചെയ്തു.

ഇപ്രകാരം ഐ.സി.ടി. അക്കാദമി സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതാണ്ട് പൂർത്തിയാക്കിയ അവസരത്തിലാണ് പൊടുന്നനെ 15-7-2010-ൽ ഐ.സി.ടി. അക്കാദമി സ്ഥാപിക്കുന്നതിന് താല്പര്യം അറിയിച്ചുകൊണ്ട് ഐ.എച്ച്.ആർ.ഡി. രംഗപ്രവേശം ചെയ്യുന്നത്. ഇതിന്മേൽ തീരുമാനമെടുക്കുന്നതിന് 29-7-2010-ൽ ഫയൽ മുഖ്യമന്ത്രിക്ക് സമർപ്പിക്കുകയും 16-9-2010-ൽ നിലവിലുള്ള ഇംപ്ലിമെന്റിംഗ് ഏജൻസി, ഇംപ്ലിമെന്റിംഗ് ഓഫീസർ, ഐ.ടി. വകുപ്പ് സെക്രട്ടറി, ഐ.എച്ച്.ആർ.ഡി. ഡയറക്ടർ എന്നിവരുടെ യോഗം വിളിക്കണമെന്ന് നിർദ്ദേശിക്കുകയും അതിൻപ്രകാരം 8-10-2010-ൽ യോഗം ചേരുകയും ഐ.എച്ച്.ആർ.ഡി. ഡയറക്ടറോട് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. തുടർന്ന് 18-12-2010-ലെ 46/10/ITD ഉത്തരവ് പ്രകാരം ഐ.സി.ടി. അക്കാദമി പി.പി.പി. മോഡലിൽ നിന്ന് മാറ്റി ഐ.എച്ച്.ആർ.ഡി.യെ ഏൽപ്പിച്ചു.

ഐ.സി.റ്റി. അക്കാദമിയുടെ MOA-യും റൂൾസും അംഗീകരിച്ചുകൊണ്ടും ഐ.സി.ടി. അക്കാദമി സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിനുമുള്ള ക്യാബിനറ്റ് തീരുമാനം 20-1-2011 നാണ് എടുത്തത്. എന്നാൽ ഇത് സംബന്ധിച്ച ഉത്തരവ് 27-1-2011 നാണ് ഇറങ്ങിയതെങ്കിലും 20-1-2011-ലെ തീയതിവച്ച് 22-1-2011-ൽത്തന്നെ കേന്ദ്ര ഗവൺമെന്റിലേയ്ക്ക് കത്ത് അയച്ചത് സമിതിയെ അത്ഭുതപ്പെടുത്തുകയുണ്ടായി.

28-5-2009 മുതൽ 18-12-2010 വരെ ഏകദേശം ഇരുപത് മാസത്തോളം ഐ.സി.ടി. അക്കാദമിയുടെ പ്രവർത്തനത്തിനുവേണ്ടി അഹോരാത്രം അദ്ധ്വാനിച്ച സ്പെഷ്യൽ ഓഫീസർ ശ്രീ. കെ. ബിജു നിരവധി ചർച്ചകൾക്കും സെമിനാറുകൾക്കും ശേഷം RFP തയ്യാറാക്കി സമർപ്പിക്കുകയും ആയത് ബിഡ്സ് ചെയ്യുന്നതിന് ഉത്തരവാകുകയും ചെയ്ത ശേഷം ഒരു സുപ്രഭാതത്തിൽ ഇതിനെയെല്ലാം കാറ്റിൽ പറത്തി അക്കാദമിയുടെ രൂപീകരണം ഐ.എച്ച്.ആർ.ഡി.യെ ഏൽപ്പിച്ചതിന്റെ കാരണം ദുരൂഹമാണ്. സമിതി മുൻപാകെ ഹാജരായ ഒരു സാക്ഷികൾക്കും ഇത് സംബന്ധിച്ച് വ്യക്തമായ വിശദീ കരണം നൽകാൻ സാധിച്ചില്ല എന്നത് എടുത്തുപറയേണ്ടതാണ്.

അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ പൂർണ്ണ അറിവോടുകൂടി യാണ് പി.പി.പി. മോഡലിൽ നിന്നും ഐ.എച്ച്.ആർ.ഡി.യിലേക്കുള്ള ഈ കൈമാറ്റം നടന്നതെന്ന് സമിതി കരുതുന്നു. സ്പെഷ്യൽ ഓഫീസറുടെ ജോലി പൂർത്തിയായെന്ന് ശ്രീ. കെ. ബിജുവിനെ അറിയിക്കുകപോലും ചെയ്തിട്ടില്ല എന്നത് മാത്രമല്ല, അദ്ദേഹം ഇപ്പോഴും പ്രസ്തുത ജോലിയിൽ തുടരുകയുമാണ്.

ഇതിന്റെ വിശദാംശം ആരാഞ്ഞ സമിതിയോട് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇങ്ങനെ മറുപടി നൽകി.

"സ്വകാര്യ മേഖലയേക്കാൾ പ്രാധാന്യം പൊതുമേഖലയ്ക്കുണ്ടാകുക എന്ന ഞങ്ങളുടെ നയത്തിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ കൊണ്ടുപോയി എന്നേയുള്ളൂ. അത് ഞാൻ പറഞ്ഞു കഴിഞ്ഞു."

14 കോടി രൂപയുടെ ബഡ്ജറ്റിൽ മൂന്നുവർഷത്തെ പ്രോജക്ടായി ഐ.സി.ടി. അക്കാദമി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചത് സംസ്ഥാന സർക്കാരാണ്. പി.പി.പി. മോഡൽ വേണമെന്ന് നിർദേശം സംസ്ഥാനം തന്നെയാണ് മുന്നോട്ടുവച്ചത്. 5-11-2008-ൽ കേന്ദ്രം ഇത് അംഗീകരിക്കുകയും തുടർന്ന് സംസ്ഥാനം തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഇതിനുശേഷം പൊതു മേഖലയോടുള്ള താല്പര്യംമൂലമാണ് ഐ.എച്ച്.ആർ.ഡി.യെ ഏൽപ്പിച്ചതെന്ന വാദം സാമാന്യബുദ്ധിക്ക് നിരക്കുന്നതല്ല. ഐ.സി.ടി. അക്കാദമിയുടെ രൂപീകരണം പി.പി.പി. മോഡലിൽ നിന്ന് മാറ്റി ഐ.എച്ച്.ആർ.ഡി.യെ ഏല്പിക്കുന്നതിനുള്ള അനുവാദം ചോദിച്ചുകൊണ്ടുള്ള കത്ത് 20-1-2011-ന് കേന്ദ്ര സർക്കാരിന് അയച്ചെങ്കിലും അനുവാദം ഇതുവരെ ലഭ്യമായിട്ടില്ലെന്നാണ് സമിതി മനസ്സിലാക്കുന്നത്.

കൂടാതെ പി.പി.പി. മോഡലിൽ പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ട്. ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്ന മോഡൽ ഫിനിഷിംഗ് സ്ക്കൂളുകൾ ഇത്തരത്തിൽപ്പെട്ട ഒന്നാണ്. ഇത് സംബന്ധിച്ച് സമിതിയുടെ ചോദ്യത്തിന് മുൻ ഐ.ടി. സെക്രട്ടറി ഡോ. അജയ്കുമാർ ഇപ്രകാരം മറുപടി പറഞ്ഞു.

"പോളിസി ഡിസിഷൻ എന്നുപറഞ്ഞാൽ പ്രൈവറ്റ് സെക്ടറുമായി ചേർന്ന് ഒന്നും ചെയ്യേണ്ട എന്നുള്ള തീരുമാനമില്ലായിരുന്നു. പക്ഷേ ഒരു സ്പെഷ്യൽ പ്രോജകട് പി.പി.പി. മോഡലിൽ നിന്ന് മാറിയിട്ട് പബ്ലിക് സെക്ടറിന് കൊടുക്കുന്നത് ഗവൺമെന്റിന്റെ പോളിസി അനുസരിച്ചുള്ള തീരുമാനമായിരുന്നു. ഐ.ടി. ഡിപ്പാർട്ട്മെന്റ് പല പ്രോജക്ടുകളും പി.പി.പി. മോഡലിൽ ചെയ്തുകൊണ്ടിരിക്കു കയായിരുന്നു."

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ.ടി. സെക്ടറിൽ 98%-ത്തോളം സ്വകാര്യമേഖ ലയിലാണ് പ്രവർത്തിക്കുന്നത്. ഇവർക്കാവശ്യമായ ടെക്നോക്രാറ്റുകളെ പരിശീലിപ്പി ക്കുന്നതിനുവേണ്ടിയാണ് ഐ.സി.ടി. അക്കാദമി ആരംഭിക്കുന്നത്.

ഇത്തരം പരിശീലനം ഐ.എച്ച്.ആർ.ഡി.ക്ക് നൽകുവാൻ കഴിയുമോ എന്ന ചോദ്യത്തിന് സ്പെഷ്യൽ ഓഫീസർ കെ. ബിജു ഇപ്രകാരം മറുപടി നൽകി.

"ഡൈനാമിക് ഐ.റ്റി. മാർക്കറ്റിൽ പ്രൈവറ്റ് സെക്ടറിലെ എക്സ്പർട്ടൈസ് ആവശ്യമാണ്. ഗവൺമെന്റിന്റെ പ്രെസന്റ് സെറ്റപ്പിൽ എവരിഡേ ചെയ്ഞ്ചിംഗ് ഫേസ് ഓഫ് ദി ഐ.റ്റി. ഇക്കോണമിയാണ്. അപ്പോൾ അതിനനുസരിച്ചുള്ള കോഴ്സ് കരിക്കുലമെല്ലാം ഡൈനാമിക് ആയതുകൊണ്ട് പ്രൈവറ്റ് സെക്ടറിലെ എക്സ്പർട്ടൈസ് അത്യാവശ്യമായിരുന്നു. P.P.P. model was envisaged. തമിഴ്നാട് ചെയ്ത ഐ.സി.റ്റി അക്കാഡമി മോഡലിൽ Confederation of Indian Industry (CII) ആയിരുന്നു പാർട്ണർ. കൺസോർഷ്യം ഓഫ് ഇൻഡസ്ട്രീസ് എല്ലാംകൂടി 74 ശതമാനം ഗ്രൂപ്പ് ചെയ്തുകൊണ്ട് തുടങ്ങി. അവിടെ ഇത് ലോഞ്ച് ചെയ്ത് ക്ലാസ് നടക്കുകയാണ്."

തമിഴ്നാട്ടിൽ ഐ.സി.ടി. അക്കാദമി CII യുമായി ചേർന്നാണ് പ്രവർത്തിക്കുന്നത്. പദ്ധതിക്കാവശ്യമായ പണത്തിന്റെ നിശ്ചിതഭാഗം സ്വകാര്യ മേഖലയിൽ നിന്നാണ് സമാഹരിക്കേണ്ടത്. സംസ്ഥാനത്ത് രൂപീകരിക്കുന്ന ഐ.സി.ടി. അക്കാദമിയുടെ 74% ഐ.ടി. സെക്ടറിൽ നിന്നാണ് സമാഹരിക്കേണ്ടത്. ഐ.എച്ച്.ആർ.ഡി.യെ ഏൽപ്പിച്ച തിലൂടെ ഈ സാധ്യതയാണ് അടഞ്ഞുപോയത്.

ചുരുക്കത്തിൽ ഐ.എച്ച്.ആർ.ഡി.യോടുള്ള താല്പര്യമല്ല മറിച്ച് അഡീഷണൽ ഡയറക്ടറായി ജോലി ചെയ്യുന്ന ശ്രീ. വി. എ. അരുൺകുമാറിനെ ഏതുവിധേനയും ഡയറക്ടറാക്കുന്നതിന് വേണ്ടിയാണ് ഐ.എച്ച്.ആർ.ഡി.യുടെ പ്രൊപ്പോസൽ അംഗീ കരിച്ചതെന്ന് എല്ലാ സാഹചര്യ തെളിവുകളും വെളിവാക്കുന്നു.

ഐ.എച്ച്.ആർ.ഡി.യുടെ ഭരണവകുപ്പായ ഉന്നത വിദ്യാഭ്യാസ വകുപ്പിനെ നോക്കു കുത്തിയാക്കിക്കൊണ്ടാണ് ഡയറക്ടറുടെ നേതൃത്വത്തിൽ സർക്കാരിന്റെ മറ്റൊരു വകുപ്പായ ഐ.ടി. വകുപ്പുമായി നേരിട്ട് ഇടപാടുകൾ നടത്തിയെന്നത് സമിതി ഗൗരവമായി കാണുന്നു.

ഐ.സി.ടി. അക്കാദമി ആരംഭിക്കുന്നതിനുള്ള ചുമതല ഐ.എച്ച്.ആർ.ഡി.-യെ ഏല്പിച്ചതിനെത്തുടർന്ന്, അക്കാദമിയുടെ MOA, റൂൾസ് ആന്റ് റെഗുലേഷൻസ് എന്നിവ 5-1-2011-ന് ക്യാബിനറ്റ് അംഗീകാരത്തിനായി ഐ.എച്ച്.ആർ.ഡി. സർക്കാരിന് സമർപ്പിച്ചു. അക്കാദമി ഡയറക്ടറെ നിയമിക്കാനുള്ള അധികാരം ഐ.എച്ച്.ആർ. ഡി.ക്കും തസ്തിക സൃഷ്ടിക്കാനുള്ള അധികാരം ഗവേണിംഗ് ബോഡിക്കുമായിരി ക്കുമെന്നായിരുന്നു വ്യവസ്ഥ ചെയ്തിരുന്നത്. പ്രസ്തുത വ്യവസ്ഥകളെ ധനവകുപ്പ് എതിർക്കുകയും ഡയറക്ടറെ നിയമിക്കുന്നതിനുള്ള അധികാരം സർക്കാരിനായിരിക്കു മെന്നും തസ്തികകൾ സൃഷ്ടിക്കുന്നത് സർക്കാരിന്റെ മുൻകൂർ അനുമതിയോടെയായി രിക്കണമെന്നും ഭേദഗതി വരുത്തുകയും ചെയ്തു. ഡയറക്ടറുടെ നിയമനാധികാര ത്തെക്കുറിച്ച് പറയുന്ന റൂൾ 8(3)-ലും 45-ലും ഇപ്രകാരം ധനവകുപ്പ് ഭേദഗതി നിർദ്ദേ ശിച്ചുവെങ്കിലും ധനവകുപ്പിന്റെ ഭേദഗതി റൂൾ 45-ൽ വരുത്താതെയാണ് ക്യാബിനറ്റ് അംഗീകരിച്ചത്. ഇപ്രകാരം ക്യാബിനറ്റ് അംഗീകരിച്ച MOA-യിൽ ഡയറക്ടർ നിയമനം സംബന്ധിച്ച് പരസ്പര വിരുദ്ധമായ ചട്ടങ്ങൾ കടന്നുകൂടിയത് കേവലം യാദൃശ്ചിക മാണെന്ന് സമിതി കരുതുന്നില്ല. ഡയറക്ടർ നിയമനാധികാരം ഐ.എച്ച്.ആർ.ഡി.യിൽ തന്നെ റൂൾ 45 പ്രകാരം നിലനിർത്തിയത് ഐ.എച്ച്.ആർ.ഡി.യെ വഴിവിട്ട് സഹായിക്കു ന്നതിനുള്ള ഒരു ഗൂഢനീക്കമായിരുന്നുവെന്ന് സമിതി സംശയിക്കുന്നു.

ഐ.സി.ടി. അക്കാദമി സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിന് അനുവാദം നൽകിക്കൊണ്ട് ഉത്തരവിറങ്ങുന്നത് 6/11/ ITD തീയതി 27-1-2011 നമ്പർ ഉത്തരവ് പ്രകാരമാണ്. പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ച് എഴാംദിവസം (2-2-2011) 1955-ലെ തിരുവിതാംകൂർ- കൊച്ചി ശാസ്ത്ര സാങ്കേതിക സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘടനകൾ രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് ഐ.സി.ടി. അക്കാദമി രജിസ്റ്റർ ചെയ്യുകയും ചെയ്തു. സൊസൈറ്റിയിൽ താഴെപ്പറയുന്ന പതിനൊന്നുപേരാണ് സൊസൈറ്റിയുടെ ഗവേണിംഗ് ബോഡി അംഗങ്ങളായി രജിസ്റ്റർ ചെയ്യാനുള്ള രേഖയിൽ ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നത്.

1. ശ്രീ. വി. എസ്. അച്ചുതാനന്ദൻ, മുഖ്യമന്ത്രി
2. ശ്രീ. എം. എ. ബേബി, വിദ്യാഭ്യാസ വകുപ്പുമന്ത്രി.
3. ശ്രീ. വി. എസ്. അച്ചുതാനന്ദൻ, (ഐ.റ്റി. വകുപ്പുമന്ത്രി)
4. ചീഫ് സെക്രട്ടറി
5. അഡീഷണൽ ചീഫ് സെക്രട്ടറി (ഇൻഡസ്ട്രീസ്)
6. ഫിനാൻസ് സെക്രട്ടറി
7. ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി
8. വൈസ് ചാൻസലർ, കുസാറ്റ്
9. ഡയറക്ടർ, ഐ. എച്ച്. ആർ.ഡി.
10. സെക്രട്ടറി, ഐ.റ്റി. വകുപ്പ്
11. ശ്രീ. വി. എ. അരുൺകുമാർ, ഡയറക്ടർ, ഐ.സി.റ്റി. അക്കാദമി.

അതിൽ ഒന്നാമതായി ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നത് ശ്രീ. വി. എസ്. അച്ചുതാനന്ദനും പതിനൊന്നാമതായി ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നത് അദ്ദേഹത്തിന്റെ മകനായ ഐ.എച്ച്.ആർ.ഡി. അഡീഷണൽ ഡയറക്ടർ ശ്രീ. വി. എ. അരുൺകുമാറുമാണ്.

ഐ.സി.ടി. അക്കാദമിയുടെ ഡയറക്ടർ ആയി ശ്രീ. വി. എ. അരുൺകുമാറിനെ നിയമിക്കുന്നതിനുള്ള ആസൂത്രിതമായ നീക്കം സൊസൈറ്റി രജിസ്റ്റർ ചെയ്യുന്നതിന് വളരെ മുമ്പുതന്നെ ആരംഭിച്ചതായി സമിതി മനസ്സിലാക്കുന്നു. ഈ ദിശയിലുള്ള ആദ്യത്തെ നീക്കം 22-12-2010-ൽ അന്നത്തെ ഐ.എച്ച്.ആർ.ഡി. ഡയറക്ടർ ഐ.സി.ടി. അക്കാദമിയുടെ ഡയറക്ടറായി ശ്രീ. വി. എ. അരുൺകുമാറിനെ നിയമിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള ഒരു നോട്ട് അന്നത്തെ വിദ്യാഭ്യാസമന്ത്രിയായിരുന്ന ശ്രീ. എം. എ. ബേബിക്ക് സമർപ്പിക്കുകയും അദ്ദേഹം "നിർദ്ദേശം അംഗീകരിക്കുന്നു" എന്ന് ഉത്തരവിട്ട് നല്കുകയും ചെയ്തു. തുടർന്ന് 15-1-2011-ലെ ഐ.എച്ച്.ആർ.ഡി. ഡയറക്ടർ സർക്കാരിന് അയച്ച കത്തിൽ "The proposal of IHRD to appoint the Director of the Academy was approved by the Government as per reference 4" എന്ന ഭാഗത്ത് സൂചിപ്പിക്കുന്ന reference 4 IHRD-യെ ഇംപ്ലിമെന്റിംഗ്

ഏജൻസിയായി അംഗീകരിച്ചുകൊണ്ടുള്ള 18-12-2010-ലെ 46/10-ഠഠ നമ്പർ ഉത്തരവ് മാത്രമാണെന്നിരിക്കെ, ഇത്തരത്തിൽ തെറ്റിദ്ധരിപ്പിക്കുന്ന ഒരു കത്ത് അയച്ചത് ഐ.എച്ച്.ആർ.ഡി. അഡീഷണൽ ഡയറക്ടർ ആയ ശ്രീ. വി. എ. അരുൺകുമാറിന് ഐ.സി.ടി. ഡയറക്ടർ സ്ഥാനം ഉറപ്പിച്ചുനല്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായിരുന്നു എന്ന് സമിതി മനസ്സിലാക്കുന്നു.

ഐ.സി.ടി. അക്കാദമിയുടെ ഫാക്കൽറ്റി കോ-ഓർഡിനേറ്റേഴ്സിന്റെ വിദ്യാഭ്യാസ യോഗ്യത Ph.D/M Phil./ MCA/B.Tech. with 5 years Experience എന്ന് നിശ്ചയിച്ചപ്പോൾ ഇവരുടെ മേൽനോട്ടം വഹിക്കേണ്ട ഡയറക്ടറുടെ വിദ്യാഭ്യാസ യോഗ്യത നിശ്ചയിക്കാതിരുന്നത് MCA ബിരുദമുള്ള ശ്രീ. വി. എ. അരുൺകുമാറിന്റെ നിയമനം മനസ്സിൽ കണ്ടാണെന്ന് സമിതി വിലയിരുത്തുന്നു. ഐ.എച്ച്.ആർ.ഡി.യിൽ Ph.D. ബിരുദമുള്ള രണ്ട് അഡീഷണൽ ഡയറക്ടർമാർ നിലവിലുണ്ടായിരുന്നപ്പോൾ MCA ബിരുദമുള്ള ശ്രീ. വി. എ. അരുൺകുമാറിനെ ഐ.സി.ടി. ഡയറക്ടറായി നിയമിച്ചത് ഇദ്ദേഹത്തോടുള്ള പ്രത്യേക താല്പര്യംമൂലമാണെന്ന് സമിതി വിലയിരുത്തുന്നു.

31-1-2011-ന് ഐ.എച്ച്.ആർ.ഡി. ഡയറക്ടർ ഐ.റ്റി. വകുപ്പിന് അയച്ച പി. 328/2011/IHRD നമ്പർ കത്തിൽ In pursuance of the Government Order referred above, Shri V. A. Arunkumar, Director, ICT Academy has given necessary instructions to proceed with the registration of the society and to do all necessary things to function the Academy as early as possible എന്ന് രേഖപ്പെടുത്തിയിരുന്നുവെങ്കിലും ശ്രീ. വി. എ. അരുൺകുമാറിനെ ഐ.സി.റ്റി. അക്കാഡമിയുടെ ഡയറക്ടറായി സർക്കാർ നിയമിച്ചിട്ടില്ല എന്ന് കാണിച്ച് ഐ. റ്റി. വകുപ്പ് തിരിച്ച് കത്ത് അയച്ചില്ല എന്നത് ശ്രീ. വി. എ. അരുൺകുമാറിന്റെ ഡയറക്ടർ നിയമനം സർക്കാർ അംഗീകരിച്ചുവെന്നതിന്റെ ഉത്തമ ഉദാഹരണമായി സമിതി വിലയിരുത്തുന്നു. ഐ.എച്ച്. ആർ.ഡി.യുടെ ഭരണ വകുപ്പായ ഉന്നത വിദ്യാഭ്യാസ വകുപ്പിന് ഈ നിയമനവുമായി ബന്ധപ്പെട്ട് ഒരു കത്തുപോലും അയച്ചില്ല എന്നത് നിലവിലുള്ള ഭരണക്രമത്തിന്റെ ലംഘനമാണെന്ന് സമിതി വിലയിരുത്തുന്നു.

ഐ.സി.ടി. അക്കാദമി സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത രേഖയിൽ മുഖ്യമന്ത്രി, വിദ്യാഭ്യാസ വകുപ്പ് മന്ത്രി, ഐ.ടി. സെക്രട്ടറി വരെയുള്ള പത്ത് പേരും ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നത് ഔദ്യോഗിക സ്ഥാനങ്ങൾ വഹിക്കുന്നവരെന്ന നിലയിലാണ്. എന്നാൽ ശ്രീ. വി. എ. അരുൺകുമാർ, ഐ.സി.ടി. അക്കാഡമി ഡയറക്ടർ എന്ന സ്ഥാനം വഹിക്കുന്നയാളെന്ന നിലയിലാണ് പതിനൊന്നാമതായി ഒപ്പു രേഖപ്പെടുത്തിയിരിക്കുന്നത്. ഐ.സി.ടി അക്കാദമിയുടെ ക്യാബിനറ്റ് അംഗീകരിച്ച MOA പ്രകാരം ഡയറക്ടറെ നിയമിക്കേണ്ടത് സർക്കാരാണ്. എന്നാൽ ക്യാബിനറ്റ് തീരുമാനത്തെ അട്ടിമറിച്ചുകൊണ്ട് അന്നത്തെ വിദ്യാഭ്യാസ മന്ത്രിയുടെയും ഐ.എച്ച്..ആർ.ഡി ഡയറക്ടറുടെയും ഒളിഞ്ഞും തെളിഞ്ഞുമുള്ള അനുവാദത്തോടെ, നിയമിതനാകാത്ത തസ്തികയുടെ പേരിൽ ശ്രീ. വി. എ. അരുൺകുമാർ ഒപ്പ് രേഖപ്പെടുത്തിയത് അതീവ ഗൗരവത്തോടെ സമിതി വീക്ഷിക്കുന്നു.

സംസ്ഥാനത്തെ മുഖ്യമന്ത്രിയും വിദ്യാഭ്യാസമന്ത്രിയും അടക്കമുള്ളവർ ഒപ്പിട്ട ഒരു രേഖയിൽ ഇല്ലാത്ത സ്ഥാനത്തിന്റെ പേരിൽ ശ്രീ. വി. എ. അരുൺകുമാർ ഒപ്പ്

രേഖപ്പെടുത്തിയതും ടി രേഖ അന്നത്തെ ഐ.എച്ച്.ആർ.ഡി ഡയറക്ടർ പ്രൊഫ. വി. സുബ്രഹ്മണി അടക്കമുള്ളവർ ഒപ്പുവെയ്ക്കുകയും ഐ.ടി. സെക്രട്ടറി ശ്രീ കെ. സുരേഷ് കുമാർ കൗണ്ടർ സൈനും ചെയ്ത് തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ മുമ്പാകെ ഹാജരാക്കി രജിസ്റ്റർ ചെയ്തതുംവഴി ശ്രീ. വി. എ. അരുൺ കുമാറിനെ ഐ.സി.ടി. അക്കാദമി ഡയറക്ടറായി സംസ്ഥാന സർക്കാർ അംഗീകരിച്ചു എന്നതിന്റെ ഏറ്റവും വലിയ തെളിവായി സമിതി വിലയിരുത്തുന്നു. സൊസൈറ്റി രജിസ്റ്റർ ചെയ്യുന്നതിനുള്ള രേഖ ഐ. റ്റി. സെക്രട്ടറി ആയിരുന്ന ശ്രീ. കെ. സുരേഷ് കുമാർ കൗണ്ടർ സൈൻ ചെയ്തതുവഴി ശ്രീ. വി. എ. അരുൺ കുമാറിന്റെ ഡയറക്ടർ നിയമനത്തിൻമേൽ 'സർക്കാർ മുദ്ര' പതിപ്പിക്കുകയായിരുന്നുവെന്ന് സമിതി വിശ്വസിക്കുന്നു. ശ്രീ. വി. എ. അരുൺകുമാറിനെ ഐ.സി.ടി. അക്കാദമിയുടെ ഡയറക്ടറായി നിയമിച്ചിട്ടില്ലായെന്ന ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ മൊഴി വാദത്തിനുവേണ്ടി സമ്മതിച്ചാൽ, സർക്കാർ അതോറിറ്റിയായ ജില്ലാ രജിസ്ട്രാറുടെ മുൻപാകെ ഐ.സി.ടി. അക്കാദമിയുടെ ഡയറക്ടർ സ്ഥാനം ചമഞ്ഞ് ശ്രീ. വി. എ. അരുൺകുമാർ സമർപ്പിച്ചത് വ്യാജരേഖയാണെന്നുവരും.

ഈ വിഷയം സംബന്ധിച്ച് സമിതിയ്ക്കു മുമ്പിൽ മുൻ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ നല്കിയ മൊഴി ഇപ്രകാരമാണ്.

"ഇത് സംബന്ധിച്ച് ഉദ്യോഗസ്ഥൻമാർ ഇത് സംഘടിപ്പിക്കുന്നതിനുവേണ്ടി ആദ്യമേ തന്നെ രജിസ്ട്രേഷനുവേണ്ടി കൊടുക്കണമല്ലോ. അങ്ങനെ രജിസ്ട്രേഷന് കൊടുക്കുന്നതിനുവേണ്ടിയുള്ള ഒരു പേപ്പറാണ് എന്നുപറഞ്ഞുകൊണ്ട് എന്നെക്കൊണ്ട് ഒപ്പിടുവിക്കാൻ ഉദ്യോഗസ്ഥൻമാർ കൊണ്ടുവന്നു. ഞാൻ എന്റെ പേരിന് നേരെ ഒപ്പിട്ടു കൊടുത്തു. ആരെല്ലാം ഒപ്പിട്ടു എന്നത് ഞാൻ അന്വേഷിച്ചില്ല. എന്റെ ചുമതല ഞാൻ കൂടി ഈ രജിസ്ട്രേഷനുവേണ്ടി പങ്കുവഹിക്കാനെന്ന നിലയിൽ ഉദ്യോഗസ്ഥർ കൊണ്ടുവന്ന് അക്കാര്യങ്ങൾ പറയുകയും അത് ഒപ്പിട്ടു കൊടുക്കുകയും ചെയ്തു. മറ്റ് കാര്യങ്ങൾ ഞാൻ അന്വേഷിച്ചില്ല."

ഇതേ വിഷയം സംബന്ധിച്ച് മുൻ വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ. എം. എ. ബേബി സമിതിക്ക് മുമ്പിൽ താഴെപ്പറയും പ്രകാരമാണ് മൊഴി നല്കിയിത്.

"ഒരു പുതിയ സ്ഥാപനം വരുമ്പോൾ ഏത് സമ്പ്രദായപ്രകാരമാണ് ഡയറക്ടറെ നിയമിക്കേണ്ടത് തുടങ്ങിയ കാര്യങ്ങൾ അതിന്റെ ഭാഗമായി തീരുമാനിക്കേണ്ടതാണ്. എന്റെ ഓർമ്മയനുസരിച്ച് മെമ്മോറാണ്ടം ഓഫ് അസോസിയേഷനിൽ ഡയറക്ടറെ തീരുമാനിക്കേണ്ടത് ഐ.എച്ച്.ആർ.ഡി.യാണ്."

ഐ.സി.ടി. അക്കാദമി രജിസ്റ്റർ ചെയ്യുന്നതിനായി 11 പേർ ഒപ്പിട്ട രേഖയിൽ ഔദ്യോഗികമായി നിയമിതനാകാത്ത സ്വന്തം മകൻ ശ്രീ. വി. എ. അരുൺ കുമാറിന്റെ പേര് പതിനൊന്നാമതായി രേഖപ്പെടുത്തിയിരിക്കുന്നത് താൻ ശ്രദ്ധിച്ചില്ല എന്ന വാദം ഒരു മുൻ മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായത് സമിതിയെ അത്ഭുതപ്പെടുത്തി. ഐ.ടി. വകുപ്പിന്റെ ചുമതലകൂടി വഹിച്ചിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദൻ, തന്റെ മകൻ ശ്രീ. വി. എ. അരുൺകുമാർ, അഡീഷണൽ ഡയറക്ടറായി ജോലി ചെയ്യുന്ന ഐ.എച്ച്.ആർ.ഡി.യിൽ നിന്ന് വന്ന ഒരു പ്രധാന രേഖയിൽ ആരെല്ലാമുണ്ടെന്ന് ശ്രദ്ധിച്ചില്ല എന്നു പറയുന്നത് വിശ്വസനീയമായി സമിതിക്ക് തോന്നുന്നില്ല.

മുഖ്യമന്ത്രി ഇക്കാര്യം ശ്രദ്ധിച്ചിട്ടില്ലെങ്കിൽ തന്നെ സ്വാഭാവികമായും അദ്ദേഹത്തിന്റെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ട ഉദ്യോഗസ്ഥർ ഇക്കാര്യം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്താതിരിക്കാനുള്ള സാദ്ധ്യത തുലോം വിരളമാണ്.

ഐ.സി.ടി അക്കാദമിയുടെ ഡയറക്ടറെ നിയമിക്കാനുള്ള ചുമതല സർക്കാരിനാണെന്നും, തന്റെ സർക്കാർ അത് ചെയ്തിട്ടില്ല എന്ന നിലപാടുമാണ് സമിതി മുൻപാകെ ശ്രീ. വി. എസ്. അച്ചുതാനന്ദൻ സ്വീകരിച്ചത്. എന്നാൽ ഡയറക്ടറെ നിയമിക്കാനുള്ള ചുമതല ഐ.എച്ച്.ആർ.ഡി.ക്കാണെന്നും അവർ അത് ചെയ്തപ്പോൾ താൻ അംഗീകരിക്കുകയാണുണ്ടായതെന്നുമാണ് അതേ മന്ത്രിസഭയിലെ അംഗമായ ശ്രീ. എം. എ. ബേബി മൊഴി നൽകിയത്. പരസ്പര വിരുദ്ധമായ ഈ മൊഴികൾ തന്നെ ഇക്കാര്യത്തിൽ കഴിഞ്ഞ സർക്കാരിനുണ്ടായിരുന്ന അവ്യക്തതകൾ വ്യക്തമാക്കുന്നു. യഥാർത്ഥത്തിൽ മന്ത്രിസഭാ തീരുമാനപ്രകാരം സർക്കാരിന് ലഭിച്ച അധികാരം ഐ.എച്ച്.ആർ.ഡി കവർന്നെടുക്കുകയും ഡയറക്ടറായി മുഖ്യമന്ത്രിയുടെ മകൻ വി. എ. അരുൺകുമാറിനെ നിയമിക്കുകയും ആയതിന് അന്നത്തെ മുഖ്യമന്ത്രിയും വിദ്യാഭ്യാസമന്ത്രിയും കൂട്ടുനിൽക്കുകയുമാണുണ്ടായത്.

ഐ.സി.ടി. അക്കാഡമിയുടെ ഡയറക്ടറെ നിയമിക്കാനുള്ള അധികാരം ഐ.ടി. വകുപ്പിനാണെന്നിരിക്കെ ഇത് സംബന്ധിച്ച ഫയൽ ഐ.എച്ച്.ആർ.ഡി.യിൽ നിന്നും ഉത്ഭവിക്കുകയും ശ്രീ. വി.എ അരുൺകുമാറിനെ ഡയറക്ടറായി നിയമിക്കാനുള്ള പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തത് നടപടിക്രമങ്ങളുടെ ലംഘനമാണെന്ന് സമിതി വിലയിരുത്തുന്നു.

പി.പി.പി. മോഡലിൽ നിന്നും കാരണങ്ങൾ ഒന്നും പറയാതെ മാറുകയും അതിന് കേന്ദ്രാനുമതി വാങ്ങാതിരിക്കുകയും ചെയ്തതുവഴി സംസ്ഥാനത്തെ ഐ.ടി. ബിരുദധാരികൾക്ക് തൊഴിലവസരം നൽകുന്ന വലിയൊരു പദ്ധതിയും കേന്ദ്രസഹായവും നഷ്ടപ്പെടുത്തുകയുമാണ് ചെയ്തത്.

ഐ.സി.ടി. (ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി) അക്കാദമി ഡയറക്ടറായി ശ്രീ. വി. എ. അരുൺകുമാറിനെ നിയമിച്ചു എന്ന ആരോപണത്തെക്കുറിച്ച് അന്വേഷിച്ച സമിതിയ്ക്ക് കണ്ടെത്താനായത് അമ്പരപ്പിക്കുന്ന വസ്തുതകളാണ്. ഐ.എച്ച്.ആർ.ഡി. അഡീഷണൽ ഡയറക്ടറായിരുന്ന ശ്രീ. വി. എ. അരുൺകുമാറിനെ ഐ.സി.ടി. അക്കാദമിയുടെ തലവനായി നിയമിച്ച് ടെക്നോപാർക്ക് സി.ഇ.ഒ.യുടെ ശമ്പളവും ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിന് സംസ്ഥാനത്തെ ഭരണ സംവിധാനം വഴിയൊരുക്കിയതിന്റെ വിശദാംശമാണ് സമിതി മുൻപാകെ അനാവൃതമായത്.

ഐ.സി.ടി. ഡയറക്ടർ സ്ഥാനത്തേക്ക് ശ്രീ. വി. എ. അരുൺകുമാറിനെ നിയമിക്കണമെന്നഭ്യർത്ഥിച്ച് നോട്ട് സമർപ്പിച്ച അന്നത്തെ ഐ.എച്ച്.ആർ.ഡി. ഡയറക്ടർ പ്രൊഫ. വി. സുബ്രഹ്മണിയുടെയും ഐ.എച്ച്.ആർ.ഡി.യുടെ ഭരണ വകുപ്പായ ഉന്നത വിദ്യാഭ്യാസ വകുപ്പിനെ നോക്കുകുത്തിയാക്കി ഇപ്രകാരം സമർപ്പിക്കപ്പെട്ട നോട്ട് അംഗീകരിച്ചു നല്കിയ അന്നത്തെ വിദ്യാഭ്യാസ മന്ത്രി ശ്രീ. എം. എ. ബേബിയുടെയും ശ്രീ. വി. എ. അരുൺകുമാർ ഒപ്പ് രേഖപ്പെടുത്തിയ സൊസൈറ്റി രജിസ്ട്രേഷന്റെ

രേഖ കൗണ്ടർ സൈൻ ചെയ്ത് അംഗീകരിച്ച അന്നത്തെ ഐ.ടി. സെക്രട്ടറി ശ്രീ. കെ. സുരേഷ് കുമാറിന്റെയും ഐ.ടി. വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദന്റെയും കൂട്ടായ കാർമ്മിക ത്വത്തിലാണ് ഈ ആസൂത്രിതമായ നീക്കം നടന്നതെന്ന് സമിതി വിലയിരുത്തുന്നു. ഇതിൽ നിന്നും ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി (ഐ. സി. റ്റി.) അക്കാദമി ഡയറക്ടറായി ശ്രീ. വി. എ അരുൺകുമാറിനെ നിയമിച്ചതായി ശ്രീ. പി. സി. വിഷ്ണുനാഥ് നിയമസഭയിൽ ഉന്നയിച്ച ആരോപണം വസ്തുതാപര മാണെന്ന് സമിതി വിലയിരുത്തുന്നു.

**2. മോഡൽ ഫിനിഷിംഗ് സ്കൂളിന്റെ ഡയറക്ടറായി ശ്രീ. വി. എ. അരുൺ കുമാറിനെ നിയമിച്ചുവെന്ന ആരോപണം.**

യോഗ്യതയില്ലാതെ അഡീഷണൽ ഡയറക്ടറായിരുന്ന ശ്രീ. വി. എ. അരുൺ കുമാറിനെ മോഡൽ ഫിനിഷിംഗ് സ്കൂളിന്റെ ഡയറക്ടർ ആയി നിയമിച്ചുവെന്നും തിരുവനന്തപുരം കേന്ദ്രത്തിനും കൊച്ചി കേന്ദ്രത്തിനും ഒരു കോടി രൂപ വീതം നല്കി എന്നുമാണ് ശ്രീ. പി. സി. വിഷ്ണുനാഥിന്റെ ആരോപണം.

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മോഡൽ ഫിനിഷിംഗ് സ്കൂൾ തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ ഐ. റ്റി. വകുപ്പിന് നൽകിയത് ഐ.എച്ച്.ആർ.ഡി ആയിരുന്നു. മോഡൽ ഫിനിഷിംഗ് സ്കൂൾ തുടങ്ങുന്നതിനുള്ള തുക നൽകുന്നതിനുള്ള മാനദണ്ഡപ്രകാരം പ്രോജക്ടിന്റെ 50% പൂർത്തിയായശേഷം മാത്രമേ ഫണ്ട് അനുവദിക്കാവൂ എന്നായിരുന്നു വ്യവസ്ഥ. തിരുവനന്തപുരത്തു മോഡൽ ഫിനിഷിംഗ് സ്കൂൾ 27-2-2008-ന് ആരംഭിക്കുകയും 10-3-2008-ന് 85 ലക്ഷം രൂപ ഐ.റ്റി വകുപ്പിൽ നിന്നും അനുവദിച്ചു നൽകുകയും ചെയ്തിരുന്നു.

എന്നാൽ കൊച്ചിയിലെ ഫിനിഷിംഗ് സ്കൂളിൽ പ്രോജക്ടിന്റെ 50% പൂർത്തീ കരിക്കുകയോ, സ്കൂൾ ആരംഭിക്കുകയോ ചെയ്യാതെ ഐ.റ്റി വകുപ്പിൽ നിന്നും ഒരുകോടി രൂപ 16-10-2008-ൽ ലഭ്യമാക്കിയിട്ടുണ്ടായിരുന്നു. എന്നാൽ 2010 ജൂൺ 7-ാം തീയതിയാണ് സ്കൂൾ ആരംഭിക്കുവാൻ കഴിഞ്ഞത്. ആയതിന്റെ കാരണം സ്ഥലം കണ്ടെത്തുവാനുള്ള ബുദ്ധിമുട്ടാണെന്ന് സമിതി വിലയിരുത്തി. തുക വിനിയോഗിച്ചതാ യുള്ള utility certificate ഐ.ടി. വകുപ്പിന് നല്കിയതായും കാണുന്നു. ഫിനിഷിംഗ് സ്കൂൾ ഡയറക്ടർ ആയി ശ്രീ. വി. എ. അരുൺ കുമാറിനെ നിയമിച്ചത് ഐ.എച്ച്. ആർ.ഡി. അഡീഷണൽ ഡയറക്ടറുടെ ചുമതലയ്ക്കുപുറമേ ആയിരുന്നു. അതിനു വേണ്ടി പ്രത്യേക ശമ്പളവും, അധിക സാമ്പത്തിക ബാദ്ധ്യതയും വന്നിരുന്നില്ല.

ആയതിനാൽ ശ്രീ. വി. എ. അരുൺകുമാറിനെ മോഡൽ ഫിനിഷിംഗ് സ്കൂൾ ഡയറക്ടറുടെ അധിക ചുമതല നൽകി നിയമിച്ചത് സംബന്ധിച്ച് ശ്രീ. പി. സി. വിഷ്ണുനാഥ് ഉന്നയിച്ച ആക്ഷേപം നിലനില്ക്കുന്നതല്ലായെന്ന നിഗമനത്തിൽ സമിതി എത്തിച്ചേരുന്നു. എന്നാൽ പ്രസ്തുത സ്ഥാപനത്തിലെ ധനവിനിയോഗം സംബന്ധിച്ച് ധനകാര്യ ഇൻസ്പെക്ഷൻ വിംഗ് സമർപ്പിച്ച റിപ്പോർട്ട് സമിതി മുമ്പാകെ വന്നിരുന്നെ ങ്കിലും ഇത് സമിതിയുടെ അന്വേഷണ പരിധിയിൽ വരാത്തതിനാൽ ഇത് സംബന്ധിച്ച അഭിപ്രായം സമിതി രേഖപ്പെടുത്തുന്നില്ല.

**3. ഐ.എച്ച്.ആർ.ഡി. അഡീഷണൽ ഡയറക്ടറാകാൻ ശ്രീ. വി. എ. അരുൺ കുമാറിന് യോഗ്യതയില്ലെന്നുള്ള ആരോപണം**

ട്രാവൻകൂർ കൊച്ചിൻ സൊസൈറ്റീസ് ആക്ട് പ്രകാരം 1987-ൽ രൂപീകൃതമായ ഐ.എച്ച്.ആർ.ഡി. യിൽ 1997-ലാണ് സ്പെഷ്യൽ റൂൾസ് നിലവിൽ വന്നത്. ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും ഗവേണിംഗ് ബോഡിയുമാണ് ഐ.എച്ച്.ആർ.ഡി.യുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. ഐ.എച്ച്.ആർ.ഡി.യുടെ നിയമാവലിയും ബൈലായും ഭേദഗതി ചെയ്യുന്നതിനും ഒരു നിശ്ചിത ശമ്പളനിരക്കിന് മുകളിലുള്ള തസ്തിക സൃഷ്ടിക്കുന്നതിനും സർക്കാരിന്റെ അനുവാദം ആവശ്യമാണ്. റൂൾസ് ഓഫ് ബിസിനസ് അനുസരിച്ച് ഐ.എച്ച്.ആർ.ഡി.യുടെ ഭരണവകുപ്പ് ഉന്നത വിദ്യാഭ്യാസ വകുപ്പാണ്. വിദ്യാഭ്യാസവകുപ്പിന്റെ പ്ളാൻ ഫണ്ടിൽ നിന്നും ഐ.എച്ച്.ആർ.ഡി.ക്ക് വർഷം തോറും തുക വകയിരുത്താറുണ്ട്.

ഐ.എച്ച്.ആർ.ഡി.യിൽ അഡീഷണൽ ഡയറക്ടർ ആകാൻ ശ്രീ. വി. എ. അരുൺകുമാറിന് യോഗ്യതയില്ലെന്ന ആരോപണത്തെക്കുറിച്ച് അന്വേഷിച്ച സമിതിക്ക് പ്രസ്തുത നിയമനത്തിൽ മാത്രമല്ല, അതിന് മുൻപുള്ള ജോയിന്റ് ഡയറക്ടർ തസ്തികയിലെ നിയമനത്തിലും ക്രമക്കേടുണ്ടെന്ന് കണ്ടെത്തേണ്ടിവന്നത് ആശ്ചര്യജനകം ആയിരുന്നു.

ശ്രീ. വി. എ. അരുൺകുമാറിനെ ഐ.എച്ച്.ആർ.ഡി.യിൽ നിയമിക്കുന്നത് 3-1-1997-ലാണ്. കൺസോളിഡേറ്റഡ് വേതന വ്യവസ്ഥയിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ ആയിരുന്നു ആദ്യത്തെ നിയമനം. 29-10-1998-ൽ അദ്ദേഹത്തിന് അസിസ്റ്റന്റ് ഡയറക്ടർ (സോഫ്റ്റ്വെയർ) തസ്തികയിൽ ഔദ്യോഗികമായി സ്ഥിര നിയമനം നൽകി. 1999 മുതൽ 2001 വരെ അദ്ദേഹം കയർഫെഡിന്റെ മാനേജിംഗ് ഡയറക്ടർ ആയി സേവനം അനുഷ്ഠിക്കുകയായിരുന്നു.

തുടർന്ന് 2005-ൽ അദ്ദേഹത്തിന് ജോയിന്റ് ഡയറക്ടർ ആയി അഡീഷണൽ ചാർജ്ജ് ലഭിച്ചു. 13-10-2008-ൽ ജോയിന്റ് ഡയറക്ടർ ആയും 15-10-2010-ൽ അഡീഷണൽ ഡയറക്ടറായും നിയമനം ലഭിച്ചു.

1997-ലെ ഐ.എച്ച്.ആർ.ഡി. സ്പെഷ്യൽ റൂൾസ് പ്രകാരം ഐ.എച്ച്.ആർ.ഡി ജോയിന്റ് ഡയറക്ടർ ആയി നിയമിക്കപ്പെടാനുള്ള യോഗ്യതകൾ താഴെപ്പറയും പ്രകാരം ആയിരുന്നു :

(i) First Class Master's Degree in Engineering/Technology.

(ii) 10 years teaching or Industrial experience.

OR

(i) First Class B.Tech. Degree in Engineering/Technology or First Class Master's Degree in Computer Application.

(ii) 7 years teaching/Industrial experience.

(iii) 3 years administrative experience under IHRD service.

ജോയിന്റ് ഡയറക്ടറായി നിയമിക്കപ്പെടുന്നതിനാവശ്യമായ 7 വർഷത്തെ അദ്ധ്യാപന പരിചയമോ ഇൻഡസ്ട്രിയൽ എക്സ്പീരിയൻസോ ശ്രീ വി. എ. അരുൺകുമാറിന് ഉണ്ടായിരുന്നില്ല എന്നത് അന്വേഷണഘട്ടത്തിൽ സമിതിക്ക് ബോധ്യമായി.

'Certified that Shri V. A. Arunkumar, Principal-in-charge of Joint Director of IHRD has been under the service of IHRD under various academic responsibilities including teaching from 3rd January 1997' എന്ന് രേഖപ്പെടുത്തിയ ഒരു സർട്ടിഫിക്കറ്റ് ഐ.എച്ച്.ആർ.ഡി. ഡയറക്ടർ 28-7-2006-ൽ നൽകിയത് ഇന്റർവ്യൂ ബോർഡിൽ കാണിച്ചാണ് ശ്രീ. വി. എ. അരുൺകുമാർ ജോയിന്റ് ഡയറക്ടർ തസ്തികയിൽ നിയമനം നേടിയത്. യഥാർത്ഥത്തിൽ തൊണ്ണൂറോളം എഞ്ചിനീയറിംഗ് കോളേജുകളും പോളിടെക്നിക്കുകളും നടത്തുന്ന ഐ.എച്ച്.ആർ.ഡി. യുടെ ഒരു സ്ഥാപനത്തിലും അദ്ദേഹം അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. അദ്ധ്യാപകനായി ഒരു ദിവസം പോലും ജോലി ചെയ്യാത്ത അദ്ദേഹത്തിന് 7 വർഷത്തെ അദ്ധ്യാപന പരിചയമുണ്ടെന്ന് കാണിച്ച് സർട്ടിഫിക്കറ്റ് നൽകിയ ഐ.എച്ച്.ആർ.ഡി. ഡയറക്ടറുടെ നടപടി ശ്രീ. വി.എ. അരുൺകുമാറിനെ വഴിവിട്ട് സഹായിക്കുന്നതിനായിരുന്നുവെന്ന് സമിതി വിലയിരുത്തുന്നു. ഐ.എച്ച്.ആർ.ഡി. ആസ്ഥാനത്തെ ഒരു വ്യവസായ യൂണിറ്റായോ ഡിപ്പാർട്ട്മെന്റായോ കണക്കാക്കാൻ കഴിയില്ലെന്ന് കംപ്ട്രോളർ ആന്റ് ഓഡിറ്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളതായി സമിതിക്ക് മനസ്സിലായി.

പിഎച്ച്.ഡി രജിസ്ട്രേഷന് വേണ്ടി ശ്രീ. വി. എ. അരുൺകുമാർ പ്രസ്തുത സർട്ടിഫിക്കറ്റ് കേരള യൂണിവേഴ്സിറ്റിയിൽ നൽകിയെങ്കിലും യൂണിവേഴ്സിറ്റി അത് അദ്ധ്യാപന പരിചയ സർട്ടിഫിക്കറ്റായി അംഗീകരിക്കാതെ തള്ളിക്കളഞ്ഞെന്ന് അന്വേഷണത്തിനിടെ സമിതി മനസ്സിലാക്കുകയുണ്ടായി.

ആയതിനാൽ ശ്രീ. വി. എ. അരുൺകുമാറിനെ ജോയിന്റ് ഡയറക്ടർ തസ്തികയിൽ നിയമിച്ചത് ക്രമവിരുദ്ധവും ചട്ടവിരുദ്ധവുമാണെന്ന് സമിതി വിലയിരുത്തുന്നു.

ഐ.എച്ച്.ആർ.ഡി.യിൽ ഒഴിവുണ്ടായിരുന്ന ഒരു അഡീഷണൽ ഡയറക്ടർ തസ്തികയിലേക്ക് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചത് 13-7-2009-ലാണ്. അന്ന് നിലവിലുണ്ടായിരുന്ന ഐ.എച്ച്.ആർ.ഡി. സ്പെഷ്യൽ റൂൾസ് പ്രകാരമാണ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചത്.

1997-ലെ ഐ.എച്ച്.ആർ.ഡി. സ്പെഷ്യൽ റൂൾസ് പ്രകാരം അഡീഷണൽ ഡയറക്ടർ തസ്തികയുടെ യോഗ്യത താഴെപ്പറയും പ്രകാരമാണ് :

(i) First Class Master's Degree in any branch of Engineering/ Technology.

(ii) 8 years Teaching experience in Engineering/Quasi Government Institutions.

(iii) 4 years Administrative experience in Government/Quasi Government Organisation.

എന്നാൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് കേവലം പത്ത് ദിവസത്തിനകം (27-7-2009-ൽ) ഐ.എച്ച്.ആർ.ഡി.യുടെ 83-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി കൂടുകയും അഡീഷണൽ അജൻഡ നമ്പർ 1 ആയി ജോയിന്റ് ഡയറക്ടറുടെ ഒരു തസ്തികയും അഡീഷണൽ ഡയറക്ടറുടെ 2 തസ്തികകളും സൃഷ്ടിക്കുന്നതിന് permissive sanction നൽകുന്നതിനും അഡീഷണൽ ഡയറക്ടറുടെ വിദ്യാഭ്യാസ യോഗ്യത എടുത്ത് കളഞ്ഞുകൊണ്ട് ഐ.എച്ച്.ആർ.ഡി സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തുന്നതിനും തീരുമാനിക്കുകയും ചെയ്തു. 13-7-2009-ലെ നോട്ടിഫിക്കേഷൻ റദ്ദാക്കുന്നതിനും പ്രസ്തുത യോഗം തീരുമാനിക്കുകയുണ്ടായി. അധിക തസ്തികകൾ സൃഷ്ടിക്കുന്നതിന് കാരണമായി ഐ.എച്ച്.ആർ.ഡി. പറഞ്ഞത് അധികരിച്ച ജോലി ഭാരമാണ്. എന്നാൽ അഡീഷണൽ ഡയറക്ടർ തസ്തികയ്ക്ക് നിഷ്ക്കർഷിച്ചിരുന്ന വിദ്യാഭ്യാസ യോഗ്യത നീക്കം ചെയ്തതിന്റെ കാരണം എന്താണെന്ന് പ്രസ്തുത യോഗത്തിന്റെ മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 27-7-2009-ലെ യോഗത്തിന്റെ മിനിട്സിന്റെ പ്രസക്തഭാഗം താഴെ കൊടുക്കുന്നു :

"The Director informed the Committee that he has been experiencing much difficulty in discharging his duties effectively due to the heavy workload following the establishment of a number of new Educational institutions of different schemes under it especially during the last decade. In order to effectively monitor and carry out the administrative duties he has requested to create two more additional posts.

After detailed discussion, the Committee accorded permissive sanction for creation of two more additional posts of Additional Directors amending the Special Rules that the method of appointment will be by selection from Joint Directors of IHRD/Principals of Engineering Colleges under IHRD for the post of Additional Directors. It has also been decided to cancel the notification No. EA3/8999/07/IHRD Dt. 13-7-2009 for Additional Director and to invite fresh notification after the amendment of qualification and creation of additional posts subject to the approval of Governing Body. In addition to the above one post of Joint Director had been approved for the administration of instiutions situated in Malabar area subject to the approval of Governing Body".

അഡീഷണൽ ഡയറക്ടർക്കുള്ള യോഗ്യത പൂർണ്ണമായും നീക്കം ചെയ്ത എക്സിക്യൂട്ടീവ് കമ്മിറ്റി ജോയിന്റ് ഡയറക്ടർ തസ്തികയ്ക്കുള്ള വിദ്യാഭ്യാസ യോഗ്യത അതേപോലെ നിലനിർത്തിയത് ഏറെ സംശയമുണ്ടാക്കുന്ന വസ്തുതയാണ്. അഡീഷണൽ ഡയറക്ടർ തസ്തികയ്ക്ക് അപേക്ഷിക്കാൻ വേണ്ട First class Master Degree in Engineering and 7 years Teaching experience ഇല്ലാതിരുന്ന MCA ബിരുദമുള്ള ശ്രീ. വി. എ. അരുൺകുമാറിനെ അഡീഷണൽ ഡയറക്ടർ ആക്കുന്നതിന് വേണ്ടി മാത്രമാണ് വിദ്യാഭ്യാസ യോഗ്യത എടുത്ത് കളഞ്ഞതെന്ന് സമിതി നിസ്സംശയം വിലയിരുത്തുന്നു. അന്ന് ഐ.എച്ച്.ആർ.ഡി.യിൽ നിലവിലുണ്ടായിരുന്ന ഏക

ജോയിന്റ് ഡയറക്ടർ ശ്രീ. വി. എ. അരുൺകുമാർ മാത്രമാണ് എന്ന വസ്തുത പ്രസ്താവ്യമാണ്.

അഡീഷണൽ ഡയറക്ടർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള കാരണമായി ഐ.എച്ച്.ആർ.ഡി. പറഞ്ഞിരിക്കുന്നത് ഡയറക്ടർക്കുള്ള അധിക ജോലിഭാരം ലഘൂകരിക്കുന്നതിനാണെന്നാണ്. എന്നാൽ അഡീഷണൽ ഡയറക്ടർ നിയമനം നടത്തിയശേഷം ഇപ്രകാരം നിയമനം ലഭിച്ച 2 പേരെ കോളേജ് പ്രിൻസിപ്പൽമാരായി ജോലി തുടരാൻ അനുവദിക്കുകയായിരുന്നു. ഇതിൽ നിന്നും തസ്തിക സൃഷ്ടിക്കലിന് ആധാരമായി ഐ.എച്ച്.ആർ.ഡി. പറഞ്ഞ കാരണങ്ങളും തസ്തിക സൃഷ്ടിക്കലിന് ശേഷം സ്വീകരിച്ച നടപടികളും പരസ്പര വിരുദ്ധമാണെന്ന് സമിതി വിലയിരുത്തുന്നു.

തുടർന്ന് 13-8-2010-ൽ മൂന്ന് അഡീഷണൽ ഡയറക്ടർ തസ്തികകളിലേക്ക് പുതിയ നോട്ടിഫിക്കേഷൻ ഐ.എച്ച്.ആർ.ഡി. ഇറക്കുകയും 13-10-2010-ൽ ഇന്റർവ്യൂ നടത്തുകയും ചെയ്തു.

അഡീഷണൽ ഡയറക്ടർ തസ്തികയിലേക്കുള്ള ഇന്റർവ്യൂവിൽ 5 പേരാണ് പങ്കെടുത്തത്. ഇന്റർവ്യൂവിന് പങ്കെടുത്തവരും അവർക്ക് ലഭിച്ച മാർക്കും ചുവടെ ചേർക്കുന്നു.

**Rank list for Additional Director (Planning & Admn.)**

| *Name of the Candidate* | *Marks awarded* | *Rank* |
|---|---|---|
| 1. Arun Kumar, V. A. | 9/10 | 1 |
| 2. Devassia, V. P. | 6/10 | 3 |
| 3. Jothi John | 7/10 | 2 |
| 4. Suresh Kumar. P | 5/10 | 4 |
| 5. Jacob Thomas | As he expressed his desire to continue in the present job | Not Ranked |

പ്രസ്തുത ഇന്റർവ്യൂവിൽ ഏറ്റവും കൂടുതൽ മാർക്ക് നല്കിയിട്ടുള്ളതായി കാണുന്നത് ഏറ്റവും താഴ്ന്ന യോഗ്യതയുള്ള ശ്രീ. വി. എ. അരുൺകുമാറിനാണ്. ഇന്റർവ്യൂവിൽ രണ്ടാം സ്ഥാനത്ത് വന്നയാൾ പ്രൊഫസറും മൂന്നും നാലും സ്ഥാനത്ത് വന്നവർ പിഎച്ച്.ഡി.ക്കാരുമാണ് എന്ന വസ്തുത പ്രസ്തുത ഇന്റർവ്യൂവിന്റെ വിശ്വാസ്യത തന്നെ ചോദ്യം ചെയ്യുന്നതാണ്.

പ്രസ്തുത ഇന്റർവ്യൂവിൽ പങ്കെടുത്ത 5 പേരിൽ അരുൺകുമാറിനൊഴികെ ബാക്കി 4 പേർക്കും സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നതിന് മുൻപുണ്ടായിരുന്ന യോഗ്യതകൾ ഉണ്ടായിരുന്നു എന്നത് എടുത്ത് പറയേണ്ട വസ്തുതയാണ്.

ശ്രീ. വി. എ. അരുൺകുമാറിന് ജോയിന്റ് ഡയറക്ടർ/അഡീഷണൽ ഡയറക്ടർ തസ്തികകളിൽ നിയമനം ലഭിക്കുന്നതിന് ആവശ്യമായ യോഗ്യതയില്ലെന്ന് അക്കൗണ്ടന്റ് ജനറലിന്റെ 2-9-2011-ലെ Report on the Local Audit of the Accounts of Institute of Human Resources Development for the years 2009-10 & 2010-11 എന്ന റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു :

"He was appointed as Assistant Director on ad hoc basis and regularised. He was promoted as Principal, College of Applied Science; during the period he was on deputation as Managing Director, Coirfed. He could not fulfil the condition of 7 years teaching experience for promotion as Principal (CAS). *Moreover, he was working as Assistant Director in IHRD which cannot be treated as profession of teaching. IHRD Headquarters is neither an industrial unit nor a department.* He was promoted as Joint Director, he did not fulfil the condition of 10 years teaching experience/industrial experience at the time of promotion as Joint Director. *His eligibility for considering promotion as Additional Director would be subject to eligibility for promotion as Principal/ Joint Director as above.*

അധിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തികൊണ്ടും 27-7-2009-ൽ എക്സിക്യൂട്ടീവ് കമ്മിറ്റി കൈക്കൊണ്ട തീരുമാനം ഗവേണിംഗ് ബോഡി അംഗീകരിക്കുന്നത് 7-2-2011-ൽ മാത്രമാണ്. 7-2-2011-ലെ ഗവേണിംഗ് ബോഡിയുടെ തീരുമാനപ്രകാരം ഈ രണ്ട് കാര്യങ്ങൾക്കും 7-2-2011 മുതൽ prospective effect മാത്രമേയുള്ളു.

7-2-2011-ലെ ഗവേണിംഗ് ബോഡി തീരുമാനം താഴെ കൊടുക്കുന്നു :

As per the decision of the 83rd Executive Committee of the IHRD held on 27-7-2009, the number of Additional Director posts in the IHRD has been enhanced from 1 to 3 due to administrative necessity. The Committee decided to include the same in the revised staff pattern. *The date of effect of revised staff pattern and special rules will be from 7-2-2011.*

7-2-2011-ന് മാത്രം ഗവേണിംഗ് ബോഡി prospective effect നൽകി അംഗീകരിച്ച അഡീഷണൽ ഡയറക്ടർ തസ്തികകളിലേക്കാണ് 15-10-2010-ൽ നിയമനം നടത്തിയത്. എന്നാൽ പുതിയ തസ്തിക സൃഷ്ടിക്കുന്നതിനോ സ്പെഷ്യൽ റൂൾസിൽ മാറ്റം വരുത്തുന്നതിനോ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് അധികാരമില്ല. ഐ.എച്ച്.ആർ.ഡി.യുടെ നിയമാവലിയിലെ ചട്ടം 23(ബി) പ്രകാരം സ്പെഷ്യൽ റൂൾസിൽ മാറ്റം വരുത്തുന്നതിനും പുതിയ തസ്തിക സൃഷ്ടിക്കുന്നതിനും സർക്കാരിന്റെ മുൻകൂർ അംഗീകാരം ആവശ്യമാണ്.

ഐ.എച്ച്.ആർ.ഡി. സ്പെഷ്യൽ റൂൾസ് ചട്ടം 23(ബി) ഇപ്രകാരം പറയുന്നു :

"to make rules and by laws for the conduct of the affairs of the institute including the staff pattern, staff strength, service conditions of the staff, qualifications of the various posts and to add, amend, vary or rescind them from time to time with prior intimation to the Government."

ഐ.എച്ച്.ആർ.ഡി. സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്തുകൊണ്ട് ഓഫീസ് ഉത്തരവേയുള്ളു. സ്പെഷ്യൽ റൂൾസ് പുറപ്പെടുവിച്ചത് നോട്ടിഫിക്കേഷനിലൂടെ ആയതുകൊണ്ട് ഭേദഗതിയും നോട്ടിഫിക്കേഷനിലൂടെതന്നെ ആയിരിക്കേണ്ടതാണ്.

13-10-2010-ൽ ഇന്റർവ്യൂ നടത്തുകയും എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാനായ വിദ്യാഭ്യാസ മന്ത്രിയുടെ അനുമതിയോടെ 15-10-2010-ൽ അഡീഷണൽ ഡയറക്ടർ ആയി ശ്രീ. വി. എ. അരുൺകുമാറും മറ്റു രണ്ട് പേരും ചുമതലയേറ്റത് ക്രമവിരുദ്ധവും ചട്ടവിരുദ്ധവുമാണ്. നിലവിലില്ലാത്ത തസ്തികകളിലേക്കാണ് ഐ.എച്ച്.ആർ.ഡി. ഇന്റർവ്യൂവും നിയമനവും നടത്തിയത് എന്ന് സമിതി മനസ്സിലാക്കുന്നു.

ഗവേണിംഗ് ബോഡിയുടെയും സർക്കാരിന്റെയും അംഗീകാരമില്ലാതെ ഐ.എച്ച്. ആർ.ഡി. 13-10-2010-ൽ നടത്തിയ അഡീഷണൽ ഡയറക്ടർ തസ്തികകളിലേക്കുള്ള ഇന്റർവ്യൂവും 15-10-2010-ൽ നടത്തിയ നിയമനവും നിയമപരമായി നിലനിൽക്കുന്നതല്ലാ എന്ന് സമിതി മനസ്സിലാക്കുന്നു. ഇത് സംബന്ധിച്ച സമിതിയുടെ ചോദ്യത്തിനു ശ്രീ. എം. എ. ബേബി ഇപ്രകാരം മറുപടി പറഞ്ഞു :

"ഇനി ഗവേണിംഗ് കൗൺസിൽ ഒരു യോഗം ചേർന്ന് പ്രോസ്പെക്റ്റീവ് ഇഫക്ട് കൊടുത്തതിന് റിട്രോസ്പെക്റ്റീവ് ഇഫക്റ്റ് കൊടുക്കുകയേയുള്ളൂ ഇതിന് ഒരു പരിഹാരം".

സർക്കാരിന്റെ അനുമതിയില്ലാതെ സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്തതും, ഭേദഗതി ചെയ്ത സ്പെഷ്യൽ റൂൾസ് വിജ്ഞാപനം ചെയ്യാതിരുന്നതും, തസ്തിക സൃഷ്ടിച്ചതും, നിയമനം നടത്തിയത് ഗവേണിംഗ് ബോഡിയല്ലാത്തതുകൊണ്ടും അഡീഷണൽ ഡയറക്ടറായുള്ള ശ്രീ. വി. എ. അരുൺകുമാറിന്റെയും മറ്റ് രണ്ടുപേരുടെയും നിയമനം നിയമപരമായി നിലനിൽക്കുന്നതല്ലെന്ന് സമിതി വിലയിരുത്തുന്നു.

സർവ്വനിയമങ്ങളും കാറ്റിൽ പറത്തി ആദ്യത്തെ നോട്ടിഫിക്കേഷൻ റദ്ദ് ചെയ്ത് റീ നോട്ടിഫിക്കേഷൻ ഇറക്കി ശ്രീ. വി. എ. അരുൺകുമാറിനെ അഡീഷണൽ ഡയറക്ടറായി നിയമിച്ചത് അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ മകൻ എന്ന പരിഗണനയിൽ മാത്രമാണ് എന്ന് സമിതി വിലയിരുത്തുന്നു.

മുകളിൽ സൂചിപ്പിച്ച വസ്തുതകളുടെ വെളിച്ചത്തിൽ ഐ.എച്ച്.ആർ.ഡി. അഡീഷണൽ ഡയറക്ടർ ആകാൻ ശ്രീ. വി. എ. അരുൺകുമാറിന് യോഗ്യത ഇല്ലെന്ന് ശ്രീ. പി. സി. വിഷ്ണുനാഥ് എം.എൽ.എ. ഉന്നയിച്ച ആരോപണം വസ്തുതാപരമാണെന്ന് സമിതി വിലയിരുത്തുന്നു.

**4. “സ്പേസ്” എന്ന സ്ഥാപനവുമായി ബന്ധപ്പെട്ട പണമിടപാടുകൾ സംബന്ധിച്ച ആരോപണം**

ശ്രീ. എം. അരുണിന്റെ നേതൃത്വത്തിലുള്ള സ്പേസ് എന്ന സ്ഥാപനത്തിൽ ഒരു മാനദണ്ഡവുമില്ലാതെ 5.5 കോടി രൂപ നൽകിയെന്നാണ് ശ്രീ. പി. സി. വിഷ്ണുനാഥ് ഉന്നയിച്ചിരുന്ന ആരോപണം. ഇതു സംബന്ധിച്ചു തെളിവെടുപ്പുകളുടേയും ലഭിച്ച രേഖകളുടേയും അടിസ്ഥാനത്തിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

രജിസ്ട്രേഷൻ ആക്റ്റ് പ്രകാരം 2003-ൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സ്ഥാപനമാണ് സ്പേസ് എന്നും ഈ സ്ഥാപനം Insight എന്ന പ്രോജക്ടിന്റെ കീഴിൽ അന്ധരായ കുട്ടികൾക്കും ഓട്ടിസം ബാധിച്ചവർക്കുമുള്ള ട്രെയിനേഴ്സിന് വിവിധ ജില്ലകളിൽ ട്രെയിനിംഗ് നൽകി വരുന്നുണ്ട് എന്നും കൊച്ചിൻ യൂണിവേഴ്സിറ്റി ക്യാമ്പസിൽ പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതിന് ഒരു സെന്റർ സ്ഥാപിച്ചിട്ടുണ്ട് എന്നും സമിതി വിലയിരുത്തുന്നു. ഈ സ്ഥാപനത്തിന് 2003 മുതൽ നാളിതുവരെ 1.74 കോടി രൂപയാണ് വിവിധ പ്രോജക്റ്റുകൾക്കായി ഐ.റ്റി. വകുപ്പിൽ നിന്നും നല്കിയിട്ടുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സ്പേസുമായി ബന്ധപ്പെടുത്തി ശ്രീ. പി. സി. വിഷ്ണുനാഥ് ഉന്നയിച്ച ആരോപണം വസ്തുതാപരമല്ലെന്ന് സമിതി വിലയിരുത്തുന്നു.